കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872

**(1872-ലെ 9-ാം നമ്പർ ആക്ററ്)**

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

വില:

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872

(1872-ലെ 9-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ളപ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ്സ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1976

3/2621/V.

# ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872

## വകുപ്പുകളുടെ വിന്യാസം

ആമുഖം

### പ്രാരംഭികം

വകുപ്പുകൾ

1. ചുരുക്കപ്പേര്.
   വ്യാപ്തി.
   പ്രാരംഭം.
2. വ്യാഖ്യാനഖണ്ഡം.

### അദ്ധ്യായം I

### നിർദ്ദേശങ്ങളുടെ അറിയിക്കലിനേയും പ്രതിഗ്രഹണത്തേയും പിൻവലിക്കലിനേയും കുറിച്ച്

3. നിർദ്ദേശങ്ങളുടെ അറിയിക്കലും, പ്രതിഗ്രഹണവും പീൻവലിക്കലും.
4. അറിയിക്കൽ എപ്പോൾ പൂർത്തിയാകുമെന്ന്.
5. നിർദ്ദേശങ്ങളുടേയും പ്രതിഗ്രഹണങ്ങളുടേയും പിൻവലിക്കൽ.
6. പിൻവലിക്കൽ എങ്ങനെ ആകാമെന്ന്.
7. പ്രതിഗ്രഹണം പരിപൂർണ്ണമായിരിക്കണമെന്ന്.
8. ഉപാധികൾ നിർവഹിക്കുകയോ പ്രതിഫലം സ്വീകരിക്കുകയോ ചെയ്യുന്നതുവഴിയുള്ള പ്രതിഗ്രഹണം.
9. വാഗ്ദാനങ്ങൾ പ്രകടവും വ്യംഗ്യവും.

### അദ്ധ്യായം II

### കാൺട്രാക്റ്റുകളേയും ശൂന്യമാക്കാവുന്ന കാൺട്രാക്റ്റുകളേയും ശൂന്യമായ കരാറുകളേയും കുറിച്ച്

10. ഏതേത് കരാറുകളാണ് കാൺട്രാക്റ്റുകളെന്ന്.
11. കാൺട്രാക്റ്റ് ചെയ്യുവാൻ ക്ഷമതയുള്ളത് ആർക്കാണെന്ന്.
12. കാൺട്രാക്റ്റ് ചെയ്യുന്ന ആവശ്യങ്ങൾക്ക് സ്വസ്ഥചിത്തതയെന്തെന്ന്.
13. "സമ്മതം"—നിർവ്വചനം.

14. "സ്വതന്ത്രമായ സമ്മതം"—നിർവ്വചനം.
15. "ബലാൽക്കരണം"—നിർവ്വചനം.
16. "അനുചിതമായ സ്വാധീനം"—നിർവ്വചനം.
17. "വഞ്ചന"—നിർവ്വചനം.
18. "തെററിദ്ധരിപ്പിക്കൽ"—നിർവ്വചനം.
19. സ്വതന്ത്രമായ സമ്മതമില്ലാത്ത കരാറുകൾ ശൂന്യമാക്കാവുന്നതിനെക്കുറിച്ച്.
19ക അനുചിതമായ സ്വാധീനത്താൽ പ്രചോദിതമായിട്ടുള്ള കാൺട്രാക്ററ് അസ്ഥിരപ്പെടുത്താനുള്ള അധികാരം.
20. വസ്തുതയുടെ വിഷയം സംബന്ധിച്ച് ഇരു കക്ഷികൾക്കും തെററു പററിയിട്ടുണ്ടെങ്കിൽ കരാർ ശൂന്യമാണെന്ന്.
21. നിയമം സംബന്ധിച്ച തെററുകളുടെ പ്രഭാവം.
22. വസ്തുതയുടെ വിഷയം സംബന്ധിച്ച് ഒരു കക്ഷിയുടെ തെററു പററിയതിനാൽ ഉണ്ടായിട്ടുള്ള കാൺട്രാക്ററ്.
23. ഏതെല്ലാം പ്രതിഫലങ്ങളും ഉദ്ദേശ്യങ്ങളും നിയമാനുസൃതമാണെന്നും ഏതെല്ലാം അല്ലെന്നും.

ശൂന്യമായ കരാറുകൾ

24. പ്രതിഫലങ്ങളും ഉദ്ദേശ്യങ്ങളും ഭാഗികമായി നിയമവിരുദ്ധമാണെങ്കിൽ കരാറുകൾ ശൂന്യമാണെന്ന്.
25. പ്രതിഫലം കൂടാതെയുള്ള കരാർ ശൂന്യമാണെന്ന്. അത് രേഖാമൂലമുള്ളതും രജിസ്ററർ ചെയ്തതും അല്ലാത്തപക്ഷം അല്ലെങ്കിൽ എന്തെങ്കിലും ചെയ്തതിനുവേണ്ടിയുള്ള നഷ്ടപരിഹാരം കൊടുക്കാമെന്നുള്ള വാഗ്ദാനം അല്ലാത്തപക്ഷം. അല്ലെങ്കിൽ അത് കാലഹരണ നിയമപ്രകാരം കാലഹരണപ്പെട്ട ഒരു കടം കൊടുക്കാമെന്നുള്ള വാഗ്ദാനം അല്ലാത്തപക്ഷം.
26. വിവാഹം തടസ്സപ്പെടുത്തുന്ന കരാർ ശൂന്യമാണെന്ന്.
27. വ്യാപാരം തടസ്സപ്പെടുത്തുന്ന കരാർ ശൂന്യമാണെന്ന്. ഗുഡ്‌വിൽ വിററ ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ പാടില്ല എന്ന കരാർ ഒഴിവാക്കൽ.
28. നിയമ നടപടികൾ തടസ്സപ്പെടുത്തുന്ന കരാറുകൾ ശൂന്യമാണെന്ന്. ഉത്ഭവിക്കാവുന്ന തർക്കം മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യുന്നതിനുള്ള കാൺട്രാക്ററ് ഒഴിവാക്കൽ. ഉത്ഭവിച്ചു കഴിഞ്ഞിട്ടുള്ള പ്രശ്നങ്ങൾ മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യുന്നതിനുള്ള കാൺട്രാക്ററ് ഒഴിവാക്കൽ.
29. അനിശ്ചിതത്വത്താൽ ശൂന്യമായ കരാറുകൾ.
30. പന്തയരൂപത്തിലുള്ള കരാറുകൾ ശൂന്യമാണെന്ന്. കുതിരപ്പന്തയത്തിലുള്ള ചില സമ്മാനങ്ങൾക്ക് അനുകൂലമായ അപവാദം.

ഇൻഡ്യൻ ശിക്ഷാനിയമസംഹിതയുടെ 294 ക വകുപ്പിനെ ബാധിക്കുന്നതല്ലെന്ന്.

## അദ്ധ്യായം III

## സമാശ്രിത കാൺട്രാക്ററുകളെക്കുറിച്ച്

31. "സമാശ്രിത കാൺട്രാക്ററ്" നിർവ്വചനം.
32. ഒരു സംഭവം നടക്കുന്നതിനെ സമാശ്രയിച്ചിരിക്കുന്ന കാൺട്രാക്ററുകൾ പ്രാവർത്തികമാക്കൽ.
33. ഒരു സംഭവം നടക്കാതിരിക്കുന്നതിനെ സമാശ്രയിച്ചിരിക്കുന്ന കാൺട്രാക്ററുകൾ പ്രാവർത്തികമാക്കൽ.
34. കാൺട്രാക്ററ് സമാശ്രയിച്ചിരിക്കുന്ന സംഭവം ജീവിച്ചിരിപ്പുള്ള ഒരാളുടെ ഭാവിയിലുള്ള പ്രവൃത്തിയാണെങ്കിൽ, സംഭവം എപ്പോൾ അസാദ്ധ്യമായി കരുതപ്പെടണമെന്ന്.
35. നിശ്ചിത സമയത്തിനുള്ളിൽ വിനിർദ്ദിഷ്ട സംഭവം നടക്കുന്നതിനെ സമാശ്രയിച്ചുള്ള കാൺട്രാക്ററുകൾ എപ്പോൾ ശൂന്യമായിത്തീരുമെന്ന്.

    നിശ്ചിത സമയത്തിനുള്ളിൽ വിനിർദ്ദിഷ്ട സംഭവം നടക്കാതിരിക്കുന്നതിനെ സമാശ്രയിച്ചുള്ള കാൺട്രാക്ററുകൾ എപ്പോൾ പ്രാവർത്തികമാക്കാമെന്ന്.
36. അസാദ്ധ്യമായ സംഭവങ്ങളെ സമാശ്രയിച്ചുള്ള കരാറുകൾ ശൂന്യമാണെന്ന്.

## അദ്ധ്യായം IV

## കാൺട്രാക്ററുകളുടെ നിർവ്വഹണത്തെക്കുറിച്ച്, നിർവ്വഹിക്കപ്പെടണമെന്നുള്ള കാൺട്രാക്ററുകൾ

37. കാൺട്രാക്ററുകളിലെ കക്ഷികളുടെ ബാദ്ധ്യത.
38. നിർവ്വഹിക്കാമെന്ന ആഫർ പ്രതിഗ്രഹിക്കുവാൻ വിസമ്മതിക്കുന്നതിന്റെ ഫലം.
39. വാഗ്ദാനം പൂർണ്ണമായി നിർവ്വഹിക്കുവാൻ കക്ഷി വിസമ്മതിക്കുന്നതിന്റെ ഫലം.

### കാൺട്രാക്ററുകൾ ആര് നിർവ്വഹിക്കണമെന്ന്

40. വാഗ്ദാനം നിർവ്വഹിക്കേണ്ട ആൾ ആരെന്ന്.
41. മൂന്നാമതൊരാളിൽ നിന്ന് നിർവ്വഹണം പ്രതിഗ്രഹിക്കുന്നതിന്റെ ഫലം.
42. കൂട്ടു ബാദ്ധ്യതകളുടെ സംക്രമണം.
43. കൂട്ടു വാഗ്ദാതാക്കളിൽ ഏതൊരുവനേയും നിർവ്വഹിക്കുവാൻ നിർബന്ധിക്കാമെന്ന്.

    ഓരോ വാഗ്ദാതാവിനും അംശദായത്തിന് നിർബന്ധിക്കാമെന്ന്.

അംശദായം നല്കുന്നതിലെ വീഴ്ചയാലുള്ള നഷ്ടം പങ്കിടൽ

44. കൂട്ടുവാഗ്ദാതാക്കളിൽ ഒരാളെ ഒഴിവാക്കുന്നതിന്റെ ഫലം.

45. കൂട്ടവകാശങ്ങളുടെ സംക്രമണം.

നിർവ്വഹണത്തിനുള്ള സമയവും സ്ഥലവും

46. അപേക്ഷിക്കേണ്ടതായിട്ടില്ലാതിരിക്കുകയും സമയം വിനിർദ്ദേശിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് വാഗ്ദാനത്തിന്റെ നിർവ്വഹണത്തിനുള്ള സമയം.

47. സമയം വിനിർദ്ദേശിച്ചിരിക്കുകയും അപേക്ഷിക്കേണ്ടതായിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് വാഗ്ദാന നിർവ്വഹണത്തിനുള്ള സമയവും സ്ഥലവും.

48. ഒരു നിശ്ചിത ദിവസം നിർവ്വഹിക്കണമെന്നുള്ള അപേക്ഷ ഉചിതമായ സമയത്തും സ്ഥലത്തും വച്ച് വേണമെന്നുള്ളതായിരിക്കണമെന്ന്.

49. നിർവ്വഹണത്തിന് അപേക്ഷിക്കേണ്ടതായിട്ടില്ലാതിരിക്കുകയും, സ്ഥലം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് വാഗ്ദാനനിർവ്വഹണത്തിനുള്ള സ്ഥലം.

50. വാഗ്ഗൃഹീതാവ് നിർണ്ണയിക്കുന്നതോ അനുമതി നല്കുന്നതോ ആയ രീതിയിലോ, സമയത്തോ ഉള്ള നിർവ്വഹണം.

പ്രതിവാഗ്ദാനങ്ങളുടെ നിർവ്വഹണം

51. പ്രതിവാഗ്ഗൃഹീതാവ് നിർവ്വഹണത്തിന് തയ്യാറായവനും ഒരുക്കമുള്ളവനും അല്ലാത്തപക്ഷം വാഗ്ദാതാവ് നിർവ്വഹണത്തിന് ബാദ്ധ്യസ്ഥനല്ലെന്ന്.

52. പ്രതി വാഗ്ദാനങ്ങളുടെ നിർവ്വഹണക്രമം.

53. കാൺട്രാക്റ്റ് പ്രഭാവത്തിൽ വരേണ്ടതിന് ആസ്പദമായ സംഭവം തടയുന്ന കക്ഷിയുടെ ബാദ്ധ്യത.

54. പ്രതി വാഗ്ദാനങ്ങൾ അടങ്ങിയിട്ടുള്ള കാൺട്രാക്റ്റിലെ ആദ്യം നിർവ്വഹിക്കേണ്ട വാഗ്ദാനം സംബന്ധിച്ച് വീഴ്ചവരുത്തുന്നതിന്റെ പ്രഭാവം.

55. സമയം മർമ്മപ്രധാനമായ കാൺട്രാക്റ്റിൽ, നിശ്ചിതസമയത്ത് നിർവ്വഹിക്കാതിരിക്കുന്നതിന്റെ ഫലം.

സമയം മർമ്മപ്രധാനമല്ലാത്തപ്പോൾ അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെഫലം.

കരാർ പ്രകാരമുള്ളതല്ലാത്ത സമയത്തുള്ള നിർവ്വഹണം പ്രതിഗ്രഹിക്കുന്നതിന്റെ ഫലം.

56. അസാദ്ധ്യമായ കൃത്യം ചെയ്യാനുള്ള കരാർ.

പിന്നീട് അസാദ്ധ്യമോ നിയമവിരുദ്ധമോ ആയിത്തീരുന്ന കൃത്യം ചെയ്യാനുള്ള കാൺട്രാക്റ്റ്.

അസാദ്ധ്യമോ നിയമവിരുദ്ധമോ ആണെന്ന് അറിയാവുന്ന കൃത്യം നിർവ്വഹിക്കാത്തതുകൊണ്ടുള്ള നഷ്ടത്തിന് നഷ്ടപരിഹാരം.

57. നിയമാനുസൃതമായ കാര്യങ്ങളും നിയമവിരുദ്ധമായ മററു കാര്യങ്ങളുംകൂടി ചെയ്യാമെന്നുള്ള പ്രതിവാഗ്ദാനം.

58. ഒരു ശാഖ നിയമവിരുദ്ധമായ ആനുകല്പിക വാഗ്ദാനം.

### നല്കിയ പണത്തിന്റെ വിനിയോഗം

59. ഏത് കടമാണ് വീട്ടേണ്ടതെന്ന് സൂചിപ്പിച്ചിട്ടുള്ളിടത്ത് കൊടുക്കുന്ന പണത്തിന്റെ ഉപയോജനം.

60. ഏത് കടമാണ് വീട്ടേണ്ടതെന്ന് സൂചിപ്പിച്ചിട്ടില്ലാത്തപ്പോൾ നല്കിയ പണത്തിന്റെ ഉപയോജനം.

61. ഇരു കക്ഷികളിലാരും വിനിയോഗം നിർദ്ദേശിക്കാത്തപ്പോൾ നല്കിയ പണത്തിന്റെ ഉപയോജനം.

### നിർവ്വഹിക്കേണ്ടതില്ലാത്ത കാൺട്രാക്ററുകൾ

62. കാൺട്രാക്ററ് പുതുക്കുകയോ റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതിന്റെ ഫലം.

63. വാഗ്ഗൃഹീതാവിന് വാഗ്ദാനത്തിന്റെ നിർവ്വഹണം വേണ്ടെന്ന് വയ്ക്കുകയോ ഇളവുചെയ്യുകയോ ചെയ്യാമെന്ന്.

64. ശൂന്യമാക്കാവുന്ന കാൺട്രാക്ററ് റദ്ദാക്കുന്നതിന്റെ അനന്തര ഫലങ്ങൾ.

65. ശൂന്യമായ കരാറിനോ ശൂന്യമായിത്തീരുന്ന കാൺട്രാക്ററിനോ കീഴിൽ പ്രയോജനം കിട്ടിയിട്ടുള്ള ആളുടെ കടമ.

66. ശൂന്യമാക്കാവുന്ന കാൺട്രാക്ററിന്റെ റദ്ദാക്കൽ അറിയിക്കുകയോ പിൻവലിക്കുകയോ ചെയ്യേണ്ട വിധം.

67. വാഗ്ദാതാവിന് നിർവ്വഹണത്തിന് ന്യായമായ സൗകര്യങ്ങൾ നല്കാൻ വാഗ്ഗൃഹീതാവ് ഉപേക്ഷ കാണിക്കുന്നതിന്റെ ഫലം.

## അദ്ധ്യായം V

## കാൺട്രാക്ററ് സൃഷ്ടിക്കുന്ന ബന്ധങ്ങളോട് സദൃശമായ ചില ബന്ധങ്ങളെക്കുറിച്ച്

68. കാൺട്രാക്ററ് ചെയ്യാൻ അസമർത്ഥനായ ആൾക്കോ അയാൾക്കു വേണ്ടിയോ നല്കിയ ആവശ്യക സാധനങ്ങൾ സംബന്ധിച്ചുള്ള അവകാശം.

69. മറെറാരാൾ കൊടുക്കേണ്ട പണം കൊടുക്കുന്നതിൽ താത്പര്യമുള്ള ഒരാൾ അത് കൊടുക്കുന്നതിൽ അയാൾക്കുള്ള പ്രതിപൂരണം.

70. സൗജന്യമായിട്ടല്ലാതെ ചെയ്യുന്ന കൃത്യത്തിന്റെ ഗുണം അനുഭവിക്കുന്നആളുടെ കടമ.

71. സാമാനങ്ങൾ കണ്ടുകിട്ടിയ ആളുടെ ഉത്തരവാദിത്വം.

72. ആർക്കാണ് തെററിയോ ബലാൽക്കരണത്തിന് അധീനനായോ പണം കൊടുക്കുകയോ എന്തെങ്കിലും സാധനം നല്കുകയോ ചെയ്തിട്ടുള്ളത്, അയാളുടെ ബാദ്ധ്യത.

അദ്ധ്യായം VI

കാൺട്രാക്റ്റ് ലംഘനത്തിൻെറ അനന്തരഫലങ്ങളെക്കുറിച്ച്

73. കാൺട്രാക്റ്റ് ലംഘനത്താൽ ഉണ്ടായിട്ടുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരം.

കാൺട്രാക്റ്റ് സൃഷ്ടിക്കുന്ന കടപ്പാടുകൾക്ക് സദൃശമായ കടപ്പാട് തീർക്കാത്തതിനുള്ള നഷ്ടപരിഹാരം.

74. പിഴയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ കാൺട്രാക്റ്റ് ലംഘനത്തിനുള്ള നഷ്ടപരിഹാരം.

75. കാൺട്രാക്റ്റ് അവകാശപൂർവ്വം റദ്ദാക്കുന്ന കക്ഷിക്ക് നഷ്ടപരിഹാരത്തിന് അവകാശമുണ്ടെന്ന്.

അദ്ധ്യായം VII

സാമാനങ്ങളുടെ വില്പന

76. 123 (റദ്ദാക്കപ്പെട്ടു.)

അദ്ധ്യായം VIII

നഷ്ടോത്തരവാദത്തേയും ഗാരൻറിയേയും കുറിച്ച്

124. "നഷ്ടോത്തരവാദ കാൺട്രാക്റ്റ്"—നിർവ്വചനം.

125. നഷ്ടോത്തരവാദാവകാശിക്ക് വ്യവഹരിക്കപ്പെടുമ്പോൾ ഉള്ള അവകാശങ്ങൾ.

126. "ഗാരൻറി കാൺട്രാക്റ്റ്", "ജാമ്യക്കാരൻ", "മൂല ഋണി", "ഉത്തമർണ്ണൻ".

127. ഗാരൻറിക്കുള്ള പ്രതിഫലം.

128. ജാമ്യക്കാരൻെറ ബാദ്ധ്യത.

129. "തുടരുന്ന ഗാരൻറി".

130. തുടരുന്ന ഗാരൻറി പിൻവലിക്കൽ.

131. ജാമ്യക്കാരൻെറ മരണത്താൽ, തുടരുന്ന ഗാരൻറിയുടെ പിൻവലിക്കൽ.

132. പ്രാഥമിക ബാദ്ധ്യതയുള്ള രണ്ടാളുകളുടെ ബാദ്ധ്യതയെ അവർ തമ്മിലുള്ള ഒരാൾ വീഴ്ചവരുത്തിയാൽ മറേറ ആൾ ജാമ്യക്കാരനാകുമെന്ന ഏർപ്പാട് ബാധിക്കുന്നതല്ലെന്ന്.

133. കാൺട്രാക്റ്റിലെ നിബന്ധനകളിൽ വരുത്തുന്ന വ്യത്യാസം ജാമ്യക്കാരനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നത്.

134. മൂല ഋണിയെ വിമുക്തനാക്കുകയോ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുകയോ ചെയ്യുന്നതു ജാമ്യക്കാരനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നത്.

135. ഉത്തമർണ്ണൻ മൂല ഋണിയുമായി കംപൗണ്ട് ചെയ്യുകയോ അയാൾക്ക് സമയം നല്കുകയോ അയാൾക്കെതിരെ വ്യവഹാരപ്പെടുകയില്ലെന്ന് കരാർ ചെയ്യുകയോ ചെയ്യുമ്പോൾ, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നത്.

136. മൂല ഋണിക്ക് സമയം നല്കാമെന്ന് മൂന്നാമതൊരാളുമായി കരാർ ചെയ്തിട്ടുള്ളപ്പോഠം, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നതല്ലെന്ന്.

137. ഉത്തമർണ്ണൻ വ്യവഹാരം കൊടുക്കാതിരിക്കുന്നത് ജാമ്യക്കാരനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നില്ല.

138. കൂട്ടുജാമ്യക്കാരിൽ ഒരാളെ വിമുക്തനാക്കുന്നത് മററുള്ളവരെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നില്ല.

139. ജാമ്യക്കാരൻെറ പാരിണാമിക നിവൃത്തിയ്ക്ക് കോട്ടം തട്ടിക്കുന്ന, ഉത്തമർണ്ണൻെറ കൃത്യത്താലോ കൃത്യവിലോപത്താലോ, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നത്.

140. പണം കൊടുക്കുന്നതിൻമേലോ, നിർവ്വഹണത്തിൻമേലോ ജാമ്യക്കാരൻെറ അവകാശങ്ങഠം.

141. ഉത്തമർണ്ണൻെറ ഈടുകളിൽനിന്നുള്ള ഗുണത്തിന് ജാമ്യക്കാരനുള്ള അവകാശം.

142. തെററിദ്ധരിപ്പിച്ച് നേടുന്ന ഗാരൻറി അസാധുവാണെന്ന്.

143. ഒളിച്ചുവച്ചുനേടുന്ന ഗാരൻറി അസാധുവാണെന്ന്.

144. ഗാരൻറിയിൽ കൂട്ടുജാമ്യക്കാരൻ ചേരുന്നതുവരെ ഉത്തമർണ്ണൻ അതിൻമേൽ പ്രവർത്തിക്കാൻ പാടില്ലെന്നുള്ള കാൺട്രാക്ററിൻമേൽ നല്കുന്ന ഗാരൻറി.

145. ജാമ്യക്കാരന് നഷ്ടോത്തരവാദം ചെയ്യാമെന്നുള്ള വ്യംഗ്യമായ വാഗ്ദാനം.

146. കൂട്ടുജാമ്യക്കാർ തുല്യമായി അംശദായം നല്കുന്നതിന് ബാദ്ധ്യതയുള്ളവരാണെന്ന്.

147. വ്യത്യസ്ത തുകകഠംക്ക് ബാദ്ധ്യസ്ഥരായ കൂട്ടുജാമ്യക്കാരുടെ ബാദ്ധ്യത.

## അദ്ധ്യായം IX

## ബെയിൽമെൻറിനെക്കുറിച്ച്

148. ''ബെയിൽമെൻറ്'', ''ബെയിലർ'', ''ബെയിലി''—നിർവ്വചനം.

149. ബെയിലിക്ക് ഡെലിവറി എങ്ങനെ ആകാമെന്ന്.

150. ബെയിൽ ചെയ്ത സാമാനങ്ങളുടെ കുററങ്ങഠം വെളിപ്പെടുത്തുന്നത് ബെയിലറുടെ കർത്തവ്യമാണെന്ന്.

151. ബെയിലി ചെലുത്തേണ്ട ശ്രദ്ധ.

152 ബെയിൽ ചെയ്ത സാധനത്തിൻെറ നഷ്ടത്തിനും മററും ബെയിലിക്ക് എപ്പോഠം ബാദ്ധ്യതയില്ലെന്ന്.

153. ഉപാധികഠംക്ക് അസംഗതമായുള്ള, ബെയിലിയുടെ കൃത്യത്താൽ ബെയിൽമെൻറ് അവസാനിപ്പിക്കൽ.

154. ബെയിൽ ചെയ്ത സാമാനങ്ങഠം പ്രാധികാര രഹിതമായവിധം ഉപയോഗിക്കുന്ന ബെയിലിയുടെ ബാദ്ധ്യത.

155. ബെയിലറുടെ സമ്മതത്തോടുകൂടി അയാളുടെ സാമാനങ്ങഠം ബെയിലിയുടേതുമായി കൂട്ടിക്കലർത്തുന്നതിൻെറ ഫലം.

156. സാമാനങ്ങൾ വേർതിരിക്കുവാൻ കഴിയുമ്പോൾ, ബെയിലറുടെ സമ്മതം കൂടാതെ കൂട്ടിക്കലർത്തുന്നതിൻെറ ഫലം.
157. സാമാനങ്ങൾ വേർതിരിക്കുവാൻ കഴിയാത്തപ്പോൾ, ബെയിലറുടെ സമ്മതം കൂടാതെ കൂട്ടിക്കലർത്തുന്നതിൻെറ ഫലം.
158. ആവശ്യകമായ ചെലവുകൾ, ബെയിലറിൽനിന്ന് മടക്കിക്കിട്ടണമെന്ന്.
159. സൗജന്യമായി ഇരവൽ കൊടുത്ത സാമാനങ്ങൾ തിരിയെ കൊടുക്കൽ.
160. സമയം അവസാനിക്കുകയോ ആവശ്യം നിറവേറുകയോ ചെയ്യുമ്പോൾ ബെയിൽ ചെയ്ത സാമാനങ്ങൾ തിരിയെ കൊടുക്കൽ.
161. സാമാനങ്ങൾ യഥാവിധി തിരിയെ കൊടുക്കാതിരിക്കുമ്പോൾ ബെയിലിയുടെ ഉത്തരവാദിത്വം.
162. സൗജന്യമായ ബെയിൽമെൻറ് മരണത്താൽ അവസാനിക്കുന്നത്.
163. ബെയിൽ ചെയ്ത സാമാനങ്ങളിൽനിന്ന് ഉണ്ടാകുന്ന വർദ്ധനവിനോ ലാഭത്തിനോ ബെയിലർ അവകാശിയാണെന്ന്.
164. ബെയിലിയോട് ബെയിലർക്കുള്ള ഉത്തരവാദിത്വം.
165. പല കൂട്ടുടമകളുടെ ബെയിൽമെൻറ്.
166. ഉടമാവകാശമില്ലാത്ത ബെയിലർക്ക് തിരിയെ ഡെലിവർ ചെയ്താൽ ബെയിലി ഉത്തരവാദിയല്ലെന്ന്.
167. ബെയിൽ ചെയ്ത സാമാനങ്ങൾ അവകാശപ്പെടുന്ന മൂന്നാമൻെറ അവകാശം.
168. സാമാനങ്ങൾ കണ്ടുകിട്ടിയ ആളുടെ അവകാശം. ആഫർ ചെയ്ത വിനിർദ്ദിഷ്ടപ്രതിഫലത്തിനുവേണ്ടി വ്യവഹാരപ്പെടാമെന്ന്.
169. സാധാരണമായി വില്ക്കാറുള്ള സാധനം കണ്ടുകിട്ടിയ ആൾക്ക് അത് എപ്പോൾ വില്ക്കാമെന്ന്.
170. ബെയിലിയുടെ പ്രത്യേക ലീൻ.
171. ബാങ്കർമാരുടേയും, ഫാക്ടർമാരുടേയും, പാതാറുടമകളുടേയും, അററാർണികളുടേയും, പാളിസി ദല്ലാളികളുടേയും സാമാന്യ ലീൻ.

### പണയങ്ങളായ ബെയിൽമെൻറുകൾ

172. "പണയം", "പണയം വയ്ക്കുന്ന ആൾ", "പണയം വാങ്ങുന്നയാൾ"— നിർവ്വചനം.
173. വച്ചുകൊണ്ടിരിക്കുവാൻ പണയം വാങ്ങുന്നവനുള്ള അവകാശം.
174. ഏതു കടത്തിനോ വാഗ്ദാനത്തിനോ വേണ്ടിയാണ് സാമാനങ്ങൾ പണയം വച്ചിട്ടുള്ളത്, അവയ്ക്ക് വേണ്ടിയല്ലാതെ പണയം വാങ്ങുന്നവൻ വച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്ന്. പിന്നീട് കടം കൊടുത്ത തുകകളുടെ സംഗതിയിലുള്ള അനുമാനം.
175. പണയം വാങ്ങുന്നവന് നേരിട്ടിട്ടുള്ള അസാധാരണച്ചെലവുകളെ സംബന്ധിച്ച അവകാശം.
176. പണയം വച്ചവൻ വീഴ്ച വരുത്തിയാൽ പണയം വാങ്ങുന്നവൻെറ അവകാശം.
177. വീഴ്ചക്കാരനായ പണയം വച്ചവന് വീണ്ടെടുക്കാനുള്ള അവകാശം.

178. കച്ചവട ഏജൻറ് പണയം വയ്ക്കുന്നത്.

178 ക. ശൂന്യമാക്കാവുന്ന കാൺട്രാക്ററിൻ കീഴിൽ ഉള്ള കൈവശക്കാരൻ പണയം വയ്ക്കുന്നത്.

179. പണയം വച്ചവൻ പരിമിതമായ അവകാശം മാത്രം ഉള്ളപ്പോൾ പണയം വയ്ക്കുന്നത്.

അപകർത്താവിനെതിരായി ബെയിലിയോ ബെയിലറോ കൊടുക്കുന്ന വ്യവഹാരം

180. അപകർത്താവിനെതിരായി ബെയിലിയോ ബെയിലറോ കൊടുക്കുന്ന വ്യവഹാരം.

181. അങ്ങനെയുള്ള വ്യവഹാരങ്ങൾ വഴി ലഭിച്ചിട്ടുള്ള നിവൃത്തിയോ നഷ്ടപരിഹാരമോ വീതിക്കൽ.

## അദ്ധ്യായം X

## ഏജൻസി

ഏജൻറുമാരുടെ നിയമനവും പ്രാധികാരവും

182. "ഏജൻറ്", "പ്രിൻസിപ്പൽ"—നിർവ്വചനം.

183. ഏജൻറിനെ ആർക്ക് നിയോജിക്കാമെന്ന്.

184. ആർക്ക് ഏജൻറാകാമെന്ന്.

185. പ്രതിഫലം ആവശ്യമില്ലെന്ന്.

186. ഏജൻറിൻെറ പ്രാധികാരം പ്രകടിതമോ വ്യംഗ്യമോ ആകാമെന്ന്.

187. പ്രകടവും വ്യംഗ്യവുമായ പ്രാധികാരത്തിൻെറ നിർവ്വചനങ്ങൾ.

188. ഏജൻറിനുള്ള പ്രാധികാരത്തിൻെറ വ്യാപ്തി.

189. ഒരു അടിയന്തര ഘട്ടത്തിൽ ഏജൻറിനുള്ള പ്രാധികാരം.

സബ് ഏജൻറുകൾ

190. ഏജൻറിന് എപ്പോൾ പ്രത്യായോജനം ചെയ്യാവുന്നതല്ലെന്ന്.

191. "സബ് ഏജൻറ്"—നിർവ്വചനം.

192. ശരിയായി നിയമിക്കപ്പെട്ട സബ് ഏജൻറ് പ്രിൻസിപ്പലിനെ പ്രതിനിധാനം ചെയ്യുന്നത്.

സബ് ഏജൻറിനുവേണ്ടി ഏജൻറിനുള്ള ഉത്തരവാദിത്വം.

സബ് ഏജൻറിൻെറ ഉത്തരവാദിത്വം.

193. പ്രാധികാരമില്ലാതെ നിയമിച്ച സബ് ഏജൻറിനുവേണ്ടി ഏജൻറിനുള്ള ഉത്തരവാദിത്വം.

194. പ്രിൻസിപ്പലും, ഏജൻസി ബിസിനസ്സിൽ പ്രവർത്തിക്കുവാൻ ഏജൻറ് യഥാവിധി നിയമിച്ച ആളും തമ്മിലുള്ള ബന്ധം.

195. അങ്ങനെയുള്ള ആളെ നാമനിർദ്ദേശം ചെയ്യുന്നതിൽ ഏജൻറിൻെറ കർത്തവ്യം.

### ദൃഢീകരണം

196. തന്റെ പ്രാധികാരം കൂടാതെ തനിക്കുവേണ്ടി ചെയ്ത കൃത്യങ്ങൾ സംബന്ധിച്ചുള്ള ഒരാളുടെ അവകാശം. ദൃഢീകരണത്തിന്റെ ഫലം.
197. ദൃഢീകരണം പ്രകടിതമോ വ്യംഗ്യമോ ആകാമെന്ന്.
198. സാധുവായ ദൃഢീകരണത്തിന് വേണ്ട അറിവ്.
199. ഒരു ഇടപാടിന്റെ ഭാഗമാകുന്ന പ്രാധികാരരഹിതമായ കൃത്യം ദൃഢീകരിക്കുന്നതിന്റെ ഫലം.
200. പ്രാധികാരരഹിതമായ കൃത്യത്തിന്റെ ദൃഢീകരണത്തിന് മൂന്നാമതൊരാൾക്ക് ക്ഷതി ഉളവാക്കാൻ കഴിയുന്നതല്ലെന്ന്.

### പ്രാധികാരം പിൻവലിക്കൽ

201. ഏജൻസി അവസാനിക്കൽ.
202. വിഷയവസ്തുവിൽ ഏജൻറിന് ഒരു അവകാശമുള്ളപ്പോൾ ഏജൻസി അവസാനിപ്പിക്കൽ.
203. ഏജൻറിനുള്ള പ്രാധികാരം പ്രിൻസിപ്പലിന് എപ്പോൾ പിൻവലിക്കാമെന്ന്.
204. പ്രാധികാരം ഭാഗികമായി പ്രയോഗിച്ചിട്ടുള്ളിടത്ത് പിൻവലിക്കൽ.
205. പ്രിൻസിപ്പൽ പിൻവലിക്കുകയോ ഏജൻറ് പരിത്യജിക്കുകയോ ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം.
206. പിൻവലിക്കുന്നതിനോ പരിത്യജിക്കുന്നതിനോ ഉള്ള നോട്ടീസ്.
207. പിൻവലിക്കലും പരിത്യജനവും പ്രകടിതമോ വ്യംഗ്യമോ ആകാമെന്ന്.
208. ഏജൻറിനുള്ള പ്രാധികാരം അവസാനിപ്പിക്കൽ ഏജൻറിനെ സംബന്ധിച്ചും മൂന്നാമൻമാരെ സംബന്ധിച്ചും എപ്പോൾ ഫലത്തിൽ വരും എന്ന്.
209. പ്രിൻസിപ്പലിന്റെ മരണമോ ചിത്തഭ്രമമോവഴി ഏജൻസി അവസാനിക്കുമ്പോൾ ഏജൻറിന്റെ കർത്തവ്യം.
210. സബ് ഏജൻറിനുള്ള പ്രാധികാരം അവസാനിപ്പിക്കൽ.

### പ്രിൻസിപ്പലിനോടുള്ള ഏജൻറിന്റെ കർത്തവ്യം

211. പ്രിൻസിപ്പലിന്റെ ബിസിനസ്സ് നടത്തുന്നതിൽ ഏജൻറിന്റെ കർത്തവ്യം.
212. ഏജൻറിനുവേണ്ടതായ നൈപുണ്യവും ശ്രദ്ധയും.
213. ഏജൻറിന്റെ കണക്കുകൾ.
214. പ്രിൻസിപ്പലുമായി സമ്പർക്കം പുലർത്തുന്നത് ഏജൻറിന്റെ കർത്തവ്യം.
215. ഏജൻറ് പ്രിൻസിപ്പലിന്റെ സമ്മതം കൂടാതെ ഏജൻസി ബിസിനസ്സിൽ തന്റെ സ്വന്തം നിലയിൽ ഇടപാടു നടത്തുമ്പോൾ പ്രിൻസിപ്പലിനുള്ള അവകാശം.

216. ഏജൻസി ബിസിനസ്സിൽ ഏജൻറ് തനിക്കുതന്നെ വേണ്ടി ഇട പാടു ചെയ്യുന്നതുവഴി കിട്ടുന്ന നേട്ടത്തിന് പ്രിൻസിപ്പലിനുള്ള അവകാശം.

217. പ്രിൻസിപ്പലിനുവേണ്ടി കിട്ടിയിട്ടുള്ള തുകകളിൽനിന്ന് പിടി ച്ചെടുക്കുവാനുള്ള ഏജൻറിൻെറ അവകാശം.

218. പ്രിൻസിപ്പലിനുവേണ്ടി കിട്ടിയിട്ടുള്ള തുകകൾ കൊടുക്കുന്നതിന് ഏജൻറിനുള്ള കർത്തവ്യം.

219. ഏജൻറിൻെറ വേതനം എപ്പോൾ കിട്ടേണ്ടതായിത്തീരുമെന്ന്.

220. വേണ്ടുംവണ്ണമല്ലാതെ ചെയ്ത ബിസിനസ്സിൻെറ വേതനത്തിന് ഏജൻറിന് അവകാശം ഇല്ലെന്ന്.

221. പ്രിൻസിപ്പലിൻെറ വസ്തുവിൻമേൽ ഏജൻറിനുള്ള ലീൻ.

### ഏജൻറിനോടുള്ള പ്രിൻസിപ്പലിൻെറ കർത്തവ്യം

222. നിയമാനുസൃതമായ കൃത്യങ്ങളുടെ അനന്തരഫലങ്ങൾക്ക് ഏജൻറിന് നഷ്ടോത്തരവാദം ചെയ്യണമെന്ന്.

223. ഉത്തമവിശ്വാസപൂർവ്വം ചെയ്തിട്ടുള്ള കൃത്യങ്ങളുടെ അനന്തര ഫലങ്ങൾക്കെതിരായി ഏജൻറിന് നഷ്ടോത്തരവാദം ചെയ്യണമെന്ന്

224. കുററകരമായ കൃത്യം ചെയ്യുവാൻ ഏജൻറിനെ നിയോജിക്കുന്ന ആളുടെ ബാദ്ധ്യതയില്ലായ്മ.

225. പ്രിൻസിപ്പലിൻെറ ഉപേക്ഷയാൽ ഏജൻറിനുണ്ടാകുന്ന ക്ഷതിക്ക് നഷ്ടപരിഹാരം.

### മൂന്നാം കക്ഷികളായവരുമായുള്ള കാൺട്രാക്ററുകളിൻമേൽ ഏജൻസിയുടെ പ്രഭാവം

226. ഏജൻറുമാരുടെ കാൺട്രാക്ററുകൾ പ്രാവർത്തികമാക്കലും, അവ യുടെ അനന്തരഫലങ്ങളും.

227. ഏജൻറ് പ്രാധികാരം അതിലംഘിക്കുമ്പോൾ പ്രിൻസിപ്പൽ എത്ര ത്തോളം ബാദ്ധ്യസ്ഥനാണെന്ന്.

228. ഏജൻറിൻെറ പ്രാധികാരത്തിൽ കവിഞ്ഞുള്ളത് വേർതിരിക്കാവുന്ന തല്ലാത്തപ്പോൾ പ്രിൻസിപ്പൽ ബാദ്ധ്യസ്ഥനല്ലെന്ന്.

229. ഏജൻറിന് കൊടുക്കുന്ന നോട്ടീസിൻെറ അനന്തരഫലങ്ങൾ.

230. പ്രിൻസിപ്പലിനുവേണ്ടിയുള്ള കാൺട്രാക്ററുകൾ ഏജൻറിന് സ്വന്തം നിലയ്ക്ക് പ്രാവർത്തികമാക്കാവുന്നതോ ഏജൻറ് അവയാൽ ബാദ്ധ്യസ്ഥനാവുന്നതോ അല്ല.
വിപരീതമായ കാൺട്രാക്ററുണ്ടെന്നുള്ള അനുമാനം.

231. വെളിപ്പെടുത്തപ്പെടാത്ത ഒരു ഏജൻറ് ഉണ്ടാക്കുന്ന കാൺട്രാക്ററിലെ കക്ഷികളുടെ അവകാശങ്ങൾ.

232. പ്രിൻസിപ്പലാണെന്ന് വിചാരിച്ച് ഏജൻറുമായുള്ള കാൺട്രാക് ററിൻെറ നിർവ്വഹണം.

233. സ്വന്തം നിലയ്ക്ക് ബാദ്ധ്യതയുള്ള ഏജൻറുമായി ഇടപെടുന്ന ആളുടെ അവകാശം.

234. പ്രിൻസിപ്പലിനേയോ ഏജൻറിനേയോ മാത്രമേ ബാദ്ധ്യതയുള്ളവനാക്കുകയുള്ളു എന്ന വിശ്വാസത്തിൻമേൽ പ്രവർത്തിക്കാൻ ഏജൻറിനേയോ പ്രിൻസിപ്പലിനേയോ പ്രേരിപ്പിച്ച് അതിനിടയാക്കുന്നതിൻെറ അനന്തരഫലം.

235. ഏജൻറായി ഭാവിക്കുന്നവൻെറ ബാദ്ധ്യത.

236. ഏജൻറായിട്ട് വ്യാജമായി കാൺട്രാക്റ്റ് ചെയ്യുന്ന ആൾക്ക് നിർവ്വഹണത്തിന് അവകാശമില്ലെന്ന്.

237. ഏജൻറിൻെറ പ്രാധികാരരഹിതമായ കൃത്യങ്ങൾ പ്രാധികാരമുള്ളവയാണെന്ന് വിശ്വസിപ്പിക്കുന്ന പ്രിൻസിപ്പലിൻെറ ബാദ്ധ്യത.

238. ഏജൻറിൻെറ തെററിദ്ധരിപ്പിക്കലിനോ, വഞ്ചനയ്ക്കോ കരാറിൻമേലുള്ള പ്രഭാവം.

## അദ്ധ്യായം XI

## പങ്കാളിത്തത്തെക്കുറിച്ച്

239. 266—[റദ്ദാക്കപ്പെട്ടു].

പട്ടിക—റദ്ദാക്കപ്പെട്ടു.

# ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872

(1872-ലെ 9)

[1872 ഏപ്രിൽ, 25]

ആമുഖം.—കാൺട്രാക്ററുകാം സംബന്ധിച്ച നിയമത്തിന്റെ ചില ഭാഗങ്ങാം നിർവ്വചിക്കുന്നതും ഭേദഗതി ചെയ്യുന്നതും സമീചീനമാകയാൽ;

ഇതിനാൽ താഴെ പറയുംപ്രകാരം അധിനിയമം ചെയ്തിരിക്കുന്നു:—

## പ്രാരംഭികം

1. ചുരുക്കപ്പേര്.—ഈ ആക്ററിന് ഇൻഡ്യൻ കാൺട്രാക്ററ് ആക്ററ്, 1872 എന്ന് പേർ പറയാവുന്നതാണ്.

വ്യാപ്തി, പ്രാരംഭം.—ഇതു ജമ്മു-കാശ്മീർ സ്റേററ്റ് ഒഴികെയുള്ള ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതും; 1872 സെപ്ററംബർ ഒന്നാം ദിവസം പ്രാബല്യത്തിൽ വരുന്നതുമാകുന്നു.

ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നും, ഇതിനാൽ പ്രകടമായി റദ്ദാക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും സ്ററാററ്യൂട്ടിലേയോ ആക്ററിലേയോ റഗുലേഷനിലേയോ വ്യവസ്ഥകളേയോ, ഈ ആക്ററിലെ വ്യവസ്ഥകാക്ക് അസംഗതമല്ലാത്ത, വ്യാപാരസംബന്ധമായ ഏതെങ്കിലും വഴക്കത്തേയോ ആചാരത്തേയോ ഏതെങ്കിലും കാൺട്രാക്ററിന്റെ ഏതെങ്കിലും ആനുഷംഗിക സംഗതിയേയോ ബാധിക്കുന്നതല്ല.

2. വ്യാഖ്യാനഖണ്ഡം.—ഈ ആക്ററിൽ താഴെപ്പറയുന്ന വാക്കുകളും പദങ്ങളും, വിരുദ്ധമായ ഉദ്ദേശ്യം ഉള്ളതായി സന്ദർഭത്തിൽനിന്ന് തോന്നാത്ത പക്ഷം, താഴെപ്പറയുന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്നു:—

(ക) ഒരാാം, എന്തെങ്കിലും ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ഒരുക്കമാണെന്ന് അങ്ങനെ ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ മറെറാരാളുടെ അനുമതി ലഭിക്കാൻവേണ്ടി അയാളെ അറിയിക്കുമ്പോാം ഒരു നിർദ്ദേശം ഉന്നയിക്കുന്നതായി പറയുന്നു;

(ഖ) ഏതൊരാളോടാണോ നിർദ്ദേശം ഉന്നയിച്ചിട്ടുള്ളത്, അയാാം അതിനുള്ള തന്റെ അനുമതി അറിയിക്കുമ്പോാം, നിർദ്ദേശം പ്രതിഗ്രഹിക്കപ്പെടുന്നതായി പറയുന്നു. നിർദ്ദേശം പ്രതിഗ്രഹിക്കപ്പെടുമ്പോാം, വാഗ്ദാനം ആയിത്തീരുന്നു;

(ഗ) നിർദ്ദേശം ഉന്നയിക്കുന്ന ആളെ "വാഗ്ദാതാവ്" എന്നും നിർദ്ദേശം പ്രതിഗ്രഹിക്കുന്ന ആളെ "വാഗ്ഗൃഹീതാവ്" എന്നും വിളിക്കുന്നു;

(ഘ) വാഗ്ദാതാവിന്റെ, ആഗ്രഹം അനുസരിച്ച് വാഗ്ഗൃഹീതാവോ മറേറതെങ്കിലും ആളോ വല്ലതും ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്തിട്ടുള്ളപ്പോഴോ, അല്ലെങ്കിൽ ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുമ്പോഴോ, അല്ലെങ്കിൽ ചെയ്യാമെന്നോ ചെയ്യാതിരിക്കാമെന്നോ വാഗ്ദാനം ചെയ്യുമ്പോഴോ, അങ്ങനെയുള്ള കൃത്യത്തേയോ കൃത്യം ചെയ്യാതിരിക്കലിനേയോ വാഗ്ദാനത്തേയോ, ആ വാഗ്ദാനത്തിനുള്ള പ്രതിഫലം എന്നു പറയുന്നു;

(ങ) ഒന്നു മറെറാന്നിന് പ്രതിഫലം ആകുന്ന ഏതൊരു വാഗ്ദാനവും, വാഗ്ദാനങ്ങളുടെ സെററും കരാർ ആകുന്നു;

(ച) ഒന്ന് മറെറാന്നിന്ന് പ്രതിഫലമോ പ്രതിഫലത്തിന്റെ ഭാഗമോ ആകുന്ന വാഗ്ദാനങ്ങളെ പ്രതിവാഗ്ദാനങ്ങൾ എന്നു പറയുന്നു;

(ഛ) നിയമത്താൽ പ്രാവർത്തികമാക്കാൻ കഴിയാത്ത ഒരു കരാർ ശൂന്യമെന്ന് പറയുന്നു;

(ജ) നിയമത്താൽ പ്രാവർത്തികമാക്കാവുന്ന ഒരു കരാർ കാൺട്രാക്ററ് ആകുന്നു;

(ഝ) നിയമത്താൽ പ്രാവർത്തികമാക്കാൻ ഒന്നോ അതിലധികമോ കക്ഷികൾക്ക് ഐച്ഛികമായി കഴിയുന്നതും, എന്നാൽ മററ് കക്ഷിയ്ക്കോ കക്ഷികൾക്കോ ഐച്ഛികമായി കഴിയാത്തതും ആയ കരാർ, ശൂന്യമാക്കാവുന്ന കാൺട്രാക്ററ് ആകുന്നു;

(ഞ) നിയമത്താൽ പ്രാവർത്തികമാക്കാവുന്നതല്ലാത്തതായിത്തീരുന്ന ഒരു കാൺട്രാക്ററ്, അത് പ്രാവർത്തികമാക്കാവുന്നതല്ലാത്തതായിത്തീരുമ്പോൾ, ശൂന്യമായിത്തീരുന്നു.

അദ്ധ്യായം I

## നിർദ്ദേശങ്ങളുടെ അറിയിക്കലിനേയും പ്രതിഗ്രഹണത്തേയും പിൻവലിക്കലിനേയും കുറിച്ച്

**3. നിർദ്ദേശങ്ങളുടെ അറിയിക്കലും പ്രതിഗ്രഹണവും പിൻവലിക്കലും.**— നിർദ്ദേശങ്ങളുടെ അറിയിക്കലും, നിർദ്ദേശങ്ങളുടെ പ്രതിഗ്രഹണവും നിർദ്ദേശങ്ങളുടേയും പ്രതിഗ്രഹണങ്ങളുടേയും പിൻവലിക്കലും, യഥാക്രമം നിർദ്ദേശിക്കുകയോ പ്രതിഗ്രഹിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്ന കക്ഷിയുടെ, അയാൾ അങ്ങനെയുള്ള നിർദ്ദേശമോ, പ്രതിഗ്രഹണമോ, പിൻവലിക്കലോ അറിയിക്കാൻ ഉദ്ദേശിക്കുന്നതോ അല്ലെങ്കിൽ അത് അറിയിക്കുന്ന പ്രഭാവമുണ്ടാക്കുന്നതോ ആയ, കൃത്യത്താലോ കൃത്യവിലോപത്താലോ ചെയ്തതായി കരുതപ്പെടുന്നതാകുന്നു.

**4. അറിയിക്കൽ എപ്പോൾ പൂർത്തിയാകുമെന്ന്.**— ഒരു നിർദ്ദേശത്തിന്റെ അറിയിക്കൽ നിർദ്ദേശം ഏതൊരാളെ അറിയിക്കുന്നുവോ, ആ ആളുടെ അറിവിൽ വരുമ്പോൾ പൂർത്തിയാകുന്നു.

**പ്രതിഗ്രഹണത്തിന്റെ അറിയിക്കൽ.**— നിർദ്ദേശകന് എതിരായിടത്തോളം, അത് പ്രതിഗൃഹീതാവിന്റെ നിയന്ത്രണത്തിൽനിന്ന് വിട്ടിരിക്കത്തക്ക വണ്ണം നിർദ്ദേശകന് എത്തിക്കാനുള്ള മാർഗ്ഗത്തിലാക്കി കഴിയുമ്പോഴും;

പ്രതിഗൃഹീതാവിന് എതിരായിടത്തോളം, നിർദ്ദേശകന്റെ അറിവിൽ വരുമ്പോഴും, പൂർത്തിയാകുന്നു.

പിൻവലിക്കലിന്റെ അറിയിക്കൽ.—പിൻവലിക്കുന്ന ആരംക്ക് എതിരായിടത്തോളം, അത് അയാളുടെ നിയന്ത്രണത്തിൽനിന്ന് വിട്ടിരിക്കത്തക്കവണ്ണം ഏതൊരാരംക്കാണോ അത് അയച്ചുകൊടുക്കുന്നത്, അയാരംക്ക് അത് എത്തിക്കാനുള്ള മാർഗ്ഗത്തിലാക്കിക്കഴിയുമ്പോഴും;

ഏതൊരാരംക്കാണോ അത് അയച്ചുകൊടുക്കുന്നത്, അയാരംക്കെതിരായിടത്തോളം, അത് അയാളുടെ അറിവിൽ വരുമ്പോഴും, പൂർത്തിയാകുന്നു.

ദൃഷ്ടാന്തങ്ങരം

(ക) ഒരു നിശ്ചിത വിലയ്ക്ക് ഒരു വീട് ഖ യ്ക്കു വില്ക്കാൻ ക കത്തുവഴി നിർദ്ദേശിക്കുന്നു. ആ നിർദ്ദേശത്തിന്റെ അറിയിക്കൽ ഖ യ്ക്ക് കത്തു കിട്ടുമ്പോരം പൂർത്തിയാകുന്നു.

(ഖ) പോസ്ററിൽ അയച്ച ഒരു കത്തുവഴിക്ക് ക യുടെ നിർദ്ദേശം ഖ പ്രതിഗ്രഹിക്കുന്നു.

പ്രതിഗ്രഹണത്തിന്റെ അറിയിക്കൽ ക യ്ക്ക് എതിരായിടത്തോളം കത്ത് പോസ്ററു ചെയ്യുമ്പോഴും;

ഖ യ്ക്ക് എതിരായിടത്തോളം, ആ കത്ത് ക യ്ക്ക് കിട്ടുമ്പോഴും, പൂർത്തിയാകുന്നു.

(ഗ) ടെലഗ്രാം വഴി ക തന്റെ നിർദ്ദേശം പിൻവലിക്കുന്നു.

പിൻവലിക്കൽ, ക യ്ക്ക് എതിരായിടത്തോളം ടെലഗ്രാം ഡെസ്പാച്ച് ചെയ്യുമ്പോരം പൂർത്തിയാകുന്നു. ഖ യ്ക്ക് എതിരായിടത്തോളം അത് ഖ യ്ക്ക് ടെലഗ്രാം കിട്ടുമ്പോരം പൂർത്തിയാകുന്നു.

ഖ ടെലഗ്രാം വഴി തന്റെ പ്രതിഗ്രഹണം പിൻവലിക്കുന്നു. ഖ യുടെ പിൻവലിക്കൽ ഖ യ്ക്ക് എതിരായിടത്തോളം ടെലഗ്രാം ഡെസ്പാച്ച് ചെയ്യുമ്പോഴും ക യ്ക്ക് എതിരായിടത്തോളം അത് അയാരംക്ക് എത്തുമ്പോഴും പൂർത്തിയാകുന്നു.

5. നിർദ്ദേശങ്ങളുടേയും പ്രതിഗ്രഹണങ്ങളുടേയും പിൻവലിക്കൽ.—ഒരു നിർദ്ദേശം, അതിന്റെ പ്രതിഗ്രഹണത്തിന്റെ അറിയിക്കൽ നിർദ്ദേശകന് എതിരായിടത്തോളം, പൂർത്തിയാകുന്നതിനുമുമ്പ് എപ്പോഴെങ്കിലും പിൻവലിക്കാവുന്നതും, എന്നാൽ അതിനുശേഷം പിൻവലിക്കാൻ പാടില്ലാത്തതും ആകുന്നു.

ഒരു പ്രതിഗ്രഹണം, അതിന്റെ അറിയിക്കൽ പ്രതിഗൃഹീതാവിന് എതിരായിടത്തോളം, പൂർത്തിയാകുന്നതിനുമുമ്പ് എപ്പോഴെങ്കിലും പിൻവലിക്കാവുന്നതും, എന്നാൽ അതിനുശേഷം പിൻവലിക്കാൻ പാടില്ലാത്തതും ആകുന്നു.

ദൃഷ്ടാന്തം

പോസ്ററിൽ അയച്ച ഒരു കത്തുവഴി തന്റെ വീട് ഖ യ്ക്ക് വില്ക്കാൻ ക നിർദ്ദേശിക്കുന്നു.

പോസ്ററിൽ അയച്ച ഒരു കത്തുവഴി ആ നിർദ്ദേശം ഖ പ്രതിഗ്രഹിക്കുന്നു.

ഖ തന്റെ പ്രതിഗ്രഹണത്തിന്റെ കത്ത് പോസ്റ്റുചെയ്യുന്നതിനു മുമ്പ് എപ്പോഴെങ്കിലുമോ പോസ്റ്റു ചെയ്യുന്ന നിമിഷത്തിലോ കയ്ക്ക് തന്റെ നിർദ്ദേശം പിൻവലിക്കാവുന്നതും എന്നാൽ അതിനുശേഷം പിൻവലിക്കാൻ പാടില്ലാത്തതും ആകുന്നു.

പ്രതിഗ്രഹണം അറിയിക്കുന്ന കത്ത് കയ്ക്ക് എത്തുന്ന നിമിഷത്തിന് മുമ്പ് എപ്പോഴെങ്കിലുമോ എത്തുന്ന ആ നിമിഷത്തിലോ ഖയ്ക്ക് തന്റെ പ്രതിഗ്രഹണം പിൻവലിക്കാവുന്നതും, എന്നാൽ അതിനുശേഷം പിൻവലിക്കാൻ പാടില്ലാത്തതും ആകുന്നു.

6. <u>പിൻവലിക്കൽ എങ്ങനെ ആകാമെന്ന്.—</u> ഒരു നിർദ്ദേശം —

(1) പിൻവലിക്കൽ നോട്ടീസ് നിർദ്ദേശകൻ മറേറ കക്ഷിയെ അറിയിക്കുന്നതുവഴിയോ;

(2) അങ്ങനെയുള്ള നിർദ്ദേശത്തിൽ അതിന്റെ പ്രതിഗ്രഹണത്തിന് നിർണ്ണയിച്ചിട്ടുള്ള സമയം കഴിയുകയോ, അപ്രകാരം സമയമൊന്നും നിർണ്ണയിച്ചിട്ടില്ലെങ്കിൽ, പ്രതിഗ്രഹണം അറിയിക്കാതെ ന്യായമായ ഒരു സമയം കഴിയുകയോ ചെയ്യുന്നതുവഴിയോ ;

(3) പ്രതിഗ്രഹണത്തിനുള്ള ഒരു പൂർവ്വോപാധി പ്രതിഗൃഹീതാവ് നിറവേററാതിരിക്കുന്നതുവഴിയോ, അല്ലെങ്കിൽ

(4) നിർദ്ദേശകന് മരണമോ ചിത്തഭ്രമമോ സംഭവിച്ചു എന്ന വസ്തുത പ്രതിഗ്രഹണത്തിന് മുമ്പായി പ്രതിഗൃഹീതാവിന്റെ അറിവിൽപെടുകയാണെങ്കിൽ, നിർദ്ദേശകന്റെ മരണമോ ചിത്തഭ്രമമോ വഴിയോ,

പിൻവലിക്കപ്പെടുന്നു.

7. <u>പ്രതിഗ്രഹണം പരിപൂർണ്ണമായിരിക്കണമെന്ന്.—</u> ഒരു നിർദ്ദേശം വാഗ്ദാനമായി മാററുന്നതിന്—

(1) പ്രതിഗ്രഹണം പരിപൂർണ്ണവും അവിശേഷിതവുമായിരിക്കണം;

(2) നിർദ്ദേശം, അതിന്റെ പ്രതിഗ്രഹണത്തിനുള്ള രീതി നിർണ്ണയിക്കാത്തപക്ഷം, പ്രതിഗ്രഹണം വല്ല സാധാരണവും ന്യായവുമായ രീതിയിൽ പ്രകടിതമായിരിക്കണം. നിർദ്ദേശം അതിന്റെ പ്രതിഗ്രഹണത്തിനുള്ള രീതി നിർണ്ണയിക്കുകയും പ്രതിഗ്രഹണം ആ രീതിയിൽ അല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ നിർദ്ദേശകന്, പ്രതിഗ്രഹണം തന്നെ അറിയിച്ചതിനുശേഷം ന്യായമായ സമയത്തിനുള്ളിൽ തന്റെ നിർദ്ദേശം നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രതിഗ്രഹിക്കേണ്ടതാണെന്നും അങ്ങനെ അല്ലാതെ പ്രതിഗ്രഹിക്കുവാൻ പാടില്ലെന്നും നിർബന്ധിക്കാവുന്നതാണ്; എന്നാൽ അപ്രകാരം ചെയ്യാതിരിക്കുന്നുവെങ്കിൽ, പ്രതിഗ്രഹണം അയാൾ സ്വീകരിക്കുന്നു.

8. <u>ഉപാധികൾ നിർവഹിക്കുകയോ പ്രതിഫലം സ്വീകരിക്കുകയോ ചെയ്യുന്നതുവഴിയുള്ള പ്രതിഗ്രഹണം.—</u> ഒരു നിർദ്ദേശത്തിന്റെ ഉപാധികളുടെ നിർവ്വഹണമോ പ്രതിവാഗ്ദാനത്തിനു ഒരു നിർദ്ദേശത്തോടുകൂടി ആഫർ ചെയ്യുന്ന ഏതെങ്കിലും പ്രതിഫലത്തിന്റെ പ്രതിഗ്രഹണമോ നിർദ്ദേശത്തിന്റെ പ്രതിഗ്രഹണമാകുന്നു.

9. <u>വാഗ്ദാനങ്ങൾ പ്രകടവും വ്യംഗ്യവും.—</u> ഏതെങ്കിലും വാഗ്ദാനത്തിന്റെ നിർദ്ദേശമോ പ്രതിഗ്രഹണമോ ചെയ്തിട്ടുള്ളത് വാക്കുകളിലായിരിക്കുന്നിടത്തോളം, വാഗ്ദാനം പ്രകടമാണെന്ന് പറയുന്നു. അങ്ങനെയുള്ള നിർദ്ദേശമോ പ്രതിഗ്രഹണമോ ചെയ്തിട്ടുള്ളത് വാക്കുകളിലല്ലാതെ ആയിരിക്കുന്നിടത്തോളം, വാഗ്ദാനം വ്യംഗ്യമാണെന്ന് പറയുന്നു.

അദ്ധ്യായം II

## കാൺട്രാക്റ്ററുകളേയും ശൂന്യമാക്കാവുന്ന കാൺട്രാക്റ്ററുകളേയും ശൂന്യമായ കരാറുകളേയും കുറിച്ച്

10. ഏതേതു കരാറുകളാണ് കാൺട്രാക്റ്ററുകളെന്ന്.—എല്ലാ കരാറുകളും, അവ കാൺട്രാക്റ്റ് ചെയ്യുവാൻ ക്ഷമതയുള്ള കക്ഷികളുടെ സ്വതന്ത്രമായ സമ്മതത്തോടുകൂടിയും നിയമാനുസൃതമായ പ്രതിഫലത്തിനുവേണ്ടിയും നിയമാനുസൃതമായ ഉദ്ദേശ്യത്തോടുകൂടിയും ചെയ്തതും ഇതിനാൽ ശൂന്യമാണെന്ന് പ്രകടമായി പ്രഖ്യാപിച്ചിട്ടില്ലാത്തതുമാണെങ്കിൽ, കാൺട്രാക്റ്ററുകളാകുന്നു.

ഇതിൽ അടങ്ങിയ യാതൊന്നും ഇൻഡ്യയിൽ പ്രാബല്യത്തിലിരിക്കുന്നതും ഇതിനാൽ പ്രകടമായി റദ്ദാക്കപ്പെട്ടിട്ടില്ലാത്തതും ഏതെങ്കിലും കാൺട്രാക്റ്റ് രേഖാമൂലമോ സാക്ഷികളുടെ സാന്നിദ്ധ്യത്തിലോ ഉണ്ടാക്കണമെന്ന് ആവശ്യപ്പെടുന്നതും ആയ ഏതെങ്കിലും നിയമത്തേയോ, രേഖകളുടെ രജിസ്ട്രേഷൻ സംബന്ധിച്ച ഏതെങ്കിലും നിയമത്തേയോ ബാധിക്കുന്നതല്ല.

11. കാൺട്രാക്റ്റ് ചെയ്യുവാൻ ക്ഷമതയുള്ളത് ആർക്കാണെന്ന്.—താൻ അധീനനായ നിയമമനുസരിച്ച് മേജറായവനും സ്വസ്ഥചിത്തനും, താൻ അധീനനായിട്ടുള്ള ഏതെങ്കിലും നിയമത്താൽ കാൺട്രാക്റ്റ് ചെയ്യുന്നതിൽ നിന്ന് അയോഗ്യനാക്കിയിട്ടില്ലാത്തവനുമായ ഏതൊരാളും കാൺട്രാക്റ്റ് ചെയ്യുവാൻ ക്ഷമതയുള്ളവനാകുന്നു.

12. കാൺട്രാക്റ്റ് ചെയ്യുന്ന ആവശ്യങ്ങൾക്ക് സ്വസ്ഥചിത്തതയെന്തെന്ന്.— ഒരാൾ ഒരു കാൺട്രാക്റ്റ് ഉണ്ടാക്കുന്ന സമയത്ത്, അത് മനസ്സിലാക്കുവാനും അയാളുടെ താത്പര്യങ്ങളിൻമേലുള്ള അതിൻെറ പ്രഭാവത്തെക്കുറിച്ച് യുക്തിയുക്തമായ ഒരു നിർണ്ണയം ചെയ്യുവാനും കഴിവുള്ളവനാണെങ്കിൽ അയാളെ ആ കാൺട്രാക്റ്റ് ഉണ്ടാക്കുന്ന ആവശ്യത്തിന് സ്വസ്ഥചിത്തൻ എന്ന് പറയുന്നു.

സാധാരണമായി ചിത്തഭ്രമമുള്ളവനും, എന്നാൽ ചിലപ്പോൾ സ്വസ്ഥചിത്തനുമായ ഒരാൾക്ക്, അയാൾ, സ്വസ്ഥചിത്തനായിരിക്കുമ്പോൾ കാൺട്രാക്റ്റ് ഉണ്ടാക്കാവുന്നതാണ്.

സാധാരണമായി സ്വസ്ഥചിത്തനും എന്നാൽ ചിലപ്പോൾ ചിത്തഭ്രമമുള്ളവനുമായ ഒരാൾക്ക്, അയാൾ ചിത്തഭ്രമമുള്ളവനായിരിക്കുമ്പോൾ കാൺട്രാക്റ്റ് ഉണ്ടാക്കാവുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ഇടവേളകളിൽ സ്വസ്ഥചിത്തനായ, ഭ്രാന്താസ്പത്രിയിലെ ഒരു രോഗിക്ക് അങ്ങനെയുള്ള ഇടവേളകളിൽ കാൺട്രാക്റ്റ് ഉണ്ടാക്കാവുന്നതാണ്.

(ഖ) പനികൊണ്ട് ഡെലിറിയം ബാധിക്കുകയോ, കാൺട്രാക്റ്ററിൻെറ നിബന്ധനകൾ മനസ്സിലാക്കുവാനോ തൻെറ താത്പര്യങ്ങളിൻമേലുള്ള അതിൻെറ പ്രഭാവത്തെക്കുറിച്ച് യുക്തിയുക്തമായ ഒരു നിർണ്ണയം ചെയ്യുവാനോ കഴിവില്ലാതാകത്തക്കവണ്ണം അത്ര മദ്യപിച്ചിരിക്കുകയോ ചെയ്തിട്ടുള്ള സ്വസ്ഥചിത്തനായ ഒരാൾക്ക്, അങ്ങനെയുള്ള ഡെലിറിയമോ ലഹരിയോ നിലനില്ക്കുന്ന സമയത്ത് കാൺട്രാക്റ്റ് ഉണ്ടാക്കാവുന്നതല്ല.

13 "സമ്മതം" നിർവ്വചനം.— രണ്ടോ അതിലധികമോ ആളുകൾ ഒരേ സംഗതിയിൽ ഒരേ അർത്ഥത്തിൽ യോജിക്കുമ്പോൾ അവർ സമ്മതിക്കുന്നതായി പറയുന്നു.

14. "സ്വാതന്ത്രമായ സമ്മതം" നിർവ്വചനം.— സമ്മതം—

(1) 15-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ബലാൽക്കരണത്താലോ,

(2) 16-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള അനുചിതമായ സ്വാധീനത്താലോ,.

(3) 17-ാം വകുപ്പിൽനിർവ്വചിച്ച പ്രകാരമുള്ള വഞ്ചനയാലോ,

(4) 18-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള തെററിദ്ധരിപ്പിക്കലിനാലോ,

(5) 20-ം 21-ം 22-ം വകുപ്പുകളുടെ വ്യവസ്ഥകൾക്ക് വിധേയമായി, തെററിനാലോ,

ഉണ്ടായിട്ടുള്ളതല്ലാത്തപ്പോൾ, സ്വതന്ത്രമാണെന്ന് പറയുന്നു.

സമ്മതം, അത് അങ്ങനെയുള്ള ബലാൽക്കരണമോ, അനുചിതമായ സ്വാധീനമോ വഞ്ചനയോ തെററിദ്ധരിപ്പിക്കലോ തെറേറാ ഉണ്ടായിരുന്നിട്ടില്ലാത്ത പക്ഷം കൊടുക്കുമായിരുന്നില്ലെങ്കിൽ, അപ്രകാരം ഉണ്ടായിട്ടുള്ളതായിപ്പറയുന്നു.

15. "ബലാൽക്കരണം" നിർവ്വചനം.— "ബലാൽക്കരണം" എന്നാൽ ഏതെങ്കിലും ആളെ ഒരു കരാറിൽ ഏർപ്പെടുത്തിക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45)യാൽ വിലക്കപ്പെട്ട ഏതെങ്കിലും കൃത്യം ചെയ്യുന്നതോ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുന്നതോ അല്ലെങ്കിൽ ഏതെങ്കിലും ആൾക്ക്, അയാൾ ആരായാലും, പ്രതികൂലമായി ഏതെങ്കിലും വസ്തു നിയമവിരുദ്ധമായി തടഞ്ഞുവയ്ക്കുന്നതോ തടഞ്ഞുവയ്ക്കുമെന്ന് ഭീഷണിപ്പെടുത്തുന്നതോ ആകുന്നു.

വിശദീകരണം.— ബലാൽക്കരണം പ്രയോഗിച്ചിട്ടുള്ള സ്ഥലത്ത് ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) പ്രാബല്യത്തിലുണ്ടായിരുന്നോ ഇല്ലയോ എന്നത് സാരമുള്ളതല്ല.

ദൃഷ്ടാന്തം

പുറം കടലിൽ ഒരു ഇംഗ്ലീഷ് കപ്പലിലുള്ള ക ഇൻഡ്യൻ ശിക്ഷാനിയമസംഹിതപ്രകാരം കുററകരമായ ഭയപ്പെടുത്തൽ ആയിത്തീരുന്ന ഒരു കൃത്യത്താൽ ഖ യെ ഒരു കരാറിൽ ഏർപ്പെടുത്തുന്നു.

ക പിന്നീട് ഖ യുടെ മേൽ കാൺട്രാക്ററ് ലംഘനത്തിനായി കൽക്കട്ടയിൽ വ്യവഹാരം ബോധിപ്പിക്കുന്നു.

ഇംഗ്ലണ്ടിലെ നിയമപ്രകാരം തൻെറ കൃത്യം ഒരു കുററമല്ലെങ്കിലും ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ 506-ാം വകുപ്പ് ആ കൃത്യം ചെയ്ത സമയത്തും സ്ഥലത്തും പ്രാബല്യത്തിലില്ലായിരുന്നെങ്കിലും ക ബലാൽക്കരണം പ്രയോഗിച്ചിട്ടുണ്ട്.

16. "അനുചിതമായ സ്വാധീനം"—നിർവ്വചനം.—(1) ഒരു കാൺട്രാക്ററ് കക്ഷികൾ തമ്മിൽ നിലവിലുള്ള ബന്ധങ്ങൾ കക്ഷികളിൽ ഒരാൾ മറേറ ആളുടെ ഇച്ഛയെ തനിക്ക് സ്വാധീനപ്പെടുത്താവുന്ന സ്ഥിതിയിലായിരിക്കുകയും, അയാൾ ആ സ്ഥിതി മറേറ ആൾക്ക് ഉപരിയായി അന്യായമായ ആനുകൂല്യം നേടുവാൻ ഉപയോഗിക്കുകയും ചെയ്യുന്ന വിധമായിട്ടുള്ളിടത്ത് "അനുചിതമായ സ്വാധീന"ത്താൽ പ്രചോദിതമാണെന്ന് പറയുന്നു.

(2) പ്രത്യേകിച്ചും, മേല്പറഞ്ഞ തത്ത്വത്തിൻെറ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും, ഒരാരം—

(ക) മറെറാരാളുടെ മേൽ ഉള്ളതോ ഉണ്ടെന്നു തോന്നുന്നതോ ആയ പ്രാധികാരം വഹിക്കുകയോ അല്ലെങ്കിൽ അയാരംക്ക് മറെറാരാളുമായി വിശ്വാസാധിഷ്ഠിതബന്ധം ഉള്ളവനായിരിക്കുകയോ; ചെയ്യുന്നിടത്തോ, അല്ലെങ്കിൽ

(ഖ) പ്രായമോ, രോഗമോ, അല്ലെങ്കിൽ മാനസികമോ ശാരീരികമോ ആയ ക്ലേശമോ കാരണമായി മാനസികമായ കഴിവ് താൽക്കാലികമായോ സ്ഥിരമായോ ബാധിക്കപ്പെട്ടിട്ടുള്ള ഒരാളുമായി ഒരു കാൺട്രാക്ററ് ഉണ്ടാക്കുന്നിടത്തോ, അയാരം മററേ ആളുടെ ഇച്ഛയെ തനിക്ക് സ്വാധീനപ്പെടുത്താവുന്ന സ്ഥിതിയിലാണെന്ന് കരുതപ്പെടുന്നു.

(3) മറെറാരാളുടെ ഇച്ഛയെ തനിക്ക് സ്വാധീനപ്പെടുത്താവുന്ന സ്ഥിതിയിലുള്ള ഒരാരം, അയാളുമായി ഒരു കാൺട്രാക്ററിൽ ഏർപ്പെടുകയും, ആ ഇടപാട് പ്രത്യക്ഷത്തിലോ, കൊടുത്തിട്ടുള്ള തെളിവിൻമേലോ മനസ്സാക്ഷിയ്ക്ക് നിരക്കാത്തതാണെന്ന് തോന്നിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള കാൺട്രാക്ററ് അനുചിതമായ സ്വാധീനത്താൽ പ്രചോദിതമായതല്ലെന്ന് തെളിയിക്കേണ്ട ഭാരം, മററേയാളുടെ ഇച്ഛയെ തനിക്കു സ്വാധീനപ്പെടുത്താവുന്ന സ്ഥിതിയിലുള്ള ആളുടേതാകുന്നു.

ഈ ഉപവകുപ്പിലുള്ള യാതൊന്നും ഇൻഡ്യൻ തെളിവ് ആക്ററ്, 1872 (1872-ലെ 1)-ലെ 111-ാം വകുപ്പിലെ വ്യവസ്ഥകളെ ബാധിക്കുന്നതല്ല.

## ദൃഷ്ടാന്തങ്ങരം

(ക) ക തൻെറ മകനായ ഖ യ്ക്ക് അയാരം മൈനറായിരുന്ന കാലത്ത് പണം കടമായി കൊടുക്കുകയും ഖ യ്ക്ക്, പ്രായപൂർത്തിയായപ്പോരം കടമായി കൊടുത്തതു സംബന്ധിച്ച് കൊടുക്കേണ്ടതായ തുകയേക്കാരം കൂടുതലായ തുകയ്ക്ക്, പിതാവ് എന്ന നിലയ്ക്കുള്ള സ്വാധീനം ദുരുപയോഗപ്പെടുത്തി ഖ യിൽനിന്ന് ഒരു ബാണ്ട് വാങ്ങുകയും ചെയ്യുന്നു. ക അനുചിതമായ സ്വാധീനം ചെലുത്തുന്നു.

(ഖ) രോഗത്താലോ പ്രായാധിക്യത്താലോ ദുർബലനായ ക എന്നയാരം തൻെറ ചികിൽസകൻ എന്ന നിലയിൽ തൻെറ മേലുള്ള ഖ യുടെ സ്വാധീനത്താൽ ഖ യ്ക്ക് അയാളുടെ വൃത്തിപരമായ സേവനങ്ങരംക്ക് അന്യായമായ ഒരു തുക നല്കാൻ സമ്മതിപ്പിക്കുന്നതിന് പ്രചോദിപ്പിക്കപ്പെടുന്നു. ഖ അനുചിതമായ സ്വാധീനം ചെലുത്തുന്നു.

(ഗ) ക തൻെറ ഗ്രാമത്തിലെ പണം കടം കൊടുപ്പുകാരനായ ഖ യ്ക്ക് കടം വീട്ടാൻ ഉണ്ടായിരിക്കെ, മനസ്സാക്ഷിയ്ക്ക് നിരക്കാത്തതാണെന്ന് തോന്നിക്കുന്ന നിബന്ധനയിൻമേൽ ഒരു പുതിയ വായ്പയ്ക്ക് കാൺട്രാക്ററ് ചെയ്യുന്നു. ആ കാൺട്രാക്ററ് അനുചിതമായ സ്വാധീനത്താൽ പ്രചോദിതമായതല്ലെന്നു തെളിയിക്കേണ്ടത് ഖ യാണ്.

(ഘ) പണക്കമ്പോളത്തിൽ ഞെരുക്കമുള്ള സമയത്ത് ക ഒരു ബാങ്കറോട് വായ്പ ചോദിക്കുന്നു. അസാധാരണമായവിധം ഉയർന്ന നിരക്കിലുള്ള പലിശയ്ക്കല്ലാതെ വായ്പ കൊടുക്കാൻ ബാങ്കർ വിസമ്മതിക്കുന്നു. ഈ നിബന്ധനയിൻമേൽ ക വായ്പ സ്വീകരിക്കുന്നു. ഇത് സാധാരണ ബിസിനസ്സ് മുറയിലുള്ള ഒരു ഇടപാടാകുന്നു. ആ കരാർ അനുചിതമായ സ്വാധീനത്താൽ പ്രചോദിതമല്ലാത്തതും ആകുന്നു.

17. **"വഞ്ചന"—നിർവ്വചനം.**— "വഞ്ചന" എന്നാൽ ഒരു കാൺട്രാക്ററിലെ ഒരു കക്ഷിയാലോ അയാളുടെ മൗനാനുകൂല്യത്തോടുകൂടിയോ, അയാളുടെ ഏജൻറിനാലോ, അതിനെ മറെറാരു കക്ഷിയേയോ അയാളുടെ ഏജൻറിനേയോ കബളിപ്പിക്കുകയോ കാൺട്രാക്ററിൽ ഏർപ്പെടാൻ പ്രചോദിപ്പിക്കുകയോ ചെയ്യണമെന്ന ഉദ്ദേശ്യത്തോടുകൂടി ചെയ്യപ്പെടുന്ന താഴെപ്പറയുന്ന കൃത്യങ്ങൾ എന്ന് അർത്ഥമാകുന്നതും, അവ അതിൽ ഉൾപ്പെടുന്നതും, ആകുന്നു:—

(1) സത്യമല്ലാത്തതിനെ അത് സത്യമാണെന്ന് വിശ്വസിക്കാത്ത ഒരാൾ ഒരു വസ്തുതയായി സൂചിപ്പിക്കുന്നത്;

(2) ഒരു വസ്തുതയെപ്പററി അറിവോ വിശ്വാസമോ ഉള്ള ഒരാൾ ആ വസ്തുത സക്രിയമായി മറച്ചുവയ്ക്കുന്നത്;

(3) നിർവ്വഹിക്കുവാൻ യാതൊരു ഉദ്ദേശ്യവുമില്ലാതെ ചെയ്യുന്ന വാഗ്ദാനം;

(4) കബളിപ്പിക്കുവാൻ പററിയ മറേറതെങ്കിലും കൃത്യം;

(5) വഞ്ചനാപൂർവ്വകമാണെന്ന് നിയമം എടുത്തു പറയുന്ന ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ.

വിശദീകരണം:— ഒരു കാൺട്രാക്ററിൽ ഏർപ്പെടാൻ ഒരാൾ ഒരുക്കമാകുന്നതിനെ ബാധിക്കുവാൻ ഇടയുള്ള വസ്തുതകളെക്കുറിച്ച് വെറും മൗനം അവലംബിക്കുന്നത്, ആ സംഗതിയുടെ പരിതഃസ്ഥിതികൾ പരിഗണിക്കുമ്പോൾ സംസാരിക്കേണ്ടത് മൗനം അവലംബിക്കുന്ന ആളുടെ കർത്തവ്യമായിരിക്കുകയോ അല്ലെങ്കിൽ അയാളുടെ മൗനം തന്നെ സംസാരിക്കുന്നതിന് തുല്യമായിരിക്കുകയോ ചെയ്യാത്തപക്ഷം, വഞ്ചന ആകുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ന്യൂനതയുള്ളതാണെന്ന് ക യ്ക്ക് അറിയാവുന്ന ഒരു കുതിരയെ ക ഖ യ്ക്ക് ലേലത്തിൽ വില്ക്കുന്നു. ക കുതിരയുടെ ന്യൂനതയെപ്പററി ഖ യോട് യാതൊന്നും പറയുന്നില്ല. ഇത് ക യെ സംബന്ധിച്ചിടത്തോളം ഒരു വഞ്ചനയല്ല.

(ഖ) ഖ, കയുടെ മകളും ഇപ്പോൾ മാത്രം പ്രായപൂർത്തി എത്തിയവളും ആണ്. ഇവിടെ കക്ഷികൾ തമ്മിലുള്ള ബന്ധം, കുതിര ന്യൂനതയുള്ളതാണെങ്കിൽ അത് ഖ യോട് പറയേണ്ടത് ക യുടെ കർത്തവ്യം ആക്കുന്നതാണ്.

(ഗ) ഖ, ക യോട് പറയുന്നു "കുതിര ന്യൂനതയില്ലാത്തതാണെന്ന് നിങ്ങൾ അത് നിഷേധിക്കാത്തപക്ഷം ഞാൻ അനുമാനിക്കും." ക ഒന്നും പറയുന്നില്ല. ഇവിടെ ക മൗനമായിരിക്കുന്നത് സംസാരിക്കുന്നതിന് തുല്യമാണ്.

(ഘ) ക യും ഖ യും കച്ചവടക്കാരായിരിക്കെ ഒരു കാൺട്രാക്ററിൽ ഏർപ്പെടുന്നു. ആ കാൺട്രാക്ററുമായി മുന്നോട്ടു പോകാൻ ഖ ഒരുക്കമാകുന്നതിനെ ബാധിക്കുന്ന ഒരു വിലമാററത്തെപ്പററി ക യ്ക്ക് സ്വകാര്യമായ അറിവ് ഉണ്ടായിരുന്നു. അത് ഖ യെ അറിയിക്കാൻ ക ബാദ്ധ്യസ്ഥനല്ല

18. "തെററിദ്ധരിപ്പിക്കൽ" നിർവ്വചനം:— "തെററിദ്ധരിപ്പിക്കൽ" എന്നാൽ താഴെപ്പറയുന്നവ എന്നർത്ഥമാകുന്നതും, അതിൽ അവ ഉൾപ്പെടുന്നതും ആകുന്നു—

(i) സത്യമല്ലാത്തത്, അത് സത്യമാണെന്ന് വിശ്വസിക്കുന്നുവെങ്കിലും, പറയുന്ന ആൾക്കുള്ള വിവരം വച്ചുകൊണ്ട് നീതീകരിക്കുവാൻ വയ്യാത്ത രീതിയിൽ, സത്യമാണെന്ന് ഉറപ്പിച്ചു പറയൽ;

(2) കബളിപ്പിക്കുവാനുള്ള ഉദ്ദേശ്യമില്ലാത്ത, മറെറാരാളെ, അയാൾക്കോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ പ്രതികൂലമായവിധം, വഴിതെററിപ്പിക്കുന്നതുമൂലം, ചെയ്യുന്ന ആൾക്കോ അയാളുടെ കീഴിൽ അവകാശപ്പെടുന്ന ഏതെങ്കിലും ആൾക്കോ, ഒരു ആനുകൂല്യം നേടിക്കൊടുക്കുന്ന ഏതെങ്കിലും കർത്തവ്യലംഘനം;

(3) എത്രതന്നെ നിരപരാധമെങ്കിലും, ഒരു കരാറിലെ ഒരു കക്ഷിക്ക് കരാർ വിഷയത്തിൻെറ സാരാംശത്തെക്കുറിച്ച് ഒരു തെററുപററുവാൻ ഇടയാക്കുക.

19. സ്വതന്ത്രമായ സമ്മതമില്ലാത്ത കരാറുകൾ ശൂന്യമാക്കാവുന്നതിനെക്കുറിച്ച്.— ഒരു കരാറിനുള്ള സമ്മതം, ബലാൽക്കരണത്താലോ വഞ്ചനയാലോ തെററിദ്ധരിപ്പിക്കലിനാലോ ഉണ്ടായതാകുമ്പോൾ, ആ കരാർ ഏത് കക്ഷിയുടെ സമ്മതമാണോ, അപ്രകാരം ഉണ്ടായത്, ആ കക്ഷിക്ക് ഐച്ഛികമായി ശൂന്യമാക്കാവുന്ന കാൺട്രാക്റ്റാകുന്നു.

ഒരു കാൺട്രാക്ററിലെ ഏത് കക്ഷിയുടെ സമ്മതമാണോ വഞ്ചനയാലോ തെററിദ്ധരിപ്പിക്കലിനാലോ ഉണ്ടായിട്ടുള്ളത്, ആ കക്ഷിക്ക് യുക്തമെന്നു തോന്നുന്നുവെങ്കിൽ, ആ കാൺട്രാക്റ്റ് നിർവഹിക്കേണ്ടതാണെന്നും, ധരിപ്പിച്ചത് സത്യമായിരുന്നുവെങ്കിൽ താൻ ഏത് സ്ഥിതിയിലാകുമായിരുന്നുവോ, ആ സ്ഥിതിയിൽതന്നെ ആക്കേണ്ടതാണെന്നും നിർബന്ധിക്കാവുന്നതാണ്.

അപവാദം.— അങ്ങനെയുള്ള സമ്മതം തെററിദ്ധരിപ്പിക്കലിനാലോ 17-ാം വകുപ്പിൻെറ അർത്ഥത്തിൽ വഞ്ചനാപൂർവ്വകമായ മൗനത്താലോ ഉണ്ടായിട്ടുള്ളതാണെന്നിരുന്നാലും, ഏത് കക്ഷിയുടെ സമ്മതമാണോ അപ്രകാരം ഉണ്ടായിട്ടുള്ളത്, ആ കക്ഷിക്ക് സാധാരണ ശ്രദ്ധ ഉണ്ടായിരുന്നാൽ സത്യാവസ്ഥ കണ്ടുപിടിക്കുന്നതിന് മാർഗ്ഗം ഉണ്ടായിരുന്നുവെങ്കിൽ കാൺട്രാക്റ്റ് ശൂന്യമാക്കാവുന്നതല്ല.

വിശദീകരണം.— ഏത് കക്ഷിയേയാണോ വഞ്ചിക്കുകയോ തെററിദ്ധരിപ്പിക്കുകയോ ചെയ്തത്, ആ കക്ഷിയുടെ കാൺട്രാക്ററിനുള്ള സമ്മതത്തിന് ഇടയാക്കാത്ത അങ്ങനെയുള്ള വഞ്ചനയോ തെററിദ്ധരിപ്പിക്കലോ കാൺട്രാക്ററിനെ ശൂന്യമാക്കാവുന്നതാക്കുന്നില്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ഖ യെ, കബളിപ്പിക്കപ്പെടണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി, ക യുടെ ഫാക്ടററിയിൽ പ്രതിവർഷം അഞ്ഞൂറു മന്ന് നീലം ഉണ്ടാക്കുന്നുവെന്ന് ക വ്യാജമായി ധരിപ്പിക്കുകയും അതുവഴി ആ ഫാക്ടററി വാങ്ങാൻ ഖ യെ പ്രേരിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ആ കാൺട്രാക്റ്റ് ഖ യ്ക്ക് ഐച്ഛികമായി ശൂന്യമാക്കാവുന്നതാണ്.

(ഖ) ക യുടെ ഫാക്ററിയിൽ പ്രതിവർഷം അഞ്ഞൂറു മന്ന് നീലം ഉണ്ടാക്കുന്നുണ്ടെന്ന് ഖ തെററായി വിശ്വസിക്കാൻ ക ഒരു തെററിദ്ധരിപ്പിക്കൽവഴി ഇടവരുത്തുന്നു. ഖ ആ ഫാക്ററിയിലെ കണക്കുകൾ പരിശോധിക്കുന്നു; നാനൂറു മന്ന് നീലം മാത്രമേയുണ്ടാക്കിയിട്ടുള്ളു എന്ന് അവ കാണിക്കുകയും ചെയ്യുന്നു ഇതിനുശേഷം ഖ ആ ഫാക്ററി വാങ്ങുന്നു. ക യുടെ തെററിദ്ധരിപ്പിക്കൽ കാരണം ആ കാൺട്രാക്ററ് ശൂന്യമാക്കാവുന്നതല്ല.

(ഗ) ക യുടെ എസ്റേററിൻമേൽ കുടിക്കടമില്ലെന്ന് ക വഞ്ചനാപൂർവ്വം ഖ യെ അറിയിക്കുന്നു. അതുകൊണ്ട് ഖ എസ്റേററ് വാങ്ങുന്നു. എസ്റേററിൻമേൽ ഒരു പണയം ഉണ്ട്. ഖ‌യ്ക്ക് കാൺട്രാക്ററ് ശൂന്യമാക്കാവുന്നതോ അല്ലെങ്കിൽ അത് നടപ്പിൽ വരുത്തുകയും പണയം വീട്ടുകയും ചെയ്യണമെന്ന് നിർബന്ധിക്കാവുന്നതോ ആണ്.

(ഘ) ക യുടെ എസ്റേററിൽ അയിരിന്റെ ഒരു സിര ഖ കണ്ടുപിടിച്ച്, അയിര് ഉണ്ടെന്നുള്ളത് ക യിൽ നിന്ന് മറച്ചുവയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുകയും മറച്ചുവയ്ക്കുകയും ചെയ്യുന്നു. ക യുടെ അറിവില്ലായ്മകൊണ്ട് കുറഞ്ഞവിലയ്ക്ക് ആ എസ്റേററ് വാങ്ങുവാൻ ഖ യ്ക്ക് സാധിക്കുന്നു. ആ കാൺട്രാക്ററ് ക യ്ക്ക് ഐച്ഛികമായി ശൂന്യമാക്കാവുന്നതാണ്.

(ങ) ഖ മരിക്കുമ്പോൾ ഒരു എസ്റേററ് പിൻതുടർച്ചയായി ലഭിക്കാൻ ക യ്ക്ക് അവകാശമുണ്ട്. ഖ മരിക്കുന്നു. ഖ യുടെ മരണത്തെപ്പററിയുള്ള വിവരം അറിഞ്ഞുകൊണ്ട് ഗ ആ വിവരം ക യ്ക്ക് എത്തുന്നതിനെ തടയുകയും ഇപ്രകാരം ആ എസ്റേററിലുള്ള അയാളുടെ അവകാശബന്ധം തനിക്ക് വില്ക്കുവാൻ ക യെ പ്രചോദിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്നു. ആ വില്പന ക യ്ക്ക് ഐച്ഛികമായി ശൂന്യമാക്കാവുന്നതാണ്.

19. <u>അനുചിതമായ സ്വാധീനത്താൽ പ്രചോദിതമായിട്ടുള്ള കാൺട്രാക്ററ് അസ്ഥിരപ്പെടുത്താനുള്ള അധികാരം.</u>— ക ഒരു കരാറിനുള്ള സമ്മതം, അനുചിതമായ സ്വാധീനത്താലുണ്ടായതാകുമ്പോൾ ആ കരാർ, ഏത് കക്ഷിയുടെ സമ്മതമാണോ അപ്രകാരമുണ്ടായിട്ടുള്ളത്, ആ കക്ഷിക്ക് ഐച്ഛികമായി ശൂന്യമാക്കാവുന്ന കാൺട്രാക്ററാകുന്നു.

അങ്ങനെയുള്ള ഏതെങ്കിലും കാൺട്രാക്ററും, ഒന്നുകിൽ പരിപൂർണ്ണമായോ അല്ലെങ്കിൽ അത് ശൂന്യമാക്കാൻ അവകാശമുള്ള കക്ഷിക്ക് അതിൻ കീഴിൽ എന്തെങ്കിലും ഗുണം കിട്ടിയിട്ടുണ്ടെങ്കിൽ, നീതിപൂർവ്വകമെന്ന് കോടതിക്ക് തോന്നുന്ന നിബന്ധനകളിൻമേലും ഉപാധികളിൻമേലുമോ, അസ്ഥിരപ്പെടുത്താവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ക യുടെ മകൻ ഖ യുടെ ഒപ്പിട്ട് ഒരു പ്രോനോട്ട് വ്യാജനിർമ്മാണം നടത്തിയുണ്ടാക്കുന്നു. ക യുടെ മകനെ പ്രാസിക്യൂട്ട് ചെയ്യുമെന്നു ഭീഷണിപ്പെടുത്തി വ്യാജനിർമ്മിതമായ പ്രോനോട്ടിലെ തുകയുക്ക് ക യിൽ നിന്നും ഖ ഒരു ബോണ്ട് എഴുതി വാങ്ങുന്നു. ഈ ബോണ്ടിൻമേൽ ഖ വ്യവഹാരപ്പെടുന്നുവെങ്കിൽ കോടതിക്ക് ആ ബോണ്ട് അസ്ഥിരപ്പെടുത്താവുന്നതാണ്.

(ഖ) പണം കടം കൊടുപ്പുകാരനായ ക ഒരു കർഷകനായ ഖ യ ക്ക് 100 രൂപ കടമായി കൊടുക്കുകയും അനുചിതമായ സ്വാധീനത്താൽ പ്രതിമാസം 6 ശതമാനം പലിശയോടുകൂടി 200 രൂപയ്ക്ക് ഒരു ബോണ്ട് എഴുതി കൊടുക്കാൻ ഖ യെ പ്രചോദിപ്പിച്ച് അതിന്നിടയാക്കുകയും ചെയ്യുന്നു. കോടതിക്ക് നീതി പൂർവ്വകമെന്ന് തോന്നുന്ന പലിശയോടുകൂടി 100 രൂപ തിരിയെ കൊടുക്കുവാൻ ഖ യ്ക്ക് ഉത്തരവു നല്കിക്കൊണ്ട് ആ ബോണ്ട് അസ്ഥിരപ്പെടുത്താവുന്നതാണ്.

20. വസ്തുതയുടെ വിഷയം സംബന്ധിച്ച് ഇരുകക്ഷികൾക്കും തെററു പററിയിട്ടുണ്ടെങ്കിൽ കരാർ ശൂന്യമാണെന്ന്.—ഒരു കരാറിന് ആവശ്യമായ ഒരു വസ്തുതയുടെ വിഷയം സംബന്ധിച്ച് ആ കരാറിലെ ഇരു കക്ഷികൾക്കും തെററുപററിയിട്ടുണ്ടെങ്കിൽ കരാർ ശൂന്യമാകുന്നു.

വിശദീകരണം.—കരാറിന് വിഷയമായ സാധനത്തിൻെറ മൂല്യം സംബന്ധിച്ചുള്ള തെററായ ഒരു അഭിപ്രായം, വസ്തുതയുടെ വിഷയം സംബന്ധിച്ച ഒരു തെററായിട്ട് കരുതപ്പെടാവുന്നതല്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ഇംഗ്ലണ്ടിൽനിന്ന് ബോംബെയിലേയ്ക്കുള്ള മാർഗ്ഗത്തിലാണെന്ന് കരുതപ്പെടുന്ന സാമാനങ്ങളുടെ വിനിർദ്ദിഷ്ടമായ കപ്പൽ ചരക്ക് ഖ യ്ക്ക് വില്ക്കാമെന്ന് ക കരാർ ചെയ്യുന്നു. ഇടപാടു തീയതിക്കു മുമ്പായി ചരക്ക് കൊണ്ടുവന്നിരുന്ന കപ്പൽ ഉപേക്ഷിക്കപ്പെടുകയും സാമാനങ്ങൾ നഷ്ടപ്പെടുകയും ചെയ്തിരുന്നു. കക്ഷികളിൽ ആർക്കും ഈ വസ്തുതകൾ അറിയാൻ പാടില്ലായിരുന്നു. കരാർ ശൂന്യമാണ്.

(ഖ) ക ഖ യിൽനിന്നും ഒരു കുതിരയെ വാങ്ങാൻ കരാർ ചെയ്യുന്നു ഇടപാടു സമയത്ത് കുതിര ചത്തുപോയിരുന്നു., എന്നാൽ ആ വസ്തുത കക്ഷികളിലാർക്കും അറിയാൻ പാടില്ലായിരുന്നു. കരാർ ശൂന്യമാണ്.

(ഗ) ഖ യുടെ ജീവിതകാലത്തോളം ക യ്ക്ക് അവകാശപ്പെട്ട ഒരു എസ്റ്റേററ് ഗ യ്ക്ക് വില്ക്കാൻ ക കരാർ ചെയ്യുന്നു. കരാർ സമയത്ത് ഖ മരിച്ചുപോയിരുന്നു. എന്നാൽ ആ വസ്തുതയെക്കുറിച്ച് ഇരു കക്ഷികളും അജ്ഞരായിരുന്നു. കരാർ ശൂന്യമാണ്.

21. നിയമം സംബന്ധിച്ച തെററുകളുടെ പ്രഭാവം.—ഒരു കാൺട്രാക്ററ്, അത് ഇൻഡ്യയിൽ പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമം സംബന്ധിച്ച ഒരു തെററിനാൽ ഉണ്ടായതാണെന്നതുകൊണ്ട് ശൂന്യമാക്കാവുന്നതല്ല; എന്നാൽ ഇൻഡ്യയിൽ പ്രാബല്യത്തിലില്ലാത്ത ഒരു നിയമം സംബന്ധിച്ച തെററിന്, ഒരു വസ്തുത സംബന്ധിച്ച തെററിനുള്ള അതേ പ്രഭാവമുണ്ടായിരിക്കുന്നതാകുന്നു.

## ദൃഷ്ടാന്തം

ഒരു കടം ഇൻഡ്യൻ കാലഹരണ നിയമത്താൽ കാലഹരണപ്പെട്ടിരിക്കുന്നു എന്ന തെററായ വിശ്വാസത്തിൻെറ അടിസ്ഥാനത്തിൽ ക യും ഖ യും ഒരു കാൺട്രാക്ററ് ഉണ്ടാക്കുന്നു; കാൺട്രാക്ററ് ശൂന്യമാക്കാവുന്നതല്ല.

22. വസ്തുതയുടെ വിഷയം സംബന്ധിച്ച് ഒരു കക്ഷിക്ക് തെററു പററിയതിനാൽ ഉണ്ടായിട്ടുള്ള കാൺട്രാക്ററ്.—ഒരു കാൺട്രാക്ററ്, വസ്തുതയുടെ വിഷയം സംബന്ധിച്ച് അതിലെ കക്ഷികളിൽ ഒരാൾക്ക് തെററു പററിയിട്ടുണ്ടെന്നുള്ളതുകൊണ്ടുമാത്രം, ശൂന്യമാക്കാവുന്നതല്ല.

23. ഏതെല്ലാം പ്രതിഫലങ്ങളും ഉദ്ദേശ്യങ്ങളും നിയമാനുസൃതമാണെന്നും ഏതെല്ലാം അല്ലെന്നും.—കരാറിന്റെ പ്രതിഫലമോ ഉദ്ദേശ്യമോ-

അത് നിയമത്താൽ വിലക്കപ്പെട്ടതോ; അല്ലെങ്കിൽ അനുവദിക്കപ്പെടുകയാണെങ്കിൽ അത് ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളെ പരാജയപ്പെടുത്തത്തക്ക സ്വഭാവത്തോടുകൂടിയതോ; അല്ലെങ്കിൽ

വഞ്ചനാപൂർവ്വകമായതോ; അല്ലെങ്കിൽ

മററൊരാളുടെ ദേഹത്തിനോ വസ്തുവിനോ ക്ഷതിയുളവാക്കൽ ഉൾക്കൊള്ളുകയോ വ്യഞ്ജിപ്പിക്കുകയോ, ചെയ്യുന്നതോ; അല്ലെങ്കിൽ

അത് അസാൻമാർഗ്ഗികമോ പബ്ലിക്ക് പാളിസിക്ക് എതിരായതോ ആണെന്ന് കോടതി കരുതുന്നതോ; അല്ലാത്തപക്ഷം നിയമാനുസൃതമാകുന്നു.

ഈ സംഗതികളിൽ ഓരോന്നിലും കരാറിന്റെ പ്രതിഫലമോ ഉദ്ദേശ്യമോ നിയമ വിരുദ്ധമായതാണെന്നു പറയപ്പെടുന്നു. ഉദ്ദേശ്യമോ പ്രതിഫലമോ നിയമ വിരുദ്ധമായിട്ടുളള ഏതൊരു കരാറും ശൂന്യമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക, തന്റെ വീട് 10,000 രൂപയ്ക്ക് ഖ യ്ക്ക് വില്ക്കാൻ കരാർ ചെയ്യുന്നു. ഇവിടെ 10,000 രൂപ കൊടുക്കാമെന്നുളള ഖ യുടെ വാഗ്ദാനം, വീട വില്ക്കാമെന്ന ക യുടെ വാഗ്ദാനത്തിനുളള പ്രതിഫലവും, വീട് വില്ക്കാമെന്ന ക യുടെ വാഗ്ദാനം 10,000 രൂപ കൊടുക്കാമെന്ന ഖ യുടെ വാഗ്ദാനത്തിനുളള പ്രതിഫലവുമാണ്. ഇവ നിയമാനുസൃതമായ പ്രതിഫലങ്ങളാണ്.

(ഖ) ഖ യ്ക്ക് 100 രൂപ കൊടുക്കാൻകടപ്പെട്ട ഗ, അതു കൊടുക്കാതിരിക്കുന്നുവെങ്കിൽ ആ തുക ക ആറുമാസം അവസാനിക്കുമ്പോൾ ഖ യ്ക്ക് കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. അതനുസരിച്ച് ഗ യ്ക്ക് സമയം അനുവദിക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുന്നു. ഇവിടെ ഓരോ കക്ഷിയുടേയും വാഗ്ദാനം മറേറ കക്ഷിയുടെ വാഗ്ദാനത്തിനുവേണ്ടിയുളള പ്രതിഫലവും അവ നിയമാനുസൃതമായ പ്രതിഫലങ്ങളും ആണ്.

(ഗ) ക, തനിക്ക് ഖ തന്ന ഒരു തുകയ്ക്കു പകരമായി, ഖ യുടെ കപ്പൽ ഒരു യാത്രയിൽ നശിച്ചുപോകുന്നുവെങ്കിൽ അതിന്റെ വിലകൊടുക്കാമെന്നു വാഗ്ദാനം ചെയ്യുന്നു. ഇവിടെ ക യുടെ വാഗ്ദാനം ഖ പണം നല്കിയതിനുളള പ്രതിഫലവും, ഖ പണം നല്കിയത് ക യുടെ വാഗ്ദാനത്തിനുളള പ്രതിഫലവും, അവ നിയമാനുസൃതമായ പ്രതിഫലങ്ങളും ആണ്.

(ഘ) ഖ യുടെ കുട്ടിയെ സംരക്ഷിക്കാമെന്നു ക വാഗ്ദാനം ചെയ്യുകയും അതിനുവേണ്ടി ആണ്ടുതോറും 1000 രൂപ ക യ്ക്ക് കൊടുക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ഇവിടെ ഓരോ കക്ഷിയുടേയും വാഗ്ദാനം മറേറ കക്ഷിയുടെ വാഗ്ദാനത്തിനുളള പ്രതിഫലമാണ്. അവ നിയമാനുസൃതമായ പ്രതിഫലങ്ങളാണ്.

(ങ) ക യും ഖ യും ഗ യും, അവർ വഞ്ചനയാൽ സമ്പാദിച്ചിട്ടുളളതോ സമ്പാദിക്കുന്നതോ ആയ ലാഭങ്ങൾ അവർക്കിടയിൽ വീതിക്കുന്നതിനുളള ഒരു കരാറിൽ ഏർപ്പെടുന്നു. കരാർ, അതിന്റെ ഉദ്ദേശ്യം നിയമവിരുദ്ധമായതുകൊണ്ട്, ശൂന്യമാണ്.

(ച) പബ്ലിക്ക് സർവ്വീസിൽ ഖ യ്ക്ക് ഒരു നിയോജനം നേടിക്കൊടുക്കാമെന്ന് ക വാഗ്ദാനം ചെയ്യുകയും 1,000 രൂപ ക യ്ക്ക് കൊടുക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. കരാർ, അതിനുള്ള പ്രതിഫലം നിയമവിരുദ്ധമായതുകൊണ്ട്, ശൂന്യമാണ്.

(ഛ) ക ഭൂസ്വത്തുള്ള ഒരാളുടെ ഏജൻറായിരിക്കെ, തൻെറ പ്രിൻസിപ്പലിൻെറ അറിവുകൂടാതെ പ്രിൻസിപ്പലിൻെറ വകയായ ഭൂമി ഖ യ്ക്ക് പാട്ടത്തിന് വാങ്ങി കൊടുക്കാമെന്ന്, പണത്തിനുവേണ്ടി കരാർ ചെയ്യുന്നു. ക യും ഖ യും തമ്മിലുള്ള കരാർ, അത് തൻെറ പ്രിൻസിപ്പലിന് എതിരായി മറച്ചുവയ്ക്കാൻ വഴിയുള്ള ക യുടെ വഞ്ചന വ്യഞ്ജിപ്പിക്കുന്നതുകൊണ്ട് ശൂന്യമാണ്.

(ജ) ഖ യ്ക്ക് എതിരായി ക ആരംഭിച്ചിട്ടുള്ള കവർച്ചയ്ക്കുള്ള പ്രാസിക്യൂഷൻവേണ്ടെന്നു വയ്ക്കാമെന്ന് ഖ യോട് ക വാഗ്ദാനം ചെയ്യുകയും എടുത്ത സാധനങ്ങളുടെ വില തിരിയെ കൊടുക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ആ കരാർ അതിൻെറ ഉദ്ദേശ്യം നിയമവിരുദ്ധമായതുകൊണ്ട് ശൂന്യമാണ്.

(ഝ) റവന്യൂ കുടിശ്ശികയ്ക്കുവേണ്ടി ക യുടെ എസ്റേററ്, കുടിശ്ശിക വരുത്തുന്നവനെ എസ്റേററ് വാങ്ങുന്നതിൽ നിന്ന് നിരോധിക്കുന്ന, നിയമ നിർമ്മാണമണ്ഡലത്തിൻെറ ഒരു ആക്ററിലെ വ്യവസ്ഥകൾക്ക് കീഴിൽ വില്ക്കുന്നു. ക യുമായുള്ള ഒരു ധാരണയിൻമേൽ ഖ അതിൻെറ ക്രേതാവാകുകയും ഖ കൊടുത്തവില ക യിൽ നിന്ന് കിട്ടിയാൽ എസ്റേററ് ക യ്ക്ക് കൊടുക്കാമെന്ന് കരാർ ചെയ്യുകയും ചെയ്യുന്നു. കരാർ, ആ ഇടപാട് ഫലത്തിൽ കുടിശ്ശികവരുത്തുന്ന ആളുടെ ക്രയമാക്കിത്തീർക്കുകയും അങ്ങനെ നിയമത്തിൻെറ ഉദ്ദേശ്യം പരാജയപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ട് ശൂന്യമാണ്.

(ഞ) ഖ യുടെ മുക്ത്യാറായ ക, ആ നിലയിൽ അയാൾക്ക് ഖ യുടെ മേലുള്ള സ്വാധീനം ഗ യ്ക്ക് അനുകൂലമായി ചെലുത്താമെന്ന് വാഗ്ദാനം ചെയ്യുകയും 1000 രൂപ ക യ്ക്ക് കൊടുക്കാമെന്ന് ഗ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. കരാർ അസാൻമാർഗ്ഗികമായതുകൊണ്ട് ശൂന്യമാണ്.

(ട) ഖ യ്ക്ക് വെപ്പാട്ടിയായി വയ്ക്കാൻ തൻെറ മകളെ കൂലിക്ക് വിട്ടുകൊടുക്കാമെന്ന് ക കരാർ ചെയ്യുന്നു. അങ്ങനെ വിട്ടുകൊടുക്കുന്നത് ഇൻഡ്യൻ ശിക്ഷാനിയമസംഹിതപ്രകാരം ശിക്ഷാർഹമല്ലാതിരിക്കാമെങ്കിലും, കരാർ അസാൻമാർഗ്ഗികമായതുകൊണ്ട് ശൂന്യമാണ്.

### ശൂന്യമായ കരാറുകൾ

24. <u>പ്രതിഫലങ്ങളും ഉദ്ദേശ്യങ്ങളും ഭാഗികമായി നിയമവിരുദ്ധമാണെങ്കിൽ കരാറുകൾ ശൂന്യമാണെന്ന്.</u>—ഒന്നോ അതിലധികമോ ഉദ്ദേശ്യങ്ങൾക്കുവേണ്ടിയുള്ള ഒരൊററ പ്രതിഫലത്തിൻെറ ഏതെങ്കിലും ഭാഗമോ, അല്ലെങ്കിൽ, ഒരൊററ ഉദ്ദേശ്യത്തിനുവേണ്ടിയുള്ള പല പ്രതിഫലങ്ങളിൽ ഏതെങ്കിലും ഒന്നിൻെറ ഏതെങ്കിലും ഭാഗമോ, നിയമവിരുദ്ധമാണെങ്കിൽ കരാർ ശൂന്യമാകുന്നു.

## ദൃഷ്ടാന്തം

ക ഖ യ്ക്കുവേണ്ടി നീലത്തിന്റെ നിയമാനുസൃതമായ ഉൽപാദനത്തിന്റേയും മററു സാധനങ്ങളുടെ നിയമവിരുദ്ധമായ വ്യാപാരത്തിന്റേയും മേൽനോട്ടം വഹിക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. ക യ്ക്ക് ആണ്ടുതോറും 10,000 രൂപ ശമ്പളം കൊടുക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുന്നു. ക യുടെ വാഗ്ദാനത്തിന്റെ ഉദ്ദേശ്യവും ഖ യുടെ വാഗ്ദാനത്തിനുള്ള പ്രതിഫലവും ഭാഗികമായി നിയമവിരുദ്ധമാകയാൽ കരാർ ശൂന്യമാണ്.

25. **പ്രതിഫലം കൂടാതെയുള്ള കരാർ ശൂന്യമാണെന്ന്.**—പ്രതിഫലം കൂടാതെയുണ്ടാക്കിയ ഒരു കരാർ—

(1) **അത് രേഖാമൂലമുള്ളതും രജിസ്ററർ ചെയ്തതും അല്ലാത്ത പക്ഷം.**—അത് രേഖാമൂലം പ്രകടമാക്കുകയും രേഖകൾ രജിസ്ററർ ചെയ്യുന്നതിനുവേണ്ടി തൽസമയം നിലവിലുള്ള നിയമപ്രകാരം രജിസ്ററർ ചെയ്യുകയും, അന്യോന്യം അടുത്ത ബന്ധുത്വമുള്ള കക്ഷികൾ തമ്മിൽ സ്വാഭാവികമായ സ്നേഹവും വാൽസല്യവും കാരണമായി ഉണ്ടാക്കിയിട്ടുള്ളതായിരിക്കുകയും ചെയ്യാത്തപക്ഷമോ ; അല്ലെങ്കിൽ

(2) **അല്ലെങ്കിൽ എന്തെങ്കിലും ചെയ്തതിനുവേണ്ടിയുള്ള നഷ്ടപരിഹാരം കൊടുക്കാമെന്നുള്ള വാഗ്ദാനമല്ലാത്ത പക്ഷം.**—അത്, വാഗ്ദാതാവിനുവേണ്ടി എന്തെങ്കിലുമോ, വാഗ്ദാതാവ് നിയമപ്രകാരം ചെയ്യുവാൻ നിർബന്ധമായ എന്തെങ്കിലുമോ നേരത്തേതന്നെ സ്വേച്ഛയാ ചെയ്ത ഒരാൾക്ക് പൂർണ്ണമോ ഭാഗികമോ ആയി നഷ്ടപരിഹാരം കൊടുക്കാമെന്നുള്ള ഒരു വാഗ്ദാനമല്ലാത്തപക്ഷമോ ; അല്ലെങ്കിൽ

(3) **അല്ലെങ്കിൽ അത് കാലഹരണനിയമപ്രകാരം കാലഹരണപ്പെട്ട ഒരു കടം കൊടുക്കാമെന്നുള്ള വാഗ്ദാനമല്ലാത്തപക്ഷം.**—അത്, വ്യവഹാരങ്ങളുടെ കാലഹരണം സംബന്ധിച്ച നിയമം ഇല്ലായിരുന്നുവെങ്കിൽ ഉത്തമർണ്ണന് വീട്ടിപ്പിക്കാമായിരുന്ന ഒരു കടം പൂർണ്ണമായോ ഭാഗികമായോ വീട്ടിക്കൊള്ളാമെന്നുള്ള ഒരു വാഗ്ദാനത്തിന്മേൽ ബാദ്ധ്യസ്ഥനാകേണ്ട ആളോ, അതിലേക്കായി സാമാന്യമായോ പ്രത്യേകമായോ പ്രാധികാരം നല്കിയിട്ടുള്ള അയാളുടെ ഏജന്റോ രേഖാമൂലം എഴുതി ഒപ്പിട്ടുകൊടുത്തിട്ടുള്ള അങ്ങനെയുള്ള വാഗ്ദാനമല്ലാത്തപക്ഷമോ, ശൂന്യമാകുന്നു.

അങ്ങനെയുള്ള കരാർ ഈ സംഗതികളിൽ ഏതിലും കാൺട്രാക്റ്റ് ആകുന്നു.

**വിശദീകരണം 1.**—ഈ വകുപ്പിലുള്ള യാതൊന്നും, ദാതാവിനേയും ആദാതാവിനേയും സംബന്ധിച്ചിടത്തോളം യഥാർത്ഥമായി കൊടുത്തു കഴിഞ്ഞിട്ടുള്ള ഏതെങ്കിലും ദാനത്തിന്റെ സാധുതയെ ബാധിക്കുന്നതല്ല.

**വിശദീകരണം 2.**—വാഗ്ദാതാവിന്റെ സമ്മതം സ്വതന്ത്രമായി കൊടുത്തിട്ടുള്ള ഒരു കരാർ, പ്രതിഫലം അപര്യാപ്തമാണെന്നതുകൊണ്ടു മാത്രം ശൂന്യമാകുന്നതല്ല ; എന്നാൽ വാഗ്ദാതാവിന്റെ സമ്മതം സ്വതന്ത്രമായി കൊടുത്തിട്ടുള്ളതാണോ എന്ന പ്രശ്നം തീരുമാനിക്കുന്നതിൽ പ്രതിഫലത്തിന്റെ അപര്യാപ്തത കോടതിക്ക് കണക്കിലെടുക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) യാതൊരു പ്രതിഫലവുമില്ലാതെ 1,000 രൂപ ഖ യ്ക്ക് കൊടുക്കാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. ഇത് ശൂന്യമായ കരാറാണ്.

(ഖ) ക സ്വാഭാവികമായ സ്നേഹവും വാൽസല്യവുംകൊണ്ട് തന്റെ മകനായ ഖ യ്ക്ക് 1,000 രൂപ കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു. ഖ യോടുള്ള തന്റെ വാഗ്ദാനം ക രേഖാമൂലമാക്കുകയും അത് രജിസ്റ്റർ ചെയ്യുകയും ചെയ്യുന്നു. ഇത് കാൺട്രാക്റ്റാണ്.

(ഗ) ക ഖ യുടെ പേഴ്സ് കണ്ടെത്തുകയും അത് അയാൾക്ക് കൊടുക്കുകയും ചെയ്യുന്നു. 50 രൂപ ക ഖ യ്ക്കു കൊടുക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുന്നു. ഇത് കാൺട്രാക്റ്റല്ല.

(ഘ) ക, ഖ യുടെ ശിശുവായ മകനെ പോററുന്നു. അതിനുള്ള ക യുടെ ചെലവ് കൊടുക്കാമെന്ന് ഖ വാഗ്ദാനം ചെയ്യുന്നു. ഇത് കാൺട്രാക്റ്റാണ്.

(ങ) ക 1,000 രൂപ ഖ യ്ക്ക് കൊടുക്കാനുണ്ട്, എന്നാൽ ആ കടം കാലഹരണ ആക്റ്റുപ്രകാരം കാലഹരണപ്പെട്ടതാണ്. ക ആ കടം വകയായി 500 ക. രൂപ ഖ യ്ക്ക് കൊടുക്കാമെന്നുള്ള രേഖാമൂലമായ ഒരു വാഗ്ദാനം ഒപ്പിടുന്നു. ഇത് കാൺട്രാക്റ്റാണ്.

(ച) 1,000 രൂപ വിലയുള്ള ഒരു കുതിരയെ 10 രൂപയ്ക്ക് വിലക്കാമെന്ന് ക കരാർ ചെയ്യുന്നു. കരാറിനുള്ള ക യുടെ സമ്മതം സ്വതന്ത്രമായി കൊടുത്തിട്ടുള്ളതാണ്. പ്രതിഫലം അപര്യാപ്തമാണെങ്കിലും കരാർ കാൺട്രാക്റ്റാണ്.

(ഛ) 1,000 രൂപ വിലയുള്ള ഒരു കുതിരയെ 10 രൂപയ്ക്കു വില്ക്കാമെന്ന് ക കരാർ ചെയ്യുന്നു. കരാറിനുള്ള ക യുടെ സമ്മതം സ്വതന്ത്രമായി കൊടുത്തതാണെന്നത് ക നിഷേധിക്കുന്നു.

ക യുടെ സമ്മതം സ്വതന്ത്രമായി കൊടുത്തിട്ടുള്ളതാണോ അല്ലയോ എന്നത് പരിഗണിക്കുന്നതിൽ പ്രതിഫലത്തിന്റെ അപര്യാപ്തത കോടതി കണക്കിലെടുക്കേണ്ട വസ്തുതയാണ്.

26 <u>വിവാഹം തടസ്സപ്പെടുത്തുന്ന കരാർ ശൂന്യമാണെന്ന്.</u>—മൈനർ അല്ലാത്ത ഏതെങ്കിലും ആളുടെ വിവാഹം തടസ്സപ്പെടുത്തുന്ന ഏതൊരു കരാറും ശൂന്യമാകുന്നു.

27. <u>വ്യാപാരം തടസ്സപ്പെടുത്തുന്ന കരാർ ശൂന്യമാണെന്ന്.</u>—ഏതെങ്കിലും തരത്തിലുള്ള നിയമാനുസൃതമായ വൃത്തിയോ വ്യാപാരമോ ബിസിനസ്സോ നടത്തുന്നതിനെ തടസ്സപ്പെടുത്തുന്ന ഏതൊരു കരാറും തടസ്സപ്പെടുന്നിടത്തോളം ശൂന്യമാകുന്നു.

<u>അപവാദം.—ഗുഡ്വിൽ വിററ ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ പാടില്ല എന്ന കരാർ ഒഴിവാക്കൽ.</u>—ഒരു ബിസിനസ്സിന്റെ ഗുഡ്വിൽ വില്ക്കുന്ന ആൾക്ക് അത് വാങ്ങുന്ന ആളുമായി, വാങ്ങുന്ന ആളോ അയാളിൽനിന്ന് ഗുഡ്വില്ലിന്റെ ഉടമാവകാശം സിദ്ധിക്കുന്ന ഏതെങ്കിലും ആളോ, വിനിർദ്ദിഷ്ടമായ പ്രാദേശിക പരിധിക്കുള്ളിൽ സദൃശമായ ഒരു ബിസിനസ്സ് നടത്തുന്നിടത്തോളം അതുപോലുള്ള ഒരു ബിസിനസ്സ് ആ പരിധിക്കുള്ളിൽ നടത്താതിരിക്കാമെന്ന് കരാർ ചെയ്യാവുന്നതാകുന്നു; എന്നാൽ അതിന് ബിസിനസ്സിന്റെ സ്വഭാവം പരിഗണിക്കുമ്പോൾ, അങ്ങനെയുള്ള പരിധികൾ ന്യായമായതാണെന്ന് കോടതിക്ക് തോന്നേണ്ടതാകുന്നു.

28. നിയമനടപടികൾ തടസ്സപ്പെടുത്തുന്ന കരാറുകൾ ശൂന്യമാണെന്ന്.—ഏതു കരാറാണോ, അതിലെ ഏതെങ്കിലും കക്ഷിയെ ഏതെങ്കിലും കാൺട്രാക്റ്റിൻ കീഴിലുള്ളതോ, അത് സംബന്ധിച്ചതോ ആയ അയാളുടെ അവകാശങ്ങൾ സാധാരണ ട്രൈബ്യൂണലുകളിലെ സാധാരണ നിയമനടപടികൾ വഴി പ്രാവർത്തികമാക്കുന്നതിൽനിന്ന് പരിപൂർണ്ണമായി തടയുകയോ അല്ലെങ്കിൽ അയാളുടെ അവകാശങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള സമയം പരിമിതപ്പെടുത്തുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതൊരു കരാറും അങ്ങനെ ചെയ്യുന്നിടത്തോളം ശൂന്യമാകുന്നു.

അപവാദം 1.—ഉദ്ഭവിക്കാവുന്ന തർക്കം മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യുന്നതിനുള്ള കാൺട്രാക്റ്റ് ഒഴിവാക്കൽ.—രണ്ടോ അതിലധികമോ ആളുകൾ, ഏതെങ്കിലും വിഷയമോ വിഷയങ്ങളുടെ വർഗ്ഗമോ സംബന്ധിച്ച് അവർ തമ്മിൽ ഉൽഭവിക്കാവുന്ന ഏതെങ്കിലും തർക്കം മാദ്ധ്യസ്ഥ്യത്തിനു റഫർ ചെയ്യേണ്ടതാണെന്നും, അങ്ങനെയുള്ള മാദ്ധ്യസ്ഥ്യത്തിൽ അവാർഡ് ചെയ്ത തുക മാത്രമേ അങ്ങനെ റഫർ ചെയ്ത തർക്കം സംബന്ധിച്ച് വസൂലാക്കുവാൻ പാടുള്ളുവെന്നും കരാർ ചെയ്യുന്ന ഒരു കാൺട്രാക്റ്റിനെ ഈ വകുപ്പ് നിയമവിരുദ്ധമാക്കുന്നില്ല.

അപവാദം 2.—ഉദ്ഭവിച്ചുകഴിഞ്ഞിട്ടുള്ള പ്രശ്നങ്ങൾ മാദ്ധ്യസ്ഥ്യത്തിനു റഫർ ചെയ്യുന്നതിനുള്ള കാൺട്രാക്റ്റ് ഒഴിവാക്കൽ.—ഈ വകുപ്പ് രണ്ടോ അതിലധികമോ ആളുകൾ, അവർ തമ്മിൽ ഉദ്ഭവിച്ചുകഴിഞ്ഞിട്ടുള്ള ഏതെങ്കിലും പ്രശ്നം മാദ്ധ്യസ്ഥ്യത്തിന് റഫർ ചെയ്യാമെന്ന് കരാർ ചെയ്യുന്ന രേഖാമൂലമായ ഏതെങ്കിലും കാൺട്രാക്റ്റിനെ നിയമവിരുദ്ധമാക്കുകയോ, മാദ്ധ്യസ്ഥ്യത്തിനുള്ള റഫറൻസുകൾ സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ ഏതെങ്കിലും വ്യവസ്ഥയെ ബാധിക്കുകയോ ചെയ്യുന്നതുമല്ല.

29. അനിശ്ചിതത്വത്താൽ ശൂന്യമായ കരാറുകൾ.—അർത്ഥം നിശ്ചിതമല്ലാത്തതോ നിശ്ചിതമാക്കാൻ കഴിയാത്തതോ ആയ കരാറുകൾ ശൂന്യമാകുന്നു.

ദൃഷ്ടാന്തങ്ങൾ

(ക) "നൂറു ടൺ എണ്ണ" ഖ യ്ക്ക് വില്ക്കാമെന്ന് ക കരാർ ചെയ്യുന്നു. എന്ത് എണ്ണയാണ് ഉദ്ദേശിച്ചിരുന്നതെന്ന് കാണിക്കാൻ ഒന്നും തന്നെയില്ല. കരാർ അനിശ്ചിതത്വത്താൽ ശൂന്യമാണ്.

(ഖ) വാണിജ്യസാധനമായി അറിയപ്പെടുന്ന വിനിർദ്ദിഷ്ടമായ ഒരു വിവരണത്തിലുള്ള നൂറുടൺ എണ്ണ ക ഖ യ്ക്ക് വില്ക്കാമെന്ന് കരാർ ചെയ്യുന്നു. ഇവിടെ കരാർ ശൂന്യമാക്കാനുള്ള അനിശ്ചിതത്വമില്ല.

(ഗ) വെളിച്ചെണ്ണ മാത്രം വ്യാപാരം ചെയ്യുന്ന ക "നൂറു ടൺ എണ്ണ" ഖ യ്ക്കു വില്ക്കാമെന്നു കരാർ ചെയ്യുന്നു. ക യുടെ വ്യാപാരത്തിന്റെ സ്വഭാവം ആ വാക്കുകളുടെ അർത്ഥത്തെക്കുറിച്ച് സൂചന നല്കുകയും നൂറു ടൺ വെളിച്ചെണ്ണ വില്ക്കുന്നതിനുള്ള കാൺട്രാക്റ്റിൽ ക ഏർപ്പെട്ടിരിക്കുകയും ചെയ്യുന്നു.

(ഘ) ക "രാമനഗറിലുള്ള എന്റെ ധാന്യപ്പുരയിലെ എല്ലാ ധാന്യവും" ഖ യ്ക്ക് വിൽക്കാമെന്ന് കരാർ ചെയ്യുന്നു. ഇവിടെ കരാർ ശൂന്യമാക്കാനുള്ള അനിശ്ചിതത്വമില്ല.

(ഞ) " ആയിരം മന്ന് അരി ഗ നിശ്ചയിക്കുന്ന വിലയ്ക്ക് " ഖ യ്ക്ക് വില്ക്കാമെന്ന് ക കരാർ ചെയ്യുന്നു. ആ വില നിശ്ചിതമാക്കാൻ കഴിയുന്നതാകയാൽ ഇവിടെ കരാർ ശൂന്യമാക്കുവാനുള്ള അനിശ്ചിതത്വമില്ല.

(ച) ക "എന്റെ വെള്ളക്കുതിരയെ അഞ്ഞൂറു രൂപയ്ക്കോ ആയിരം രൂപയ്ക്കോ " ഖ യ്ക്ക് വില്ക്കാമെന്ന് കരാർ ചെയ്യുന്നു. രണ്ടു വിലകളിൽ ഏതാണ് കൊടുക്കേണ്ടതെന്ന് കാണിക്കുവാൻ യാതൊന്നുമില്ല കരാർ ശൂന്യമാണ്.

30. <u>പന്തയ രൂപത്തിലുള്ള കരാറുകൾ ശൂന്യമാണെന്ന്</u>.— പന്തയരൂപത്തിലുള്ള കരാറുകൾ ശൂന്യമാകുന്നു; ഏതെങ്കിലും പന്തയത്തിൽ നേടിയതാണെന്ന് ആരോപിക്കപ്പെട്ടതോ പന്തയം വച്ചിട്ടുള്ള ഏതെങ്കിലും കളിയുടേയോ മററ് അനിശ്ചിത സംഭവത്തിന്റേയോ ഫലം അനുസരിച്ച് വിനിയോഗിക്കപ്പെടുവാനായി ഏതെങ്കിലും ആളെ ഏല്പ്പിച്ചിട്ടുള്ളതോ ആയ എന്തെങ്കിലും വസൂലാക്കുന്നതിനു വേണ്ടി യാതൊരു വ്യവഹാരവും കൊണ്ടുവരുവാൻ പാടില്ലാത്തതും ആകുന്നു.

<u>കുതിരപ്പന്തയത്തിലുള്ള ചില സമ്മാനങ്ങൾക്ക് അനുകൂലമായ അപവാദം</u>.— ഏതെങ്കിലും കുതിരപ്പന്തയത്തിലെ ജേതാവിനോ ജേതാക്കൾക്കോ നല്കപ്പെടുന്നതിനുള്ള, 500 രൂപയ്ക്കോ കൂടുതൽ തുകയ്ക്കോ ഉള്ളതോ, അത്ര മൂല്യമുള്ളതോ ആയ ഏതെങ്കിലും പ്ലേററിനോ സമ്മാനത്തിനോ പണത്തിനോ വേണ്ടിയോ, അതിലേക്കുള്ളതോ ആയ വരിസംഖ്യയേയോ അംശദായത്തേയോ വരിസംഖ്യയോ അംശദായമോ കൊടുക്കുവാൻ ഉണ്ടാക്കിയിട്ടുള്ളതോ ഏർപ്പെട്ടിട്ടുള്ളതോ ആയ കരാറിനേയോ ഈ വകുപ്പു നിയമവിരുദ്ധമാക്കുന്നതായി കരുതപ്പെടുന്നതല്ല.

<u>ഇൻഡ്യൻ ശിക്ഷാനിയമസംഹിതയുടെ 294ക വകുപ്പിനെ ബാധിക്കുന്നതല്ലെന്ന്</u>.— ഈ വകുപ്പിലെ യാതൊന്നും ഇൻഡ്യൻ ശിക്ഷാ നിയമസംഹിത (1860—ലെ 45)-യുടെ 294ക വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്ന കുതിരപ്പന്തയവുമായി ബന്ധപ്പെട്ടതുമായ ഏതെങ്കിലും ഇടപാടിനെ നിയമാനുസൃതമാക്കുന്നതായി കരുതപ്പെടുന്നതല്ല.

## അദ്ധ്യായം III

## സമാശ്രിത കാൺട്രാക്ററുകളെക്കുറിച്ച്

31. <u>" സമാശ്രിത കാൺട്രാക്ററ് " നിർവ്വചനം</u>.— " സമാശ്രിത കാൺട്രാക്ററ് " എന്നാൽ ഒരു കാൺട്രാക്ററിനോട് പററിച്ചേർന്ന വല്ല സംഭവവും നടക്കുകയോ നടക്കാതിരിക്കുകയോചെയ്യുകയാണെങ്കിൽ എന്തെങ്കിലും ചെയ്യുവാനോ ചെയ്യാതിരിക്കുവാനോ, ഉള്ള കാൺട്രാക്ററാകുന്നു.

### ദൃഷ്ടാന്തം

ഖ യുടെ വീട് അഗ്നിക്കിരയാകുന്നുവെങ്കിൽ ഖ യ്ക്കു 10,000 രൂപ കൊടുക്കാമെന്ന് ക കാൺട്രാക്ററ് ചെയ്യുന്നു. ഇത് ഒരു സമാശ്രിത കാൺട്രാക്ററാണ്.

32. **ഒരു സംഭവം നടക്കുന്നതിനെ സമാശ്രയിച്ചിരിക്കുന്ന കാൺട്രാക്ററുകൾ പ്രാവർത്തികമാക്കൽ** .—അനിശ്ചിതമായ ഒരു ഭാവി സംഭവം നടക്കുകയാണെങ്കിൽ എന്തെങ്കിലും ചെയ്യാനോ, ചെയ്യാതിരിക്കാനോ ഉള്ള സമാശ്രിത കാൺട്രാക്ററുകൾ, സംഭവം നടക്കാത്ത പക്ഷവും നടക്കുന്നതുവരേയും നിയമപ്രകാരം പ്രാവർത്തികമാക്കാവുന്നതല്ല.

സംഭവം അസാദ്ധ്യമായിത്തീരുന്നുവെങ്കിൽ അങ്ങനെയുള്ള കാൺട്രാക്ററുകൾ ശൂന്യമായിത്തീരുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഗ യെ ക അതിജീവിക്കുന്നുവെങ്കിൽ ഖ യുടെ കുതിരയെ വാങ്ങാമെന്ന് ഖ യുമായി ക ഒരു കാൺട്രാക്ററ് ഉണ്ടാക്കുന്നു. ക യുടെ ജീവിതകാലത്ത് ഗ മരിക്കാത്ത പക്ഷവും മരിക്കുന്നതുവരേയും ഈ കാൺട്രാക്ററ് നിയമപ്രകാരം പ്രാവർത്തികമാക്കാവുന്നതല്ല.

(ഖ) ഗ യ്ക്കു ആഫർ ചെയ്തിട്ടുള്ള കുതിരയെ ഗ വാങ്ങുവാൻ വിസമ്മതിക്കുന്നുവെങ്കിൽ അതിനെ ഒരു വിനിർദ്ദിഷ്ടമായ വിലയ്ക്ക് ഖ യ്ക്ക് വില്ക്കാമെന്ന് ഖ യുമായി ക കാൺട്രാക്ററ് ഉണ്ടാക്കുന്നു. കുതിരയെ വാങ്ങുവാൻ ഗ വിസമ്മതിക്കാത്തപക്ഷവും വിസമ്മതിക്കുന്നതുവരേയും കാൺട്രാക്ററ് നിയമപ്രകാരം പ്രാവർത്തികമാക്കാവുന്നതല്ല.

(ഗ) ഗ യെ ഖ വിവാഹം കഴിക്കുമ്പോൾ ഒരു സംഖ്യ ഖ യ്ക്ക് കൊടുക്കാമെന്ന് ക കാൺട്രാക്ററ് ചെയ്യുന്നു. ഖ യെ വിവാഹം കഴിക്കാതെ ഗ മരിക്കുന്നു. കാൺട്രാക്ററു ശൂന്യമായിത്തീരുന്നു.

33. **ഒരു സംഭവം നടക്കാതിരിക്കുന്നതിനെ സമാശ്രയിച്ചിരിക്കുന്ന കാൺട്രാക്ററുകൾ പ്രാവർത്തികമാക്കൽ** .— അനിശ്ചിതമായ ഒരു ഭാവി സംഭവം നടക്കാതിരിക്കുകയാണെങ്കിൽ എന്തെങ്കിലും ചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സമാശ്രിത കാൺട്രാക്ററുകൾ, ആ സംഭവം നടക്കുവാൻ സാദ്ധ്യമല്ലാതായിത്തീരുമ്പോൾ പ്രാവർത്തികമാക്കാവുന്നതും അതിനു മുമ്പു പ്രാവർത്തികമാക്കാവുന്നതല്ലാത്തതുമാകുന്നു.

### ദൃഷ്ടാന്തം

ഒരു കപ്പൽ മടങ്ങി വരുന്നില്ലെങ്കിൽ ഒരു തുക ഖ യ്ക്ക് കൊടുക്കാമെന്ന് ക കരാർ ചെയ്യുന്നു. കപ്പൽ മുങ്ങുന്നു. കപ്പൽ മുങ്ങുമ്പോൾ കാൺട്രാക്ററു പ്രാവർത്തികമാക്കാവുന്നതാണ്.

34. **കാൺട്രാക്ററ് സമാശ്രയിച്ചിരിക്കുന്ന സംഭവം ജീവിച്ചിരിപ്പുള്ള ഒരാളുടെ ഭാവിയിലുള്ള പ്രവൃത്തിയാണെങ്കിൽ, സംഭവം എപ്പോൾ അസാദ്ധ്യമായി കരുതപ്പെടണമെന്ന്** .— ഒരു കാൺട്രാക്ററ് സമാശ്രയിച്ചിരിക്കുന്ന ഭാവി സംഭവം, വിനിർദ്ദിഷ്ടമല്ലാത്ത ഒരു സമയത്ത് ഒരാൾ എങ്ങനെ പ്രവർത്തിക്കുമെന്നുള്ളതാണെങ്കിൽ, ഏതെങ്കിലും നിശ്ചിതസമയത്തിനുള്ളിലോ, കൂടുതൽ ആകസ്മിക സംഭവങ്ങളെ സമാശ്രയിക്കാതെയോ, അയാൾക്ക് അങ്ങനെ പ്രവർത്തിക്കുവാൻ സാദ്ധ്യമല്ലാതാക്കുന്ന എന്തെങ്കിലും അയാൾ ചെയ്യുമ്പോൾ ആ സംഭവം അസാദ്ധ്യമായിത്തീരുന്നതായി പരിഗണിക്കപ്പെടുന്നതാകുന്നു.

## ദൃഷ്ടാന്തം

ഖ, ഗ യെ വിവാഹം കഴിക്കുന്നുവെങ്കിൽ ഒരു പണത്തുക ഖ യ്ക്ക് കൊടുക്കാമെന്ന് ക കരാർ ചെയ്യുന്നു.

ഗ, ഘ യെ വിവാഹം കഴിക്കുന്നു. ഘ മരിക്കുകയും അതിനുശേഷം ഗ ഖയെ വിവാഹം കഴിക്കുകയും ചെയ്യുന്നത് സാദ്ധ്യമാണെങ്കിലും, ഗ യുമായുള്ള ഖ യുടെ വിവാഹം ഇപ്പോൾ അസാദ്ധ്യമായതായി പരിഗണിക്കണം.

35. <u>നിശ്ചിത സമയത്തിനുള്ളിൽ വിനിർദ്ദിഷ്ട സംഭവം നടക്കുന്നതിനെ സമാശ്രയിച്ചുള്ള കാൺട്രാക്റ്റുകൾ എപ്പോൾ ശൂന്യമായിത്തീരുമെന്ന്</u>.— വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം ഒരു നിശ്ചിത സമയത്തിനുള്ളിൽ നടക്കുകയാണെങ്കിൽ എന്തെങ്കിലും ചെയ്യുന്നതിനോ ചെയ്യാതിരിക്കുന്നതിനോ ഉള്ള സമാശ്രിത കാൺട്രാക്റ്റുകൾ, നിശ്ചിത സമയത്തിന്റെ അവസാനത്തിൽ അങ്ങനെയുള്ള സംഭവം നടന്നിട്ടില്ലെങ്കിലോ അല്ലെങ്കിൽ നിശ്ചിത സമയത്തിന് മുമ്പായി അങ്ങനെയുള്ള സംഭവം അസാദ്ധ്യമായിത്തീരുന്നുവെങ്കിലോ, ശൂന്യമായിത്തീരുന്നു.

<u>നിശ്ചിത സമയത്തിനുള്ളിൽ വിനിർദ്ദിഷ്ട സംഭവം നടക്കാതിരിക്കുന്നതിനെ സമാശ്രയിച്ചുള്ള കാൺട്രാക്റ്റുകൾ എപ്പോൾ പ്രാവർത്തികമാക്കാമെന്ന്</u>.— വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിതസംഭവം ഒരു നിശ്ചിത സമയത്തിനുള്ളിൽ നടക്കുന്നില്ലെങ്കിൽ എന്തെങ്കിലും ചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സമാശ്രിത കാൺട്രാക്റ്റുകൾ, നിശ്ചിതസമയം അവസാനിക്കുകയും അങ്ങനെയുള്ള സംഭവംനടക്കാതിരിക്കുകയും ചെയ്തിട്ടുള്ളപ്പോഴോ, അല്ലെങ്കിൽ അങ്ങനെയുള്ള സംഭവം നടക്കുകയില്ലെന്ന് തീർച്ചയാക്കുകയാണെങ്കിൽ അങ്ങനെ നിശ്ചിതമായ സമയം അവസാനിക്കുന്നതിനു മുമ്പോ നിയമപ്രകാരം പ്രാവർത്തികമാക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു കപ്പൽ ഒരു വർഷത്തിനകം മടങ്ങി വരുന്നുവെങ്കിൽ ഒരു തുക ഖ യ്ക്ക് കൊടുക്കാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. കപ്പൽ ഒരു വർഷത്തിനകം മടങ്ങി വരുന്നുവെങ്കിൽ കാൺട്രാക്റ്റ് പ്രാവർത്തികമാക്കാവുന്നതും, ഒരു വർഷത്തിനകം കപ്പൽ അഗ്നിക്കിരയാകുന്നുവെങ്കിൽ ശൂന്യമായിത്തീരുന്നതും ആണ്.

(ഖ) ഒരു കപ്പൽ ഒരു വർഷത്തിനകം മടങ്ങി വരുന്നില്ലെങ്കിൽ ഒരു തുക ഖ യ്ക്ക് കൊടുക്കാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. കപ്പൽ ഒരു വർഷത്തിനകം മടങ്ങി വരാതിരിക്കുകയോ ഒരു വർഷത്തിനകം അഗ്നിക്കിരയാകുകയോ ചെയ്യുന്നുവെങ്കിൽ കാൺട്രാക്റ്റ് പ്രാവർത്തികമാക്കാവുന്നതാണ്.

36. <u>അസാദ്ധ്യമായ സംഭവങ്ങളെ സമാശ്രയിച്ചുള്ള കരാറുകൾ ശൂന്യമാണെന്ന്</u>.— അസാദ്ധ്യമായ ഒരു സംഭവം നടക്കുകയാണെങ്കിൽ എന്തെങ്കിലും ചെയ്യാനോ ചെയ്യാതിരിക്കാനോ ഉള്ള സമാശ്രിത കരാറുകൾ, കരാറിലെ കക്ഷികൾക്ക് അത് ഉണ്ടാക്കിയ സമയത്ത് സംഭവത്തിന്റെ അസാദ്ധ്യത അറിയാമായിരുന്നാലും ഇല്ലെങ്കിലും ശൂന്യമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) രണ്ട് ളുജുരേഖകൾ ഒരു സ്ഥലം ഉൾക്കൊള്ളിക്കുമെങ്കിൽ 1000 രൂപ ഖ യ്ക്ക് കൊടുക്കാമെന്ന് ക കരാർ ചെയ്യുന്നു. കരാർ ശൂന്യമാണ്.

(ഖ) ക യുടെ മകളായ ഗ യെ ഖ വിവാഹം കഴിക്കുമെങ്കിൽ 1000 രൂപ ഖ യ്ക്ക് കൊടുക്കാമെന്ന് ക കരാർ ചെയ്യുന്നു. കരാർ സമയത്ത് ഗ മരിച്ചുപോയിരുന്നു. കരാർ ശൂന്യമാണ്.

## അദ്ധ്യായം IV

## കാൺട്രാക്റ്റുകളുടെ നിർവ്വഹണത്തെക്കുറിച്ച് നിർവ്വഹിക്കപ്പെടണമെന്നുള്ള കാൺട്രാക്റ്റുകൾ

37. കാൺട്രാക്റ്റുകളിലെ കക്ഷികളുടെ ബാദ്ധ്യത.— കാൺട്രാക്റ്റിലെ കക്ഷികൾ, അവരുടെ അതതു വാഗ്ദാനങ്ങൾ, ഈ ആക്റ്റിലേയോ മറ്റേതെങ്കിലും നിയമത്തിലേയോ വ്യവസ്ഥകൾക്കു കീഴിൽ അവയുടെ നിർവ്വഹണം ഒഴിവാക്കുകയോ മാപ്പാക്കുകയോ ചെയ്യാത്തപക്ഷം, ഒന്നുകിൽ നിർവ്വഹിക്കുകയോ അല്ലെങ്കിൽ നിർവഹിക്കാമെന്ന് ആഫർ ചെയ്യുകയോ ചെയ്യണം.

നിർവ്വഹണത്തിനു മുമ്പായി വാഗ്ദാതാക്കൾ മരണമടയുകയാണെങ്കിൽ കാൺട്രാക്റ്റിൽ നിന്ന് വിപരീതമായ ഒരുദ്ദേശ്യം തോന്നാത്തപക്ഷം, അങ്ങനെയുള്ള വാഗ്ദാതാക്കളുടെ പ്രതിനിധികളെ വാഗ്ദാനങ്ങൾ ബന്ധിക്കുന്നതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) 1000 രൂപ കൊടുത്താൽ ഒരു നിശ്ചിത ദിവസം ഖ യ്ക്ക് ചരക്കുകൾ ഡെലിവർ ചെയ്യാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. ആ ദിവസത്തിനു മുമ്പായി ക മരിക്കുന്നു. ചരക്കുകൾ ഖ യ്ക്ക് ഡെലിവർ ചെയ്യുവാൻ ക യുടെ പ്രതിനിധികൾ ബാദ്ധ്യസ്ഥരും ക യുടെ പ്രതിനിധികൾക്ക് 1000 രൂപ കൊടുക്കുവാൻ ഖ ബാദ്ധ്യസ്ഥനും ആണ്.

(ഖ) ഒരു നിശ്ചിതദിവസത്തിനകം ഒരു നിശ്ചിത വിലയ്ക്ക് ഖ യ്ക്ക് വേണ്ടി ഒരു വർണ്ണചിത്രം വരച്ചുകൊടുക്കാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. ആ ദിവസത്തിനു മുൻപായി ക മരിച്ചു പോകുന്നു. കാൺട്രാക്റ്റ് ക യുടെ പ്രതിനിധികൾക്കോ അല്ലെങ്കിൽ ഖ യ്ക്കോ പ്രാവർത്തികമാക്കാവുന്നതല്ല.

38. നിർവ്വഹിക്കാമെന്ന ആഫർ പ്രതിഗ്രഹിക്കുവാൻ വിസമ്മതിക്കുന്നതിന്റെ ഫലം.—വാഗ്ദാതാവ് വാഗ്ഗൃഹീതാവിന് നിർവ്വഹിക്കാമെന്ന ആഫർ നല്കുകയും ആ ആഫർ പ്രതിഗ്രഹിക്കാതിരിക്കുകയും ചെയ്തിട്ടുള്ളിടത്ത്, വാഗ്ദാതാവ് നിർവ്വഹിക്കാത്തതിന് ഉത്തരവാദിയാകുകയോ കാൺട്രാക്റ്റിൻ കീഴിലുള്ള അയാളുടെ അവകാശങ്ങൾ അതുവഴി അയാൾക്ക് നഷ്ടപ്പെടുകയോ ചെയ്യുന്നതല്ല.

അങ്ങനെയുള്ള ഏതൊരു ആഫറും താഴെപ്പറയുന്ന ഉപാധികൾ നിറവേറേണ്ടതാകുന്നു.

(1) അത് നിരുപാധികമായിരിക്കണം;

(2) അത ശരിയായ സമയത്തും സ്ഥലത്തു വച്ചും, അത് ആർക്കാണോ നല്കിയിട്ടുള്ളത്, ആ ആൾക്ക്, അത് നല്കിയിട്ടുള്ള ആൾ അയാളുടെ വാഗ്ദാനപ്രകാരം ചെയ്യാൻ ബാദ്ധ്യസ്ഥനായത് മുഴുവനും ചെയ്യാൻ അപ്പോഴും അവിടെവച്ച് കഴിവും ഒരുക്കവുമുള്ളവനാണെന്ന് തിട്ടപ്പെടുത്താൻ ന്യായമായ അവസരമുണ്ടാകത്തക്ക പരിതഃസ്ഥിതികളിലും ചെയ്തതായിരിക്കണം;

(3) ആഫർ, വാഗ്ഗൃഹീതാവിന് എന്തെങ്കിലും ഡെലിവർ ചെയ്യാനുള്ള ഒന്നാണെങ്കിൽ, ആഫർ ചെയ്യപ്പെട്ട സാധനം വാഗ്ദാതാവ് അയാളുടെ വാഗ്ദാനം വഴി ഡെലിവർ ചെയ്യുവാൻ ബാദ്ധ്യസ്ഥനായ സാധനമാണെന്ന് ബോദ്ധ്യപ്പെടുന്നതിനുള്ള ന്യായമായ അവസരം വാഗ്ഗൃഹീതാവിന് ഉണ്ടായിരിക്കണം.

പല കൂട്ടു വാഗ്ഗൃഹീതാക്കളിൽ ഒരാൾക്ക് നല്കുന്ന ആഫറിന് അവർക്ക് എല്ലാവർക്കും നല്കുന്ന ആഫറിനെന്നപോലെ നിയമാനുസൃതമായ അതേ അനന്തരഫലങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## ദൃഷ്ടാന്തം

ഒരു പ്രത്യേക ക്വാളിററിയുള്ള 100 കെട്ട് പരുത്തി 1873 മാർച്ച് ഒന്നാം തീയതി ഖ ക്ക്, അയാളുടെ പണ്ടകശാലയിൽ ഡെലിവർ ചെയ്യാമെന്ന് ക കാൺട്രാകററു ചെയ്യുന്നു. നിർവ്വഹിക്കാമെന്ന ഒരു ആഫർ ഈ വകുപ്പിൽ പറഞ്ഞ ഫലത്തോടുകൂടി ചെയ്യുന്നതിനായി, ആഫർ ചെയ്യപ്പെട്ട സാധനം കാൺട്രാക്ററ് ചെയ്ത ക്വാളിററിയുള്ള പരുത്തിയാണെന്നും 100 കെട്ടുണ്ടെന്നും തനിക്ക് ബോദ്ധ്യപ്പെടുന്നതിന് ഖ ക്ക് ന്യായമായ അവസരമുണ്ടാകത്തക്ക പരിതഃസ്ഥിതികളിൽ ആ പരുത്തി നിശ്ചിത ദിവസം ക ഖ യുടെ പണ്ടകശാലയിൽ കൊണ്ടുവരണം.

39. <u>വാഗ്ദാനം പൂർണ്ണമായി നിർവ്വഹിക്കുവാൻ കക്ഷി വിസമ്മതിക്കുന്നതിന്റെ ഫലം.</u>—കാൺട്രാക്ററിലെ ഒരു കക്ഷി, തന്റെ വാഗ്ദാനം പൂർണ്ണമായി നിർവ്വഹിക്കുവാൻ വിസമ്മതിക്കുകയോ തന്നെ കഴിവില്ലാത്തവനാക്കുകയോ ചെയ്തിട്ടുള്ളപ്പോൾ, വാഗ്ഗൃഹീതാവിന് കാൺട്രാകററ്, അത് തുടർന്നുകൊണ്ടു പോകുന്നതിനുള്ള തന്റെ സമ്മതം വാക്കുകളാലോ പ്രവൃത്തിയാലോ അറിയിച്ചിട്ടില്ലാത്തപക്ഷം, അവസാനിപ്പിക്കാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) പാട്ടുകാരിയായ ക ഒരു തീയേററിന്റെ മാനേജരായ ഖ യുമായി അടുത്ത രണ്ടു മാസക്കാലം എല്ലാ ആഴ്ചയും രണ്ടുരാത്രി അയാളുടെ തീയററിൽ പാടുന്നതിനുള്ള ഒരു കാൺട്രാക്ററിൽ ഏർപ്പെടുകയും ഓരോ രാത്രിയും പാടുന്നതിന് 100 രൂപ അവൾക്ക് കൊടുക്കാമെന്ന് ഖ ഏല്ക്കുകയും ചെയ്യുന്നു. ആറാമത്തെ രാത്രി ക തിയേററിൽ മനഃപൂർവ്വം വരാതിരിക്കുന്നു. കാൺട്രാക്ററ് അവസാനിപ്പിക്കുന്നതിന് ഖ ക്ക് സ്വാതന്ത്ര്യമുണ്ട്.

(ഖ) പാട്ടുകാരിയായ ക ഒരു തീയേററിലെ മാനേജരായ ഖ യുമായി അടുത്ത രണ്ടുമാസക്കാലം എല്ലാ ആഴ്ചയും രണ്ടുരാത്രി അയാളുടെ തീയേററിൽ പാടുന്നതിനുള്ള ഒരു കാൺട്രാക്ററിൽ ഏർപ്പെടുകയും, ഓരോ രാത്രിയും 100 രൂപ നിരക്കിൽ അവൾക്ക് കൊടുക്കാമെന്ന് ഖ ഏല്ക്കുകയും ചെയ്യുന്നു. ആറാമത്തെ രാത്രി ക മനഃപൂർവ്വം വരാതിരിക്കുന്നു.

ഏഴാമത്തെ രാത്രി ഖ യുടെ സമ്മതത്തോടുകൂടി ക പാടുന്നു. ആ കാൺട്രാക്റ്റ് തുടർന്നുപോകുന്നതിനുള്ള തന്റെ സമ്മതം ഖ അറിയിച്ചിട്ടുള്ളതും, അത് ഇപ്പോൾ അവസാനിപ്പിക്കാവുന്നതല്ലാത്തതും എന്നാൽ, ആറാമത്തെ രാത്രി പാടാത്തതുകൊണ്ട് തനിക്ക് നേരിട്ട നഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിന് ഖ ക്ക് അവകാശമുള്ളതുമാകുന്നു.

## കാൺട്രാക്റ്റുകൾ ആരു നിർവ്വഹിക്കണമെന്ന്

40. വാഗ്ദാനം നിർവ്വഹിക്കേണ്ട ആൾ ആരെന്ന്.—സംഗതിയുടെ സ്വഭാവത്തിൽനിന്ന്, കാൺട്രാക്റ്റിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വാഗ്ദാനം, വാഗ്ദാതാവു തന്നെ നിർവ്വഹിക്കേണ്ടതാണെന്ന് അതിലെ കക്ഷികൾക്ക് ഉദ്ദേശ്യമുണ്ടായിരുന്നെന്ന് തോന്നുന്നുവെങ്കിൽ. അങ്ങനെയുള്ള വാഗ്ദാനം, വാഗ്ദാതാവ് നിർവ്വഹിക്കണം. മററു സംഗതികളിൽ, വാഗ്ദാതാവിനോ അയാളുടെ പ്രതിനിധികൾക്കോ അത് നിർവ്വഹിക്കുവാൻ ക്ഷമതയുള്ള ഒരാളെ നിയോജിക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു തുക ഖ ക്ക് കൊടുക്കാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. ഖ ക്ക് പണം താൻതന്നെ നേരിട്ടു നല്കിയോ, മറെറാരാളെക്കൊണ്ട് കൊടുപ്പിച്ചോ ക യ്ക്ക് ഈ വാഗ്ദാനം നിർവ്വഹിക്കാവുന്നതും, കൊടുക്കുന്നതിന് നിശ്ചയിച്ച സമയത്തിന് മുൻപ് ക മരിച്ചുപോകുന്നുവെങ്കിൽ അയാളുടെ പ്രതിനിധികൾ ആ വാഗ്ദാനം നിർവ്വഹിക്കുകയോ അപ്രകാരം ചെയ്യാൻ തക്കതായ ഒരാളെ നിയോജിക്കുകയോ ചെയ്യേണ്ടതും ആണ്.

(ഖ) ഖ യ്ക്കുവേണ്ടി ഒരു ചിത്രം എഴുതാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. ക ഈ വാഗ്ദാനം താൻ തന്നെ നിർവ്വഹിക്കേണ്ടതാണ്.

41. മൂന്നാമതൊരാളിൽനിന്ന് നിർവ്വഹണം പ്രതിഗ്രഹിക്കുന്നതിന്റെ പ്രഭാവം.—വാഗ്ഗൃഹീതാവിന്, അയാൾ മൂന്നാമതൊരാളിൽ നിന്ന് വാഗ്ദാനത്തിന്റെ നിർവ്വഹണം പ്രതിഗ്രഹിക്കുമ്പോൾ അത് പിന്നീട് വാഗ്ദാതാവിനെതിരായി പ്രാവർത്തികമാക്കാവുന്നതല്ല.

42. കൂട്ടുബാദ്ധ്യതകളുടെ സംക്രമണം.—രണ്ടോ അതിലധികമോ ആളുകൾ ഒരു കൂട്ടുവാഗ്ദാനം ചെയ്തിട്ടുള്ളപ്പോൾ, കാൺട്രാക്റ്റുകൊണ്ട് വിപരീതമായ ഉദ്ദേശ്യം തോന്നാത്തപക്ഷം, അങ്ങനെയുള്ള എല്ലാ ആളുകളും അവരുടെ കൂട്ടായ ജീവിതകാലത്തും, അവരിൽ ഏതെങ്കിലും ആളുടെ മരണത്തിനുശേഷം അയാളുടെ പ്രതിനിധി, അതിജീവിക്കുന്നവനോ അതിജീവിക്കുന്നവരോ ആയി കൂട്ടായും, ഏററവും ഒടുവിൽ അതിജീവിക്കുന്ന ആളുടെ മരണത്തിനുശേഷം എല്ലാവരുടേയും പ്രതിനിധികൾ കൂട്ടായും, ആ വാഗ്ദാനം നിറവേററണം.

43. കൂട്ടുവാഗ്ദാതാക്കളിൽ ഏതൊരുവനേയും നിർവ്വഹിക്കുവാൻ നിർബന്ധിക്കണമെന്ന്.—രണ്ടോ അതിലധികമോ ആളുകൾ ഒരു കൂട്ടുവാഗ്ദാനം ചെയ്യുമ്പോൾ, അതിന് വിപരീതമായി പ്രകടമായ കരാറില്ലെങ്കിൽ, ആ വാഗ്ദാനം മുഴുവനും നിർവ്വഹിക്കുവാൻ വാഗ്ദാതാവിന് ആ കൂട്ടു വാഗ്ദാതാക്കളിൽ ഏതെങ്കിലും ഒരാളേയോ അതിലധികം ആളുകളേയോ നിർബന്ധിക്കാവുന്നതാണ്.

ഓരോ വാഗ്ദാതാവിനും അംശദായത്തിന് നിർബന്ധിക്കാമെന്ന്.—രണ്ടോ അതിലധികമോ കൂട്ടുവാഗ്ദാതാക്കളിൽ ഓരോ ആരംക്കും, കാൺട്രാക്റ്റിൽ നിന്ന് വിപരീതമായ ഉദ്ദേശ്യം തോന്നാത്തപക്ഷം, ആ വാഗ്ദാനത്തിന്റെ നിർവഹണത്തിന്, തന്നോടുകൂടി തുല്യമായി അംശദായം നല്കുവാൻ മറ്റോരോ കൂട്ടുവാഗ്ദാതാവിനേയും നിർബന്ധിക്കാവുന്നതാണ്,

അംശദായം നല്കുന്നതിലെ വീഴ്ചയാലുള്ള നഷ്ടം പങ്കിടൽ.—രണ്ടോ അതിലധികമോ കൂട്ടുവാഗ്ദാതാക്കളിൽ ഏതെങ്കിലും ആരം അങ്ങനെയുള്ള അംശദായം നല്കുന്നതിൽ വീഴ്ച വരുത്തുന്നുവെങ്കിൽ അങ്ങനെയുള്ള വീഴ്ചയാൽ ഉദ്ഭവിക്കുന്ന നഷ്ടം, അവശേഷിക്കുന്ന കൂട്ടുവാഗ്ദാതാക്കരം തുല്യ ഓഹരിയായി സഹിക്കണം.

വിശദീകരണം,—ഈ വകുപ്പിലുള്ള യാതൊന്നും, മൂല ഋണിക്കുവേണ്ടി ജാമ്യക്കാരൻ നല്കിയ തുക മൂല ഋണിയിൽനിന്ന് വസൂലാക്കുന്നതിൽനിന്ന് ജാമ്യക്കാരനെ തടയുകയോ, മൂലഋണിതുകകരം നല്കിയെന്നതുകൊണ്ട് ജാമ്യക്കാരിൽനിന്ന് എന്തെങ്കിലും വസൂലാക്കാൻ മൂല ഋണിക്ക് അവകാശം നല്കുകയോ ചെയ്യുന്നില്ല.

## ദൃഷ്ടാന്തങ്ങരം

(ക) ഘ യക്ക് 3,000 രൂപ നല്കാമെന്ന് ക യും ഖ യും ഗ യും കൂട്ടായി വാഗ്ദാനം ചെയ്യുന്നു. തനിക്ക് 3,000 രൂപ നല്കാൻഘ യക്ക് ക യേയോ, ഖ യേയോ ഗ യേയോ നിർബന്ധിക്കാവുന്നതാണ്.

(ഖ) 3,000 രൂപ ഘ ക്ക് നല്കാമെന്ന് ക യും ഖ യും ഗ യും കൂട്ടായി വാഗ്ദാനം ചെയ്യുന്നു. മുഴുവൻ തുകയും കൊടുക്കാൻ ഗ നിർബന്ധിക്കപ്പെടുന്നു. ക നിർദ്ധനനാണ്. എന്നാൽ അയാളുടെ ആസ്തികരം അയാളുടെ കടത്തിന്റെ പകുതികൊടുക്കാൻ മതിയായതാണ്. ക യുടെ എസ്റ്റേറ്റിൽ നിന്ന് 500 രൂപയും ഖ യിൽനിന്ന് 1,250 രൂപയും ലഭിക്കാൻ ഗ യ്ക്ക് അവകാശമുണ്ട്.

(ഗ) ഘ യ്ക്ക് 3,000 രൂപ കൊടുക്കാൻ ക യുടേയും ഖ യുടേയും ഗ യുടേയും ഒരു കൂട്ടുവാഗ്ദാനമുണ്ട്. ഗ യ്ക്ക്ഒന്നും കൊടുക്കാൻ കഴിവില്ലാതാവുകയും, മുഴുവൻ കൊടുക്കാൻ ക നിർബദ്ധനാവുകയും ചെയ്യുന്നു. ഖ യിൽനിന്ന് 1,500 രൂപ ലഭിക്കുവാൻ ക യ്ക്ക് അവകാശമുണ്ട്.

(ഘ) ഘ യ്ക്ക് 3,000 രൂപ കൊടുക്കാൻ ക യുടേയും ഖ യുടേയും ഗ യുടേയും ഒരു കൂട്ടുവാഗ്ദാനമുണ്ട്. ക യും ഖ യും ഗ യുടെ ജാമ്യക്കാർ മാത്രമാണ്. ഗ പണം കൊടുക്കാതിരിക്കുന്നു. മുഴുവൻ തുകയും കൊടുക്കുന്നതിന് ക യും ഖ യും നിർബദ്ധരായിത്തീരുന്നു, ഗ യിൽനിന്ന് അത് വസൂലാക്കുന്നതിന് അവർക്ക് അവകാശമുണ്ട്.

44. കൂട്ടു വാഗ്ദാതാക്കളിൽ ഒരാളെ ഒഴിവാക്കുന്നതിന്റെ ഫലം—രണ്ടോ അതിലധികമോ ആളുകരം ഒരു കൂട്ടുവാഗ്ദാനം ചെയ്തിട്ടുള്ളിടത്ത്, വാഗ്ഗൃഹീതാവ് അങ്ങനെയുള്ള കൂട്ടു വാഗ്ദാതാക്കളിൽ ഒരാളെ ഒഴിവാക്കുന്നത് മറ്റേ കൂട്ടുവാഗ്ദാതാവിന്റേയോ കൂട്ടുവാഗ്ദാതാക്കളുടേയോ ബാദ്ധ്യത ഇല്ലാതാക്കുന്നില്ല; അത് അങ്ങനെ ഒഴിവാക്കപ്പെട്ട കൂട്ടുവാഗ്ദാതാക്കളെ മറ്റു കൂട്ടു വാഗ്ദാതാവിനോടോ കൂട്ടുവാഗ്ദാതാക്കളോടോ ഉള്ള ഉത്തരവാദിത്വത്തിൽനിന്ന് മോചിപ്പിക്കുന്നുമില്ല.

45. <u>കൂട്ടവകാശങ്ങളുടെ സംക്രമണം.</u>—രണ്ടോ അതിലധികമോ ആളുകളോട് കൂട്ടായി ഒരാൾ ഒരു വാഗ്ദാനം ചെയ്തിട്ടുള്ളപ്പോൾ, കാൺട്രാക്ററിൽനിന്ന് വിപരീതമായി ഒരു ഉദ്ദേശ്യം തോന്നാത്തപക്ഷം, നിർവ്വഹണം ആവശ്യപ്പെടാനുള്ള അവകാശം, അയാളും അവരും തമ്മിലുള്ള കാര്യത്തിൽ അവരുടെ കൂട്ടായ ജീവിതകാലത്ത് അവരിലും, അവരിൽ ആരുടേയെങ്കിലും മരണശേഷം, അതിജീവിക്കുന്ന ആളോടോ, ആളുകളോടോ കൂട്ടായി അങ്ങനെ മരിച്ചുപോയ ആളുടെ പ്രതിനിധിയിലും, അവസാനം അതിജീവിക്കുന്ന ആളുടെ മരണശേഷം, എല്ലാവരുടേയും പ്രതിനിധികളിൽ കൂട്ടായും, സ്ഥിതിചെയ്യുന്നു.

### ദൃഷ്ടാന്തം

ക, തനിക്ക് ഖ യും ഗ യും കൂടി കടം തന്ന 5,000 രൂപയ്ക്ക് പ്രതിഫലമായി, വിനിർദ്ദിഷ്ടമായ ഒരു ദിവസം ആ തുക പലിശയോടുകൂടി മടക്കി കൊടുക്കാമെന്ന് ഖ യോടും ഗ യോടും കൂട്ടായി വാഗ്ദാനം ചെയ്യുന്നു. ഖ മരിക്കുന്നു. നിർവ്വഹണം ആവശ്യപ്പെടുവാനുള്ള അവകാശം ഗ ജീവിച്ചിരിക്കുമ്പോൾ, ഗ യോടുകൂട്ടായി ഖ യുടെ പ്രതിനിധിയിലും, ഗ യുടെ മരണശേഷം കൂട്ടായി ഖ യുടേയും ഗ യുടേയും പ്രതിനിധികളിലും സ്ഥിതിചെയ്യുന്നു.

### നിർവ്വഹണത്തിനുള്ള സമയവും സ്ഥലവും

46. <u>അപേക്ഷിക്കേണ്ടതായിട്ടില്ലാതിരിക്കുകയും സമയം വിനിർദ്ദേശിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് വാഗ്ദാനത്തിന്റെ നിർവ്വഹണത്തിനുള്ള സമയം.</u>—കാൺട്രാക്ററുകൊണ്ട്, വാഗ്ഗൃഹീതാവിന്റെ അപേക്ഷ കൂടാതെ വാഗ്ദാതാവ് തന്റെ വാഗ്ദാനം നിർവ്വഹിക്കേണ്ടതായിരിക്കുകയും, നിർവ്വഹണത്തിനുള്ള സമയം വിനിർദ്ദേശിച്ചിട്ടില്ലായിരിക്കുകയും ചെയ്യുന്നിടത്ത്, ഏററകാര്യം ന്യായമായ സമയത്തിനുള്ളിൽ നിർവ്വഹിക്കണം.

<u>വിശദീകരണം.</u>—"ന്യായമായ സമയം എന്താണ്" എന്ന പ്രശ്നം, ഓരോ പ്രത്യേക സംഗതിയിലും ഒരു വസ്തുതാപ്രശ്നമാകുന്നു.

47. <u>സമയം വിനിർദ്ദേശിച്ചിരിക്കുകയും അപേക്ഷിക്കേണ്ടതായിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് വാഗ്ദാന നിർവ്വഹണത്തിനുള്ള സമയവും സ്ഥലവും.</u>—ഒരു വാഗ്ദാനം ഒരു നിശ്ചിതദിവസം നിർവ്വഹിക്കേണ്ടതായിരിക്കുകയും, വാഗ്ഗൃഹീതാവിന്റെ അപേക്ഷ കൂടാതെ അത് നിർവ്വഹിക്കാമെന്ന് വാഗ്ദാതാവ് ഏററിരിക്കുകയും ചെയ്യുമ്പോൾ ആ ദിവസം സാധാരണ ബിസിനസ്സ് സമയത്ത് എപ്പോഴെങ്കിലും വാഗ്ദാനം നിർവ്വഹിക്കേണ്ട സ്ഥലത്തുവച്ച് വാഗ്ദാതാവിന് അത് നിർവ്വഹിക്കാവുന്നതാണ്.

### ദൃഷ്ടാന്തം

ജനുവരി ഒന്നാം തീയതി ഖ യുടെ പണ്ടകശാലയിൽ സാമാനങ്ങൾ ഡെലിവർ ചെയ്യാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. ആ ദിവസം ക ഖ യുടെ പണ്ടകശാലയിൽ സാമാനങ്ങൾ കൊണ്ടുവരുന്നു. എന്നാൽ സാധാരണമായി അത് അടയ്ക്കുന്ന സമയത്തിനുശേഷമാണ്. അവ സ്വീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നു. ക തന്റെ വാഗ്ദാനം നിർവ്വഹിച്ചിട്ടില്ല.

48. **ഒരു നിശ്ചിതദിവസം നിർവ്വഹിക്കണമെന്നുള്ള അപേക്ഷ ശരിയായ സമയത്തും സ്ഥലത്തുംവച്ച് വേണമെന്നുള്ളതായിരിക്കണമെന്ന്.**—ഒരു വാഗ്ദാനം നിശ്ചിതദിവസം നിർവ്വഹിക്കേണ്ടതായിരിക്കുകയും, വാഗ്ഗൃഹീതാവിന്റെ അപേക്ഷ കൂടാതെ അത് നിർവ്വഹിക്കാമെന്ന് വാഗ്ദാതാവ് ഏററിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ, നിർവ്വഹണം ശരിയായ സ്ഥലത്തുവച്ചും, സാധാരണ ബിസിനസ്സ് സമയത്തിനുള്ളിലും നടത്തണമെന്ന് അപേക്ഷിക്കേണ്ടത് വാഗ്ഗൃഹീതാവിന്റെ കർത്തവ്യമാകുന്നു.

**വിശദീകരണം.**—"ശരിയായ സമയവും സ്ഥലവും എന്താണ്?" എന്ന പ്രശ്നം, ഓരോ പ്രത്യേക സംഗതിയിലും, ഒരു വസ്തുത പ്രശ്നമാകുന്നു.

49. **നിർവ്വഹണത്തിന് അപേക്ഷിക്കേണ്ടതായിട്ടില്ലാതിരിക്കുകയും സ്ഥലം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് വാഗ്ദാന നിർവ്വഹണത്തിനുള്ള സ്ഥലം.**—വാഗ്ഗൃഹീതാവിന്റെ അപേക്ഷ കൂടാതെ വാഗ്ദാനം നിർവ്വഹിക്കേണ്ടതായിരിക്കുകയും, അതിന്റെ നിർവ്വഹണത്തിന് സ്ഥലം നിശ്ചയിച്ചിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ, വാഗ്ദാന നിർവ്വഹണത്തിന് ന്യായമായ സ്ഥലം നിശ്ചയിക്കുവാൻ വാഗ്ഗൃഹീതാവിനോട് അപേക്ഷിക്കുകയും അങ്ങനെയുള്ള സ്ഥലത്തുവച്ച് അത് നിർവ്വഹിക്കുകയും ചെയ്യേണ്ടത് വാഗ്ദാതാവിന്റെ കർത്തവ്യമാകുന്നു.

### ദൃഷ്ടാന്തം

ഒരു നിശ്ചിതദിവസം ആയിരം മന്ന് ചണം ഖ യ്ക്ക് ഡെലിവർ ചെയ്യാമെന്ന് ക ഏലക്കുന്നു. അത് സ്വീകരിക്കുന്നതിനുവേണ്ടി ന്യായമായ ഒരു സ്ഥലം നിശ്ചയിക്കുന്നതിന് ഖ യോട് ക, അപേക്ഷിക്കുകയും, അങ്ങനെയുള്ള സ്ഥലത്തുവച്ച് അത് അയാൾക്ക് ഡെലിവർ ചെയ്യുകയും ചെയ്യണം.

50. **വാഗ്ഗൃഹീതാവ് നിർണ്ണയിക്കുന്നതോ അനുമതി നല്കുന്നതോ ആയ രീതിയിലോ, സമയത്തോ ഉള്ള നിർവ്വഹണം.**—ഏതെങ്കിലും വാഗ്ദാനത്തിന്റെ നിർവ്വഹണം, വാഗ്ഗൃഹീതാവ് നിർണ്ണയിക്കുന്നതോ അനുമതി നല്കുന്നതോ ആയ ഏതെങ്കിലും രീതിയിലോ സമയത്തോ ആകാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഖ 2000 രൂപ ക യ്ക്ക് കൊടുക്കാനുണ്ട്. അത് ഒരു ബാങ്കറായ ഗ യുടെ പക്കലുള്ള ക യുടെ അക്കൗണ്ടിൽ ഇടണമെന്ന് ഖ യോട് ക ആഗ്രഹം പ്രകടിപ്പിക്കുന്നു. ഗ യുമായി തനിക്കും ബാങ്കിടപാടുള്ള ഖ തന്റെ അക്കൗണ്ടിൽ നിന്ന് ആ തുക ക യുടെ ക്രെഡിററിലേക്ക് മാററുവാൻ ആർഡർ നല്കുകയും, ഗ അതു ചെയ്യുകയും ചെയ്യുന്നു. പിന്നീട് മാററിയതിനെ പററി ക അറിയുന്നതിനുമുമ്പ് ഗ പൊളിയുന്നു. ഖ പണം ശരിക്കു കൊടുത്തിട്ടുണ്ട്.

(ഖ) ക യും ഖ യും അന്യോന്യം കടം വീട്ടാനുണ്ട്. കടത്തിന്റെ ഇനങ്ങൾ തട്ടിക്കഴിച്ച് ക യും ഖ യും കണക്കുനോക്കി തിട്ടപ്പെടുത്തുകയും, അങ്ങനെയുള്ള തിട്ടപ്പെടുത്തൽ പ്രകാരം താൻ കൊടുക്കേണ്ടതായി കണ്ട ബാക്കി തുക ഖ യ്ക്കു കൊടുക്കുകയും ചെയ്യുന്നു. ഇത് യഥാക്രമം, ക യും ഖ യും, അവർ അന്യോന്യം കൊടുക്കാനുണ്ടായിരുന്ന തുകകൾ, കൊടുക്കുന്നതിന് സമമാണ്.

(ഗ) ക 2000 രൂപ ഖ യ്ക്ക് കൊടുക്കാനുണ്ട്. കടത്തിലേയ്ക്ക് വക വച്ചുകൊണ്ട്, ക യുടെ ചില സാമാനങ്ങള്‍ ഖ സ്വീകരിക്കുന്നു. സാമാനങ്ങളുടെ ഡെലിവറി ഭാഗികമായ കടം വീട്ടല്‍ ആകുന്നതാണ്.

(ഘ) തനിക്ക് 100 രൂപ തരുവാനുള്ള ഖ, 100 രൂപയ്ക്കുള്ള ഒരു നോട്ട് പോസ്റ്റുവഴി തനിക്ക് അയച്ചു തരണമെന്ന് ക ആഗ്രഹം പ്രകടിപ്പിക്കുന്നു. ആ നോട്ട് അടങ്ങിയ, ക യുടെ ശരിയായ മേല്‍വിലാസം വച്ച ഒരു കത്ത് ഖ പോസ്റ്റില്‍ ഇടുന്ന ഉടന്‍ ആ കടം വീടുന്നു.

## പ്രതിവാഗ്ദാനങ്ങളുടെ നിര്‍വ്വഹണം

51. പ്രതി വാഗ്ഗൃഹീതാവ് നിര്‍വ്വഹണത്തിന് തയ്യാറായവനും ഒരുക്കമുള്ളവനും അല്ലാത്തപക്ഷം വാഗ്ദാതാവ് നിവ്വഹണത്തിന് ബാദ്ധ്യസ്ഥനല്ലെന്ന്.—ഒരു കാണ്‍ട്രാക്റ്റ്, ഒരേ സമയത്ത് നിര്‍വ്വഹിക്കപ്പെടേണ്ട പ്രതി വാഗ്ദാനങ്ങള്‍ അടങ്ങിയതാകുമ്പോള്‍, വാഗ്ഗൃഹീതാവ് തന്റെ പ്രതി വാഗ്ദാനം നിര്‍വ്വഹിക്കുന്നതിന് തയ്യാറായവനും സമ്മതമുള്ളവനും അല്ലാത്ത പക്ഷം, ഒരു വാഗ്ദാതാവും തന്റെ വാഗ്ദാനം നിര്‍വഹിക്കേണ്ടതില്ല.

## ദൃഷ്ടാന്തങ്ങള്‍

(ക) ഡെലിവര്‍ ചെയ്യുമ്പോള്‍ പണം നല്കണമെന്ന വ്യവസ്ഥയില്‍ ക ഖ യ്ക്ക് സാമാനങ്ങള്‍ ഡെലിവര്‍ ചെയ്യേണ്ടതാണെന്ന് ക യും ഖ യും കൂടി കാണ്‍ട്രാക്റ്റ് ചെയ്യുന്നു.

ഡെലിവര്‍ ചെയ്യുമ്പോള്‍ സാമാനങ്ങള്‍ക്ക് പണം നല്കാന്‍ ഖ തയ്യാറായവനും ഒരുക്കമുള്ളവനും അല്ലാത്തപക്ഷം, ക സാമാനങ്ങള്‍ ഡെലിവര്‍ ചെയ്യേണ്ടതില്ല.

പണം നല്കുമ്പോള്‍ സാമാനങ്ങള്‍ ഡെലിവര്‍ ചെയ്യാന്‍ ക തയ്യാറായവനും ഒരുക്കമുള്ളവനും അല്ലാത്തപക്ഷം, അവയ്ക്ക് ഖ പണം കൊടുക്കേണ്ടതില്ല.

(ഖ) തവണകളായി നല്കുകയും ഡെലിവര്‍ ചെയ്യുമ്പോള്‍ ഒന്നാമത്തെ തവണ നല്കുകയും ചെയ്യേണ്ട ഒരു വിലയ്ക്ക് ഖ യ്ക്ക് ക സാമാനങ്ങള്‍ ഡെലിവര്‍ ചെയ്യണമെന്ന് ക യും ഖ യും കൂടി കാണ്‍ട്രാക്റ്റ് ചെയ്യുന്നു.

ഡെലിവര്‍ ചെയ്യുമ്പോള്‍ ഒന്നാമത്തെ തവണ നല്കുന്നതിന് ഖ തയ്യാറായവനും സമ്മതമുള്ളവനും അല്ലാത്തപക്ഷം ക ഡെലിവര്‍ ചെയ്യേണ്ടതില്ല.

ഒന്നാമത്തെ തവണ നല്കുമ്പോള്‍ സാമാനങ്ങള്‍ ഡെലിവര്‍ ചെയ്യാന്‍ ക തയ്യാറായവനും സമ്മതമുള്ളവനും അല്ലാത്തപക്ഷം ഖ ഒന്നാമത്തെ തവണ നല്കേണ്ടതില്ല.

52. പ്രതി വാഗ്ദാനങ്ങളുടെ നിര്‍വ്വഹണ ക്രമം.—പ്രതി വാഗ്ദാനങ്ങള്‍ ഏതു ക്രമത്തിലാണ് നിര്‍വ്വഹിക്കേണ്ടതെന്നുള്ളത് കാണ്‍ട്രാക്റ്റിനാല്‍ പ്രകടമായി നിശ്ചയിച്ചിട്ടുള്ളിടത്ത്, അവ ആ ക്രമത്തില്‍ നിര്‍വ്വഹിക്കേണ്ടതും, ക്രമം കാണ്‍ട്രക്റ്റിനാല്‍ പ്രകടമായി നിശ്ചയിച്ചിട്ടില്ലാത്തിടത്ത്, അവ ഇടപാടിന്റെ സ്വഭാവം ആവശ്യപ്പെടുന്ന ക്രമത്തില്‍ നിര്‍വ്വഹിക്കേണ്ടതുമാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഒരു നിശ്ചിതവിലയ്ക്ക് ക ഖ യ്ക്ക് ഒരു വീടു പണി ചെയ്തു കൊടുക്കേണ്ടതാണെന്ന് ക യും ഖ യും കൂടി കാൺട്രാക്റ്റു ചെയ്യുന്നു. വീടു പണിചെയ്തു കൊടുക്കാമെന്നുള്ള ക യുടെ വാഗ്ദാനം, അതിന് പണം നല്കാമെന്നുള്ള ഖ യുടെ വാഗ്ദാനത്തിനു മുമ്പ് നിർവഹിക്കണം.

(ഖ) ക, തന്റെ വ്യാപാരത്തിന്റെ സ്റ്റോക്ക് ഒരു നിശ്ചിതവിലയ്ക്ക് ഖ യ്ക്ക് കൊടുക്കേണ്ടതാണെന്ന് ക യും ഖ യും കൂടി കാൺട്രാക്റ്റ് ചെയ്യുകയും പണം കൊടുക്കുന്നതിലേക്ക് ഈട് നല്കാമെന്ന് ഖ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. തന്റെ സ്റ്റോക്ക് ഡെലിവർ ചെയ്യുന്നതിനുമുമ്പായി ക യ്ക്ക് ഈട് കിട്ടിയിരിക്കണമെന്നുള്ളത് ഇടപാടിന്റെ സ്വഭാവം ആവശ്യപ്പെടുന്നതുകൊണ്ട്, ഈട് നല്കുന്നതുവരെ ക യുടെ വാഗ്ദാനം നിർവ്വഹിക്കേണ്ടതില്ല.

53. <u>കാൺട്രാക്റ്റ് പ്രഭാവത്തിൽ വരേണ്ടതിന് ആസ്പദമായ സംഭവം തടയുന്ന കക്ഷിയുടെ ബാദ്ധ്യത.</u>—ഒരു കാൺട്രാക്റ്റ് പ്രതി വാഗ്ദാനങ്ങൾ അടങ്ങിയതായിരിക്കുകയും ആ കാൺട്രാക്റ്റിലെ ഒരു കക്ഷി മറേറ കക്ഷി അയാളുടെ വാഗ്ദാനം നിർവ്വഹിക്കുന്നതിനെ തടയുകയും ചെയ്യുമ്പോൾ, അങ്ങനെ തടയപ്പെട്ട കക്ഷിക്ക് ഐച്ഛികമായി കാൺട്രാക്റ്റ് ശൂന്യമാക്കാവുന്നതായിത്തീരുന്നതും, കാൺട്രാക്റ്റ് നിർവ്വഹിക്കാത്തതിന്റെ അനന്തരഫലമായി തനിക്ക് നേരിടുന്ന ഏതെങ്കിലും നഷ്ടത്തിന് മറേറ കക്ഷിയിൽ നിന്ന് അയാൾക്ക് നഷ്ടപരിഹാരത്തിന് അവകാശമുള്ളതും ആകുന്നു.

### ദൃഷ്ടാന്തം

ആയിരം രൂപയ്ക്ക് ക യ്ക്ക് ഒരു പണി ഖ ചെയ്തു കൊടുക്കേണ്ടതാണെന്ന് ക യും ഖ യുംകൂടി കാൺട്രാക്റ്റ് ചെയ്യുന്നു. അതനുസരിച്ച് ആ പണി ചെയ്തുകൊടുക്കാൻ ഖ തയ്യാറായവനും ഒരുക്കമുള്ളവനും ആണ്, എന്നാൽ അയാൾ അങ്ങനെ ചെയ്യുന്നത് ക തടയുന്നു. ഖ യ്ക്ക് ഐച്ഛികമായി കാൺട്രാക്റ്റ് ശൂന്യമാക്കാവുന്നതും, അത് അയാൾ ഐച്ഛികമായി റദ്ദാക്കുന്നുവെങ്കിൽ, അത് നിർവ്വഹിക്കാത്തതുകൊണ്ട് അയാൾക്ക് നേരിട്ട ഏതെങ്കിലും നഷ്ടത്തിന് ക യിൽ നിന്ന് നഷ്ടപരിഹാരം വസൂലാക്കാൻ അവകാശമുള്ളതും, ആകുന്നു.

54. <u>പ്രതിവാഗ്ദാനങ്ങൾ അടങ്ങിയ കാൺട്രാക്റ്റിലെ ആദ്യം നിർവഹിക്കേണ്ട വാഗ്ദാനം സംബന്ധിച്ച് വീഴ്ച വരുത്തുന്നതിന്റെ ഫലം.</u>—ഒരു കാൺട്രാക്റ്റ്, അതിലെ പ്രതി വാഗ്ദാനങ്ങളിൽ ഒന്ന് മറേറത് നിർവഹിക്കുന്നതുവരെ നിർവ്വഹിക്കാൻ കഴിയാത്തതോ നിർവ്വഹിക്കണമെന്ന് അവകാശപ്പെടാവുന്നതല്ലാത്തതോ ആയ പ്രതിവാഗ്ദാനങ്ങൾ അടങ്ങിയതാകുകയും ഒടുവിൽ പറഞ്ഞ വാഗ്ദാനത്തിലെ വാഗ്ദാതാവ് അത് നിർവഹിക്കാതിരിക്കുകയും ചെയ്യുമ്പോൾ, അങ്ങനെയുള്ള വാഗ്ദാതാവിന് പ്രതിവാഗ്ദാനം നിർവഹിക്കണമെന്ന് അവകാശപ്പെടാവുന്നതല്ല ; കാൺട്രാക്റ്റ് നിർവഹിക്കാത്തതുകൊണ്ട് കാൺട്രാക്റ്റിലെ മറേറ കക്ഷിക്ക് നേരിടുന്ന ഏതെങ്കിലും നഷ്ടത്തിന് അങ്ങനെയുള്ള മറേറ കക്ഷിക്ക് അയാൾ നഷ്ടപരിഹാരം ചെയ്യുകയും വേണം.

## ദൃഷ്ടാന്തങ്ങൾ

(ക) ക നല്കുന്ന കപ്പൽചരക്ക്, അതു കൊണ്ടുപോകുന്നതിനുള്ള ഒരു ചരക്കുകൂലി ഖ വാങ്ങി കൽക്കട്ടയിൽ നിന്ന് മറീഷ്യസിലേയ്ക്ക് കയററിക്കൊണ്ടുപോകാൻ ഖ യുടെ കപ്പൽ ക വാടകയ്ക്ക് ഏർപ്പാടുചെയ്യുന്നു. കപ്പലിൽ കയററാൻ ക യാതൊരു ചരക്കും നല്കുന്നില്ല; ഖ യുടെ വാഗ്ദാനം നിർവ്വഹിക്കുന്നതിന് ക യ്ക്ക് അവകാശപ്പെടാവുന്നതല്ല; കാൺട്രാക്ററ് നിർവഹിക്കാത്തതുംകൊണ്ട് ഖ യ്ക്ക് നേരിടുന്ന നഷ്ടത്തിന് ഖ യ്ക്ക് നഷ്ടപരിഹാരം നല്കുകയും ചെയ്യണം.

(ഖ) ഒരു കെട്ടിടപ്പണിക്കാവശ്യമായ ചാരും തടിയും ഖ നല്കുവാനും ഒരു നിശ്ചിത വിലയ്ക്ക് ആ പണി താൻ നിർവഹിക്കാനും ക ഖ യുമായി കാൺട്രാക്ററു ചെയ്യുന്നു. എന്തെങ്കിലും ചാരോ തടിയോ നല്കാൻ ഖ വിസമ്മതിക്കുകയും ആ പണി നിർവഹിക്കാൻ കഴിയാതാവുകയും ചെയ്യുന്നു. ആ പണി ക നിർവഹിക്കേണ്ടതില്ല. കാൺട്രാക്ററ് നിർവ്വഹിക്കപ്പെടാത്തതുകൊണ്ട് ക യ്ക്ക് ഉണ്ടായിട്ടുള്ള ഏതു് നഷ്ടത്തിനും അയാൾക്ക് നഷ്ടപരിഹാരം ചെയ്യുവാൻ ഖ ബാദ്ധ്യസ്ഥനാകുന്നതും ആണ്.

(ഗ) ഒരു മാസത്തേയ്ക്ക് എത്തിച്ചേരാൻ കഴിയാത്ത ഒരു കപ്പലിലുള്ള ചരക്ക് വിനിർദ്ദിഷ്ടവിലയ്ക്ക് ഖ യ്ക്ക് ഡെലിവർ ചെയ്യാമെന്ന് ക അയാളുമായി കാൺട്രാക്ററു ചെയ്യുകയും, കാൺട്രാക്ററിന്റെ തീയതി മുതൽ ഒരാഴ്ചയ്ക്കകം ചരക്കിന്റെ വില കൊടുക്കാമെന്ന് ഖ ഏല്ക്കുകയും ചെയ്യുന്നു. ഒരാഴ്ചക്കകം ഖ പണം നല്കുന്നില്ല. ഡെലിവർ ചെയ്യാമെന്നുള്ള ക യുടെ വാഗ്ദാനം നിർവ്വഹിക്കേണ്ടതില്ല; ഖ നഷ്ടപരിഹാരം ചെയ്യുകയുംവേണം.

(ഘ) അടുത്തദിവസം ഡെലിവർ ചെയ്യേണ്ട നൂറു കെട്ടു ചരക്ക് ഖ യ്ക്ക് വില്ക്കാമെന്ന് ക അയാളോട് വാഗ്ദാനം ചെയ്യുകയും, ഒരു മാസത്തിനുള്ളിൽ അതിനു പണം നല്കാമെന്ന് ക യോട് ഖ വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. ക തന്റെ വാഗ്ദാനം അനുസരിച്ച് ഡെലിവർ ചെയ്യുന്നില്ല. പണം കൊടുക്കാമെന്നുള്ള ഖ യുടെ വാഗ്ദാനം നിർവ്വഹിക്കേണ്ടതില്ല; ക നഷ്ടപരിഹാരം ചെയ്യുകയും വേണം.

55. സമയം മർമ്മപ്രധാനമായി കാൺട്രാക്ററിൽ, നിശ്ചിത സമയത്ത് നിർവ്വഹിക്കാതിരിക്കുന്നതിന്റെ ഫലം.—ഒരു കാൺട്രാക്ററിലെ ഒരു കക്ഷി, ഒരു കാര്യം ഒരു വിനിർദ്ദിഷ്ട സമയത്തോ അതിനുമുമ്പോ, അല്ലെങ്കിൽ ചില കാര്യങ്ങൾ വിനിർദ്ദിഷ്ട സമയങ്ങളിലോ അതിനുമുമ്പോ, ചെയ്യാമെന്ന് വാഗ്ദാനം ചെയ്യുകയും, വിനിർദ്ദിഷ്ട സമയത്തോ അതിനുമുമ്പോ അങ്ങനെയുള്ള ഏതെങ്കിലും കാര്യം ചെയ്യാതിരിക്കുകയും ചെയ്യുമ്പോൾ, കാൺട്രാക്ററിൽ സമയം മർമ്മപ്രധാനമായിരിക്കണമെന്നായിരുന്നു കക്ഷികളുടെ ഉദ്ദേശ്യമെങ്കിൽ, കാൺട്രാക്ററോ അതിന്റെ നിർവ്വഹിക്കപ്പെടാത്തിടത്തോളമോ, വാഗ്ഗൃഹീതാവിന് ഐച്ഛികമായി ശൂന്യമാക്കാവുന്നതായിത്തീരുന്നു.

സമയം മർമ്മപ്രധാനമല്ലാത്തപ്പോൾ അങ്ങനെ ചെയ്യാതിരിക്കുന്നതിന്റെ ഫലം.—ആ കാൺട്രാക്ററിൽ സമയം മർമ്മപ്രധാനമായിരിക്കണമെന്ന് ആയിരുന്നില്ല കക്ഷികളുടെ ഉദ്ദേശ്യമെങ്കിൽ, അങ്ങനെയുള്ള കാര്യം വിനിർദ്ദിഷ്ടമായ സമയത്തോ അതിനു മുമ്പോ ചെയ്യാതിരിക്കുന്നതുകൊണ്ട് കാൺട്രാക്ററ് ശൂന്യമാക്കാവുന്നതായിത്തീരുന്നില്ല; എന്നാൽ അങ്ങനെ ചെയ്യാതിരിക്കുന്നതുകൊണ്ട് തനിക്ക് ഉണ്ടാകുന്ന ഏതു് നഷ്ടത്തിനും വാഗ്ഗൃഹീതാവിന് വാഗ്ദാതാവിൽ നിന്ന് നഷ്ടപരിഹാരത്തിന് അവകാശമുള്ളതുംആകുന്നു.

കരാറിലേതല്ലാത്ത സമയത്തുള്ള നിർവ്വഹണം പ്രതിഗ്രഹിക്കുന്നതിന്റെ ഫലം.—വാഗ്ദാതാവ്, വാഗ്ദാനം, കരാറിലെ സമയത്ത് നിർവ്വഹിക്കാത്തതുകൊണ്ട് ശൂന്യമാക്കാവുന്ന ഒരു കാൺട്രാക്ററിന്റെ സംഗതിയിൽ, കരാറിലേതല്ലാത്ത ഏതെങ്കിലും സമയത്തുള്ള അങ്ങനെയുള്ള വാഗ്ദാനത്തിന്റെ നിർവ്വഹണം വാഗ്ഗൃഹീതാവ് പ്രതിഗ്രഹിക്കുന്നുവെങ്കിൽ, അങ്ങനെ പ്രതിഗ്രഹിക്കുന്ന സമയത്ത് നഷ്ടപരിഹാരം അവകാശപ്പെടാനുള്ള തന്റെ ഉദ്ദേശ്യത്തെക്കുറിച്ച് വാഗ്ദാതാവിന്, അയാൾ നോട്ടീസ് നല്കുന്നില്ലെങ്കിൽ, കരാറിലെ സമയത്ത് വാഗ്ദാനം നിർവഹിക്കാത്തതുകൊണ്ട് ഉണ്ടായിട്ടുള്ള ഏതെങ്കിലും നഷ്ടത്തിന് വാഗ്ഗൃഹീതാവിന് നഷ്ടപരിഹാരം അവകാശപ്പെടാവുന്നതല്ല.

56. അസാദ്ധ്യമായ കൃത്യം ചെയ്യാനുള്ള കരാറുകൾ.—സ്വതേ അസാദ്ധ്യമായ ഒരു കൃത്യം ചെയ്യാനുള്ള കരാർ ശൂന്യമാകുന്നു.

പിന്നീട് അസാദ്ധ്യമോ നിയമവിരുദ്ധമോ ആയിത്തീരുന്ന കൃത്യം ചെയ്യാനുള്ള കാൺട്രാക്റ്റ്.—കാൺട്രാക്റ്റ് ഉണ്ടാക്കിയതിനുശേഷം, അസാദ്ധ്യമോ വാഗ്ദാതാവിന് തടയുവാൻ കഴിയാത്ത വല്ല സംഭവവും കാരണമായ നിയമവിരുദ്ധമോ ആയിത്തീരുന്ന ഒരു കൃത്യം ചെയ്യാനുള്ള കാൺട്രാക്റ്റ്, ആ കൃത്യം അസാദ്ധ്യമോ നിയമവിരുദ്ധമോ ആയിത്തീരുമ്പോൾ, ശൂന്യമായിത്തീരുന്നു.

അസാദ്ധ്യമോ നിയമവിരുദ്ധമോ ആണെന്ന് അറിയാവുന്ന കൃത്യം നിർവ്വഹിക്കാത്തതുകൊണ്ടുള്ള നഷ്ടത്തിന് നഷ്ടപരിഹാരം.—ഒരാൾ, അസാദ്ധ്യമോ നിയമവിരുദ്ധമോ ആണെന്ന് താൻ അറിഞ്ഞിരുന്നതോ ന്യായമായ ശ്രദ്ധയുണ്ടായിരുന്നാൽ തനിക്ക് അറിയാമായിരുന്നതോ ആയിരുന്നതും, വാഗ്ഗൃഹീതാവിന് അറിഞ്ഞുകൂടാതിരുന്നതുമായ വല്ലതും ചെയ്യാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളിടത്ത്, ആ വാഗ്ദാനം നിർവഹിക്കാത്തതുകൊണ്ട് അങ്ങനെയുള്ള വാഗ്ഗൃഹീതാവിന് നേരിടുന്ന ഏതു നഷ്ടത്തിനും വാഗ്ദാതാവ് വാഗ്ഗൃഹീതാവിന് നഷ്ടപരിഹാരം ചെയ്യണം.

## ദൃഷ്ടാന്തങ്ങൾ

(ക) ജാലവിദ്യകൊണ്ട് നിധി കണ്ടെത്താമെന്ന് ക ഖ യുമായി കരാർ ചെയ്യുന്നു. കരാർ ശൂന്യമാണ്.

(ഖ) ക യും ഖ യും അന്യോന്യം വിവാഹം കഴിക്കുവാൻ കാൺട്രാക്റ്റ് ചെയ്യുന്നു. വിവാഹത്തിന് നിശ്ചയിച്ച സമയത്തിനുമുമ്പ് ക യ്ക്ക് ഭ്രാന്തുപിടിക്കുന്നു. കാൺട്രാക്റ്റ് ശൂന്യമായിത്തീരുന്നു.

(ഗ) ഗ യെ വിവാഹം കഴിച്ചിരിക്കുകയും താൻ അധീനനായിട്ടുള്ള നിയമം ബഹുഭാര്യാത്വം വിലക്കിയിരിക്കുകയും ചെയ്തിരിക്കേ, ക ഖ യെ വിവാഹം ചെയ്യാമെന്ന് കാൺട്രാക്റ്റ് ചെയ്യുന്നു. തന്റെ വാഗ്ദാനം നിർവ്വഹിക്കാത്തതു കൊണ്ട് അവൾക്ക് ഉണ്ടായ നഷ്ടത്തിന് ഖ യ്ക്ക് ക നഷ്ടപരിഹാരം ചെയ്യണം.

(ഘ) ഖ യ്ക്ക് വേണ്ടി ഒരു വിദേശത്തുറമുഖത്തുനിന്ന് കപ്പൽ ചരക്ക് എടുക്കാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. അതിനുശേഷം, ക യുടെ ഗവൺമെന്റ്, ആ തുറമുഖം സ്ഥിതിചെയ്യുന്ന രാജ്യത്തിനെതിരെ യുദ്ധം പ്രഖ്യാപിക്കുന്നു. യുദ്ധം പ്രഖ്യാപിക്കുമ്പോൾ കാൺട്രാക്റ്റ് ശൂന്യമായിത്തീരുന്നു.

(ങ) ഖ മുൻകൂറായി നല്കിയ ഒരു തുകയ്ക്ക് പ്രതിഫലമായി ആറു മാസത്തേക്ക് ഒരു തിയേറ്ററിൽ അഭിനയിക്കാമെന്ന് ക കാൺട്രാക്റ്റു ചെയ്യുന്നു. പല അവസരങ്ങളിലും ക യ്ക്ക് അഭിനയിക്കാൻ കഴിയാത്ത്ര സുഖക്കേടായിരുന്നു. ആ അവസരങ്ങളിൽ അഭിനയിക്കാമെന്നുള്ള കാൺട്രാക്റ്റ് ശൂന്യമായിത്തീരുന്നു.

57. നിയമാനുസൃതമായ കാര്യങ്ങളും നിയമവിരുദ്ധമായ മററുകാര്യങ്ങളും കൂടി ചെയ്യാമെന്നുള്ള പ്രതിവാഗ്ദാനം.— ആദ്യമായി, നിയമാനുസൃതമായി ചില കാര്യങ്ങൾ ചെയ്യാനും രണ്ടാമതായി, വി നിർദ്ദിഷ്ടമായ പരിതഃസ്ഥിതികളിൽ നിയമവിരുദ്ധമായ മററു ചില കാര്യങ്ങൾ ചെയ്യാനും ആളുകൾ പ്രതിവാഗ്ദാനങ്ങൾ ചെയ്യുന്നിടത്ത്, വാഗ്ദാനങ്ങളുടെ ആദ്യത്തെ സെററ് കാൺട്രാക്റ്റും രണ്ടാമത്തേത് ശൂന്യമായ കരാറും ആകുന്നു.

## ദൃഷ്ടാന്തം

ക 10,000 രൂപയ്ക്ക് ഒരു പുര ഖ യ്ക്ക് വില്ക്കേണ്ടതാണെന്നും എന്നാൽ ഖ അത് ഒരു ചൂതുകളിപ്പുരയായി ഉപയോഗിക്കുന്നുവെങ്കിൽ അതിന് അയാൾ ക യ്ക്ക് 50,000 രൂപ കൊടുക്കേണ്ടതാണെന്നും ക യും ഖ യും കൂടി കരാർ ചെയ്യുന്നു.

പ്രതിവാഗ്ദാനങ്ങളുടെ ആദ്യത്തെ സെററ് അതായത് പുര വില്ക്കാമെന്നും അതിന് 10,000 രൂപ കൊടുക്കാമെന്നുമുള്ളത് കാൺട്രാക്റ്റാകുന്നു.

രണ്ടാമത്തെ സെററ് നിയമവിരുദ്ധമായ ഒരു ഉദ്ദേശ്യത്തിന്, അതായത് ഖ യ്ക്ക് അതു ഒരു ചൂതുകളിപ്പുരയായി ഉപയോഗിക്കാമെന്നതിന്, വേണ്ടിയുള്ളതും ശൂന്യമായ കരാറും ആകുന്നു.

58. ഒരു ശാഖ നിയമവിരുദ്ധമായ ആനുകല്പിക വാഗ്ദാനം.— ഒരു ശാഖ നിയമാനുസൃതവും മറേറത് നിയമവിരുദ്ധവുമായ ആനുകല്പിക വാഗ്ദാനത്തിന്റെ സംഗതിയിൽ, നിയമാനുസൃതമായ ശാഖ മാത്രമേ പ്രാവർത്തികമാക്കാൻ കഴിയുകയുള്ളൂ.

## ദൃഷ്ടാന്തം

ഖ യ്ക്ക് ക 1000 രൂപ നല്കേണ്ടതാണെന്നും, അതിന് ഖ അരിയോ കള്ളക്കടത്തുവഴി കൊണ്ടുവന്ന കറുപ്പോ പിന്നീട് ക യ്ക്ക് ഡെലിവർ ചെയ്യേണ്ടതാണെന്നും ക യും ഖ യും കൂടി കരാർ ചെയ്യുന്നു.

ഇത് അരി ഡെലിവർ ചെയ്യാൻ സാധുവായ കാൺട്രാക്റ്റും കറുപ്പു സംബന്ധിച്ച് ശൂന്യമായ കരാറും ആണ്.

## കൊടുത്ത പണത്തിന്റെ വിനിയോഗം

59. ഏതു കടമാണ് വീട്ടേണ്ടതെന്ന് സൂചിപ്പിച്ചിട്ടുള്ളിടത്ത് കൊടുക്കുന്ന പണത്തിന്റെ ഉപയോജനം.— ഒരാൾക്ക് വെവ്വേറെയുള്ള പല കടങ്ങൾ വീട്ടാനുള്ള ഒരു കടക്കാരൻ, കൊടുക്കുന്നപണം ഏതെങ്കിലും പ്രത്യേക കടം വീട്ടുന്നതിനു ഉപയോഗിക്കണമെന്ന പ്രകടമായ അറിയിപ്പോടുകൂടിയോ അങ്ങനെ വ്യഞ്ജിപ്പിക്കുന്ന പരിതഃസ്ഥിതികളിലോ അയാൾക്കു കൊടുക്കുന്നിടത്ത്, കൊടുക്കുന്ന പണം അത്, സ്വീകരിക്കപ്പെടുകയാണെങ്കിൽ, അതനുസരിച്ച് ഉപയോഗിക്കേണ്ടതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) മററു കടങ്ങളുടെ കൂട്ടത്തിൽ ഒരു പ്രോനോട്ടിൻമേൽ ജൂൺ ഒന്നാം തീയതി കൊടുക്കേണ്ട 1000 രൂപ ക ഖ യ്ക്ക് കൊടുക്കാനുണ്ട്. ആ തുകയ്ക്കുള്ള മററു യാതൊരു കടവും അയാൾ ഖ യ്ക്ക് കൊടുക്കാനില്ല. ജൂൺ ഒന്നാം തീയതി ക ഖ യ്ക്ക് 1000 രൂപ കൊടുക്കുന്നു. ആ തുക ആ പ്രോനോട്ടു കടം വീട്ടുന്നതിന് ഉപയോഗിക്കേണ്ടതാണ്.

(ഖ) മററു കടങ്ങളുടെ കൂട്ടത്തിൽ 567 രൂപ ക ഖ യ്ക്ക് കൊടുക്കാനുണ്ട്. ഖ ക യ്ക്ക് എഴുതുകയും ഈ തുക ആവശ്യപ്പെടുകയും ചെയ്യുന്നു. ക ഖ യ്ക്ക് 567 രൂപ അയച്ചുകൊടുക്കുന്നു. ഈ പണം ഖ ആവശ്യപ്പെട്ട കടം വീട്ടുന്നതിന് ഉപയോഗിക്കേണ്ടതാണ്.

60. ഏതു കടമാണ് വീട്ടേണ്ടതെന്ന് സൂചിപ്പിച്ചിട്ടില്ലാത്തിടത്ത് കൊടുക്കുന്ന പണത്തിന്റെ ഉപയോജനം.— ഏത് കടത്തിനാണ് കൊടുക്കുന്ന പണം ഉപയോഗിക്കേണ്ടതെന്ന് കടക്കാരൻ അറിയിക്കാൻ വിട്ടുപോയിരിക്കുകയും അത് സൂചിപ്പിക്കുന്ന മററു പരിതഃസ്ഥിതികളില്ലാതിരിക്കുകയും ചെയ്യുന്നിടത്ത് ഉത്തമർണ്ണന്, അത് യഥാർത്ഥമായി തനിക്ക് കിട്ടാനുള്ളതും കടക്കാരൻ തനിക്ക് കൊടുക്കേണ്ടതുമായ നിയമാനുസൃതമായ ഏതെങ്കിലും കടത്തിലേക്ക്, അതു വസൂലാക്കുന്നതിന് വ്യവഹാരങ്ങളുടെ കാലഹരണം സംബന്ധിച്ച് തൽസമയം നിലവിലുള്ള നിയമത്തിന്റെ തടസ്സ മുണ്ടെങ്കിലും ഇല്ലെങ്കിലും സ്വവിവേകം അനുസരിച്ച് ഉപയോഗിക്കാവുന്നതാണ്.

61. ഇരു കക്ഷികളിലാരും വിനിയോഗ നിർദ്ദേശം നല്കാത്തിടത്തു കൊടുക്കുന്ന പണത്തിന്റെ ഉപയോജനം.— ഇരു കക്ഷികളിലാരും ഒരു വിനിയോഗനിർദ്ദേശവും നല്കാത്തിടത്ത്, കൊടുക്കുന്ന പണം, സമയക്രമമനുസരിച്ച് കടങ്ങൾ, അവയ്ക്ക് വ്യവഹാരങ്ങളുടെ കാലഹരണം സംബന്ധിച്ച് തൽസമയം നിലവിലുള്ള നിയമത്തിന്റെ തടസ്സം ഉണ്ടെങ്കിലും ഇല്ലെങ്കിലും, വീട്ടുന്നതിലേക്ക് ഉപയോഗിക്കേണ്ടതാകുന്നു. കടങ്ങൾ തുല്യമായ പഴക്കമുള്ളവയാണെങ്കിൽ, കൊടുക്കുന്ന പണം ഓരോ കടവും ആനുപാതികമായി വീട്ടുന്നതിലേയ്ക്ക് ഉപയോഗിക്കേണ്ടതാകുന്നു.

### നിർവ്വഹിക്കേണ്ടതില്ലാത്ത കാൺട്രാക്ററുകൾ

62. കാൺട്രാക്ററ് പുതുക്കുകയോ റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുന്നതിന്റെ ഫലം.— ഒരു കാൺട്രാക്ററിലെ കക്ഷികൾ, അതിനു പകരം ഒരു പുതിയ കാൺട്രാക്ററ്ണ്ടാക്കുകയോ കാൺട്രാക്ററു റദ്ദാക്കുകയോ ഭേദപ്പെടുത്തുകയോ ചെയ്യുവാൻ കരാർ ചെയ്യുന്നുവെങ്കിൽ ആദ്യത്തെ കാൺട്രാക്ററ് നിർവ്വഹിക്കേണ്ടതില്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക, ഒരു കാൺട്രാക്ററിൻ കീഴിൽ ഖ യ്ക്ക് പണം കൊടുക്കാനുണ്ട്. ഖ അന്നുമുതല്ക്ക് ക യ്ക്ക് പകരം ഗ യെ തന്റെ അധമർണ്ണനായി അംഗീകരിക്കേണ്ടതാണെന്ന് ക യും ഖ യും ഗ യും തങ്ങളിൽ കരാർ ചെയ്യുന്നു. ഖ യ്ക്ക് കൊടുത്തു തീർക്കാനുള്ള ക യുടെ പഴയ കടം അവസാനിക്കുകയും ഖ യ്ക്ക് ഗ കൊടുത്തുതീർക്കുവാനുള്ള ഒരു പുതിയ കടത്തിന് കാൺട്രാക്ററ് ചെയ്യുകയും ചെയ്തിരിക്കുന്നു.

(ഖ) ക, ഖ യ്ക്ക് 10,000 രൂപ കൊടുക്കാനുണ്ട്. ഖ യുമായി ക ഒരു വ്യവസ്ഥയിൽ ഏർപ്പെടുകയും, 10,000 രൂപയുടെ കടത്തിന്റെ സ്ഥാനത്ത് 5,000 രൂപയ്ക്കുള്ള തന്റെ എസ്റ്റേററ്, ഖ യ്ക്ക് പണയം കൊടുക്കുകയും ചെയ്യുന്നു. ഇത് ഒരു പുതിയ കാൺട്രാക്ററാണ്, പഴയത് ഇല്ലാതാക്കുകയും ചെയ്യുന്നു.

(ഗ) ക, ഒരു കാൺട്രാക്ററിൻ കീഴിൽ ഖ യ്ക്ക് 1000 രൂപ കൊടുക്കാനുണ്ട്. ഖ, 1000 രൂപ ഗ യ്ക്ക് കൊടുക്കാനുണ്ട് ക യുടെ ബുക്കിൽ 1000 രൂപ ഗ യുടെ പേരിൽ വരവു വയ്ക്കാൻ ക യോട് ഖ നിർദ്ദേശിക്കുന്നു. എന്നാൽ ആ ഏർപ്പാടിന് ഗ സമ്മതിക്കുന്നില്ല. ഖ ഇപ്പോഴും ഗ യ്ക്ക് 1000 രൂപ കൊടുക്കാനുണ്ട്; ഒരു പുതിയ കാൺട്രാക്ററും ഉണ്ടാക്കിയിട്ടില്ല.

63. <u>വാഗ്ഗൃഹീതാവിന് വാഗ്ദാനത്തിന്റെ നിർവ്വഹണം വേണ്ടെന്നു വയ്ക്കുകയോ ഇളവുചെയ്യുകയോ ചെയ്യാമെന്ന്.</u>— ഏതൊരു വാഗ്ഗൃഹീതാവിനും, തന്നോടു ചെയ്തിട്ടുള്ള വാഗ്ദാനത്തിന്റെ നിർവ്വഹണം പൂർണ്ണമായോ ഭാഗികമായോ വേണ്ടെന്നു വയ്ക്കുകയോ ഇളവുചെയ്യുകയോ, അല്ലെങ്കിൽ നിർവ്വഹണത്തിനുള്ള സമയം നീട്ടിക്കൊടുക്കുകയോ, അല്ലെങ്കിൽ നിർവ്വഹണത്തിന് പകരം തനിക്ക് യുക്തമെന്നുതോന്നുന്ന ഏതെങ്കിലും തോഷണം സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ഖ യ്ക്ക് വേണ്ടി ഒരു ചിത്രം എഴുതാമെന്ന് ക വാഗ്ദാനം ചെയ്യുന്നു. പിന്നീട് ഖ അയാളെ അങ്ങനെ ചെയ്യുന്നതിൽ നിന്ന് വിലക്കുന്നു. വാഗ്ദാനം നിർവ്വഹിക്കാൻ ക ഇനി ബാദ്ധ്യസ്ഥനല്ല.

(ഖ) ക, 5000 രൂപ ഖ യ്ക്ക് കൊടുക്കാനുണ്ട്. 5000 രൂപ കൊടുക്കേണ്ട സമയത്തും സ്ഥലത്തും വച്ച് ഖ യ്ക്ക് ക നല്കിയ 2000 രൂപ മുഴുവൻ കടവും തീർന്ന നിലയ്ക്ക് ഖ സ്വീകരിക്കുന്നു. കടബാദ്ധ്യത മുഴുവനും തീർന്നിരിക്കുന്നു.

(ഗ) ക, 5000 രൂപ, ഖ യ്ക്കു കൊടുക്കാനുണ്ട്, ഖ യ്ക്ക് ഗ 1000 രൂപ നല്കുയും ക യുടെ മേലുള്ള തന്റെ അവകാശം തീർന്ന നിലയ്ക്ക് അത് ഖ സ്വീകരിക്കുകയും ചെയ്യുന്നു. ഈ പണം കൊടുക്കൽ മുഴുവൻ അവകാശ ബാദ്ധ്യതയും തീർക്കലാണ്.

(ഘ) ക, ഒരു കാൺട്രാക്ററിൻ കീഴിൽ ഖ യ്ക്ക് പണം കൊടുക്കാനുണ്ട്, അതിന്റെ തുക തിട്ടപ്പെടുത്തിയിട്ടില്ല. തുക തിട്ടപ്പെടുത്താതെ ക 2000 രൂപ ഖ യ്ക്കു നല്കുകയും, ഇടപാടു തീർന്ന നിലയ്ക്ക് ഖ അതു സ്വീകരിക്കുകയും ചെയ്യുന്നു. ഇത്, മുഴുവൻ കടത്തിന്റേയും തുക എന്തു തന്നെയായിരുന്നാലും ബാദ്ധ്യത തീർക്കലാണ്.

(ങ) ക 2000 രൂപ ഖ യ്ക്ക് കൊടുക്കാനുണ്ട്. മററ് ഉത്തമർണ്ണൻമാർക്കും കടം വീട്ടാനുണ്ട്. അവരുടെ യഥാക്രമമുള്ള ഡിമാൻറുകൾക്ക് രൂപയ്ക്ക് എട്ട് അണ വച്ചുള്ള ഒരു കംപോസിഷൻ തുക അവർക്ക് കൊടുക്കാമെന്ന് ഖ ഉൾപ്പെടെയുള്ള തന്റെ ഉത്തമർണ്ണൻമാരുമായി ക വ്യവസ്ഥ ചെയ്യുന്നു. ഖ യ്ക്ക് 1000 രൂപ കൊടുക്കൽ ഖ യുടെ ഡിമാൻറിന്റെ ബാദ്ധ്യത തീർക്കലാണ്.

64. **ശൂന്യമാക്കാവുന്ന കാൺട്രാക്റ്റ് റദ്ദാക്കുന്നതിന്റെ അനന്തര ഫലങ്ങൾ.**—ഒരു കാൺട്രാക്റ്റ് ഐച്ഛികമായി ശൂന്യമാക്കാവുന്ന ഒരാൾ അത് റദ്ദാക്കുമ്പോൾ, അതിലെ മറ്റെ കക്ഷി, താൻ വാഗ്ദാതാവായ അതിലടങ്ങിയ ഏതെങ്കിലും വാഗ്ദാനം നിർവ്വഹിക്കേണ്ടതില്ല. ശൂന്യമാക്കാവുന്ന ഒരു കാൺട്രാക്റ്റ് റദ്ദാക്കുന്ന കക്ഷി, അയാൾക്ക് അങ്ങനെയുള്ള കാൺട്രാക്റ്റിലെ മറ്റൊരു കക്ഷിയിൽനിന്ന് അതുപ്രകാരം ഏതെങ്കിലും ഗുണം കിട്ടിയിട്ടുണ്ടെങ്കിൽ, അത്, കഴിയുന്നിടത്തോളം, ആരിൽ നിന്നാണോ അത് കിട്ടിയിട്ടുള്ളത്, ആ ആൾക്ക് തിരിയെ കൊടുക്കേണ്ടതാകുന്നു.

65. **ശൂന്യമായ കരാറിനോ ശൂന്യമായിത്തീരുന്ന കാൺട്രാക്റ്റിനോ കീഴിൽ പ്രയോജനം കിട്ടിയിട്ടുള്ള ആളുടെ കടമ.**— ഒരു കരാർ ശൂന്യമാണെന്ന് വെളിപ്പെടുമ്പോഴോ ഒരു കാൺട്രാക്റ്റ് ശൂന്യമായിത്തീരുമ്പോഴോ അങ്ങനെയുള്ള കരാറിനോ കാൺട്രാക്റ്റിനോ കീഴിൽ എന്തെങ്കിലും പ്രയോജനം കിട്ടിയിട്ടുള്ള, ഏതെങ്കിലും ആൾ, അത് ആരിൽ നിന്നാണോ തനിക്ക് കിട്ടിയിട്ടുള്ളത്, അയാൾക്ക് തിരിയെ കൊടുക്കുകയോ അതിന് നഷ്ടപരിഹാരം ചെയ്യുകയോ ചെയ്യുന്നതിന് ബാദ്ധ്യസ്ഥനാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക യുടെ മകളായ ഗ യെ വിവാഹം കഴിക്കാമെന്ന് ഖ വാഗ്ദാനം ചെയ്തതിന്റെ പ്രതിഫലമായി ക ഖ യ്ക്ക് 1000 രൂപ നല്കുന്നു. വാഗ്ദാന സമയത്ത് ഗ മരിച്ചുപോയിരുന്നു. കരാർ ശൂന്യമാണ്, എന്നാൽ ഖ ആ 1000 രൂപ ക യ്ക്ക് തിരിയെ കൊടുക്കണം.

(ഖ) മേയ് ഒന്നാം തീയതിക്ക് മുമ്പായി 250 മന്ന് അരി ഖ യ്ക്ക് ഡെലിവർ ചെയ്യുന്നതിന് ക അയാളുമായി കാൺട്രാക്റ്റ് ചെയ്യുന്നു. ആ ദിവസത്തിനു മുമ്പായി 130 മന്ന് മാത്രം 'ക' ഡെലിവർ ചെയ്യുകയും പിന്നീട് ഒന്നും ഡെലിവർ ചെയ്യാതിരിക്കുകയും ചെയ്യുന്നു. മേയ് ഒന്നാം തീയതിക്കുശേഷം ആ 130 മന്ന് ഖ കൈവശം വയ്ക്കുന്നു. ക യ്ക്ക് അതിനുള്ള പണം കൊടുക്കാൻ അയാൾ ബാദ്ധ്യസ്ഥനാണ്.

(ഗ) പാട്ടുകാരിയായ ക ഒരു തീയേറ്ററിന്റെ മാനേജരായ ഖ യുമായി അടുത്ത രണ്ടുമാസം എല്ലാ ആഴ്ചയും രണ്ടുരാത്രി അയാളുടെ തീയേറ്ററിൽവച്ച് പാടാൻ കാൺട്രാക്റ്റ് ചെയ്യുകയും, ഓരോ രാത്രിയും പാടുന്നതിന് നൂറു രൂപ അവൾക്ക് കൊടുക്കാമെന്ന് ഖ ഏല്ക്കുകയും ചെയ്യുന്നു. ആറാമത്തെ രാത്രി ക മനഃപൂർവ്വം തീയേറ്ററിൽ വരാതിരിക്കുകയും അതിന്റെ ഫലമായി ഖ ആ കാൺട്രാക്റ്റ് റദ്ദാക്കുകയും ചെയ്യുന്നു. ക പാടിയിട്ടുള്ള അഞ്ച് രാത്രിയ്ക്ക് ഖ അവർക്ക് പണം നല്കണം.

(ഘ) മുൻകൂറായി കൊടുത്ത 1000 രൂപക്ക്, ഖ യ്ക്കുവേണ്ടി ഒരു സംഗീതക്കച്ചേരിയിൽ പാടാൻ ക കാൺട്രാക്റ്റ് ചെയ്യുന്നു. പാടാൻ സാധിക്കാത്തവിധം ക യ്ക്ക് സുഖക്കേട് ആകുന്നു. ക യ്ക്ക് പാടാൻ കഴിയുമായിരുന്നു എങ്കിൽ ഖ യ്ക്ക് കിട്ടുമായിരുന്ന ലാഭം നഷ്ടപ്പെട്ടതിന് ഖ യ്ക്ക് നഷ്ടപരിഹാരം ചെയ്യാൻ ക ബാദ്ധ്യസ്ഥനല്ല; എന്നാൽ മുൻകൂറായി കൊടുത്ത 1000 രൂപ 'ഖ' യ്ക്ക് മടക്കിക്കൊടുക്കണം.

**66. ശൂന്യമാക്കാവുന്ന കാൺട്രാക്റ്റിന്റെ റദ്ദാക്കൽ അറിയിക്കുകയോ പിൻവലിക്കുകയോ ചെയ്യേണ്ട വിധം.—** ശൂന്യമാക്കാവുന്ന ഒരു കാൺട്രാക്റ്റിന്റെ റദ്ദാക്കൽ, ഒരു നിർദ്ദേശം അറിയിക്കുകയോ പിൻവലിക്കുകയോ ചെയ്യുന്നതിന് ബാധകമായ രീതിയും ചട്ടങ്ങളും ഏതാണോ, ആ രീതിയിലും ആ ചട്ടങ്ങൾക്ക് വിധേയമായും, അറിയിക്കുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്.

**67. വാഗ്ദാതാവിന് നിർവ്വഹണത്തിന് ന്യായമായ സൗകര്യങ്ങൾ നല്കാൻ വാഗ്ഗൃഹീതാവ് ഉപേക്ഷ കാണിക്കുന്നതിന്റെ ഫലം :—** ഏതെങ്കിലും വാഗ്ഗൃഹീതാവ്, വാഗ്ദാതാവിന്, അയാളുടെ വാഗ്ദാനം നിർവ്വഹിക്കുന്നതിന് ന്യായമായ സൗകര്യങ്ങൾ നല്കാൻ ഉപേക്ഷ കാണിക്കുകയോ വിസമ്മതിക്കുകയോ ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ള ഉപേക്ഷയോ വിസമ്മതമോ അത് കാരണം എന്തെങ്കിലും നിർവ്വഹിക്കാതിരിക്കുന്നത് സംബന്ധിച്ചുള്ള ബാദ്ധ്യതയിൽനിന്ന്, വാഗ്ദാതാവിനെ ഒഴിവാക്കുന്നതാണ്.

### ദൃഷ്ടാന്തം

ഖ യുടെ വീട് കേടുപാടു തീർക്കാൻ അയാളുമായി ക കാൺട്രാക്റ്റ് ചെയ്യുന്നു.

ഏതെല്ലാം സ്ഥലങ്ങളിലാണ് തന്റെ വീട്ടിന് കേടുപാടു തീർക്കേൽ വേണ്ടതെന്ന് ക യ്ക്ക് കാണിച്ചുകൊടുക്കാൻ ഖ ഉപേക്ഷ കാണിക്കുകയോ വിസമ്മതിക്കുകയോ ചെയ്യുന്നു.

കാൺട്രാക്റ്റ് നിർവ്വഹിക്കാതിരുന്നത് അങ്ങനെയുള്ള ഉപേക്ഷയോ വിസമ്മതമോ കാരണമാണെങ്കിൽ അതിനുള്ള ബാദ്ധ്യതയിൽനിന്ന് ക ഒഴിവാക്കപ്പെടുന്നതാണ്.

## അദ്ധ്യായം V

## കാൺട്രാക്റ്റ് സൃഷ്ടിക്കുന്ന ബന്ധങ്ങളോട് സദൃശമായ ചില ബന്ധങ്ങളെക്കുറിച്ച്

**68. കാൺട്രാക്റ്റ് ചെയ്യാൻ അസമർത്ഥനായ ആൾക്കോ അയാൾക്കു വേണ്ടിയോ നല്കിയ ആവശ്യക സാധനങ്ങൾ സംബന്ധിച്ചുള്ള അവകാശം.—** കാൺട്രാക്റ്റിൽ ഏർപ്പെടാൻ അസമർത്ഥനായ ഒരാൾക്കോ, അയാൾ സംരക്ഷിക്കാൻ നിയമപ്രകാരം ബാദ്ധ്യസ്ഥനായ ഏതെങ്കിലും ആൾക്കോ, അയാളുടെ ജീവിതനിലയ്ക്ക് അനുയോജ്യമായ ആവശ്യക സാധനങ്ങൾ മറ്റൊരാൾ നല്കുന്നുവെങ്കിൽ, അങ്ങനെയുള്ള സാധനങ്ങൾ നല്കിയ ആൾക്ക് അസമർത്ഥനായ ആളുടെ വസ്തുവിൽനിന്ന് പ്രതിപൂരണം കിട്ടാൻ അവകാശമുള്ളതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഭ്രാന്തനായ ഖ യ്ക്ക്, അയാളുടെ ജീവിതനിലയ്ക്ക് അനുയോജ്യമായ ആവശ്യക സാധനങ്ങൾ ക നല്കുന്നു. ഖ യുടെ വസ്തുവിൽനിന്ന് പ്രതിപൂരണം കിട്ടാൻ ക യ്ക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

(ഖ) ഭ്രാന്തനായ ഖ യുടെ ഭാര്യയ്ക്കും കുട്ടികൾക്കും അവരുടെ ജീവിതനിലയ്ക്ക് അനുയോജ്യമായ ആവശ്യക സാധനങ്ങൾ ക നല്കുന്നു. ഖ യുടെ വസ്തുവിൽനിന്ന് പ്രതിപൂരണം കിട്ടാൻ ക യ്ക്ക അവകാശമുണ്ട്.

69. മറ്റൊരാൾ കൊടുക്കേണ്ട പണം കൊടുക്കുന്നതിൽ താത്പര്യമുള്ള ഒരാൾ അത് കൊടുക്കുന്നതിന് അയാൾക്കുള്ള പ്രതിപൂരണം.— കൊടുക്കുവാൻ മറ്റൊരാൾക്ക് നിയമപ്രകാരം ബാദ്ധ്യതയുള്ള പണം കൊടുക്കുന്നതിൽ താത്പര്യം ഉണ്ടായിരിക്കുകയും അതുകൊണ്ട് അത് കൊടുക്കുകയും ചെയ്യുന്ന ഒരാൾക്ക് മറ്റേ ആളിൽനിന്ന് പ്രതിപൂരണം കിട്ടുവാൻ അവകാശമുള്ളതാകുന്നു.

## ദൃഷ്ടാന്തം

ഖ യ്ക്ക് ജമീന്ദാറായ ക ബംഗാളിൽ പാട്ട വ്യവസ്ഥയിൻമേൽ നല്കിയ ഭൂമി കൈവശമുണ്ട്. ക ഗവൺമെൻറിലേക്ക് കൊടുക്കേണ്ട നികുതി കുടിശ്ശികയായതിനാൽ ഗവൺമെൻറ് അയാളുടെ ഭൂമി വില്ക്കുന്നതിനുവേണ്ടി പരസ്യം ചെയ്യുന്നു. നികുതിനിയമത്തിൻകീഴിൽ അങ്ങനെയുള്ള വില്പനയുടെ അനന്തരഫലമായി ക യുടെ പാട്ടവ്യവസ്ഥ റദ്ദാകുന്നതാണ്. വില്പനയും തത്ഫലമായി തൻെറ പാട്ടവ്യവസ്ഥ റദ്ദാകുന്നതും തടയുവാൻ ഖ ഗവൺമെൻറിന് ക യിൽനിന്ന് കിട്ടേണ്ട തുക കൊടുക്കുന്നു. അപ്രകാരം കൊടുത്ത തുക ഖ യ്ക്ക് പ്രതിപൂരണം ചെയ്യാൻ ക ബാദ്ധ്യസ്ഥനാണ്.

70. സൗജന്യമായിട്ടല്ലാതെ ചെയ്യുന്ന കൃത്യത്തിൻെറ ഗുണം അനുഭവിക്കുന്ന ആളുടെ കടമ.— സൗജന്യമായി ചെയ്യാൻ ഉദ്ദേശിച്ചുകൊണ്ടല്ലാതെ ഒരാൾ നിയമാനുസൃതം മറ്റൊരാൾക്കുവേണ്ടി എന്തെങ്കിലും ചെയ്യുകയോ അയാൾക്ക് എന്തെങ്കിലും നല്കുകയോ ചെയ്യുകയും അതിൻെറ ഗുണം മറ്റേയാൾ അനുഭവിക്കുകയും ചെയ്യുന്നിടത്ത്, അപ്രകാരം ചെയ്യുകയോ നല്കുകയോ ചെയ്ത കാര്യമോ സാധനമോ സംബന്ധിച്ച് ആ മറ്റേ ആൾ ആദ്യം പറഞ്ഞ ആൾക്ക് നഷ്ടപരിഹാരം ചെയ്യുകയോ തിരിയെ കൊടുക്കുകയോ ചെയ്യാൻ ബാദ്ധ്യസ്ഥനാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു വ്യാപാരിയായ ക തെററായി ഖ യുടെ വീട്ടിൽ സാമാനങ്ങൾ വച്ചിട്ടുപോരുന്നു. ഖ അവ സ്വന്തമെന്നപോലെ, കൈകാര്യം ചെയ്യുന്നു. അയാൾ അവയ്ക്കുള്ള പണം ക യ്ക്ക് കൊടുക്കാൻ ബാദ്ധ്യസ്ഥനാണ്.

(ഖ) ക തീയിൽനിന്ന് ഖ യുടെ വസ്തുക്കൾ രക്ഷിക്കുന്നു. സൗജന്യമായി പ്രവർത്തിക്കാനാണ് ക ഉദ്ദേശിച്ചിരുന്നതെന്ന് പരിതഃസ്ഥിതകൾ കാണിക്കുന്നുവെങ്കിൽ ഖ യിൽ നിന്ന് നഷ്ടപരിഹാരത്തിന് ക യ്ക്ക് അവകാശമുണ്ടായിരിക്കുന്നതല്ല.

71. സാമാനങ്ങൾ കണ്ടുകിട്ടിയ ആളുടെ ഉത്തരവാദിത്വം.—മറ്റൊരാളുടെ വകയായ സാമാനങ്ങൾ കണ്ടുകിട്ടുകയും അവ തൻെറ കസ്ററഡിയിൽ എടുക്കുകയും ചെയ്യുന്ന ഒരാൾ, ഒരു ബെയിലിക്കുള്ളതുപോലെയുള്ള അതേ ഉത്തരവാദിത്വത്തിന് വിധേയനാകുന്നു.

72. ആർക്കാണ് തെററായോ ബലാൽക്കാരണത്തിനധീനനായോ എന്തെങ്കിലും സാധനം നല്കുകയോ ചെയ്തിട്ടുള്ളത്, അയാളുടെ ബാദ്ധ്യത.—ആർക്കാണോ തെററായോ ബലാൽക്കാരണത്തിന് അധീനനായോ പണം കൊടുക്കുകയോ എന്തെങ്കിലും സാധനം നല്കുകയോ ചെയ്തിട്ടുള്ളത്, അയാൾ അത് മടക്കിക്കൊടുക്കുകയോ തിരിയെ നല്കുകയോ ചെയ്യണം.

### ദൃഷ്ടാന്തങ്ങൾ

(ക) ക യും ഖ യും കൂടി 100 രൂപ ഗ യ്ക്ക് കൊടുക്കുവാനുണ്ട്. ക തനിച്ച് ആ തുക ഗ യ്ക്ക് കൊടുക്കുകയും ഈ വസ്തുത അറിയാതെ ഖ യും 100 രൂപ ഗ യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. ഖ യ്ക്ക് ആ തുക തിരിയെ നല്കാൻ ഗ ബാദ്ധ്യസ്ഥനാണ്.

(ഖ) നിയമവിരുദ്ധമായ വാഹനചാർജ്ജ് നല്കാതെ ചില സാമാനങ്ങൾ കൺസൈനിക്ക് ഡെലിവർ ചെയ്യാൻ ഒരു റെയിൽവേ കമ്പനി വിസമ്മതിക്കുന്നു. സാമാനങ്ങൾ കിട്ടുന്നതിനുവേണ്ടി കൺസൈനി ചാർജ്ജ് ചെയ്ത തുക കൊടുക്കുന്നു. ചാർജ്ജിൽ നിയമ വിരുദ്ധമായി കൂടുതലായിടത്തോളം വസൂലാക്കാൻ അയാൾക്ക് അവകാശമുണ്ട്.

## അദ്ധ്യായം VI

## കാൺട്രാക്റ്റ് ലംഘനത്തിൻെറ അനന്തര ഫലങ്ങളെക്കുറിച്ച്

73. കാൺട്രാക്റ്റ് ലംഘനത്താൽ ഉണ്ടായിട്ടുള്ള നഷ്ടത്തിനോ നാശനഷ്ടത്തിനോ ഉള്ള നഷ്ടപരിഹാരം.—ഒരു കാൺട്രാക്റ്റ് ലംഘിക്കപ്പെട്ടിരിക്കുമ്പോൾ, അങ്ങനെയുള്ള ലംഘനത്താൽ നഷ്ടം നേരിടുന്ന കക്ഷിക്ക് ലംഘനത്താൽ തനിക്ക് നേരിട്ടിട്ടുള്ളതും അതിൽനിന്ന് സാധാരണഗതിയിൽ സ്വാഭാവികമായി ഉദ്ഭവിച്ചതോ കാൺട്രാക്റ്റിൽ ഏർപ്പെട്ടപ്പോൾ അതിൻെറ ലംഘനത്തിൻെറ ഫലമായി ഉണ്ടാകുവാൻ ഇടയുണ്ടെന്ന് കക്ഷികൾക്ക് അറിയാമായിരുന്നതോ ആയതും ആയ ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ, കാൺട്രാക്റ്റ് ലംഘിച്ച കക്ഷിയിൽനിന്ന് നഷ്ടപരിഹാരം ലഭിക്കുന്നതിന് അവകാശമുള്ളതാകുന്നു.

അങ്ങനെയുള്ള നഷ്ടപരിഹാരം, ലംഘനം കാരണമായി നേരിട്ട ഏതെങ്കിലും വിദൂരവും പരോക്ഷവുമായ നഷ്ടത്തിനോ നാശനഷ്ടത്തിനോ, കൊടുക്കേണ്ടതല്ല.

കാൺട്രാക്റ്റ് സൃഷ്ടിക്കുന്ന കടപ്പാടുകൾക്ക് സദൃശമായ കടപ്പാടു തീർക്കാത്തതിനുള്ള നഷ്ടപരിഹാരം.—കാൺട്രാക്റ്റ് സൃഷ്ടിക്കുന്ന കടപ്പാടുകൾക്ക് സദൃശമായ ഒരു കടപ്പാട് ഉണ്ടാവുകയും അത് തീർക്കാതിരിക്കുകയും ചെയ്യുമ്പോൾ, അത് തീർക്കാത്തതിനാൽ ക്ഷതിയുളവായ ഏതൊരാൾക്കും, വീഴ്ച വരുത്തിയ കക്ഷിയിൽനിന്ന്, അങ്ങനെയുള്ള ആൾ അത് തീർക്കുന്നതിന് കാൺട്രാക്റ്റ് ചെയ്യുകയും അയാളുടെ കാൺട്രാക്റ്റ് ലംഘിക്കുകയും ചെയ്തിരുന്നാൽ എന്നപോലെ, അതേ നഷ്ടപരിഹാരം ലഭിക്കുന്നതിന് അവകാശമുള്ളതാകുന്നു.

വിശദീകരണം:—കാൺട്രാക്റ്റിൻെറ ലംഘനത്തിൽ നിന്ന് ഉദ്ഭവിക്കുന്ന നഷ്ടത്തിൻേറയോ, നാശനഷ്ടത്തിൻേറയോ, മതിപ്പ് കണക്കാക്കുന്നതിൽ, കാൺട്രാക്റ്റ് നിർവ്വഹിക്കാത്തതുകൊണ്ട് ഉണ്ടായ അസൗകര്യം പരിഹരിക്കുന്നതിന് ഉണ്ടായിരുന്ന മാർഗ്ഗങ്ങൾ കണക്കിലെടുക്കേണ്ടതാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) 50 മന്ന് വെടിയുപ്പ് ഡെലിവറി സമയത്ത് കൊടുക്കേണ്ട ഒ നിശ്ചിത വിലയ്ക്ക് ഖ യ്ക്ക് വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്യാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. ക തന്റെ വാഗ്ദാനം ലംഘിക്കുന്നു. വെടിയുപ്പ് ഡെലിവർ ചെയ്യേണ്ടിയിരുന്ന സമയത്ത്, എന്ത് വിലയ്ക്കാണ് അതേ ക്വാളിററിയുള്ള 50 മന്ന് വെടിയുപ്പ് ഖ യ്ക്ക് ലഭിക്കുമായിരുന്നത്, ആ വിലയിൽനിന്ന് കാൺട്രാക്റ്റ് വില കുറവാണെങ്കിൽ കുറവായിടത്തോളം തുക നഷ്ടപരിഹാരമായി ക യിൽ നിന്ന് കിട്ടുവാൻ ഖ യ്ക്ക് അവകാശമുണ്ട്.

(ഖ) ബോംബേയിലേക്ക് പോകുന്നതിനും, ജനുവരി ഒന്നാം തീയതി അവിടെവച്ച് ക നല്കുന്ന കപ്പൽ ചരക്കുകയററി കൽക്കട്ടയിൽ കൊണ്ടു വരുന്നതിനും, ചരക്കുകൂലി ആർജ്ജിതമാകുമ്പോഠ കൊടുക്കാനുള്ള വ്യവസ്ഥ യിൻമേലും ഖ യുടെ കപ്പൽ ക വാടകയ്ക്ക് ഏർപ്പാടു ചെയ്യുന്നു. ഖ യുടെ കപ്പൽ ബോംബേയ്ക്ക് പോകുന്നില്ല. എന്നാൽ ഖ ഏത് വ്യവസ്ഥകളിൻ മേലാണോ കപ്പൽ ചാർടർ ചെയ്തിരുന്നത്, അതുപോലെതന്നെ പ്രയോജന പ്രദമായ വ്യവസ്ഥകളിൻമേൽ തക്ക വാഹനം ലഭ്യമാക്കുന്നതിന് ക യ്ക്ക് അവസരങ്ങഠ ഉണ്ട്. ക ആ അവസരങ്ങഠ ഉപയോഗപ്പെടുത്തുന്നു. എന്നാൽ അങ്ങനെ ചെയ്യുന്നതിൽ അയാഠക്ക് ബുദ്ധിമുട്ടും ചെലവും നേരിടുന്നു. അങ്ങനെയുള്ള ബുദ്ധിമുട്ടും ചെലവും സംബന്ധിച്ച് ഖ യിൽ നിന്ന് നഷ്ടപരിഹാരം ലഭിക്കാൻ ക യ്ക്ക് അവകാശമുണ്ട്.

(ഗ) നിർദ്ദിഷ്ടമായ വിലയ്ക്ക് 50 മന്ന് അരി, അത് ഡെലിവർ ചെയ്യേണ്ട സമയം നിശ്ചയിക്കാതെ, ഖ യിൽ നിന്ന് വാങ്ങാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. തനിക്ക് അരി ടെൻഡർ ചെയ്യുന്നുവെങ്കിൽ അത് സ്വീകരിക്കുകയില്ലെന്ന് ക പിന്നീട് ഖ യെ അറിയിക്കുന്നു. അരി സ്വീകരിക്കുകയില്ലെന്ന് ഖ യെ ക അറിയിച്ച സമയത്ത് അരിയ്ക്ക് ഖ യ്ക്ക് കിട്ടാവുന്ന വിലയേക്കാഠ കാൺട്രാക്റ്റ് വില കൂടുതലാണെങ്കിൽ, കൂടുതലായിടത്തോളം തുക ക യിൽനിന്ന് നഷ്ടപരിഹാരമായി ലഭിക്കുന്നതിന് ഖ യ്ക്ക് അവകാശമുണ്ട്.

(ഘ) 60,000 രൂപയ്ക്ക് ഖ യുടെ കപ്പൽ വാങ്ങാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു, എന്നാൽ അയാഠ തന്റെ വാഗ്ദാനം ലംഘിക്കുന്നു. വാഗ്ദാനലംഘന സമയത്ത് ഖ യ്ക്ക് ആ കപ്പലിന് കിട്ടാവുന്ന വിലയേക്കാഠ കാൺട്രാക്റ്റ്‌വില കൂടുതലാണെങ്കിൽ കൂടുതലായിടത്തോളം നഷ്ടപരിഹാരമായി ക ഖ യ്ക്ക് കൊടുക്കണം.

(ങ) ഒരു ബോട്ടിന്റെ ഉടമയായ ക ബോട്ടിൽ ചണം ഒരു വിനിർദ്ദിഷ്ട ദിവസം പുറപ്പെട്ട് മിർസാപൂരിലേക്ക് അവിടെ വില്ക്കുന്നതിനായി, കൊണ്ടു പോകാമെന്ന്, ഖ യുമായി കാൺട്രാക്റ്റ് ചെയ്യുന്നു. ഒഴിവാക്കാമായിരുന്ന ഏതോ കാരണത്താൽ നിശ്ചിത സമയത്ത് ബോട്ട് പുറപ്പെടുന്നില്ല; തൻമൂലം ആ ചരക്ക് മിർസാപൂരിൽ എത്തുന്നത്, കൺട്രാക്റ്റനുസരിച്ച് ആ ബോട്ട് പുറപ്പെട്ടിരുന്നുവെങ്കിൽ അത് എത്തുമായിരുന്നതിലും, വൈകിയാണ്. ആ തീയതിക്കുശേഷവും ചരക്ക് വന്നുചേരുന്നതിനുമുമ്പുമായി, ചണത്തിന്റെ വില ഇടിയുന്നു. ഖ യ്ക്ക് ക കൊടുക്കേണ്ട നഷ്ടപരിഹാരത്തിന്റെ അളവ്, ചരക്ക് യഥാസമയം അയച്ചിരുന്നുവെങ്കിൽ അത് മിർസാപൂരിൽ വന്നുചേരുമായിരുന്ന സമയം അതിന് ഖ യ്ക്ക് ലഭിക്കുമായിരുന്ന വിലയ്ക്കും അത് യഥാർത്ഥത്തിൽ വന്നുചേർന്നപ്പോഠ അതിനുണ്ടായിരുന്ന കമ്പോളവിലയ്ക്കും തമ്മിലുള്ള വ്യത്യാസമാണ്.

(ച) ഖ യുടെ വീട് ഒരു നിർദ്ദിഷ്ട രീതിയിൽ കേടുപാടു തീർത്തു
കൊടുക്കാമെന്ന് ക കാൺട്രാക്ററ് ചെയ്യുകയും, മുൻകൂറായി പണം വാങ്ങു
കയും ചെയ്യുന്നു. ക വീട് കേടുപാടു തീർക്കുന്നു, എന്നാൽ അത് കാൺ
ട്രാക്ററ് അനുസരിച്ചല്ല. കേടുപാടുതീർക്കൽ കാൺട്രാക്ററനുസരിച്ച് ആകു
ന്നതിനുള്ള ചെലവ് ക യിൽനിന്ന് വസൂലാക്കാൻ ഖ യ്ക്ക് അവകാശ
മുണ്ട്

(ഛ) ജനുവരി ഒന്നാം തീയതിമുതൽ ഒരു വർഷത്തേക്ക് ഒരു നിശ്ചിത
തുകയ്ക്ക് തന്റെ കപ്പൽ ഖ യ്ക്ക് വാടകയ്ക്ക് നല്കാമെന്ന് ക കാൺട്രാ
ക്ററ് ചെയ്യുന്നു. ചരക്കുകൂലികരം വർദ്ധിക്കുകയും, ജനുവരി ഒന്നാം തീയതി
കപ്പലിന് കിട്ടാവുന്ന വാടക കാൺട്രാക്ററ് തുകയേക്കാൾ കൂടുതലാവുകയും
ചെയ്യുന്നു. ക തന്റെ വാഗ്ദാനം ലംഘിക്കുന്നു. ജാനുവരി ഒന്നാം തീയതി
മുതൽ ഒരു കൊല്ലത്തേക്ക്, ഖ യ്ക്ക് അതുപോലെയുള്ള ഒരു കപ്പൽ വാടകയ്
ക്കുകൊടുക്കുവാൻ വേണ്ടിവരുന്ന തുകയും കാൺട്രാക്ററ്തുകയും തമ്മിലുള്ള
വ്യത്യാസത്തിനു തുല്യമായ തുക ഖ യ്ക്ക് നഷ്ടപരിഹാരമായി ക
നല്കണം.

(ജ) ക യ്ക്ക് ഇരുമ്പ് സമ്പാദിച്ച് ഡെലിവർ ചെയ്യാൻ വേണ്ടിവരുന്ന
വിലയേക്കാൾ കൂടുതലായ ഒരു നിശ്ചിതവിലയ്ക്ക് നിർദ്ദിഷ്ടമായ അളവി
ലുള്ള ഇരുമ്പ് ഖ യ്ക്ക് നല്കാമെന്ന് ക കാൺട്രാക്ററ് ചെയ്യുന്നു. ഖ
ആ ഇരുമ്പ് സ്വീകരിക്കാൻ അന്യായമായി വിസമ്മതിക്കുന്നു. ഇരുമ്പിന്റെ
കാൺട്രാക്ററ് വിലയും, ക യ്ക്ക് അത് സമ്പാദിച്ച് ഡെലിവർ ചെയ്യാൻ
വേണ്ടിവരുന്ന വിലയും തമ്മിലുള്ള വ്യത്യാസം നഷ്ടപരിഹാരമായി ഖ ക
യ്ക്ക് നല്കണം.

(ഝ) താമസം കൂടാതെ ക യുടെ മില്ലിലേയ്ക്ക് കൊണ്ടു
പോകുന്നതിനായി ക ഒരു മെഷീൻ ഒരു സാമാന്യ വാഹകനായ ഖ
യ്ക്ക് ഡെലിവർ ചെയ്യുകയും, ആ മെഷീൻ ഇല്ലാത്തതിനാൽ മിൽ നിറുത്തിവച്ചി
രിക്കുകയാണെന്നുള്ള വിവരം ഖ യെ അറിയിക്കുകയും ചെയ്യുന്നു. ഖ
മെഷീൻ ഡെലിവർ ചെയ്യുവാൻ അനുചിതമായി താമസിപ്പിക്കുകയും തത്ഫല
മായി ക യ്ക്ക് ഗവൺമെന്റുമായുള്ള ലാഭകരമായ ഒരു കാൺട്രാക്ററ് നഷ്ട
പ്പെടുകയും ചെയ്യുന്നു. ഡെലിവർ ചെയ്യാൻ താമസിച്ച സമയമത്രയും മിൽ
നടത്തിയിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന ശരാശരി ലാഭം നഷ്ടപരിഹാരമായി
ഖ യിൽനിന്ന് ലഭിക്കാൻ ക യ്ക്ക് അവകാശമുള്ളതും, എന്നാൽ ഗവൺമെന്റ്
കാൺട്രാക്ററ് നഷ്ടപ്പെട്ടതുകൊണ്ടുണ്ടായിട്ടുള്ള നഷ്ടത്തിന് അവകാശം ഇല്ലാ
ത്തതും ആകുന്നു.

(ഞ) ക ഖ യ്ക്ക് ടണ്ണിന് 100 രൂപ വച്ച് 1000 ടൺ ഇരുമ്പ് നല്കാ
മെന്നും, അത് ഒരു നിർദ്ദിഷ്ട സമയത്ത് ഡെലിവർ ചെയ്യാമെന്നും ഖ
യുമായി കാൺട്രാക്ററ് ചെയ്തിട്ട് ഖ യുമായുള്ള തന്റെ കാൺട്രാക്ററ്
നിർവ്വഹിക്കേണ്ടതിലേക്കാണെന്ന് പറഞ്ഞുകൊണ്ട് ടണ്ണിന് 80 രൂപ വച്ച് 1000
ടൺ ഇരുമ്പ് വാങ്ങുന്നതിന് ഗ യുമായി കാൺട്രാക്ററ് ചെയ്യുന്നു. ക യുമാ
യുള്ള തന്റെ കാൺട്രാക്ററ് ഗ നിർവ്വഹിക്കാതിരിക്കുകയും വേറെ ഇരുമ്പ്
വാങ്ങാൻ ക യ്ക്ക് സാധിക്കാതിരിക്കുകയും തത്ഫലമായ ഖ കാൺട്രാ
ക്ററ് റദ്ദാക്കുകയും ചെയ്യുന്നു. ഖ യുമായുള്ള തന്റെ കാൺട്രാക്ററിന്റെ
നിർവ്വഹണത്താൽ ക യ്ക്ക് കിട്ടുമായിരുന്ന ലാഭമായ 20,000 രൂപ ഗ ക
യ്ക്ക് നല്കണം.

(ട) ക ഒരു മെഷിനറി ഉണ്ടാക്കി ഒരു വിനിർദ്ദിഷ്ട വിലയ്ക്ക് ഒരു നിശ്ചിത ദിവസത്തിനകം ഡെലിവർ ചെയ്യാമെന്ന് ഖ യുമായി കാൺട്രാക്റ്റ് ചെയ്യുന്നു. ക ആ മെഷിനറി വിനിർദ്ദിഷ്ട സമയത്ത് ഡെലിവർ ചെയ്യാതിരിക്കുകയും ഇതിന്റെ അനന്തരഫലമായി ക യ്ക്ക് കൊടുക്കേണ്ടിവരുമായിരുന്ന വിലയേക്കാൾ കൂടുതലായ വിലയ്ക്ക് ഖ വേറൊരു മെഷിനറി സമ്പാദിക്കേണ്ടിവരുകയും ഖ യുമായി കാൺട്രാക്റ്റ് ചെയ്ത സമയത്ത് മൂന്നാമതൊരാളുമായി ചെയ്തിട്ടുണ്ടായിരുന്നതും (എന്നാൽ അപ്പോൾ ക യെ അറിയിച്ചിട്ടില്ലാതിരുന്നതുമായ) ഒരു കാൺട്രാക്റ്റ് നിർവ്വഹിക്കുന്നതിൽനിന്ന് തടയപ്പെടുകയും ആ കാൺട്രാക്റ്റിന്റെ ലംഘനത്തിന് നഷ്ടപരിഹാരം ചെയ്യുന്നതിന് നിർബദ്ധനായിത്തീരുകയും ചെയ്യുന്നു. ആ മെഷിനറിയുടെ കാൺട്രാക്റ്റ് വിലയും വേറൊന്ന് വാങ്ങുന്നതിന് ഖ കൊടുത്തിട്ടുള്ള തുകയും തമ്മിലുള്ള വ്യത്യാസം നഷ്ടപരിഹാരമായി ക ഖ യ്ക്കു കൊടുക്കണം. എന്നാൽ ഖ മൂന്നാമതു നഷ്ടപരിഹാരമായി കൊടുത്ത തുക കൊടുക്കേണ്ടതില്ല.

(ഠ) ഗ യ്ക്ക് വാടകയ്ക്കു കൊടുത്തുകൊള്ളാമെന്ന് ഖ കാൺട്രാക്റ്റ് ചെയ്തിട്ടുള്ള ഒരു കെട്ടിടം ജനുവരി ഒന്നാം തീയതിയ്ക്ക് ഗ യ്ക്ക് ഖ കൈവശം കൊടുക്കുന്നതിനായി ആ തീയതിക്കകം പണിചെയ്തു പൂർത്തിയാക്കി കൊടുത്തുകൊള്ളാമെന്ന് കെട്ടിടം പണിക്കാരനായ ക കാൺട്രാക്റ്റ് ചെയ്യുന്നു. ഖ യും ഗ യും തമ്മിലുള്ള കാൺട്രാക്റ്റ് ക യെ അറിയിച്ചിട്ടുണ്ട്. ക കെട്ടിടം വളരെ മോശമായി പണി ചെയ്കയാൽ ജനുവരി ഒന്നാംതീയതിക്കു മുമ്പ് അതു നിലംപതിക്കുകയും, ക യ്ക്ക് കെട്ടിടം വീണ്ടും പണി ചെയ്യേണ്ടിവരികയും തൽഫലമായി ഗ യിൽനിന്നും ലഭിക്കുമായിരുന്ന വാടക നഷ്ടപ്പെടുകയും കാൺട്രാക്റ്റ് ലംഘനത്തിന് ഗ യ്ക്ക് നഷ്ടപരിഹാരം ചെയ്യേണ്ടിവരികയും ചെയ്യുന്നു. കെട്ടിടം വീണ്ടും പണിയുന്നതിനുള്ള ചെലവിനും നഷ്ടപ്പെട്ട വാടകയ്ക്കും ഗ യ്ക്ക് കൊടുത്ത നഷ്ടപരിഹാരത്തിനും ക ഖ യ്ക്ക് നഷ്ടപരിഹാരം ചെയ്യണം.

(ഡ) ക ചില കച്ചവടച്ചരക്കുകൾ, അത് ഒരു പ്രത്യേക ക്വാളിറ്റിയുള്ളതാണെന്നുള്ള വാറൻറിയിൻമേൽ ഖ യ്ക്ക് വില്ക്കുകയും ഈ വാറൻറിയെ ആധാരമാക്കി ഖ അത്, സദൃശമായ ഒരു വാറൻറിയോടുകൂടി ഗ യ്ക്കു വില്ക്കുകയും ചെയ്യുന്നു. ചരക്കുകൾ വാറൻറിക്ക് അനുസരണമായുള്ളവയല്ലെന്ന് തെളിയുകയും നഷ്ടപരിഹാരമായിട്ട് ഒരു തുക ഗ യ്ക്ക് നല്കുവാൻ ഖ ബാദ്ധ്യസ്ഥനാവുകയും ചെയ്യുന്നു. ക യിൽനിന്ന് ഈ തുകയ്ക്കുള്ള പ്രതിപൂരണത്തിന് ഖ യ്ക്ക് അവകാശമുണ്ട്.

(ഢ) വിനിർദ്ദിഷ്ടമായ ഒരു ദിവസം ഖ യ്ക്ക് ഒരു തുക നല്കാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. ആ ദിവസം ക പണം നല്കുന്നില്ല. ആ ദിവസം പണം കിട്ടാതിരുന്നതിന്റെ അനന്തരഫലമായി ഖ യ്ക്ക് തന്റെ കടങ്ങൾ വീട്ടാൻ കഴിയാതെ വരികയും അയാൾ ആകെ പൊളിയുകയും ചെയ്യുന്നു. ക നല്കാമെന്ന് കാൺട്രാക്റ്റ് ചെയ്ത മുതൽസംഖ്യയും അതു കൊടുക്കുന്ന ദിവസംവരെയുള്ള പലിശയും അല്ലാതെ യാതൊന്നും ഖ യ്ക്ക് കൊടുക്കാൻ ക ബാദ്ധ്യസ്ഥനല്ല.

(ണ) ഒരു നിശ്ചിത വിലയ്ക്ക് 50 മന്ന് വെടിയുപ്പ് ജനുവരി ഒന്നാം തീയതി ഖ യ്ക്ക് ഡെലിവർ ചെയ്യാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. അതിനുശേഷം ഖ ജനുവരി ഒന്നാം തീയതിയിലെ കമ്പോള വിലയേക്കാൾ കൂടി ഒരു വിലയ്ക്ക് വെടിയുപ്പ് ഗ യ്ക്ക് വില്ക്കാമെന്ന് ജനുവരി ഒന്നാം തീയതിക്കു മുൻപ് കാൺട്രാക്റ്റ് ചെയ്യുന്നു. ക വാഗ്ദാനം

ലംഘിക്കുന്നു. ഖ യ്ക്ക് ക കൊടുക്കേണ്ട നഷ്ടപരിഹാരം കണക്കാക്കുന്നതിൽ ജനുവരി ഒന്നാംതീയതിയിലെ കമ്പോളവിലയാണ്, അല്ലാതെ ഗ യ്ക്ക് വില്ക്കുന്നതിൽനിന്ന് ഖ യ്ക്ക് ഉണ്ടാകുമായിരുന്ന ലാഭം അല്ല, കണക്കിലെടുക്കേണ്ടത്.

(ത) ഖ യ്ക്ക് 500 കെട്ട് പരുത്തി വില്ക്കുകയും ഒരു നിശ്ചിത ദിവസം ഡെലിവർ ചെയ്യുകയും ചെയ്യാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. ഖ ബിസിനസ് നടത്തുന്ന സമ്പ്രദായത്തെക്കുറിച്ച് ക യ്ക്ക് ഒന്നും അറികയില്ല. ക വാഗ്ദാനം ലംഘിക്കുകയും പരുത്തി ഇല്ലാത്തതിനാൽ ഖ യ്ക്ക് തന്റെ മിൽ പൂട്ടേണ്ടിവരികയും ചെയ്യുന്നു. മിൽ പൂട്ടിയതുകൊണ്ട് ഖ യ്ക്ക് ഉണ്ടായ നഷ്ടത്തിന് ഖ യോട് ക ഉത്തരവാദിയല്ല.

(ഥ) ജനുവരി ഒന്നാം തീയതി, ആ സീസണിൽ അല്ലാതെ ആവശ്യക്കാരില്ലാത്തതായ ഒരു പ്രത്യേകതരം തൊപ്പി നിർമ്മിക്കുന്നതിലേക്ക് ഖ ഉദ്ദേശിക്കുന്ന ഒരുതരം തുണി ഖ യ്ക്ക് വില്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്യാമെന്ന് ക കാൺട്രാക്റ്റ് ചെയ്യുന്നു. നിശ്ചിത സമയം കഴിയുകയും ആ വർഷത്തിൽ തൊപ്പികൾ ഉണ്ടാക്കുന്നതിലേക്ക് ഉപയോഗിക്കാൻ കഴിയാത്ത വിധം വൈകുകയും ചെയ്യുന്നതുവരെ തുണി ഡെലിവർ ചെയ്യുന്നില്ല. ഖ യ്ക്ക് തുണിയുടെ കാൺട്രാക്റ്റ് വിലയും അത് ഡെലിവർ ചെയ്ത സമയത്തെ കമ്പോളവിലയും തമ്മിലുള്ള വ്യത്യാസം നഷ്ടപരിഹാരമായ ക യിൽ നിന്ന് ലഭിക്കുവാൻ അവകാശമുള്ളതും, എന്നാൽ തൊപ്പികൾ ഉണ്ടാക്കുന്നതുകൊണ്ട് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന ലാഭത്തിനോ, തൊപ്പികൾ ഉണ്ടാക്കുന്നതിനുള്ള ഒരുക്കങ്ങളുടെ ചെലവുകൾക്കോ അവകാശം ഇല്ലാത്തതുമാണ്.

(ദ) കപ്പലുടമയായ ക ജനുവരി ഒന്നാം തീയതി പുറപ്പെടുന്ന തന്റെ കപ്പലിൽ ഖ യെ കൽക്കട്ടയിൽനിന്ന് സിഡ്നിയിലേക്ക് കൊണ്ടുപോകാമെന്ന് ഖ യുമായി കാൺട്രാക്റ്റ് ചെയ്യുകയും ഖ യാത്രക്കൂലിയുടെ പകുതി, ഡെപ്പാസിററായി ക യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. ജനുവരി ഒന്നാം തീയതി കപ്പൽ പുറപ്പെടാതിരിക്കുകയും, അതുനിമിത്തം ഖ യ്ക്ക് കൽക്കട്ടയിൽ കുറച്ച് തങ്ങേണ്ടിവരികയും തൻമൂലം ചില ചിലവുകൾ നേരിടുകയും അതിനുശേഷം അയാൾ മററൊരു കപ്പലിൽ സിഡ്നിയിലേക്ക് പോവുകയും തൽഫലമായി സിഡ്നിയിൽ വൈകിയെത്തിയതുകൊണ്ട് അയാൾക്ക് ഒരു തുക നഷ്ടപ്പെടുകയും ചെയ്യുന്നു. ഖ യ്ക്ക് അയാളുടെ ഡെപ്പോസിററും പലിശയും കൽക്കട്ടയിൽ തങ്ങേണ്ടിവന്നതിലുണ്ടായ ചെലവും ആദ്യത്തെ കപ്പലിന് കരാർ ചെയ്ത യാത്രക്കൂലിയേക്കാൾ കൂടുതൽ കൂലി രണ്ടാമത്തെ കപ്പലിനു കൊടുത്തിട്ടുണ്ടെങ്കിൽ അതും കൊടുക്കാൻ ക യ്ക്ക് ബാദ്ധ്യതയുണ്ട്. എന്നാൽ ഖ സിഡ്നിയിൽ വൈകി എത്തിയതുകൊണ്ട് നഷ്ടപ്പെട്ടിട്ടുള്ള തുകയ്ക്ക് ക യ്ക്ക് ബാദ്ധ്യതയില്ല.

74. <u>പിഴയ്ക്ക് വ്യവസ്ഥ ചെയ്തിട്ടുള്ളപ്പോൾ കാൺട്രാക്റ്റ് ലംഘനത്തിനുള്ള നഷ്ടപരിഹാരം.</u>—ഒരു കാൺട്രാക്റ്റ് ലംഘിക്കപ്പെട്ടിരിക്കുമ്പോൾ, അങ്ങനെ ലംഘനമുണ്ടായാൽ കൊടുക്കേണ്ട തുകയായി കാൺട്രാക്റ്റിൽ ഒരു തുക പറഞ്ഞിട്ടുണ്ടെങ്കിലോ, കാൺട്രാക്റ്റിൽ പിഴയുടെ രൂപത്തിലുള്ള മററെന്തെങ്കിലും വ്യവസ്ഥ അടങ്ങിയിരിക്കുകയാണെങ്കിലോ, ലംഘനത്തെപ്പററി പരാതിപ്പെടുന്ന കക്ഷിക്ക്, അതുവഴി യഥാർത്ഥമായ ലാഭനഷ്ടമോ നഷ്ടമോ ഉണ്ടായിട്ടുണ്ടെന്ന് തെളിയിച്ചാലും ഇല്ലെങ്കിലും, കാൺട്രാക്റ്റ് ലംഘിച്ച കക്ഷിയിൽനിന്ന്, അതതു സംഗതിപോലെ, കാൺട്രാക്റ്റിൽ പറഞ്ഞിട്ടുള്ള തുകയിലോ, വ്യവസ്ഥ ചെയ്തിട്ടുള്ള പിഴയിലോ കവിയാത്ത ന്യായമായ നഷ്ടപരിഹാരം ലഭിക്കുവാൻ അവകാശമുള്ളതാകുന്നു.

വിശദീകരണം.—വീഴ്ച വരുത്തുന്ന തീയതി മുതൽ കൂടുതൽ പലിശയ്ക്കുള്ള വ്യവസ്ഥ പിഴയുടെ രൂപത്തിലുള്ള വ്യവസ്ഥയാകാവുന്നതാണ്.

അപവാദം.—ഏതെങ്കിലും ആൾ, ഏതെങ്കിലും ബെയിൽ ബാണ്ടോ, ജാമ്യച്ചീട്ടോ, അതേ സ്വഭാവമുള്ള മററു പ്രമാണമോ എഴുതി കൊടുക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും നിയമത്തിൻെറ വ്യവസ്ഥയിൻ കീഴിലോ കേന്ദ്ര ഗവൺമെൻറിൻേറയോ ഏതെങ്കിലും സ്റേററ് ഗവൺമെൻറിൻേറയോ ഉത്തരവുകൾക്കു കീഴിലോ ഏതെങ്കിലും പബ്ലിക് ഡ്യൂട്ടിയുടേയോ പൊതുജനങ്ങൾക്ക് താത്പര്യമുള്ള ഏതെങ്കിലും കൃത്യത്തിൻേറയോ നിർവ്വഹണത്തിനുവേണ്ടി ഏതെങ്കിലും ബാണ്ട് നല്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള ഏതെങ്കിലും പ്രമാണത്തിലെ ഉപാധിയുടെ ലംഘനത്തിന്, അതിൽ പറഞ്ഞിട്ടുള്ള മുഴുവൻ തുകയും കൊടുക്കുന്നതിന് അയാൾക്ക് ബാദ്ധ്യതയുണ്ടായിരിക്കുന്നതാണ്.

വിശദീകരണം.—ഗവൺമെൻറുമായി കാൺട്രാക്ററിൽ ഏർപ്പെടുന്ന ഒരാൾ, അതുവഴി ആവശ്യകമായി ഏതെങ്കിലും പബ്ലിക് ഡ്യൂട്ടി ഏല്ക്കുകയോ, പൊതുജനങ്ങൾക്ക് താല്പര്യമുള്ള ഒരു കൃത്യം ചെയ്യാൻ വാഗ്ദാനംചെയ്യുകയോ, ചെയ്യുന്നില്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു നിശ്ചിത ദിവസം താൻ 500 രൂപ ഖ യ്ക്ക് കൊടുക്കാതിരിക്കുന്നുവെങ്കിൽ ഖ യ്ക്ക് 1000 രൂപ കൊടുക്കാമെന്ന് ക ഖ യുമായി കാൺട്രാക്ററ് ചെയ്യുന്നു. ക ആ ദിവസം 500 രൂപ ഖ യ്ക്ക് കൊടുക്കാതിരിക്കുന്നു. 1000 രൂപയിൽ കവിയാത്ത, കോടതി ന്യായമെന്നു കരുതുന്ന, നഷ്ടപരിഹാരം ക യിൽനിന്ന് വസൂലാക്കാൻ ഖ യ്ക്ക് അവകാശമുണ്ട്.

(ഖ) താൻ ഒരു സർജനായി കൽക്കട്ടയിൽ പ്രാക്ററീസ് ചെയ്യുന്നുവെങ്കിൽ ഖ യ്ക്ക് 5000 രൂപ കൊടുക്കാമെന്ന് ക ഖ യുമായി കാൺട്രാക്ററ് ചെയ്യുന്നു. ക ഒരു സർജനായി കൽക്കട്ടയിൽ പ്രാക്ററീസ് ചെയ്യുന്നു. 5000 രൂപയിൽ കവിയാത്ത, കോടതി ന്യായമെന്നു കരുതുന്ന നഷ്ടപരിഹാരത്തിന് ഖ യ്ക്ക് അവകാശമുണ്ട്.

(ഗ) താൻ ഒരു നിശ്ചിത ദിവസം കോടതിയിൽ ഹാജരാകാൻവേണ്ടി 500 രൂപ പിഴബാദ്ധ്യതയുള്ള ഒരു ജാമ്യച്ചീട്ട് കൊടുക്കുന്നു. അയാളുടെ ജാമ്യം കണ്ടുകെട്ടുന്നു. മുഴുവൻ പിഴയും കൊടുക്കുന്നതിന് അയാൾക്കു ബാദ്ധ്യതയുണ്ട്.

(ഘ) ക 1000 രൂപ 12 ശതമാനം പലിശയോടുകൂടി ആറു മാസത്തിൻെറ അവസാനം തിരിയെ നല്കുവാനുള്ളതും വീഴ്ചവരുത്തിയാൽ വീഴ്ച വരുത്തിയ തീയതി മുതൽ 75 ശതമാനം പലിശ കൊടുക്കുവാൻ വ്യവസ്ഥയുള്ളതുമായ ഒരു ബാണ്ട് ഖ യ്ക്ക് കൊടുക്കുന്നു. ഇത് പിഴയുടെ രൂപത്തിലുള്ള ഒരു വ്യവസ്ഥയാണ്; കോടതി ന്യായമെന്നു കരുതുന്ന നഷ്ടപരിഹാരം മാത്രമേ ഖ യ്ക്ക് ക യിൽനിന്ന് വസൂലാക്കാൻ അവകാശമുള്ളു.

(ങ) പണം കടം കൊടുപ്പുകാരനായ ഖ യ്ക്ക് പണം കൊടുക്കാനുള്ള ക ഒരു നിശ്ചിത ദിവസം പത്തു മന്ന് ധാന്യം അയാൾക്ക് നല്കി കടം വീട്ടാമെന്ന് ഏല്ക്കുകയും, നിശ്ചിത അളവ്, നിശ്ചിത ദിവസത്തിനകം

നല്കാത്തപക്ഷം, അയാരം 20 മന്ന് ധാന്യം നല്കാൻ തനിക്ക് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണെന്ന് നിശ്ചയം ചെയ്യുകയും ചെയ്യുന്നു. ഇത് പിഴയുടെ രൂപത്തിലുള്ള ഒരു വ്യവസ്ഥ ആണ്; ലംഘിക്കുന്നതായാൽ ന്യായമായ നഷ്ടപരിഹാരത്തിനു മാത്രമേ ഖ യ്ക്ക് അവകാശമുള്ളു.

(ച) തുല്യമായ അഞ്ചു മാസത്തവണകളായി 1000 രൂപയുടെ കടം, ഖ യ്ക്ക് വീട്ടാമെന്ന് ഏതെങ്കിലും തവണ അടയ്ക്കുന്നതിന് വീഴ്ച വരുത്തിയാൽ മുഴുവൻ തുകയും അപ്പോരം കൊടുക്കേണ്ടതായിത്തീരുമെന്ന ഒരു വ്യവസ്ഥയോടുകൂടി ക ഏല്ക്കുന്നു. ഈ വ്യവസ്ഥ പിഴയുടെ രൂപത്തിലുള്ളതല്ല; കാൺട്രാക്ററ് അതിൻെറ നിബന്ധനകളനുസരിച്ച് പ്രാബൽത്തികമാക്കാവുന്നതും ആണ്.

(ഛ) ക നൂറുരൂപ ഖ യിൽനിന്ന് കടം വാങ്ങുകയും 40 രൂപ വച്ചുള്ള അഞ്ചുവാർഷികത്തവണകളായി നല്കേണ്ട 200 രൂപയ്ക്ക് ഒരു ബാണ്ട് ഏതെങ്കിലും തവണ അടയ്ക്കുന്നതിന് വീഴ്ചവരുത്തിയാൽ മുഴുവൻ തുകയും അപ്പോരം കൊടുക്കേണ്ടതായിത്തീരുമെന്നുള്ള വ്യവസ്ഥയോടുകൂടി അയാരംക്ക് നല്കുകയും ചെയ്യുന്നു. ഇത് പിഴയുടെ രൂപത്തിലുള്ള ഒരു വ്യവസ്ഥയാണ്.

75. കാൺട്രാക്ററ് അവകാശപൂർവ്വം റദ്ദാക്കുന്ന കക്ഷിക്ക് നഷ്ടപരിഹാരത്തിന് അവകാശമുണ്ടെന്ന്.— ഒരു കാൺട്രാക്ററ് അവകാശപൂർവ്വം റദ്ദാക്കുന്ന ഒരാരംക്ക്, ആ കാൺട്രാക്ററ് നിറവേററപ്പെടാത്തതുകൊണ്ട് തനിക്ക് നേരിട്ട ഏതെങ്കിലും നാശനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിന് അവകാശമുള്ളതാകുന്നു.

### ദൃഷ്ടാന്തം

പാട്ടുകാരിയായ ക ഒരു തീയേററിൻെറ മാനേജരായ ഖ യുമായി, അടുത്ത രണ്ടുമാസം എല്ലാ ആഴ്ചയും രണ്ടു രാത്രി അയാളുടെ തീയേററിൽ പാടുന്നതിനു കാൺട്രാക്ററ് ചെയ്യുകയും, ഓരോ രാത്രിയും പാടുന്നതിന് 100 രൂപ അവരംക്ക് കൊടുക്കാമെന്ന് ഖ ഏല്ക്കുകയും ചെയ്യുന്നു. ആറാമത്തെ രാത്രി ക തീയേററിൽ മനഃപൂർവ്വം വരാതിരിക്കുകയും തത്ഫലമായി ഖ കാൺട്രാക്ററ് റദ്ദാക്കുകയും ചെയ്യുന്നു. കാൺട്രാക്ററ് നിറവേററപ്പെടാത്തതുകൊണ്ട് ഖ യ്ക്ക് നേരിട്ട നാശനഷ്ടത്തിന് നഷ്ടപരിഹാരം അവകാശപ്പെടാൻ അയാരംക്ക് അവകാശമുണ്ട്.

## അദ്ധ്യായം VII

## സാമാനങ്ങളുടെ വില്പന

[ഇൻഡ്യൻ സാമാനവില്പന ആക്ററ്, 1930 (1930-ലെ 3)—ലെ 65-ാം വകുപ്പിനാൽ റദ്ദാക്കപ്പെട്ടു].

## അദ്ധ്യായം VIII

## നഷ്ടോത്തരവാദത്തേയും ഗാരൻറിയേയും കുറിച്ച്

124. "നഷ്ടോത്തരവാദ കാൺട്രാക്ററ്" നിർവ്വചനം.— ഒരു കാൺട്രാക്ററിലെ ഒരു കക്ഷി വാഗ്ദാതാവിൻെറ തന്നെ പെരുമാററത്താലോ മറേറതെങ്കിലും ആളുടെ പെരുമാററത്താലോ മറേറ കക്ഷിയ്ക്കുണ്ടാകുന്ന നഷ്ടത്തിൽനിന്ന് അയാളെ രക്ഷിക്കാമെന്ന് വാഗ്ദാനം ചെയ്യുന്ന കാൺട്രാക്ററിന് "നഷ്ടോത്തരവാദ കാൺട്രാക്ററ്" എന്ന് പേർ പറയുന്നു.

### ദൃഷ്ടാന്തം

ക, ഖ യ്ക്ക് 200 രൂപ സംബന്ധിച്ച് ഖ യ്ക്ക് എതിരായി ഗ എടുത്തേക്കാവുന്ന ഏതെങ്കിലും നടപടികളുടെ അനന്തരഫലങ്ങൾക്ക് നഷ്ടോത്തരവാദം ചെയ്യാമെന്ന് കാൺട്രാക്റ്റ് ചെയ്യുന്നു. ഇത് ഒരു നഷ്ടോത്തരവാദ കാൺട്രാക്റ്റ് ആണ്.

125. <u>നഷ്ടോത്തരവാദ അവകാശിക്ക് വ്യവഹരിക്കപ്പെടുമ്പോൾ ഉള്ള അവകാശങ്ങൾ</u> — തന്റെ പ്രാധികാര സീമയ്ക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു നഷ്ടോത്തരവാദ കാൺട്രാക്റ്റിലെ വാഗ്ഗൃഹീതാവിന് വാഗ്ദാതാവിൽനിന്ന് താഴെ പറയുന്നവ വസൂലാക്കാൻ അവകാശമുള്ളതാകുന്നു.

(1) നഷ്ടോത്തരവാദം ചെയ്യാമെന്നുള്ള വാഗ്ദാനം ബാധകമാകുന്ന ഏതെങ്കിലും വിഷയം സംബന്ധിച്ച ഏതെങ്കിലും വ്യവഹാരത്തിൽ താൻ കൊടുക്കുവാൻ നിർബദ്ധനാകാവുന്ന എല്ലാ നഷ്ടപരിഹാരവും;

(2) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ, താൻ കൊടുക്കാൻ നിർബദ്ധനാകുന്ന എല്ലാ വ്യവഹാരച്ചെലവും ആ വ്യവഹാരം കൊണ്ടുവരികയോ പ്രതിവാദിക്കുകയോ ചെയ്യുന്നതിൽ താൻ വാഗ്ദാതാവിന്റെ ആദേശങ്ങൾ ഉല്ലംഘിക്കാതിരിക്കുകയും നഷ്ടോത്തരവാദ കാൺട്രാക്റ്റ് ഒന്നും ഉണ്ടായിരുന്നില്ലെങ്കിൽ താൻ എങ്ങനെ പ്രവർത്തിച്ചാൽ വിവേകപൂർവ്വകമായിരുന്നുവോ, അങ്ങനെ പ്രവർത്തിക്കുകയും ചെയ്തിരുന്നുവെങ്കിൽ, അല്ലെങ്കിൽ ആ വ്യവഹാരം കൊണ്ടുവരികയോ പ്രതിവാദിക്കുകയോ ചെയ്യുവാൻ വാഗ്ദാതാവ് തനിക്ക് പ്രാധികാരം നല്കിയിരുന്നുവെങ്കിൽ;

(3) അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിന്റെ ഏതെങ്കിലും രാജിയിലെ നിബന്ധനകൾക്കു കീഴിൽ താൻ കൊടുത്തിട്ടുള്ള എല്ലാ തുകകളും, ആ രാജി വാഗ്ദാതാവിന്റെ ആദേശങ്ങൾക്കു വിരുദ്ധമല്ലാത്തതും വാഗ്ഗൃഹീതാവ് അതിൽ ഏർപ്പെടുന്നത് നഷ്ടോത്തരവാദ കാൺട്രാക്റ്റ് ഒന്നും ഉണ്ടായിരുന്നില്ലെങ്കിൽ വിവേകപൂർവ്വകമാകുമായിരുന്നതും ആയിരുന്നെങ്കിൽ അല്ലെങ്കിൽ ആ വ്യവഹാരം രാജിയാക്കുവാൻ വാഗ്ദാതാവ് തനിക്ക് പ്രാധികാരം നല്കിയിട്ടുണ്ടായിരുന്നെങ്കിൽ.

126. <u>"ഗാരൻറി കാൺട്രാക്റ്റ്" "ജാമ്യക്കാരൻ" "മൂല ഋണി" "ഉത്തമർണ്ണൻ"</u>.— "ഗാരൻറി കാൺട്രാക്റ്റ്" മൂന്നാമതൊരാൾ വീഴ്ചവരുത്തുന്ന പക്ഷം അയാളുടെ വാഗ്ദാനം നിർവ്വഹിക്കുകയോ ബാദ്ധ്യതതീർക്കുകയോ ചെയ്യാനുള്ള കാൺട്രാക്റ്റ് ആകുന്നു. ഗാരൻറി കൊടുക്കുന്ന ആളെ "ജാമ്യക്കാരൻ" എന്നും ഏത് ആളുടെ വീഴ്ചസംബന്ധിച്ചാണോ ഗാരൻറി നല്കീയിട്ടുള്ളത് ആ ആളെ "മൂല ഋണി" എന്നും ആർക്കാണോ ഗാരൻറി നല്കിയിട്ടുള്ളത് ആ ആളെ "ഉത്തമർണ്ണൻ" എന്നും പേർ പറയുന്നു. ഗാരൻറി ഒന്നുകിൽ വാക്കാലുള്ളതോ അല്ലെങ്കിൽ രേഖാമൂലം ഉള്ളതോ ആകാവുന്നതാണ്.

127. <u>ഗാരൻറിക്കുള്ള പ്രതിഫലം</u>.— മൂല ഋണിയുടെ ഗുണത്തിനുവേണ്ടി ചെയ്തിട്ടുള്ള എന്തെങ്കിലുമോ നല്കിയിട്ടുള്ള ഏതെങ്കിലും വാഗ്ദാനമോ ജാമ്യക്കാരന് ഗാരൻറി കൊടുക്കുന്നതിന് മതിയായ പ്രതിഫലമാകാവുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) തനിക്ക് ക്രെഡിററിൻമേൽ സാമാനങ്ങൾ വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്യാൻ ഖ ക യോട് അപേക്ഷിക്കുന്നു. സാമാനങ്ങളുടെ വില കൊടുക്കുന്നത് ഗ ഗാരൻറി ചെയ്യുന്നപക്ഷം അപ്രകാരം ചെയ്യാമെന്ന് ക സമ്മതിക്കുന്നു. സാമാനങ്ങൾ ഡെലിവർ ചെയ്യാമെന്നുള്ള ക യുടെ വാഗ്ദാനത്തിൻെറ പ്രതിഫലമായി പണം നല്കുന്നത് ഗാരൻറി ചെയ്യാമെന്ന് ഗ വാഗ്ദാനം ചെയ്യുന്നു. ഇത് ഗ യുടെ വാഗ്ദാനത്തിനുള്ള മതിയായ പ്രതിഫലമാണ്.

(ഖ) ക ഖ യ്ക്ക് സാമാനങ്ങൾ വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്യുന്നു. ആ കടത്തിന് ഒരു വർഷത്തേക്ക് ഖ യ്ക്കെതിരെ വ്യവഹാരം കൊടുക്കാതിരിക്കണമെന്ന് പിന്നീട് ഗ ക യോട് അപേക്ഷിക്കുകയും, അപ്രകാരം ചെയ്യുന്നുവെങ്കിൽ ഖ പണം കൊടുക്കുവാൻ വീഴ്ചവരുത്തിയാൽ, താൻ അവയുടെ വിലകൊടുത്തുകൊള്ളാമെന്ന് വാഗ്ദാനം ചെയ്യുകയും ചെയ്യുന്നു. അപേക്ഷപ്രകാരം വ്യവഹാരം കൊടുക്കാതിരിക്കാൻ അപേക്ഷിച്ച പ്രകാരം ക സമ്മതിക്കുന്നു. ഇത് ഗ യുടെ വാഗ്ദാനത്തിനുള്ള മതിയായ പ്രതിഫലമാണ്.

(ഗ) ക ഖ യ്ക്ക് സാമാനങ്ങൾ വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്യുന്നു. ഖ അവയ്ക്ക് പണം കൊടുക്കാൻ വീഴ്ചവരുത്തിയാൽ താൻ കൊടുത്തുകൊള്ളാമെന്ന് പ്രതിഫലം കൂടാതെ ഗ പിന്നീട് കരാർ ചെയ്യുന്നു. കരാർ ശൂന്യമാണ്.

128. ജാമ്യക്കാരൻെറ ബാദ്ധ്യത.— കാൺട്രാക്ററ് മററുവിധത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തപക്ഷം, ജാമ്യക്കാരൻെറ ബാദ്ധ്യത മൂല ഋണിയുടെ ബാദ്ധ്യതയ്ക്ക് സമവ്യാപ്തമാകുന്നു.

## ദൃഷ്ടാന്തം

ഒരു വിനിമയപത്രത്തിലെ പണം പ്രതിഗൃഹീതാവായ ഗ കൊടുക്കുന്നത് ക ഖ യോട് ഗാരൻറി ചെയ്യുന്നു. ആ വിനിമയപത്രം ഗ അനാദരിക്കുന്നു. വിനിമയപത്രത്തിൻെറ തുകയ്ക്ക് മാത്രമല്ല അതിൻമേൽ കൊടുക്കേണ്ടതായിത്തീർന്നിട്ടുണ്ടാകാവുന്ന ഏതെങ്കിലും പലിശയ്ക്കും ചാർജ്ജുകൾക്കും കൂടി ക യ്ക്ക് ബാദ്ധ്യതയുണ്ട്.

129. "തുടരുന്ന ഗാരൻറി".— ഇടപാടുകളുടെ ഒരു പരമ്പരയ്ക്കു വ്യാപകമായ ഗാരൻറിയ്ക്ക് "തുടരുന്ന ഗാരൻറി" എന്നു പേർ പറയുന്നു,

## ദൃഷ്ടാന്തങ്ങൾ

(ക) ഖ യുടെ ജമീന്ദാരിയിലെ പാട്ടം പിരിയ്ക്കാൻ ഗ യെ ഖ നീയോജിക്കാമെന്നുള്ളതിൻെറ പ്രതിഫലമായി ആ പാട്ടം ഗ യഥാവിധി പിരിക്കുകയും അടയ്ക്കുകയും ചെയ്യുന്നതിന്, 5000 വരെ രൂപയ്ക്ക് ഉത്തരവാദപ്പെട്ടുകൊള്ളാമെന്ന് ക ഖ യോട് വാഗ്ദാനം ചെയ്യുന്നു. ഇത് തുടരുന്ന ഗാരൻറിയാണ്.

(ഖ) ഒരു തേയില വ്യാപാരിയായ ഖ അതതു സമയത്ത് ഗ യ്ക്ക് നല്കുന്ന തേയിലയുടെ വില കൊടുക്കുന്നതിന് ക 100 പവൻ വരെയ്ക്കുള്ള ഗാരൻറി നല്കുന്നു. ഖ 100 പവനിൽ കൂടുതൽ വിലയ്ക്കുള്ള

തേയില ഗ യ്ക്ക് നല്കുകയും ഗ അതിന്റെ വില ഖ യ്ക്ക് കൊടുക്കുകയും ചെയ്യുന്നു. അതിനുശേഷം 200 പവൻ വിലയുള്ള തേയില ഖ ഗ യ്ക്ക് നല്കുന്നു. ഗ പണം കൊടുക്കുന്നില്ല. ക നല്കിയ ഗാരൻറി തുടരുന്ന ഗാരൻറിയായിരുന്നു; അതനുസരിച്ച് അയാൾക്ക് ഖ യോട് 100 പവനുള്ള ബാദ്ധ്യതയുണ്ട്.

(ഗ) ഖ ഗ യ്ക്ക് ഡെലിവർ ചെയ്യേണ്ടതും ഒരു മാസത്തിനകം വില കൊടുക്കേണ്ടതുമായ അഞ്ചുചാക്ക് മാവിന്റെ വില ഖ യ്ക്കു കൊടുക്കുന്നതിന് ക ഗാരൻറി നല്കുന്നു. ഖ അഞ്ചു ചാക്ക് ഗ യ്ക്ക് ഡെലിവർ ചെയ്യുന്നു. ഗ അതിന്റെ വില കൊടുക്കുന്നു. ഇതിനുശേഷം ഖ ഗ യ്ക്ക് നാലു ചാക്ക് ഡെലിവർ ചെയ്യുകയും ഗ അതിന്റെ വില കൊടുക്കാതിരിക്കുകയും ചെയ്യുന്നു. ക നല്കിയത് തുടരുന്ന ഗാരൻറിയായിരുന്നില്ല; അതിനാൽ ആ നാലുചാക്കിന്റെ വിലയ്ക്ക് അയാൾക്ക് ബാദ്ധ്യതയില്ല.

130. തുടരുന്ന ഗാരൻറി പിൻവലിക്കൽ.—ഒരു തുടരുന്ന ഗാരൻറി ജാമ്യക്കാരന്, ഉത്തമർണ്ണന് നോട്ടീസ് കൊടുത്ത് ഏതു സമയത്തും ഭാവിയിലെ ഇടപാടുകളെ സംബന്ധിച്ചിടത്തോളം, പിൻവലിക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക യുടെ അപേക്ഷ അനുസരിച്ച് ഖ ഗയ്ക്കുവേണ്ടി വിനിമയ പത്രങ്ങൾ ഡിസ്കൗണ്ട് ചെയ്യുന്നതിന്റെ പ്രതിഫലമായി പന്ത്രണ്ടു മാസത്തേക്ക് അങ്ങനെയുള്ള എല്ലാ വിനിമയ പത്രങ്ങൾക്കും യഥാവിധി പണം കൊടുക്കുന്നതിന് ക ഖ യ്ക്ക് 5,000 രൂപ വരെയുള്ള ഗാരൻറി നല്കുന്നു. ഗ യ്ക്ക് വേണ്ടി 2,000 രൂപയ്ക്കുള്ള വിനിമയ പത്രങ്ങൾ ഖ ഡിസ്കൗണ്ട് ചെയ്യുന്നു. അതിനുശേഷം, മൂന്നു മാസത്തിന്റെ അവസാനം ക ഗാരൻറി പിൻവലിക്കുന്നു ഈ പിൻവലിക്കൽ പിന്നീടുള്ള എതെങ്കിലും ഡിസ്കൗണ്ട് ചെയ്യലിനു ഖ യോടുള്ള എല്ലാ ബാദ്ധ്യതയിൽനിന്നും ക യെ വിടുർത്തുന്നതാണ്. എന്നാൽ ഗ വീഴ്ച വരുത്തിയാൽ ക യ്ക്ക് 2,000 രൂപയ്ക്ക് ഖ യോടു ബാദ്ധ്യതയുണ്ട്.

(ഖ) ഗ യുടെ പേർക്ക് ഖ ഡ്രാ ചെയ്യുന്ന എല്ലാ വിനിമയ പത്രങ്ങൾക്കും ഗ പണം കൊടുക്കുമെന്നുള്ളതിന് ക ഖ യ്ക്ക് 10,000 രൂപ വരെയുള്ള ഗാരൻറി നൽകുന്നു. ഗ യുടെ പേർക്ക് ഖ ഡ്രാ ചെയ്യുന്നു. ഗ വിനിമയപത്രം പ്രതിഗ്രഹിക്കുന്നു. ക പിൻവലിക്കൽ നോട്ടീസ് കൊടുക്കുന്നു. വിനിമയപത്രം കാലാവധി എത്തുമ്പോൾ ഗ അനാദരിക്കുന്നു. ക യ്ക്കു തന്റെ ഗാരൻറിയിൻമേൽ ബാദ്ധ്യതയുണ്ട്.

131. ജാമ്യക്കാരന്റെ മരണത്താൽ, തുടരുന്ന ഗാരൻറിയുടെ പിൻവലിക്കൽ.—

ജാമ്യക്കാരന്റെ മരണം, വിപരീതമായുള്ള ഏതെങ്കിലും കാൺട്രാക്റ്റിന്റെ അഭാവത്തിൽ, ഭാവിയിലെ ഇടപാടുകളെ സംബന്ധിച്ചിടത്തോളം തുടരുന്ന ഗാരൻറിയുടെ പിൻവലിക്കലായി പ്രവർത്തിക്കുന്നതാകുന്നു.

132. പ്രാഥമിക ബാദ്ധ്യതയുള്ള രണ്ടാളുകളുടെ ബാദ്ധ്യതയെ, അവര തമ്മിലുള്ള, ഒരാൾ വീഴ്ച വരുത്തിയാൽ മറേറയാൾ ജാമ്യക്കാരനാകുമെന്ന, ഏർപ്പാട് ബാധിക്കുന്നതല്ലെന്ന്.—ഒരു ബാദ്ധ്യത നിറവേററാൻ രണ്ടാളുകൾ മൂന്നാമതൊരാളുമായി കാൺട്രാക്റ്റ് ചെയ്യുകയും, ആ രണ്ടാളുകൾ അന്യോന്യം, അവരിൽ ഒരാൾ വീഴ്ച വരുത്തിയാൽ മാത്രമേ, മറേറയാൾക്ക് ബാദ്ധ്യതയുണ്ടാവുകയുള്ളുവെന്ന് കൂടി, മൂന്നാമൻ അങ്ങനെയുള്ള കാൺട്രാക്റ്റിൽ കക്ഷിയല്ലാതിരിക്കെ കാൺട്രാക്റ്റ് ചെയ്യുകയും ചെയ്യുന്നിടത്ത്, ഒന്നാമത്തെ കാൺട്രാ

ക്ററിൻകീഴിൽ അങ്ങനെയുള്ള രണ്ട് ആളുകളിൽ ഓരോരുത്തനും മൂന്നാമനോടുള്ള ബാദ്ധ്യതയെ, രണ്ടാമത്തെ കാൺട്രാക്ററ് ഉണ്ടെന്നുള്ളത്, അങ്ങനെ ഉണ്ടെന്ന് മൂന്നാമൻ അറിഞ്ഞിട്ടുണ്ടായിരിക്കാമെങ്കിലും, ബാധിക്കുന്നതല്ല.

### ദൃഷ്ടാന്തം

ക യും ഖ യും കൂട്ടായും വെവ്വേറെയായും ഉള്ള ഒരു പ്രോനോട്ട് ഗ യ്ക്ക് എഴുതിക്കൊടുക്കുന്നു. വാസ്തവത്തിൽ ഖ യ്ക്കു വേണ്ടി ജാമ്യക്കാരനായിട്ടാണ് ക അത് എഴുതി കൊടുത്തത്. പ്രോനോട്ട് എഴുതിക്കൊടുത്തപ്പോൾ ഗ യ്ക്ക് അത് അറിയുകയും ചെയ്യാമായിരുന്നു. ഗ യുടെ അറിവോടുകൂടിയാണ് ഖ യ്ക്കു വേണ്ടി ജാമ്യക്കാരനായി ക ആ പ്രോനോട്ട് എഴുതിക്കൊടുത്തത് എന്ന വസ്തുത, പ്രോനോട്ടിൻമേൽ ക യ്ക്കെതിരായി ഗ കൊടുക്കുന്ന വ്യവഹാരത്തിൽ മറുപടിയാകുന്നതല്ല.

133. <u>കാൺട്രാക്ററിലെ നിബന്ധനകളിൽ വരുത്തുന്ന വ്യത്യാസം ജാമ്യക്കാരനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നത്.</u>—മൂല ഋണിയും ഉത്തമർണ്ണനും തമ്മിലുള്ള കാൺട്രാക്ററിലെ നിബന്ധനകളിൽ ജാമ്യക്കാരന്റെ സമ്മതം കൂടാതെ വരുത്തുന്ന ഏതെങ്കിലും വ്യത്യാസം, ആ വ്യത്യാസപ്പെടുത്തലിനുശേഷമുള്ള ഇടപാടുകളെ സംബന്ധിച്ച്, ജാമ്യക്കാരനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഗ യുടെ ബാങ്കിലെ ഒരു മാനേജർ എന്ന നിലയിലുള്ള ഖ യുടെ പ്രവർത്തനത്തിൽ ഗ യോട് ക ജാമ്യക്കാരനായിത്തീരുന്നു. ഖ യുടെ ശമ്പളം വർദ്ധിപ്പിക്കുമെന്നും ഓവർഡ്രാഫ്ററുകളിൻമേലുള്ള നഷ്ടത്തിന്റെ നാലിലൊന്നിന് അയാൾ ബാദ്ധ്യതയുള്ളവനായിത്തീരുമെന്നും ക യുടെ സമ്മതം കൂടാതെ പിന്നീട് ഖ യും ഗ യും കാൺട്രാക്ററ് ചെയ്യുന്നു. ഓവർഡ്രാഫ്ററ് എടുക്കുവാൻ ഖ ഒരു പതിവ് ഇടപാടുകാരനെ അനുവദിക്കുകയും ബാങ്കിൽ ഒരു തുക നഷ്ടപ്പെടുകയും ചെയ്യുന്നു. തന്റെ സമ്മതം കൂടാതെ ചെയ്ത വ്യത്യാസപ്പെടുത്തൽകൊണ്ട് തന്റെ ജാമ്യ ബാദ്ധ്യതയിൽനിന്ന് ക ഒഴിവാകുന്നതും ഈ നഷ്ടം നികത്തുവാൻ അയാൾക്ക് ബാദ്ധ്യതയില്ലാത്തതും ആകുന്നു.

(ഖ) നിയമനിർമ്മാണ മണ്ഡലത്തിന്റെ ഒരു ആക്ററ് കർത്തവ്യങ്ങൾ നിർവ്വചിച്ചിട്ടുള്ള ഒരു ഉദ്യോഗത്തിൽ ഖ യെ ഗ നിയമിക്കുകയും ഖ യുടെ നടപടി ദൂഷ്യത്തിനെതിരായി ക ഗ യ്ക്ക് ഗാരൻറി നല്കുകയും ചെയ്യുന്നു. പിന്നീടുള്ള ഒരു ആക്ററ് ആ ഉദ്യോഗത്തിന്റെ സ്വഭാവം സാരമായി ഭേദപ്പെടുത്തുന്നു. അതിനുശേഷം ഖ സ്വയം ദൂഷ്യനടപടിയിൽ ഏർപ്പെടുന്നു. ഖ യുടെ നടപടിദൂഷ്യം പിന്നീടുള്ള ആക്ററ് ബാധകമാകാത്ത ഒരു കർത്തവ്യത്തെ സംബന്ധിച്ചാണെങ്കിലും ആ മാററം ക യെ തന്റെ ഗാരൻറിയിൻകീഴിലുള്ള ഭാവി ബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നു.

(ഗ) ഗ യുടെ ക്ലാർക്ക് എന്ന നിലയിൽ ഖ വാങ്ങുന്ന പണത്തിന് അയാൾ ശരിയായി കണക്ക് ബോധിപ്പിക്കുന്നതിന് ഗ യോട് ക ജാമ്യക്കാരനാകുന്നതായാൽ സാമാനങ്ങൾ വില്ക്കുന്നതിലേക്ക് പ്രതിവർഷ ശമ്പളത്തിൻമേൽ തന്റെ ക്ലാർക്കായി ഖ യെ നിയമിക്കാമെന്ന് ഗ കരാർ ചെയ്യുന്നു. അതിനുശേഷം, ക യുടെ അറിവോ സമ്മതമോ കൂടാതെ, ഖ യ്ക്ക് കൊടുക്കുന്നത് ഒരു നിശ്ചിത ശമ്പളമല്ല, ഖ വില്ക്കുന്ന സാമാനങ്ങളിൽ ഒരു കമ്മീഷൻ ആയിരിക്കണം എന്ന് ഗ യും ഖ യും കരാർ ചെയ്യുന്നു. അതിനു ശേഷമുള്ള ഖ യുടെ നടപടി ദൂഷ്യത്തിൽ ക യ്ക്ക് ബാദ്ധ്യതയില്ല.

(ഘ) ക്രെഡിററ് വ്യവസ്ഥയിൽ ഗ ഖ യ്ക്ക് കൊടുക്കുന്ന എണ്ണയ്ക്ക് ക ഗ യ്ക്കു മൂവായിരം രൂപയ്ക്കുവരെയുള്ള തുടരുന്ന ഗാരൻറി നല്കുന്നു. പിന്നീട് ഖ ധനപരമായി കുഴപ്പത്തിലാകുന്നു. രൊക്കം പണത്തിന് ഖ യ്ക്ക് ഗ എണ്ണ തുടർന്നു കൊടുക്കണമെന്നും, അങ്ങനെ കൊടുക്കുന്ന പണം അവർ തമ്മിൽ അപ്പോഴം നിലവിലുള്ള കടങ്ങളിലേക്ക് വകകൊള്ളിക്കണമെന്നും ക യുടെ അറിവു കൂടാതെ ഖ യും ഗ യും കാൺട്രാക്ററ് ചെയ്യുന്നു. ഈ പുതിയ ഏർപ്പാടിനുശേഷം കൊടുത്തിട്ടുള്ള യാതൊരു സാമാനം സംബന്ധിച്ചും ക യ്ക്ക് തന്റെ ഗാരൻറിയിൻമേൽ ബാദ്ധ്യതയില്ല.

(ങ) മാർച്ച് 1-ാം തീയതി ഖ യ്ക്ക് 5,000 രൂപ കടം കൊടുക്കുന്നതിൽ ഗ കാൺട്രാക്ററ് ചെയ്യുന്നു. അത് തിരിയെ കൊടുക്കുന്നതിന് ക ഗാരൻറി നല്കുന്നു. ജനുവരി 1-ന് ഗ ആ 5,000 രൂപ ഖ യ്ക്ക് കൊടുക്കുന്നു. മാർച്ച് ഒന്നിന് മുൻപ് ആ പണത്തിന് ഗ യ്ക്ക് ഖ യുടെ മേൽ വ്യവഹാരപ്പെടാമെന്നതുകൊണ്ട് കാൺട്രാക്ററ് വ്യത്യാസപ്പെടുത്തിയിട്ടുള്ളതിനാൽ ക തന്റെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു.

134. മൂല ഋണിയെ വിമുക്തനാക്കുകയോ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുകയോ ചെയ്യുന്നത്; ജാമ്യക്കാരനെ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കുന്നത്.—

ഉത്തമർണ്ണനും മൂല ഋണിയും തമ്മിലുള്ളതും മൂല ഋണിയെ വിമുക്തനാക്കുന്നതും ആയ ഏതെങ്കിലും കാൺട്രാക്ററ്, മൂല ഋണിയെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുകയെന്നത് നിയമപ്രകാരമുള്ള ഫലമായ ഉത്തമർണ്ണന്റെ ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ, ജാമ്യക്കാരനെ ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കുന്നതാണ്.

## ദൃഷ്ടാന്തങ്ങൾ

(ക) ഗ ഖ യ്ക്ക് നല്കുന്ന സാമാനങ്ങൾക്ക് ക ഗ യ്ക്ക് ഗാരൻറി നല്കുന്നു. ഗ ഖ യ്ക്ക് സാമാനങ്ങൾ നല്കുകയും അതിനുശേഷം ഖ ധനപരമായി കുഴപ്പത്തിലാവുകയും (ഗ ഉൾപ്പെടെയുള്ള) തന്റെ ഉത്തമർണ്ണൻമാരുമായി, അവരുടെ ഡിമാൻഡുകളിൽനിന്ന് അവർ തന്നെ വിമുക്തനാക്കുന്നതിന് പ്രതിഫലമായി തന്റെ വസ്തു അവർക്ക് തീറുകൊടുക്കാമെന്ന് കാൺട്രാക്ററ് ചെയ്യുകയും ചെയ്യുന്നു. ഇവിടെ ഗ യുമായുള്ള കാൺട്രാക്ററ് ഖ യെ തന്റെ കടത്തിൽനിന്നും വിമുക്തനാക്കുന്നു; ക തന്റെ ജാമ്യബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെടുകയും ചെയ്യുന്നു.

(ഖ) ക തന്റെ ഭൂമിയിൽ നിലം കൃഷിചെയ്യാനും അത് ഒരു നിശ്ചിത നിരക്കിന് ഖ യ്ക്ക് ഡെലിവർ ചെയ്യാനും ഖ യുമായി കാൺട്രാക്ററ് ചെയ്യുകയും, ഈ കാൺട്രാക്ററ് ക നിർവ്വഹിക്കുന്നതിന് ഗ ഗാരൻറി നല്കുകയും ചെയ്യുന്നു. ക യുടെ ഭൂമിയിലെ ജലസേചനത്തിൽ ആവശ്യമായ ഒരു അരുവി ഖ തിരിച്ചുവിടുകയും അതുവഴി അയാൾ നിലം കൃഷിചെയ്യുന്നത് തടയുകയും ചെയ്യുന്നു. അതിൻമേൽ ഗ യ്ക്കു തന്റെ ഗാരൻറിയിൻമേൽ ബാദ്ധ്യതയില്ല.

(ഗ) ഒരു നിശ്ചിത സമയത്തിനുള്ളിൽ ഖ യ്ക്കുവേണ്ടി ഒരു വീട്, ആവശ്യമായ തടി ഖ നല്കിക്കൊണ്ട്, നിജപ്പെടുത്തിയ ഒരു സംഖ്യയ്ക്ക് പണിതു കൊടുക്കാമെന്ന് ഖ യുമായി ക കാൺട്രാക്ററ് ചെയ്യുന്നു. ക ആ കാൺട്രാക്ററ് നിർവ്വഹിക്കുന്നതിന് ഗ ഗാരൻറി നല്കുന്നു. ഖ തടി നല്കാതിരിക്കുന്നു. ഗ തന്റെ ജാമ്യ ബാദ്ധ്യതയിൽനിന്ന് ഒഴിവാക്കപ്പെട്ടിരിക്കുന്നു.

135. ഉത്തമർണ്ണൻ മൂല ഋണിയുമായി കംപൗണ്ട് ചെയ്യുകയോ അയാൾക്ക് സമയം നല്കുകയോ അയാൾക്കെതിരെ വ്യവഹാരപ്പെടുകയില്ലെന്ന് കരാർ ചെയ്യുകയോ ചെയ്യുമ്പോൾ ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നത്.—

ഉത്തമർണ്ണൻ മൂല ഋണിയുമായി ഒരു കോംപോസിഷനു വ്യവസ്ഥ ചെയ്യുകയോ അയാൾക്ക് സമയം നല്കാമെന്നോ, അയാൾക്കെതിരെ വ്യവഹാരപ്പെടുകയില്ലെന്നോ വാഗ്ദാനം ചെയ്യുകയോ ചെയ്യുന്നതും ഉത്തമർണ്ണനും മൂല ഋണിയും തമ്മിലുള്ളതുമായ കാൺട്രാക്റ്റ് അങ്ങനെയുള്ള കാൺട്രാക്റ്റിന് ജാമ്യക്കാരൻ അനുമതി നല്കാതിരിക്കുന്ന പക്ഷം ജാമ്യക്കാരനെ ബാദ്ധ്യതയിൽനിന്നു ഒഴിവാക്കുന്നതാണ്.

136. മൂല ഋണിക്ക് സമയം നല്കാമെന്ന് മൂന്നാമതൊരാളുമായി കരാർ ചെയ്തിട്ടുള്ളപ്പോൾ, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നതല്ലെന്ന്.—മൂല ഋണിക്ക് സമയം നല്കാമെന്ന് ഉത്തമർണ്ണൻ മൂലഋണിയുമായല്ലാതെ മൂന്നാമതൊരാളുമായി കാൺട്രാക്റ്റ് ചെയ്യുന്നിടത്ത്, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നതല്ല.

### ദൃഷ്ടാന്തം

ഖ യ്ക്കുവേണ്ടി ജാമ്യക്കാരനായി ക ഡ്രാ ചെയ്തതും ഖ പ്രതിഗ്രഹിച്ചതുമായ കാലമെത്തൽ കഴിഞ്ഞ ഒരു വിനിമയ പത്രത്തിൻെറ ധാരകനായ ഗ ഖ യ്ക്കു സമയം നല്കാമെന്ന് ഡ യുമായി കാൺട്രാക്റ്റ് ചെയ്യുന്നു. ക ബാദ്ധ്യതയിൽ നിന്ന് ഒഴിവാകുന്നില്ല.

137. ഉത്തമർണ്ണൻ വ്യവഹാരം കൊടുക്കാതിരിക്കുന്നത് ജാമ്യക്കാരനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നില്ല.—ഉത്തമർണ്ണൻ മൂലഋണിയുടെ മേൽ വ്യവഹാരം കൊടുക്കാതിരിക്കുകയോ അയാൾക്കെതിരായി മറ്റേതെങ്കിലും നിവൃത്തി പ്രാവർത്തികമാക്കാതിരിക്കുകയോ ചെയ്യുന്നതുകൊണ്ടു മാത്രം, ഗാരൻറിയിൽ വിപരീതമായ ഏതെങ്കിലും വ്യവസ്ഥയുടെ അഭാവത്തിൽ, ജാമ്യക്കാരനെ ബാദ്ധ്യതയിൽ നിന്ന് ഒഴിവാക്കുന്നില്ല.

### ദൃഷ്ടാന്തം

ക ഗാരൻറി ചെയ്തിട്ടുള്ള ഒരു കടം ഖ ഗ യ്ക്ക് കൊടുക്കാനുണ്ട്. കടം വീട്ടേണ്ട സമയമായി. കടം വീട്ടേണ്ട സമയമായതിനുശേഷം ഒരു വർഷത്തേയ്ക്ക് ഗ ഖ യുടെ മേൽ വ്യവഹാരപ്പെടുന്നില്ല. ക അയാളുടെ ജാമ്യ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നില്ല.

138. കൂട്ടുജാമ്യക്കാരിൽ ഒരാളെ വിമുക്തനാക്കുന്നത് മറ്റുള്ളവരെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നില്ല.—കൂട്ടുജാമ്യക്കാരുള്ളിടത്ത്, ഉത്തമർണ്ണൻ അവരിൽ ഒരാളെ വിമുക്തനാക്കുന്നത് മറ്റുള്ളവരെ ബാദ്ധ്യതയിൽനിന്നും ഒഴിവാക്കുന്നില്ല; അത് അപ്രകാരം വിമുക്തനാക്കപ്പെട്ട ജാമ്യക്കാരനെ മറ്റു ജാമ്യക്കാരോടുള്ള അയാളുടെ ഉത്തരവാദിത്വത്തിൽനിന്ന് മോചിപ്പിക്കുന്നതുമില്ല.

139. ജാമ്യക്കാരൻെറ പാരിണാമിക നിവൃത്തിക്ക് കോട്ടം തട്ടിക്കുന്ന, ഉത്തമർണ്ണൻെറ കൃത്യത്താലോ കൃത്യവിലോപത്താലോ, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നത്.—ഉത്തമർണ്ണൻ ജാമ്യക്കാരൻെറ അവകാശങ്ങൾക്ക് അസംഗതമായ ഏതെങ്കിലും കൃത്യം ചെയ്യുകയോ ജാമ്യക്കാരനോടുള്ള തൻെറ

കർത്തവ്യമനുസരിച്ച് താൻ ചെയ്യേണ്ടതായ ഏതെങ്കിലും കൃത്യം ചെയ്യാതിരിക്കുകയോ ചെയ്യുകയും, മൂല ഋണിക്കെതിരായി ജാമ്യക്കാരന്റെ തന്നെ പാരിണാമിക നിവൃത്തിക്ക് അതുവഴി കോട്ടം തട്ടിക്കുകയും ചെയ്യുകയാണെങ്കിൽ, ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഗയ്ക്കുവേണ്ടി ഒരു നിശ്ചിതസംഖ്യയ്ക്ക് ഒരു കപ്പൽ പണിയാനും പണി നിശ്ചിത ഘട്ടങ്ങളിലെത്തുമ്പോൾ തവണകളായി പണം നല്കാനും ഖ കാൺട്രാക്റ്റു ചെയ്യുന്നു. ഖ കാൺട്രാക്റ്റ് യഥാവിധി നിർവ്വഹിക്കുന്നതിന് ക ഗയോട് ജാമ്യക്കാരനായിത്തീരുന്നു. കയുടെ അറിവു കൂടാതെ ഗ അവസാനത്തെ രണ്ടു തവണകൾ ഖ യ്ക്ക് മുൻകൂട്ടി നല്കുന്നു. ഇങ്ങനെ മുൻകൂട്ടി നല്കിയതിനാൽ ക ബാദ്ധ്യതയിൽനിന്നും ഒഴിവാക്കപ്പെടുന്നു.

(ഖ) ഖയും ഖയ്ക്കുവേണ്ടി, ജാമ്യക്കാരനെന്ന നിലയിൽ കയുംകൂടി ഗയ്ക്കു കൂട്ടായും വെവ്വേറെയായും ഉള്ള ഒരു പ്രോനോട്ടും അതോടൊപ്പം ഖയുടെ ഫർണീച്ചർ വില്ക്കുകയും വിററുകിട്ടുന്ന തുക പ്രോനോട്ടിന്റെ ബാദ്ധ്യത തീർക്കാൻ വിനിയോഗിക്കുകയും ചെയ്യുന്നതിന് ഗ യെ അധികാരപ്പെടുത്തുന്ന ഒരു വില്പനബില്ലും എഴുതിക്കൊടുത്തതിന്റെ ഈടിന്മേൽ ഗ, ഖയ്ക്കു പണം കടം കൊടുക്കുന്നു. പിന്നീട് ഗ ആ ഫർണിച്ചർ വില്ക്കുന്നു; എന്നാൽ അയാളുടെ നടപടിദൂഷ്യവും മനഃപൂർവ്വമായ ഉപേക്ഷയുംകൊണ്ട് ഒരു ചുരുങ്ങിയ വിലമാത്രമേ ലഭിക്കുന്നുള്ളു. പ്രോനോട്ടിന്മേലുള്ള ബാദ്ധ്യതയിൽനിന്ന് ക ഒഴിവാകുന്നു.

(ഗ) ക ഡ യെ ഖ യുടെ അപ്രൻറിസ്സായി വയ്ക്കുകയും, ഡ യുടെ വിശ്വസ്തതയ്ക്ക് ഖയ്ക്ക് ഗാരൻറി നല്കുകയും ചെയ്യുന്നു. മാസത്തിലൊരിക്കലെങ്കിലും, ഡ പണം കണക്കേല്പിക്കുന്നതിൽ താൻ മനസ്സിരുത്തിക്കൊള്ളാമെന്ന്, ഖ വാഗ്ദാനം ചെയ്യുന്നു. വാഗ്ദാനമനുസരിച്ച് ഇത് ചെയ്യുന്നതിൽ ഖ മനസ്സിരുത്തുന്നില്ല; ഡ പണാപഹരണം നടത്തുകയും ചെയ്യുന്നു. തന്റെ ഗാരൻറിയിന്മേൽ ക യ്ക്ക് ഖയോടു ബാദ്ധ്യതയില്ല.

140. <u>പണം കൊടുക്കുന്നതിന്മേലോ, നിർവ്വഹണത്തിന്മേലോ ജാമ്യക്കാരന്റെ അവകാശങ്ങൾ.</u>—ഗാരൻറി ചെയ്യപ്പെട്ടിട്ടുള്ള ഒരു കടം വീട്ടേണ്ടതായിത്തീർന്നിരിക്കുകയോ, ഗാരൻറി ചെയ്യപ്പെട്ടിട്ടുള്ള ഒരു കർത്തവ്യം നിർവ്വഹിക്കുന്നതിന് മൂല ഋണി വീഴ്ച വരുത്തിയിരിക്കുകയോ ചെയ്തിട്ടുള്ളിടത്ത്, ജാമ്യക്കാരൻ, താൻ കൊടുക്കാൻ ബാദ്ധ്യതയുള്ള പണമെല്ലാം കൊടുക്കുകയോ തനിക്ക് ബാദ്ധ്യതയുള്ളതെല്ലാം നിർവ്വഹിക്കുകയോ ചെയ്യുന്നതിന്മേൽ അയാളിൽ, മൂല ഋണിക്കെതിരായി ഉത്തമർണ്ണനുണ്ടായിരുന്ന എല്ലാ അവകാശങ്ങളും നിക്ഷിപ്തമാകുന്നതാണ്.

141. <u>ഉത്തമർണ്ണന്റെ ഈടുകളിൽ നിന്നുള്ള ഗുണത്തിന് ജാമ്യക്കാരനുള്ള അവകാശം.</u>—ജാമ്യം സംബന്ധിച്ച കാൺട്രാക്റ്റിൽ ഏർപ്പെടുന്ന സമയത്ത് മൂല ഋണിക്ക് എതിരായി ഉത്തമർണ്ണനുള്ള ഏതൊരു ഈടിൽനിന്നുമുള്ള ഗുണത്തിന് അങ്ങനെയുള്ള ഈട് ഉണ്ടെന്നുള്ളത് ജാമ്യക്കാരന് അറിയാമെങ്കിലും ഇല്ലെങ്കിലും, ജാമ്യക്കാരന് അവകാശമുള്ളതും, ഉത്തമർണ്ണന് അങ്ങനെയുള്ള ഈട് നഷ്ടപ്പെടുകയോ അയാൾ ജാമ്യക്കാരന്റെ സമ്മതം കൂടാതെ അതു കൈവിടുകയോ ചെയ്യുകയാണെങ്കിൽ, ആ ഈടിന്റെ മൂല്യത്തിന്റെ വ്യാപ്തിയോളം ജാമ്യക്കാരൻ ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നതുമാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഗ തന്റെ കുടിയാനായ ഖയ്ക്ക്, കയുടെ ഗാരൻറിയിൻമേൽ 2,000 രൂപ കടം കൊടുക്കുന്നു. ഗയ്ക്ക് ആ 2000 രൂപയ്ക്ക് ഖ യുടെ ഫർണിച്ചർ പണയപ്പെടുത്തിക്കൊണ്ടുള്ള മറെറാരു ഊടുകൂടിയുണ്ട്. ആ പണയം ഗ റദ്ദാക്കുന്നു. ഖ നിർദ്ധനനായിത്തീരുകയും കയ്ക്കെതിരായി അയാളുടെ ഗാരൻറിയിൻമേൽ, ഗ വ്യവഹാരപ്പെടുകയും ചെയ്യുന്നു. ആ ഫർണിച്ചറിന്റെ മൂല്യത്തിന്റെ തുകയോളമുള്ള ബാദ്ധ്യതയിൽനിന്ന് ക ഒഴിവാകുന്നു.

(ഖ) ഖ യ്ക്ക് താൻ കടമായി കൊടുത്തിട്ടുള്ളതും ഒരു വിധിയുടെ ഊടുള്ളതുമായ തുകയ്ക്ക് ഉത്തമർണ്ണനായ ഗ കയിൽനിന്ന് ഒരു ഗാരൻറി വാങ്ങുന്നു. അതിനുശേഷം ഗ ആ വിധി നടത്തി ഖ യുടെ സാമാനങ്ങൾ കൈവശപ്പെടുത്തുകയും, പിന്നീട് ക യുടെ അറിവുകൂടാതെ വിധി നടത്തൽ പിൻവലിക്കുകയും ചെയ്യുന്നു. ക ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നു.

(ഗ) ഗ യിൽനിന്ന് ഖ യ്ക്കുള്ള ഒരു വായ്പയുടെ ഊടിനായി ഖ യുടെ ജാമ്യക്കാരൻ എന്ന നിലയിൽ, ക ഖ യുമായി കൂട്ടായി ഗ യ്ക്ക് ഒരു ബാണ്ട് എഴുതിക്കൊടുക്കുന്നു. അതിനുശേഷം അതേ കടത്തിന് ഖ യിൽ നിന്നും ഗ വീണ്ടുമൊരു ജാമ്യം വാങ്ങുന്നു. പിന്നീട് ഗ വീണ്ടും വാങ്ങിയ ജാമ്യം ഉപേക്ഷിക്കുന്നു. ക ബാദ്ധ്യതയിൽനിന്ന് ഒഴിവാകുന്നില്ല.

142. തെററിദ്ധരിപ്പിച്ച് നേടുന്ന ഗാരൻറി അസാധുവാണെന്ന്.—ഒരു ഇടപാടിന്റെ സാരമായ ഭാഗം സംബന്ധിച്ച് ഉത്തമർണ്ണനോ, അല്ലെങ്കിൽ അയാളുടെ അറിവോടും അനുമതിയോടും കൂടിയോ ചെയ്തിട്ടുള്ള തെററിദ്ധരിപ്പിക്കൽവഴി നേടിയിട്ടുള്ള ഏതു ഗാരൻറിയും അസാധുവാകുന്നു.

143. ഒളിച്ചുവച്ച് നേടുന്ന ഗാരൻറി അസാധുവാണെന്ന്.—സാരമായ ഒരു സംഗതി സംബന്ധിച്ച് മൗനം പാലിക്കുന്നതുവഴി ഉത്തമർണ്ണൻ നേടിയിട്ടുള്ള ഏത് ഗാരൻറിയും അസാധുവാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക തനിക്കുവേണ്ടി പണം പിരിക്കാൻ ക്ലാർക്കായി ഖ യെ ഏർപ്പെടുത്തുന്നു. താൻ കൈപ്പററിയ ചില തുകകൾക്ക് ഖ കണക്ക് ബോധിപ്പിക്കാതിരിക്കുകയും തൽഫലമായി അയാൾ ശരിയായ കണക്ക് ബോധിപ്പിക്കുന്നതിന് ഊട് നല്കാൻ ക അയാളോട് ആവശ്യപ്പെടുകയും ചെയ്യുന്നു. ഖ ശരിയായി കണക്ക് ബോധിപ്പിക്കുന്നതിന് ഗ ഗാരൻറി നൽകുന്നു. ഖ യുടെ മുൻനടപടിയെക്കുറിച്ച് ക ഗ യെ അറിയിക്കുന്നില്ല. ഖ പിന്നീട് വീഴ്ച വരുത്തുന്നു. ഗാരൻറി അസാധുവാണ്.

(ഖ) ഖ യ്ക്കു ഗ നല്കുന്ന ഇരുമ്പിന് ക ഗ യ്ക്ക് രണ്ടായിരം ടൺവരെയുള്ളതിന്റെ വിലയ്ക്ക് ഗാരൻറി നല്കുന്നു. ടൺ ഒന്നിന് കമ്പോള വിലയേക്കാൾ 5 രൂപ കൂടുതൽ ക നല്കേണ്ടതാണെന്നും, അങ്ങനെയുള്ള അധികത്തുക പഴയ കടം തീർക്കുന്നതിന് വിനിയോഗിക്കേണ്ടതാണെന്നും ഖയും ഗയും സ്വകാര്യമായി കരാർ ചെയ്തിട്ടുണ്ട്. ഈ കരാർ ക യിൽനിന്ന് ഒളിച്ചുവയ്ക്കുന്നു. ക യ്ക്ക് ജാമ്യക്കാരനെന്ന നിലയിൽ ബാദ്ധ്യതയില്ല.

144. ഗാരൻറിയിൽ കൂട്ടുജാമ്യക്കാരൻ ചേരുന്നതുവരെ ഉത്തമർണ്ണൻ അതിൻമേൽ പ്രവർത്തിക്കാൻ പാടില്ലെന്നുള്ള കാൺട്രാക്ററിൻമേൽ നല്കുന്ന ഗാരൻറി.—ഒരാൾ ഒരു ഗാരൻറി, അതിൽ മറെറാരാൾ കൂട്ടുജാമ്യക്കാരനെന്ന

നിലയിൽ ചേരുന്നതുവരെ ഉത്തമർണ്ണൻ അതിൻമേൽ പ്രവർത്തിക്കാൻ പാടില്ലെന്നുള്ള ഒരു കാൺട്രാക്ററിൻമേൽ നല്കുന്നിടത്ത് മററയാൾ ചേരാതിരിക്കുന്നില്ലെങ്കിൽ ഗാരൻറി സാധുവാകുന്നതല്ല.

145. ജാമ്യക്കാരന് നഷ്ടോത്തരവാദം ചെയ്യാമെന്നുള്ള വ്യംഗ്യമായ വാഗ്ദാനം.—ഏതൊരു ഗാരൻറി കാൺട്രാക്ററിലും, ജാമ്യക്കാരന് നഷ്ടോത്തരവാദം ചെയ്യാമെന്നുള്ള മൂല ഋണിയുടെ വ്യംഗ്യമായ ഒരു വാഗ്ദാനം ഉണ്ട്; ജാമ്യക്കാരന് അയാൾ ആ ഗാരൻറിപ്രകാരം ന്യായമായി നല്കിയിട്ടുള്ള ഏതൊരു തുകയും മൂല ഋണിയിൽനിന്ന് വസൂലാക്കുവാൻ അവകാശമുള്ളതും, എന്നാൽ അന്യായമായി നല്കിയിട്ടുള്ള യാതൊരു തുകയും വസൂലാക്കുവാൻ അവകാശമില്ലാത്തതും ആകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ഖ ഗയ്ക്ക് കടം വീട്ടാനുണ്ട്, ആ കടത്തിന് ക ജാമ്യക്കാരനുമാകുന്നു. ഗ ക യോട് പണം നല്കണമെന്ന് ആവശ്യപ്പെടുകയും, വിസമ്മതിച്ചപ്പോൾ അയാൾക്കെതിരായി ആ തുകയ്ക്കു വ്യവഹാരപ്പെടുകയും ചെയ്യുന്നു. ആ വ്യവഹാരത്തിൽ പ്രതിവാദിക്കുന്നതിനു ന്യായമായി കാരണങ്ങളുള്ളതുകൊണ്ട് ക അപ്രകാരം ചെയ്യുകയും, എന്നാൽ കോടതിച്ചെലവു സഹിതം ആ കടത്തിൻെറ തുക കൊടുക്കാൻ അയാൾ നിർബന്ധനവുകയും ചെയ്യുന്നു. കോടതിച്ചെലവുകൾക്കും അതുപോലെതന്നെ മൂല ഋണത്തിനും ആയി താൻ കൊടുത്ത തുകയിൽനിന്ന് അയാൾക്ക് വസൂലാക്കാവുന്നതാണ്.

(ഖ) ഗ ഖ യ്ക്ക് പണം കടം കൊടുക്കുകയും ക ആ തുകയുടെ ഈടിനായി തൻെറ പേരിൽ ഖ ഡ്രാ ചെയ്ത വിനിമയപത്രം അയാളുടെ അപേക്ഷപ്രകാരം പ്രതിഗ്രഹിക്കുകയും ചെയ്യുന്നു. വിനിമയപത്രത്തിൻെറ ധാരകനായ ഗ അതിൻെറ പണത്തിന് ക യോട് ആവശ്യപ്പെടുകയും ക വിസമ്മതിച്ചപ്പോൾ വിനിമയപത്രത്തിൻമേൽ അയാൾക്ക് എതിരായി വ്യവഹാരപ്പെടുകയും ചെയ്യുന്നു. ന്യായമായ കാരണങ്ങൾ ഇല്ലാതിരിക്കെ ക ആ വ്യവഹാരത്തിൽ പ്രതിവാദിക്കുകയും വിനിമയപത്രത്തിൻെറ തുകയും കോടതിച്ചെലവും കൊടുക്കേണ്ടതായി വരികയും ചെയ്യുന്നു. അയാൾക്ക് വിനിമയപത്രത്തിൻെറ തുക ഖ യിൽനിന്ന് വസൂലാക്കാവുന്നതും എന്നാൽ വ്യവഹാരത്തിൽ പ്രതിവാദിക്കുന്നതിന്ന് ശരിയായ കാരണമില്ലാതിരുന്നതുകൊണ്ട് കോടതി ച്ചെലവായി കൊടുത്ത തുക വസൂലാക്കാവുന്നതല്ലാത്തതും ആണ്.

(ഗ) ഗ ഖ യ്ക്ക് നല്കുന്ന അരിയുടെ വിലയ്ക്ക് ക ഗയ്ക്ക് 2000 രൂപയ്ക്കുള്ള ഗാരൻറി നല്കുന്നു. ഗ 2000 രൂപയിൽ കുറവായ ഒരു തുകയ്ക്ക് ഖ യ്ക്ക് അരി നല്കുകയും എന്നാൽ നല്കിയ അരി സംബന്ധിച്ച് 2000 രൂപ കയിൽനിന്ന് വാങ്ങുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ നല്കിയ അരിയുടെ വിലയേക്കാൾ കൂടുതൽ ക യ്ക്ക് ഖ യിൽ നിന്ന് വസൂലാക്കാവുന്നതല്ല.

146. കൂട്ടുജാമ്യക്കാർ തുല്യമായി അംശദായം നല്കുന്നതിന് ബാദ്ധ്യതയുള്ളവരാണെന്ന്.— രണ്ടോ അതിലധികമോ ആളുകൾ ഒരേ കടത്തിനോ കർത്തവ്യത്തിനോ, ഒരേ കാൺട്രാക്ററിൻ കീഴിലോ വ്യത്യസ്ത കാൺട്രാക്ററുകളിൻ കീഴിലോ ആയാലും, പരസ്പരമുള്ള അറിവോടുകൂടിയോ അല്ലാതെയോ ആയാലും, കൂട്ടായോ വെവ്വേറെയായോ കൂട്ടുജാമ്യക്കാരാകുന്നിടത്ത്, വിപരീതമായുള്ള ഏതെങ്കിലും കാൺട്രാക്ററിൻെറ അഭാവത്തിൽ, അവർ തമ്മിൽത്തമ്മിൽ ഓരോരുത്തനും മുഴുവൻ കടത്തിൻേറയോ മൂല ഋണി കൊടുക്കാതെ അവശേഷിക്കുന്ന അത്രയും ഭാഗത്തിൻേറയോ തുല്യ ഓഹരി കൊടുക്കാൻ ബാദ്ധ്യതയുള്ളവരാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ങ യ്ക്ക് കടം കൊടുത്ത 3000 രൂപയ്ക്ക് ഘ യോട് ക യും ഖ യും ഗ യും ജാമ്യക്കാരാണ്. പണം നല്കുന്നതിൽ ങ വീഴ്ച വരുത്തുന്നു. ക യും ഖ യും ഗ യും തമ്മിൽത്തമ്മിൽ ഓരോരുത്തനും 1000 രൂപ കൊടുക്കാൻ ബാദ്ധ്യതയുള്ളവനാണ്.

(ഖ) ങ യ്ക്ക് കടം കൊടുത്ത 1000 രൂപയ്ക്ക് ഘ യോട് ക യും ഖ യും ഗ യും, ജാമ്യക്കാരാകുന്നു. നാലിലൊന്നിന് ക യും നാലിലൊന്നിന് ഖ യും പകുതിക്ക് ഗ യും ഉത്തരവാദികളാകേണ്ടതാണെന്ന് ക യുംഖ യും ഗ യും തമ്മിൽ കാൺട്രാക്ററ് ഉള്ളതും ആകുന്നു. പണം നല കുന്നതിൽ ങ വീഴ്ച വരുത്തുന്നു. ജാമ്യക്കാർ തമ്മിൽത്തമ്മിൽ ക 250 രൂപയും, ഖ 250 രൂപയും ഗ 500 രൂപയും കൊടുക്കുവാൻ ബാദ്ധ്യതയുള്ളവരാണ്.

147. <u>വ്യത്യസ്ത തുകകൾക്ക് ബാദ്ധ്യസ്ഥരായ കൂട്ടുജാമ്യക്കാരുടെ ബാദ്ധ്യത.</u>— വ്യത്യസ്ത തുകകൾക്ക് ബാദ്ധ്യസ്ഥരായ കൂട്ടുജാമ്യക്കാർ അവരുടെ യഥാക്രമമുള്ള കടപ്പാടുകളുടെ പരിധികൾ അനുവദിക്കുന്നിടത്തോളം, പണം നല്കുവാൻ തുല്യ ബാദ്ധ്യത ഉള്ളവരാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ങ യ്ക്ക് ഘ ശരിയായി കണക്കു ബോധിപ്പിക്കുന്നതിന് ഘ യ്ക്ക്വേണ്ടി ജാമ്യക്കാരായി, വീഴ്ചവരുത്തിയാൽ വ്യത്യസ്തമായ പിഴ സംഖ്യയ്ക്ക്, അതായത് ക 10,000 രൂപയ്ക്കും ഖ 20,000 രൂപയ്ക്കും ഗ 40,000 രൂപയ്ക്കും ഉള്ള ബാദ്ധ്യതയോടുകൂടി ക യും ഖ യും ഗ യും വെവ്വേറെയുള്ള മൂന്നു ബാണ്ട് എഴുതിക്കൊടുക്കുന്നു. ഘ 30,000 രൂപയ്ക്ക് വീഴ്ച വരുത്തുന്നു. ക യും ഖ യും ഗയും 10,000 രൂപ വീതം കൊടുക്കുന്നതിന് ബാദ്ധ്യതയുള്ളവരാണ്.

(ഖ) ങ യ്ക്ക് ഘ ശരിയായി കണക്കു ബോധിപ്പിക്കുന്നതിന് ഘ യ്ക്കുവേണ്ടി ജാമ്യക്കാരായി, വീഴ്ച വരുത്തിയാൽ വ്യത്യസ്തമായ പിഴ സംഖ്യയ്ക്ക്, അതായത്, ക 10,000 രൂപയ്ക്കും ഖ 20,000 രൂപയ്ക്കും ഗ 40,000 രൂപയ്ക്കും ഉള്ള ബാദ്ധ്യതയോടുകൂടി ക യും ഖ യും ഗ യും വെവ്വേറെയുള്ള മൂന്നു ബാണ്ട് എഴുതിക്കൊടുക്കുന്നു. ഘ 40,000 രൂപയ്ക്ക് വീഴ്ച വരുത്തുന്നു. ക 10,000 രൂപയും ഖ യും ഗ യും 15,000 രൂപ വീതവും കൊടുക്കുന്നതിന് ബാദ്ധ്യതയുള്ളവരാണ്.

(ഗ) ങ യ്ക്ക് ഘ ശരിയായി കണക്ക് ബോധിപ്പിക്കുന്നതിന് ഘ യ്ക്കുവേണ്ടി ജാമ്യക്കാരായി, വീഴ്ച വരുത്തിയാൽ വ്യത്യസ്തമായ പിഴ സംഖ്യയ്ക്കും, അതായത്, ക 10,000 രൂപയ്ക്കും ഖ 20,000 രൂപയ്ക്കും ഗ 40,000 രൂപയ്ക്കും ഉള്ള ബാദ്ധ്യതയോടുകൂടി ക യും ഖയും ഗ യും വെവ്വേറെയുള്ള മൂന്നു ബാണ്ട് എഴുതിക്കൊടുക്കുന്നു. ഘ 70,000 രൂപയ്ക്ക് വീഴ്ച വരുത്തുന്നു. ക യും ഖ യും ഗ യും അവരവരുടെ ബാണ്ടിലെ മുഴുവൻ പിഴസംഖ്യയും കൊടുക്കേണ്ടതാണ്.

## അദ്ധ്യായം IX

## ബെയിൽമെൻറിനെക്കുറിച്ച്

148. “ബെയിൽമെൻറ്”, “ബെയിലർ”, “ബെയിലി”— നിർവ്വചനം.— “ബെയിൽമെൻറ്” ഏതെങ്കിലും ആവശ്യത്തിനുവേണ്ടി ഒരാൾ മറെറാരാൾക്ക് സാമാനങ്ങൾ, ആ ആവശ്യം നിറവേററിക്കഴിയുമ്പോൾ അവ മടക്കി കൊടുക്കുകയോ ഡെലിവർ ചെയ്യുന്ന ആളുടെ നിദേശാനുസരണം മററു വിധത്തിൽ കൈയൊഴിക്കുകയോ ചെയ്യേണ്ടതാണെന്നുള്ള ഒരു കാൺട്രാക്ററിൻമേൽ, ഡെലിവർ ചെയ്യുന്നതാകുന്നു. സാമാനങ്ങൾ ഡെലിവർ ചെയ്യുന്ന ആൾക്ക് “ബെയിലർ” എന്നു പേർ പറയുന്നു. ആർക്കാണോ അത് ഡെലിവർ ചെയ്യുന്നത്, അയാൾക്ക് “ബെയിലി” എന്നു പേർ പറയുന്നു.

വിശദീകരണം.—മറെറാരാളുടെ സാമാനങ്ങൾ മുമ്പേ തന്നെ കൈവശം ഉള്ള ഒരാൾ അവ ബെയിലി എന്ന നിലയിൽ കൈവശം വയ്ക്കുവാൻ കാൺട്രാക്റ്റ് ചെയ്യുന്നുവെങ്കിൽ, അതുവഴി, അവ ബെയിൽമെൻറായി ഡെലിവർ ചെയ്യപ്പെട്ടിട്ടില്ലെങ്കിലും, അയാൾ അങ്ങനെയുള്ള സാമാനങ്ങളുടെ ബെയിലിയും ഉടമസ്ഥൻ ബെയിലറും ആയിത്തീരുന്നു.

149. ബെയിലിക്ക് ഡെലിവറി എങ്ങനെ ആകാമെന്ന്.— ബെയിലിക്കുള്ള ഡെലിവറി, സാമാനങ്ങൾ, ബെയിലിയായി ഉദ്ദേശിക്കപ്പെട്ടവൻേറയോ, അയാൾക്കുവേണ്ടി അവ കൈവശം വയ്ക്കുവാൻ പ്രാധികാരം നല്കപ്പെട്ട ഏതെങ്കിലും ആളുടേയോ കൈവശം കൊടുക്കുന്നതിൻെറ ഫലമുള്ള എന്തെങ്കിലും ചെയ്യുന്നതുവഴി ആകാവുന്നതാണ്.

150. ബെയിൽചെയ്ത സാമാനങ്ങളുടെ കുററങ്ങൾ വെളിപ്പെടുത്തുന്നത് ബെയിലറുടെ കർത്തവ്യമാണെന്ന്.— ബെയിൽ ചെയ്ത സാമാനങ്ങളിൽ ഉള്ളതും ബെയിലർക്ക് അറിയാവുന്നതും, അവയുടെ ഉപയോഗത്തെ സാരമായി ബാധിക്കുകയോ ബെയിലിയെ അസാധാരണമായ അപകടസാദ്ധ്യതയ്ക്ക് വിധേയനാക്കുകയോ ചെയ്യുന്നതും ആയ കുററങ്ങൾ, ബെയിലിക്ക് വെളിപ്പെടുത്തിക്കൊടുക്കുവാൻ ബെയിലർ ബാദ്ധ്യസ്ഥനാകുന്നു, അങ്ങനെ വെളിപ്പെടുത്തുന്നില്ലെങ്കിൽ അയാൾ അങ്ങനെയുള്ള കുററങ്ങളിൽനിന്ന് ബെയിലിക്ക് നേരിട്ടുണ്ടാക്കുന്ന നാശനഷ്ടത്തിന് ഉത്തരവാദി ആകുന്നതുമാണ്.

സാമാനങ്ങൾ ബെയിൽ ചെയ്തിട്ടുള്ളത് വാടകയ്ക്ക് ആണെങ്കിൽ, അങ്ങനെയുള്ള നാശനഷ്ടത്തിന്, ബെയിലർ, ബെയിൽ ചെയ്ത സാമാനങ്ങളിൽ അങ്ങനെയുള്ള കുററങ്ങൾ ഉണ്ടെന്നുള്ളത് അയാൾക്ക് അറിയാമായിരുന്നെങ്കിലും ഇല്ലെങ്കിലും, ഉത്തരവാദിയാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക ദുശ്ശീലമുള്ളതെന്ന് തനിക്ക് അറിയാവുന്ന ഒരു കുതിരയെ ഖ യക്ക് ഇരവലായി കൊടുക്കുന്നു. കുതിര ദുശ്ശീലമുള്ളതാണെന്ന വസ്തുത അയാൾ വെളിപ്പെടുത്തുന്നില്ല. കുതിര ഓടിപ്പോവുകയും ഖ തെറിച്ചു വീഴുകയും അയാൾക്ക് പരുക്കേല്ക്കുകയും ചെയ്യുന്നു. ഖ യ്ക്ക് നേരിട്ട നാശനഷ്ടത്തിന് അയാളോട് ക ഉത്തരവാദിയാണ്.

(ഖ) ഖ യുടെ ഒരു വാഹനം ക വാടകയ്ക്കെടുക്കുന്നു. ആ വാഹനം സുരക്ഷിതമല്ലാത്തതായിരുന്നു. എന്നാൽ അത് ഖ യ്ക്ക് അറിയാൻ പാടില്ലായിരുന്നു. ക യ്ക്ക് പരുക്കേല്ക്കുന്നു. പരുക്കേററതിന് ക യോട് ഖ ഉത്തരവാദിയാണ്.

151. ബെയിലി ചെലുത്തേണ്ട ശ്രദ്ധ.— ബെയിൽമെൻറുള്ള എല്ലാ സംഗതികളിലും, ബെയിലി തനിക്ക് ബെയിൽ ചെയ്തിട്ടുള്ള സാമാനങ്ങളുടെ കാര്യത്തിൽ സാമാന്യവിവേകമുള്ള ഒരാൾ അവയുടെ അതേ അളവും ക്വാളിററിയും മൂല്യവും ഉള്ള തൻെറ സ്വന്തം സാമാനങ്ങളുടെ കാര്യത്തിൽ അതുപോലെയുള്ള പരിതഃസ്ഥിതികളിൽ, ചെലുത്തുമായിരുന്നത്ര ശ്രദ്ധ ചെലുത്തുന്നതിന് ബാദ്ധ്യസ്ഥനാകുന്നു.

152. ബെയിൽചെയ്ത സാധനത്തിൻെറ നഷ്ടത്തിനുംമററും ബെയിലിക്ക് എപ്പോൾ ബാദ്ധ്യതയില്ലെന്ന്.— ഏതെങ്കിലും പ്രത്യേക കാൺട്രാക്ററിൻെറ അഭാവത്തിൽ ബെയിൽചെയ്ത സാധനത്തിൻെറ നഷ്ടത്തിനോ നാശത്തിനോ കെടുതിക്കോ, ബെയിലി അതു സംബന്ധിച്ച്, അയാൾ 151-ാം വകുപ്പിൽ വിവരിച്ചിട്ടുള്ളത്രയും ശ്രദ്ധ ചെലുത്തിയിട്ടുണ്ടെങ്കിൽ, ഉത്തരവാദിയാകുന്നതല്ല.

153. ഉപാധികൾക്ക് അസംഗതമായുള്ള, ബെയിലിയുടെ കൃത്യത്താൽ ബെയിൽമെൻറ് അവസാനിപ്പിക്കൽ.— ബെയിൽമെൻറിൻെറ ഉപാധികൾക്ക് അസംഗതമായി ബെയിൽ ചെയ്ത സാമാനങ്ങൾ സംബന്ധിച്ച് ബെയിലി ഏതെങ്കിലും കൃത്യം ചെയ്യുന്നുവെങ്കിൽ, ബെയിലർക്ക് ഐച്ഛികമായി ബെയിൽമെൻറ് കാൺട്രാക്ററ് ശൂന്യമാക്കാവുന്നതാണ്.

ദൃഷ്ടാന്തം

ക ഖ യുടെ സ്വന്തം സവാരിക്കുവേണ്ടി ഒരു കുതിരയെ അയാൾക്ക് വാടകയ്ക്ക് കൊടുക്കുന്നു. കുതിരയെ ഖ തൻെറ വണ്ടിയിൽകെട്ടി ഓടിക്കുന്നു. ഇത്, ക യുടെ ഇച്ഛ അതാണെങ്കിൽ, ബെയിൽമെൻറ് അവസാനിപ്പിക്കലാണ്.

154. ബെയിൽചെയ്ത സാമാനങ്ങൾ പ്രാധികാര രഹിതമായ വിധം ഉപയോഗിക്കുന്ന ബെയിലിയുടെ ബാദ്ധ്യത.— ബെയിൽചെയ്ത സാമാനങ്ങൾ, ബെയിലി, ബെയിൽമെൻറിൻെറ ഉപാധികൾ അനുസരിച്ചല്ലാതെ ഏതെങ്കിലും വിധത്തിൽ ഉപയോഗിക്കുന്നുവെങ്കിൽ, അവ അങ്ങനെ ഉപയോഗിക്കുന്നതുകൊണ്ടോ ഉപയോഗിക്കുമ്പോഴോ, സാമാനങ്ങൾക്കുണ്ടാകുന്ന ഏതെങ്കിലും നാശനഷ്ടത്തിന് ബെയിലർക്ക് നഷ്ടപരിഹാരം ചെയ്യാൻ അയാൾക്ക് ബാദ്ധ്യതയുണ്ട്.

ദൃഷ്ടാന്തങ്ങൾ

(ക) ക ഖ യുടെ സ്വന്തം സവാരിക്കുമാത്രമായി അയാൾക്ക് ഒരു കുതിരയെ ഇരവൽ കൊടുക്കുന്നു. ഖ തൻെറ കുടുംബത്തിലെ ഒരംഗമായ ഗ യെ ആ കുതിരപ്പുറത്തു സവാരി ചെയ്യാനായി അനുവദിക്കുന്നു. ഗ ശ്രദ്ധാപൂർവ്വം സവാരിചെയ്യുന്നു; എന്നാൽ കുതിര യാദൃച്ഛികമായി മറിഞ്ഞു വീഴുകയും അതിന് പരിക്കേല്ക്കുകയും ചെയ്യുന്നു. കുതിരയ്ക്കു വരുത്തിയ പരുക്കിന് ക യ്ക്ക് നഷ്ടപരിഹാരം ചെയ്യുവാൻ ഖ യ്ക്ക് ബാദ്ധ്യതയുണ്ട്.

(ഖ) ക കൽക്കട്ടയിൽവച്ച് ഖ യിൽനിന്നും ഒരു കുതിരയെ ബനാറസ്സിലേക്ക് പോകാനാണെന്ന് പ്രകടമാക്കിക്കൊണ്ട് വാടകയ്ക്ക് എടുക്കുന്നു. ക വേണ്ടത്ര ശ്രദ്ധയോടുകൂടി സവാരി ചെയ്യുന്നു. എന്നാൽ കട്ടക്കിലേക്കാണ് പോയത്. കുതിര യാദൃച്ഛികമായി മറിഞ്ഞു വീഴുകയും അതിന് പരിക്കേല്ക്കുകയും ചെയ്യുന്നു. കുതിരയ്ക്ക് പററിയ പരിക്കിന് ഖ യ്ക്ക് നഷ്ടപരിഹാരം ചെയ്യുന്നതിന് ക യ്ക്ക് ബാദ്ധ്യതയുണ്ട്.

155. ബെയിലറുടെ സമ്മതത്തോടുകൂടി അയാളുടെ സാമാനങ്ങൾ ബെയിലിയുടേതുമായി കൂട്ടികലർത്തുന്നതിന്റെ ഫലം.— ബെയിലി, ബെയിലറുടെ സമ്മതത്തോടുകൂടി, ബെയിലറുടെ സാമാനങ്ങൾ തന്റെ സ്വന്തം സാമാനങ്ങളുമായി കൂട്ടിക്കലർത്തുകയാണെങ്കിൽ, ബെയിലർക്കും ബെയിലിയ്ക്കും അങ്ങനെ ഉണ്ടായ കൂട്ടിക്കലർപ്പിൽ അവരുടെ യഥാക്രമമുള്ള ഓഹരികളുടെ അനുപാതമനുസരിച്ച് അവകാശം ഉണ്ടായിരിക്കുന്നതാണ്.

156. സാമാനങ്ങൾ വേർതിരിക്കാൻ കഴിയുമ്പോൾ, ബെയിലറുടെ സമ്മതം കൂടാതെ കൂട്ടികലർത്തുന്നതിന്റെ ഫലം.— ബെയിലി, ബെയിലറുടെ സമ്മതം കൂടാതെ ബെയിലറുടെ സാമാനങ്ങൾ സ്വന്തം സാമാനങ്ങളുമായി കൂട്ടിക്കലർത്തുകയും ആ സാമാനങ്ങൾ വേർതിരിക്കുകയോ ഭാഗിക്കുകയോ ചെയ്യാൻ കഴിയുകയും ചെയ്യുന്നുവെങ്കിൽ, സാമാനങ്ങളിലെ സ്വത്വം യഥാക്രമം ആ കക്ഷികളിൽ ഇരിക്കുന്നതാണ്; എന്നാൽ വേർതിരിക്കുകയോ ഭാഗിക്കുകയോ ചെയ്യുന്നതിന്റെ ചെലവും കൂട്ടിക്കലർത്തുന്നതിൽനിന്ന്, ഉണ്ടാകുന്ന ഏതെങ്കിലും നാശനഷ്ടവും വഹിക്കുന്നതിന് ബെയിലി ബാദ്ധ്യസ്ഥനാകുന്നു.

### ദൃഷ്ടാന്തം

ഒരു പ്രത്യേക അടയാളം ഇട്ടിട്ടുള്ള 100 കെട്ടു പരുത്തി ക ഖ യ്ക്ക് ബെയിൽ ചെയ്യുന്നു. ക യുടെ സമ്മതം കൂടാതെ ഖ ആ നൂറുകെട്ടു പരുത്തി, ഒരുവ്യത്യസ്ത അടയാളമിട്ടിട്ടുള്ള തന്റെ സ്വന്തമായമററു കെട്ടുകളോടു കൂടി കൂട്ടിക്കലർത്തുന്നു. തന്റെ 100 കെട്ടു പരുത്തി തിരിയെ കിട്ടുന്നതിന് ക യ്ക്ക് അവകാശമുള്ളതും, ആ കെട്ടുകൾ വേർതിരിക്കുന്നതിന് നേരിടുന്ന എല്ലാ ചെലവും മറേറതെങ്കിലും ആനുഷംഗികനാശനഷ്ടവും വഹിക്കുന്നതിന് ഖ ബാദ്ധ്യസ്ഥനാകുന്നതും ആണ്.

157. സാമാനങ്ങൾ വേറുതിരിക്കാൻ കഴിയാത്തപ്പോൾ, ബെയിലറുടെ സമ്മതം കൂടാതെ കൂട്ടിക്കലർത്തുന്നതിന്റെ ഫലം.—ബെയിലി, ബെയിലറുടെ സമ്മതം കൂടാതെ ബെയിലറുടെ സാമാനങ്ങൾ സ്വന്തം സാമാനങ്ങളുമായി, ബെയിൽ ചെയ്ത സാമാനങ്ങൾ മററു സാമാനങ്ങളിൽനിന്ന് വേറുതിരിക്കുവാനും തിരിയെ ഏല്പിക്കുവാനും അസാദ്ധ്യമായ രീതിയിൽ, കൂട്ടിക്കലർത്തുന്നുവെങ്കിൽ, സാമാനങ്ങളുടെ നഷ്ടത്തിൽ ബെയിലർക്ക് ബെയിലിയിൽനിന്ന് നഷ്ടപരിഹാരം കിട്ടുവാൻ അവകാശമുണ്ട്.

### ദൃഷ്ടാന്തം

ക 45 രൂപ വിലവരുന്ന ഒരു വീപ്പ കേപ്പുമാവ് ഖ യ്ക്ക് ബെയിൽ ചെയ്യുന്നു. ക യുടെ സമ്മതം കൂടാതെ, ഖ വീപ്പ ഒന്നിന് 25 രൂപ മാത്രം വില വരുന്ന തന്റെ സ്വന്തം നാടൻമാവുമായി ആ മാവ് കൂട്ടി കലർത്തുന്നു. ക യുടെ മാവിന്റെ നഷ്ടത്തിന് അയാൾക്ക് ഖ നഷ്ടപരിഹാരം ചെയ്യേണ്ടതാണ്.

158. ആവശ്യകമായ ചെലവുകൾ, ബെയിലറിൽനിന്ന് മടക്കിക്കിട്ടണമെന്ന്.— ബെയിൽമെൻറിന്റെ ഉപാധികൾപ്രകാരം സാമാനങ്ങൾ ബെയിലർക്കുവേണ്ടി ബെയിലി സൂക്ഷിക്കേണ്ടതായോ, കൊണ്ടുപോകേണ്ടതായോ അവയിൽ പണി ചെയ്യേണ്ടതായോ ഇരിക്കുകയും ബെയിലിക്ക് യാതൊരു വേതനവും കിട്ടേണ്ടതായിട്ടില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, ബെയിലർ ബെയിലിക്ക് ബെയിൽമെൻറിനു വേണ്ടി നേരിട്ട ആവശ്യക ചെലവുകൾ കൊടുക്കേണ്ടതാകുന്നു.

159. സൗജന്യമായി ഇരവൽ കൊടുത്ത സാമാനങ്ങൾ തിരിയെ കൊടുക്കൽ.—ഒരു സാധനം ഉപയോഗത്തിനായി ഇരവൽ കൊടുത്ത ആൾക്ക്. ഒരു വിനിർദ്ദിഷ്ടമായ സമയത്തേക്കോ ആവശ്യത്തിനോ ആണ് അത് കൊടുത്തതെങ്കിലും, ഇരവൽ സൗജന്യമായിരുന്നുവെങ്കിൽ, അത് തിരിയെ കിട്ടണമെന്ന് ഏത് സമയത്തും ആവശ്യപ്പെടാവുന്നതാണ്. എന്നാൽ വിനിർദ്ദിഷ്ടമായ ഒരു സമയത്തേക്കോ ആവശ്യത്തിനോ കൊടുത്ത ഇരവലിനെ വിശ്വസിച്ച്, സമ്മതിച്ച പ്രകാരമുള്ള സമയത്തിന് മുൻപ് സാധനം മടക്കി കൊടുത്താൽ തനിക്ക് ഇരവലിൽനിന്ന് യഥാർത്ഥത്തിൽ ലഭിച്ച ഗുണത്തിൽ കൂടുതലായ നഷ്ടം നേരിടത്തക്കവിധം ഇരവൽ വാങ്ങിയ ആൾ പ്രവർത്തിച്ചിട്ടുണ്ടെങ്കിൽ ഇരവൽ കൊടുത്ത ആൾ, സാധനം തിരിച്ചുകിട്ടുന്നതിന് അയാൾ നിർബന്ധിക്കുന്നുവെങ്കിൽ, അപ്രകാരം ലഭിച്ച ഗുണത്തേക്കാൾ അപ്രകാരം നേരിട്ട നഷ്ടം ഏതു തുകയ്ക്ക് കൂടുതലാകുന്നുവോ, അത്രയും തുകയ്ക്ക് ഇരവൽ വാങ്ങിയ ആൾക്ക് നഷ്ടോത്തരവാദം ചെയ്യണം.

160. സമയം അവസാനിക്കുകയോ ആവശ്യം നിറവേറുകയോ ചെയ്യുമ്പോൾ ബെയിൽ ചെയ്ത സാമാനങ്ങൾ തിരിയെ കൊടുക്കൽ.—ബെയിൽ ചെയ്ത സാമാനങ്ങൾ, അവ എത്ര സമയത്തേക്കാണോ ബെയിൽ ചെയ്തത്, ആ സമയം അവസാനിക്കുകയോ അവ ബെയിൽ ചെയ്തത് ഏത് ആവശ്യത്തിലേക്കാണോ ആ ആവശ്യം നിറവേറുകയോ ചെയ്താൽ ഉടൻ, ആവശ്യപ്പെടാതെ തന്നെ, തിരിയെ കൊടുക്കുകയോ ബെയിലറുടെ നിദേശാനുസരണം ഡെലിവർ ചെയ്യുകയോ ചെയ്യേണ്ടത് ബെയിലിയുടെ കർത്തവ്യം ആകുന്നു.

161. സാമാനങ്ങൾ യഥാവിധി തിരിയെ കൊടുക്കാതിരിക്കുമ്പോൾ ബെയിലിയുടെ ഉത്തരവാദിത്വം.—ബെയിലിയുടെ ദോഷംമൂലം സാമാനങ്ങൾ ശരിയായ സമയത്ത് തിരിയെ കൊടുക്കുകയോ ഡെലിവർ ചെയ്യുകയോ ടെൻഡർ ചെയ്യുകയോ ചെയ്യുന്നില്ലെങ്കിൽ, ആ സമയം മുതല്കുള്ള സാമാനങ്ങളുടെ ഏതെങ്കിലും നഷ്ടത്തിനോ നാശത്തിനോ കെടുതിക്കോ അയാൾ ബെയിലറോട് ഉത്തരവാദിയായിരിക്കുന്നതാണ്.

162. സൗജന്യമായ ബെയിൽമെൻറ് മരണത്താൽ അവസാനിക്കുന്നത്.—സൗജന്യമായ ബെയിൽമെൻറ്, ബെയിലറുടേയോ ബെയിലിയുടേയോ മരണത്താൽ അവസാനിക്കുന്നതാകുന്നു.

163. ബെയിൽചെയ്ത സാമാനങ്ങളിൽനിന്ന് ഉണ്ടാകുന്ന വർദ്ധനവിനോ ലാഭത്തിനോ ബെയിലർ അവകാശിയാണെന്ന്.—വിപരീതമായ ഏതെങ്കിലും കാൺട്രാക്ററിന്റെ അഭാവത്തിൽ, ബെയിൽ ചെയ്ത സാമാനങ്ങളിൽ നിന്ന് ഉണ്ടായിട്ടുള്ള ഏതെങ്കിലും വർദ്ധനവോ ലാഭമോ ബെയിലർക്കു, അല്ലെങ്കിൽ അയാളുടെ നിദേശം അനുസരിച്ച്, ഡെലിവർ ചെയ്യുവാൻ ബെയിലി ബാദ്ധ്യസ്ഥനാകുന്നു.

### ദൃഷ്ടാന്തം

ക സംരക്ഷണത്തിനുവേണ്ടി ഖ യുടെ അധീനതയിൽ ഒരു പശുവിനെ ഏല്പ്പിക്കുന്നു. പശുവിന് ഒരു കുട്ടി ഉണ്ടാകുന്നു. ആ പശുവിനേയും കുട്ടിയേയും ക യ്ക്കു ഡെലിവർ ചെയ്യുവാൻ ഖ ബാദ്ധ്യസ്ഥനാണ്.

164. ബെയിലിയോട് ബെയിലർക്കുള്ള ഉത്തരവാദിത്വം.—ബെയിൽ ചെയ്യുന്നതിനോ സാമാനങ്ങൾ തിരിയെ വാങ്ങുന്നതിനോ, അവ സംബന്ധിച്ച് നിദേശങ്ങൾ നല്കുന്നതിനോ ബെയിലർക്ക് അവകാശമില്ലായിരുന്നു എന്ന കാരണത്താൽ ബെയിലിക്ക് നേരിടുന്ന ഏതെങ്കിലും നഷ്ടത്തിന് ബെയിലർ ബെയിലിയോട് ഉത്തരവാദിയായിരിക്കുന്നതാണ്.

165. പല കൂട്ടുടമകളുടെ ബെയിൽമെൻറ്.—സാമാനങ്ങളുടെ പല കൂട്ടുടമകൾ അവ ബെയിൽ ചെയ്യുന്നുവെങ്കിൽ, വിപരീതമായ ഏതെങ്കിലും കരാറിൻെറ അഭാവത്തിൽ, ബെയിലിക്ക് എല്ലാ കൂട്ടുടമകളുടേയും സമ്മതംകൂടാതെ ഒരു കൂട്ടുടമയ്ക്ക് അല്ലെങ്കിൽ അയാളുടെ നിദേശമനുസരിച്ച് അവ തിരിയെ ഡെലിവർ ചെയ്യാവുന്നതാണ്.

166. ഉടമാവകാശമില്ലാത്ത ബെയിലർക്ക് തിരിയെ ഡെലിവർ ചെയ്താൽ ബെയിലി ഉത്തരവാദിയല്ലെന്ന്.—സാമാനങ്ങളിൽ ബെയിലർക്ക് ഉടമാവകാശം ഇല്ലാതിരിക്കുകയും ബെയിലി ഉത്തമവിശ്വാസപൂർവ്വം ബെയിലർക്ക്, അല്ലെങ്കിൽ അയാളുടെ നിദേശം അനുസരിച്ച് അവ തിരിയെ ഡെലിവർ ചെയ്യുകയും ചെയ്യുകയാണെങ്കിൽ, അങ്ങനെ ഡെലിവർ ചെയ്തത് സംബന്ധിച്ച് ബെയിലി ഉടമസ്ഥനോട് ഉത്തരവാദിയല്ല.

167. ബെയിൽ ചെയ്ത സാമാനങ്ങൾ അവകാശപ്പെടുന്ന മൂന്നാമൻെറ അവകാശം.—ബെയിലർ അല്ലാത്ത ഒരാൾ ബെയിൽ ചെയ്ത സാമാനങ്ങൾ അവകാശപ്പെടുകയാണെങ്കിൽ, അയാൾക്ക് സാമാനങ്ങൾ ബെയിലർക്ക് ഡെലിവർ ചെയ്യുന്നത് തടയുവാനും അവയുടെ ഉടമാവകാശം തീരുമാനിക്കാനുമായി കോടതിയോട് അപേക്ഷിക്കാവുന്നതാണ്.

168. സാമാനങ്ങൾ കണ്ടുകിട്ടിയ ആളുടെ അവകാശം ആഫർ ചെയ്ത വിനിർദ്ദിഷ്ട പ്രതിഫലത്തിനുവേണ്ടി വ്യവഹാരപ്പെടാമെന്ന്.—സാമാനങ്ങൾ കണ്ടുകിട്ടിയ ആൾക്ക് അവ സൂക്ഷിക്കുവാനും ഉടമസ്ഥനെ കണ്ടുപിടിക്കാനും വേണ്ടി താൻ സ്വേച്ഛയാ വരുത്തിവച്ച ചെലവിനും ബുദ്ധിമുട്ടിനും ഉള്ള നഷ്ടപരിഹാരത്തിനുവേണ്ടി ഉടമസ്ഥന് എതിരായി വ്യവഹാരപ്പെടാൻ അവകാശമില്ല, എന്നാൽ അങ്ങനെയുള്ള നഷ്ടപരിഹാരം കിട്ടുന്നതുവരെ അയാൾക്ക് ഉടമസ്ഥനെതിരായി ആ സാമാനങ്ങൾ വച്ചുകൊള്ളാവുന്നതും, നഷ്ടപ്പെട്ട സാമാനങ്ങൾ തിരിച്ചേല്പിക്കുന്നതിനും ഒരു വിനിർദ്ദിഷ്ട പ്രതിഫലം ഉടമസ്ഥൻ ആഫർ ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള പ്രതിഫലത്തിനുവേണ്ടി കണ്ടുകിട്ടിയ ആൾക്ക് വ്യവഹാരപ്പെടാവുന്നതും, അത് കിട്ടുന്നതുവരെ ആ സാമാനങ്ങൾ വച്ചുകൊള്ളാവുന്നതും ആണ്.

169. സാധാരണമായി വില്ക്കാറുള്ള സാധനം കണ്ടുകിട്ടിയ ആൾക്ക് അത് എപ്പോൾ വില്ക്കാമെന്ന്.—സാധാരണമായി വില്പനയ്ക്ക് വിഷയമാകുന്ന ഒരു സാധനം നഷ്ടപ്പെടുമ്പോൾ, ന്യായമായ ശ്രദ്ധ ഉണ്ടായിരുന്നാൽ ഉടമസ്ഥനെ കണ്ടുപിടിക്കാൻ കഴിയാതിരിക്കുകയോ സാധനം കണ്ടുകിട്ടിയ ആളുടെ ന്യായമായ ചെലവുകൾ ആവശ്യപ്പെടുമ്പോൾ അത് കൊടുക്കാൻ ഉടമസ്ഥൻ വിസമ്മതിക്കുകയോ ചെയ്യുകയാണെങ്കിൽ, കണ്ടുകിട്ടിയ ആൾക്ക്—

(1) ആ സാധനം നശിച്ചുപോകുകയോ അതിൻെറ വിലയുടെ അധികഭാഗവും നഷ്ടപ്പെടുകയോ ചെയ്യുന്നതിനുള്ള സാദ്ധ്യത ഉണ്ടാകുമ്പോഴോ, അല്ലെങ്കിൽ,

(2) കണ്ടുകിട്ടിയ സാധനം സംബന്ധിച്ചുള്ള ഇതു കണ്ടുകിട്ടിയ ആളുടെ നിയമാനുസൃതമായ ചെലവു അതിൻെറ വിലയുടെ മൂന്നിൽ രണ്ടുഭാഗം ആയിരിക്കുമ്പോഴോ, അത് വില്ക്കാവുന്നതാണ്.

170. ബെയിലിയുടെ പ്രത്യേക ലീൻ.—ബെയിൽമെൻറിൻെറ ഉദ്ദേശ്യത്തിനനുസരണമായി ബെയിൽ ചെയ്ത സാമാനങ്ങൾ സംബന്ധിച്ച് ബെയിലി അദ്ധ്വാനമോ നൈപുണ്യമോ പ്രയോഗിക്കേണ്ട ഏതെങ്കിലും സർവ്വീസ

ചെയ്തിട്ടുള്ളിടത്ത്, വിപരീതമായ കാൺട്രാക്ററിൻെറ അഭാവത്തിൽ, അങ്ങനെയുള്ള സാമാനങ്ങൾ സംബന്ധിച്ച് അയാൾ ചെയ്തിട്ടുള്ള സർവ്വീസിന് ശരിയായ വേതനം കിട്ടുന്നതുവരെ അയാൾക്ക് അവ വച്ചുകൊണ്ടിരിക്കാൻ അവകാശമുണ്ട്.

ദൃഷ്ടാന്തങ്ങൾ

(ക) പട്ടം ചെത്തി മിനുക്കാത്ത ഒരു വൈരക്കല്ല്, പട്ടം ചെത്തിമിനുക്കുന്നതിനുവേണ്ടി ക ഒരു രത്നവ്യാപാരിയായ ഖ യ്ക്കു ഡെലിവർ ചെയ്യുന്നു. ഖ അപ്രകാരം ചെയ്യുന്നു. താൻ ചെയ്തിട്ടുള്ള സർവ്വീസിന് പണം കൊടുക്കുന്നതുവരെ ഖ യ്ക്ക് ആ കല്ല് വച്ചുകൊണ്ടിരിക്കാൻ അവകാശമുണ്ട്.

(ഖ) ക ഒരു കോട്ട് തയ്ക്കാൻ തുണി തയ്യൽക്കാരനായ ഖ യ്ക്ക് നല്കുന്നു, തയ്ച്ചുകഴിഞ്ഞാൽ ഉടൻ കോട്ട് ഡെലിവർ ചെയ്യാമെന്നും കൂലി കൊടുക്കുന്നതിന് മൂന്നുമാസത്തെ അവധി നല്കാമെന്നും ഖ ക-യോട് വാഗ്ദാനം ചെയ്യുന്നു. പണം കൊടുക്കുന്നതുവരെ കോട്ട് വച്ചുകൊണ്ടിരിക്കുവാൻ ഖ യ്ക്ക് അവകാശമില്ല.

171. ബാങ്കർമാരുടേയും, ഫാക്ടർമാരുടേയും, പാതാറുടമകളുടേയും, അററാർണികളുടേയും പാളിസി ദല്ലാളികളുടേയും സാമാന്യ ലീൻ.—ബാങ്കർമാർക്കും ഫാക്ടർമാർക്കും, പാതാറുടമകൾക്കും, ഹൈക്കോടതിയിലെ അററാർണികൾക്കും, പാളിസി ദല്ലാളികൾക്കും, വിപരീതമായുള്ള കാൺട്രാക്ററിൻെറ അഭാവത്തിൽ ആകെ കണക്കു ബാക്കിക്കുള്ള ഈടെന്ന നിലയിൽ അവർക്ക് ബെയിൽചെയ്ത ഏതെങ്കിലും സാമാനങ്ങൾ വച്ചുകൊണ്ടിരിക്കാവുന്നതാണ്, എന്നാൽ മററു യാതൊരാൾക്കും അങ്ങനെയുള്ള ബാക്കിക്കുള്ള ഈടെന്ന നിലയിൽ അവർക്കു ബെയിൽ ചെയ്ത സാമാനങ്ങൾ വച്ചുകൊണ്ടിരിക്കുന്നതിന്, ആ ഫലമുള്ള പ്രകടമായ കാൺട്രാക്ററ് ഇല്ലാത്തപക്ഷം, അവകാശമുണ്ടായിരിക്കുന്നതല്ല.

പണയങ്ങളായ ബെയിൽമെൻറുകൾ

172. "പണയം" "പണയം വയ്ക്കുന്ന ആൾ" "പണയം വാങ്ങുന്ന ആൾ" നിർവ്വചനം.—ഒരു കടം വീട്ടുന്നതിനോ വാഗ്ദാനം നിർവ്വഹിക്കുന്നതിനോ ഈടെന്ന നിലയിലുള്ള സാമാനങ്ങളുടെ ബെയിൽമെൻറിന് "പണയം" എന്നു പേർ പറയുന്നു. ഈ സംഗതിയിൽ ബെയിലറെ "പണയം വയ്ക്കുന്നവൻ" എന്നു പേർ പറയുന്നു. ബെയിലിയെ "പണയം വാങ്ങുന്നവൻ" എന്നു പേർ പറയുന്നു.

173. വച്ചുകൊണ്ടിരിക്കുവാൻ പണയം വാങ്ങുന്നവനുള്ള അവകാശം.—പണയം വാങ്ങുന്നവന്, കടം കൊടുത്ത തുക കിട്ടുന്നതിനോ വാഗ്ദാനം നിർവ്വഹിക്കുന്നതിനോ വേണ്ടി മാത്രമല്ല, ആ തുകയുടെ പലിശയ്ക്കും പണയംവച്ച സാമാനങ്ങളുടെ കൈവശമോ സംരക്ഷണമോ സംബന്ധിച്ച് തനിക്ക് നേരിടുന്ന ആവശ്യകമായ എല്ലാ ചെലവിനുംകൂടി പണയംവച്ച സാമാനങ്ങൾ വച്ചുകൊണ്ടിരിക്കാവുന്നതാണ്.

174. ഏതു കടത്തിനോ വാഗ്ദാനത്തിനോ വേണ്ടിയാണ് സാമാനങ്ങൾ പണയം വച്ചിട്ടുള്ളത്, അവയ്ക്കുവേണ്ടിയല്ലാതെ പണയം വാങ്ങുന്നവൻ വച്ചുകൊണ്ടിരിക്കുവാൻ പാടില്ലെന്ന്, പിന്നീട് കടം കൊടുത്ത തുകകളുടെ സംഗതിയിലുള്ള അനുമാനം.—പണയം വാങ്ങുന്നവൻ, പണയംവച്ച സാമാനങ്ങൾ, അവ ഏതു കടത്തിനോ വാഗ്ദാനത്തിനോ വേണ്ടിയാണോ പണയം വച്ചിട്ടുള്ളത്, അതല്ലാതെയുള്ള മറേറതെങ്കിലും കടത്തിനോ വാഗ്ദാനത്തിനോ വേണ്ടി വച്ചു

കൊണ്ടിരിക്കാമെന്നുള്ള ഒരു കാൺട്രാക്ററിന്റെ അഭാവത്തിൽ, അങ്ങനെ ചെയ്യാൻ പാടുള്ളതല്ല, എന്നാൽ, വിപരീതമായുള്ള എന്തിന്റേയെങ്കിലും അഭാവത്തിൽ, പണയം വാങ്ങുന്നവൻ പിന്നീട് കടം കൊടുത്ത തുകകളുടെ കാര്യത്തിൽ, അങ്ങനെയുള്ള കാൺട്രാക്ററ് ഉള്ളതായി അനുമാനിക്കപ്പെടുന്നതാകുന്നു.

175. പണയം വാങ്ങുന്നവന് നേരിട്ടിട്ടുള്ള അസാധാരണച്ചെലവ് സംബന്ധിച്ച അവകാശം.—പണയം വാങ്ങുന്നവന്, പണയംവച്ച സാമാനങ്ങൾ സംരക്ഷിക്കുന്നതിന്, തനിക്ക് നേരിടുന്ന അസാധാരണച്ചെലവ്, പണയം വച്ചവനിൽനിന്ന് കിട്ടുന്നതിന് അവകാശമുണ്ടായിരിക്കുന്നതാണ്.

176. പണയം വച്ചവൻ വീഴ്ച വരുത്തിയാൽ പണയം വാങ്ങുന്നവന്റെ അവകാശം.—ഏതു കടമോ വാഗ്ദാനമോ സംബന്ധിച്ചാണോ സാമാനങ്ങൾ പണയം വച്ചിട്ടുള്ളത്, ആ കടം വീട്ടുകയോ വാഗ്ദാനം നിശ്ചിത സമയത്ത് നിർവ്വഹിക്കുകയോ ചെയ്യുന്നതിൽ പണയംവയ്ക്കുന്നവൻ വീഴ്ച വരുത്തുകയാണെങ്കിൽ, പണയം വാങ്ങിയവന് ആ കടത്തിൻമേലോ വാഗ്ദാനത്തിൻമേലോ പണയം വച്ചവനെതിരായി വ്യവഹാരപ്പെടുകയും, ഒരുഅധിജാമ്യം എന്നനിലയിൽ പണയം വച്ച സാമാനങ്ങൾ വച്ചുകൊണ്ടിരിക്കുകയും ചെയ്യാവുന്നതാണ്; അല്ലെങ്കിൽ വില്ക്കുമെന്നുള്ളതിന് ന്യായമായ നോട്ടീസ് പണയംവച്ചവന് നല്കിയതിൻമേൽ പണയം വച്ച സാധനം അയാൾക്ക് വില്ക്കാവുന്നതാണ്.

വിററുകിട്ടിയ തുക ആ കടമോ വാഗ്ദാനമോ സംബന്ധിച്ച് കൊടുക്കേണ്ടതായ തുകയിൽ കുറവാണെങ്കിൽ, ബാക്കിയുള്ളത് കൊടുക്കാൻ പണയം വച്ചവനു പിന്നെയും ബാദ്ധ്യതയുണ്ട്. വിററുകിട്ടിയ തുക അപ്രകാരം കൊടുക്കേണ്ടതായ തുകയേക്കാൾ കൂടുതലാണെങ്കിൽ, പണയം വാങ്ങിയവൻ മിച്ചമുള്ളത് പണയം വച്ചവന് കൊടുക്കേണ്ടതാകുന്നു.

177. വീഴ്ചക്കാരനായ പണയംവച്ചവന് വീണ്ടെടുക്കാനുള്ള അവകാശം.—ഏതു കടത്തിനോ വാഗ്ദാനത്തിനോ ആണോ പണയം വച്ചിട്ടുള്ളത്, ആ കടം വീട്ടുകയോ വാഗ്ദാനം നിർവ്വഹിക്കുകയോ ചെയ്യുന്നതിനുവേണ്ടി ഒരു സമയം നിശ്ചയിക്കുകയും നിശ്ചിത സമയത്ത് കടം വീടുകയോ വാഗ്ദാനം നിർവ്വഹിക്കുകയോ ചെയ്യുന്നതിൽ പണയം വച്ചവൻ വീഴ്ച വരുത്തുകയും ചെയ്യുകയാണെങ്കിൽ, പിന്നീട് അവ യഥാർത്ഥത്തിൽ വില്ക്കപ്പെടുന്നതിന് മുമ്പായി ഏതെങ്കിലും സമയത്ത് പണയം വച്ച സാമാനങ്ങൾ അയാൾക്ക് വീണ്ടെടുക്കാവുന്നതാണ്; എന്നാൽ ആ സംഗതിയിൽ, താൻ വീഴ്ച വരുത്തിയതിൽ നിന്നുമുണ്ടായിട്ടുള്ള ഏതെങ്കിലും ചെലവുകൂടി അയാൾ നല്കണം.

178. കച്ചവട ഏജൻറ് പണയം വയ്ക്കുന്നത്.—ഒരു കച്ചവട ഏജൻറ്, ഉടമസ്ഥന്റെ സമ്മതത്തോടുകൂടി സാമാനങ്ങളോ സാമാനങ്ങളുടെ ഉടമാവകാശ രേഖകളോ കൈവശം വയ്ക്കുന്നിടത്ത്, ഒരു കച്ചവട ഏജൻറിന്റെ സാധാരണ ബിസിനസ് മുറയിൽ പ്രവർത്തിക്കുമ്പോൾ അയാൾ സൃഷ്ടിക്കുന്ന ഏതെങ്കിലും പണയം, അങ്ങനെ ചെയ്യുന്നതിന് സാമാനങ്ങളുടെ ഉടമസ്ഥൻ അയാൾക്ക് പ്രകടമായി പ്രാധികാരം നല്കിയിരുന്നാലെന്നപോലെ സാധുവായിരിക്കുന്നതാണ്; എന്നാൽ അതിന് പണയം വാങ്ങുന്നവൻ ഉത്തമവിശ്വാസത്തിൽ പ്രവർത്തിച്ചിരിക്കേണ്ടതും അയാൾക്ക് പണയംവയ്ക്കുന്ന സമയത്ത് പണയം വയ്ക്കുന്നവന് അതിനുള്ള പ്രാധികാരമില്ലെന്ന് നോട്ടീസ് ഉണ്ടായിരിക്കുവാൻ പാടില്ലാത്തതും ആകുന്നു.

വിശദീകരണം :—ഈ വകുപ്പിൽ "കച്ചവട ഏജൻറ്" എന്നും "ഉടമാവകാശ രേഖകൾ" എന്നുമുള്ള പദങ്ങൾക്ക് ഇൻഡ്യൻ സാമാനവില്പന ആക്ററ്, 1930 (1930-ലെ3) നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

178. ക. ശൂന്യമാക്കാവുന്ന കാൺട്രാക്ററിൻ കീഴിൽ ഉള്ള കൈവശക്കാരൻ പണയം വയ്ക്കുന്നത്.—പണയം വച്ചവന്, പണയം വച്ച സാമാനങ്ങൾ 19-ാം വകുപ്പിനോ 19 ക വകുപ്പിനോ കീഴിൽ ശൂന്യമാക്കാവുന്ന ഒരു കാൺട്രാക്ററിൻ കീഴിൽ കൈവശം കിട്ടിയിരിക്കുകയും എന്നാൽ പണയം വച്ച സമയത്ത് ആ കാൺട്രാക്ററ് റദ്ദാക്കിയിട്ടില്ലാതിരിക്കുകയും ചെയ്യുമ്പോൾ, പണയം വാങ്ങുന്നവന് ആ സാമാനങ്ങളുടെ സാധുവായ അവകാശം സിദ്ധിക്കുന്നതാകുന്നു; എന്നാൽ അതിന് അയാൾ ഉത്തമവിശ്വാസപൂർവ്വവും പണയം വച്ചവന്റെ ഉടമാവകാശത്തിന്റെ ന്യൂനതയെപ്പററി നോട്ടീസില്ലാതേയും പ്രവർത്തിച്ചിരിക്കണം.

179. പണയംവച്ചവന് പരിമിതമായ അവകാശം മാത്രം ഉള്ളപ്പോൾ പണയം വയ്ക്കുന്നത്.—സാമാനങ്ങളിൽ പരിമിതമായ അവകാശം മാത്രമുള്ള ഒരാൾ അവ പണയം വയ്ക്കുമ്പോൾ ആ അവകാശത്തിന്റെ വ്യാപ്തിയോളം, പണയം സാധുവായിരിക്കുന്നതാണ്.

### അപകർത്താക്കൾക്കെതിരായി ബെയിലികളോ ബെയിലർമാരോ കൊടുക്കുന്ന വ്യവഹാരം

180. അപകർത്താവിനെതിരായി ബെയിലിയോ ബെയിലറോ, കൊടുക്കുന്ന വ്യവഹാരം.—മൂന്നാമതൊരാൾ, ബെയിൽ ചെയ്ത സാമാനങ്ങളുടെ ഉപയോഗമോ കൈവശമോ അന്യായമായി ബെയിലിക്ക് ഇല്ലാതാക്കുകയോ അവയ്ക്ക് ഏതെങ്കിലും ക്ഷതി വരുത്തുകയോ ചെയ്യുന്നുവെങ്കിൽ, ഒരു ബെയിൽമെൻറും ഇല്ലാതിരുന്നാൽ അതുപോലുള്ള സംഗതിയിൽ ഉടമസ്ഥന് തേടാമായിരുന്ന വൃത്തികൾ തേടാൻ ബെയിലിക്ക് അവകാശമുണ്ടായിരിക്കുന്നതും, ബെയിലർക്കോ ബെയിലിക്കോ അങ്ങനെ ഇല്ലാതാക്കിയതിനോ, ക്ഷതി വരുത്തിയതിനോ മൂന്നാമതൊരാൾക്കെതിരായി വ്യവഹാരപ്പെടാവുന്നതും ആണ്.

181. അങ്ങനെയുള്ള വ്യവഹാരങ്ങൾ വഴി ലഭിച്ചിട്ടുള്ള നിവൃത്തിയോ നഷ്ടപരിഹാരമോ വീതിക്കൽ.—അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരത്തിൽ നിവൃത്തിയായോ നഷ്ടപരിഹാരമായോ ലഭിച്ചിട്ടുള്ള എന്തും ബെയിലറും ബെയിലിയും തമ്മിലായിടത്തോളം അവരുടെ യഥാക്രമമുള്ള അവകാശങ്ങളനുസരിച്ച് കൈകാര്യം ചെയ്യപ്പെടേണ്ടതാകുന്നു.

## അദ്ധ്യായം X

## ഏജൻസി

### ഏജൻറുമാരുടെ നിയമനവും പ്രാധികാരവും

182. "ഏജൻറ്", "പ്രിൻസിപ്പൽ" നിർവ്വചനം.—"ഏജൻറ്" മറെറാരാൾക്കുവേണ്ടി ഏതെങ്കിലും കൃത്യം ചെയ്യുവാനോ അല്ലെങ്കിൽ മൂന്നാം കക്ഷികളുമായുള്ള ഇടപാടുകളിൽ മററാരാളെ പ്രതിനിധാനം ചെയ്യുവാനോ നിയോഗിച്ച ആളാകുന്നു. ഏതൊരാൾക്കുവേണ്ടിയാണോ അങ്ങനെയുള്ള കൃത്യം ചെയ്യുന്നത്, അല്ലെങ്കിൽ ആരെയാണോ അപ്രകാരം പ്രതിനിധാനം ചെയ്യുന്നത്, ആ ആളെ "പ്രിൻസിപ്പൽ" എന്നു പേർ പറയുന്നു.

183. ഏജൻറിനെ ആർക്ക് നിയോജിക്കാമെന്ന്.—ഏതു നിയമത്തിനാണ് താൻ അധീനനായിട്ടുള്ളത്, ആ നിയമപ്രകാരം മേജറാകുന്നതിനുള്ള പ്രായമെത്തിയവനും സ്വസ്ഥചിത്തനുമായ ഏതൊരാൾക്കും ഏജൻറിനെ നിയോജിക്കാവുന്നതാണ്.

184. ആർക്ക് ഏജൻറാകാമെന്ന്.—പ്രിൻസിപ്പലും മൂന്നാം കക്ഷികളും തമ്മിലായിടത്തോളം ഏതൊരാൾക്കും ഏജൻറാകാവുന്നതാണ്. എന്നാൽ മേജറാകാനുള്ള പ്രായമെത്തിയവനും സ്വസ്ഥചിത്തനുമല്ലാത്ത യാതൊരാൾക്കും ഇതിൽ അടങ്ങിയിട്ടുള്ള തദർത്ഥ വ്യവസ്ഥകളനുസരിച്ച് അയാളുടെ പ്രിൻസിപ്പലിനോട് ഉത്തരവാദിയാകത്തക്കവിധത്തിൽ ഒരു ഏജൻറ് ആകാവുന്നതല്ല.

185. പ്രതിഫലം ആവശ്യമില്ലെന്ന്.—ഏജൻസി സൃഷ്ടിക്കുന്നതിന് പ്രതിഫലം ആവശ്യമല്ല.

186. ഏജൻറിൻെറ പ്രാധികാരം പ്രകടിതമോ വ്യംഗ്യമോ ആകാമെന്ന്.—ഏജൻറിൻെറ പ്രാധികാരം പ്രകടിതമോ വ്യംഗ്യമോ ആകാവുന്നതാണ്.

187. പ്രകടവും വ്യംഗ്യവുമായ പ്രാധികാരത്തിൻെറ നിർവ്വചനങ്ങൾ.—പ്രാധികാരം, പറഞ്ഞതോ എഴുതിയതോ ആയ വാക്കുകളാൽ കൊടുത്തിട്ടുള്ളപ്പോൾ അത് പ്രകടമായതെന്നു പറയുന്നു. പ്രാധികാരം ഉണ്ടെന്നുള്ളത് സംഗതിയുടെ പരിതഃസ്ഥിതികളിൽനിന്ന് അഭ്യൂഹിക്കേണ്ടതായുള്ളപ്പോൾ, അത് വ്യംഗ്യമായതെന്നു പറയുന്നു. പറഞ്ഞതോ എഴുതിയതോ ആയ കാര്യങ്ങളോ ഇടപാടുകളുടെ സാധാരണമുറയോ സംഗതിയുടെ പരിതഃസ്ഥിതികളായി ഗണിക്കാവുന്നതുമാണ്.

### ദൃഷ്ടാന്തം

ക സെരാംപൂരിലെ ഒരു ഷാപ്പിൻെറ ഉടമയാണ്. അയാൾ കൽക്കട്ടയിൽ താമസിക്കുകയും, ഷാപ്പിൽ ചിലപ്പോഴൊക്കെ സന്ദർശനം നടത്തുകയും ചെയ്യുന്നു. ഷാപ്പ് ഖ യാണ് മാനേജ് ചെയ്യുന്നത്. അയാൾ ഷാപ്പിൻെറ ആവശ്യത്തിലേക്ക് ക യുടെ പേരിൽ ഗ യിൽ നിന്ന് സാമാനങ്ങൾ ആർഡർ ചെയ്യുകയും ക യുടെ അറിവോടുകൂടി ക യുടെ പണത്തിൽ നിന്ന് അവയുടെ വില നല്കുകയും ചെയ്യുക പതിവാണ്. ഷാപ്പിൻെറ ആവശ്യത്തിലേക്ക് ക യുടെ പേരിൽ ഗ യിൽ നിന്ന് സാമാനങ്ങൾ ആർഡർ ചെയ്യാൻ ഖ യ്ക്ക് ക യിൽ നിന്നുള്ള വ്യംഗ്യമായ പ്രാധികാരമുണ്ട്.

188. ഏജൻറിനുള്ള പ്രാധികാരത്തിൻെറ വ്യാപ്തി.—ഒരു കൃത്യം ചെയ്യുവാൻ പ്രാധികാരമുള്ള ഒരു ഏജൻറിന് അങ്ങനെയുള്ള കൃത്യം ചെയ്യുവാൻ ആവശ്യകമായ ഏതൊരു നിയമാനുസൃതകാര്യവും ചെയ്യാനുള്ള പ്രാധികാരമുണ്ട്.

ഒരു ബിസിനസ്സ് നടത്തിക്കൊണ്ടുപോകാൻ പ്രാധികാരമുള്ള ഒരു ഏജൻറിന് അങ്ങനെയുള്ള ബിസിനസ്സ് നടത്തുന്നതിന് ആവശ്യകമായതോ അല്ലെങ്കിൽ അതു നടത്തുന്നമുറയിൽ സാധാരണമായി ചെയ്യുന്നതോ ആയ ഏതു നിയമാനുസൃതകാര്യവും ചെയ്യുവാനുള്ള പ്രാധികാരമുണ്ട്.

### ദൃഷ്ടാന്തങ്ങൾ

(ക) ലണ്ടനിൽ താമസിക്കുന്ന ഖ തനിയ്ക്കു കിട്ടേണ്ട ഒരു കടം ബോംബെയിൽ വച്ചു വസൂലാക്കാൻ ക യെ നിയോജിക്കുന്നു. ക യ്ക്ക് ആ കടം വസൂലാക്കുന്നതിന് ആവശ്യകമായ ഏതു നിയമനടപടിയും സ്വീകരിക്കാവുന്നതും ആ കടത്തിന് സാധുവായ ഉന്മോചനം നല്കാവുന്നതുമാണ്.

(ഖ) ക തന്റെ കപ്പൽനിർമ്മാണ ബിസിനസ്സ് നടത്തിക്കൊണ്ടു പോകാൻ, ഖ യെ തന്റെ ഏജന്റാക്കുന്നു. ആ ബിസിനസ്സ് നടത്തിക്കൊണ്ടു പോകേണ്ടതിന് ഖ യ്ക്ക് തടിയും മററു സാമഗ്രികളും വിലയ്ക്കു വാങ്ങുകയും ജോലിക്കാരെ കൂലിക്കാക്കുകയും ചെയ്യാവുന്നതാണ്.

189. ഒരു അടിയന്തരഘട്ടത്തിൽ ഏജന്റിനുള്ള പ്രാധികാരം.—ഏജന്റിന് ഒരു അടിയന്തര ഘട്ടത്തിൽ, അതുപോലുള്ള പരിതഃസ്ഥിതികളിൽ സാമാന്യ വിവേകമുള്ള ഒരാൾ സ്വന്തം കാര്യത്തിൽ ചെയ്യുമായിരുന്നതുപോലെ തന്റെ പ്രിൻസിപ്പലിനെ നഷ്ടത്തിൽനിന്ന് രക്ഷിക്കേണ്ട ആവശ്യത്തിനുള്ള എല്ലാ കൃത്യങ്ങളും ചെയ്യാൻ പ്രാധികാരമുണ്ട്.

### ദൃഷ്ടാന്തങ്ങൾ

(ക) വില്പനയ്ക്കുള്ള ഏജന്റിന്, ആവശ്യമാണെങ്കിൽ, സാമാനങ്ങളുടെ കേടുപാടുകൾ തീർപ്പിക്കാവുന്നതാണ്.

(ഖ) കട്ടക്കിലുള്ള ഗ യ്ക്ക് ഉടനെ അയച്ചുകൊടുക്കണമെന്ന നിർദേശത്തോടുകൂടി ക കൽക്കട്ടയിൽ ഉള്ള ഖ യ്ക്ക് പലചരക്കുസാമാനങ്ങൾ അയച്ചുകൊടുക്കുന്നു. ആ സാമാനങ്ങൾ ചീത്തയാകാതെ കട്ടക്കിലോളം എത്തുകയില്ലെങ്കിൽ ഖ യ്ക്ക്, അവ, കൽക്കട്ടയിൽ വില്ക്കാവുന്നതാണ്.

### സബ് ഏജന്റുമാർ

190. ഏജന്റിന് എപ്പോൾ പ്രത്യായോജനം ചെയ്യാവുന്നതല്ലെന്ന്.—ഒരു ഏജന്റിന്, താൻ തന്നെ നിർവ്വഹിക്കാമെന്ന് പ്രകടമായോ വ്യംഗ്യമായോ ഏററ കൃത്യങ്ങൾ നിർവ്വഹിക്കാൻ, കച്ചവടം സംബന്ധിച്ച സാധാരണ ആചാരപ്രകാരം ഒരു സബ് ഏജന്റിനെ നിയോജിക്കാവുന്നതോ, അല്ലെങ്കിൽ ഏജൻസിയുടെ സ്വഭാവത്തിൽ നിന്ന് ഒരു സബ് ഏജന്റിനെ നിയോജിക്കേണ്ടതോ അല്ലാത്തപക്ഷം, മറെറാരാളെ നിയമാനുസൃതം നിയോജിക്കാവുന്നതല്ല.

191. "സബ് ഏജന്റ്" നിർവ്വചനം.— "സബ് ഏജന്റ്" ഏജൻസിയുടെ ബിസിനസ്സിൽ ആദ്യ ഏജന്റ് നിയോജിക്കുകയും ആ ഏജന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരാളാകുന്നു.

192. ശരിയായി നിയമിക്കപ്പെട്ട സബ് ഏജന്റ് പ്രിൻസിപ്പലിനെ പ്രതിനിധാനം ചെയ്യുന്നത്.— സബ് ഏജന്റ് ശരിയായി നിയമിതനായിട്ടുള്ളിടത്ത് അയാൾ പ്രിൻസിപ്പലിനാൽ ആദ്യമേ നിയമിതനായ ഒരു ഏജന്റായിരുന്നാലെന്നപോലെ, മൂന്നാമന്മാരെ സംബന്ധിച്ചിടത്തോളം, പ്രിൻസിപ്പൽ, ആ സബ് ഏജന്റിനാൽ പ്രതിനിധാനം ചെയ്യപ്പെടുന്നതും അയാളുടെ കൃത്യങ്ങളാൽ ബദ്ധനും അവയ്ക്ക് ഉത്തരവാദിയും ആകുന്നതുമാണ്.

സബ് ഏജന്റിനുവേണ്ടി ഏജന്റിനുള്ള ഉത്തരവാദിത്വം. സബ് ഏജന്റിന്റെ കൃത്യങ്ങൾക്ക്, ഏജന്റ് പ്രിൻസിപ്പലിനോട് ഉത്തരവാദിയാകുന്നു.

സബ് ഏജന്റിന്റെ ഉത്തരവാദിത്വം.— സബ് ഏജന്റ് തന്റെ കൃത്യങ്ങൾക്ക് ഏജന്റിനോട് ഉത്തരവാദിയായിരിക്കുന്നതും, എന്നാൽ വഞ്ചനയുടേയോ മനഃപൂർവ്വമായ അപകൃത്യത്തിന്റേയോ സംഗതികളിലൊഴികെ പ്രിൻസിപ്പലിനോട് ഉത്തരവാദിയല്ലാത്തതും ആകുന്നു.

193. പ്രാധികാരമില്ലാതെ നിയമിച്ച സബ് ഏജൻറിനു വേണ്ടി ഏജൻറിനുള്ള ഉത്തരവാദിത്വം.— ഒരാളെ സബ് ഏജൻറായി നിയമിക്കുന്നതിന് പ്രാധികാരമില്ലാതെ ഒരു ഏജൻറ് അപ്രകാരം ഒരാളെ നിയമിച്ചിട്ടുള്ളിടത്ത്, ആ ഏജൻറ് അങ്ങനെയുള്ള ആളോട് ഒരു പ്രിൻസിപ്പലിന് ഏജൻറിനോടുള്ള ബന്ധത്തിൽ നിലകൊള്ളുന്നതും; അങ്ങനെയുള്ള ആളുടെ കൃത്യങ്ങൾക്ക് പ്രിൻസിപ്പലിനോടും മൂന്നാമൻമാരോടും ഉത്തരവാദിയാകുന്നതും ആണ്; പ്രിൻസിപ്പൽ അപ്രകാരം നിയോജിതനായ ആളാൽ പ്രതിനിധാനം ചെയ്യപ്പെടുന്നതോ അയാളുടെ കൃത്യങ്ങൾക്ക് ഉത്തരവാദിയാകുന്നതോ അല്ല; ആ ആൾ പ്രിൻസിപ്പലിനോട് ഉത്തരവാദിയാകുന്നതും അല്ല.

194. പ്രിൻസിപ്പലും, ഏജൻസി ബിസിനസ്സിൽ പ്രവർത്തിക്കുവാൻ ഏജൻറ് യഥാവിധി നിയമിച്ച ആളും തമ്മിലുള്ള ബന്ധം.— ഏജൻസി ബിസിനസ്സിൽ പ്രിൻസിപ്പലിനു വേണ്ടി പ്രവർത്തിക്കുവാൻ മററൊരാളെ നാമനിർദ്ദേശം ചെയ്യുന്നതിന് പ്രകടമോ വ്യംഗ്യമോ ആയ പ്രാധികാരമുള്ള ഒരു ഏജൻറ്, അതനുസരിച്ച് മററൊരാളെ നാമനിർദ്ദേശം ചെയ്തിട്ടുള്ളിടത്ത്, അങ്ങനെയുള്ള ആൾ ഒരു സബ് ഏജൻറ് അല്ല, എന്നാൽ, അയാൾ ഏജൻസി ബിസിനസ്സിൻെറ ഏതു ഭാഗമാണോ അയാളെ ഭരമേല്പിച്ചിട്ടുള്ളത്, ആ ഭാഗത്തിന് പ്രിൻസിപ്പലിൻെറ ഒരു ഏജൻറാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക തൻെറ എസ്റേററ്റ് ലേലത്തിൽ വില്ക്കുകയും അതിനു വേണ്ടി ലേലക്കാരനെ നിയമിക്കുകയും ചെയ്യാൻ തൻെറ സൊളിസിററർ ആയ ഖ യോട് നിദേശിക്കുന്നു. ഖ വില്പന നടത്താൻ ലേലക്കാരനായ ഗയെ നാമനിർദ്ദേശം ചെയ്യുന്നു. ഗ ഒരു സബ് ഏജൻറല്ല; എന്നാൽ വില്പന നടത്താനുള്ള ക യുടെ ഏജൻറാണ്.

(ഖ) സീ ആൻഡ് കമ്പനിയിൽ നിന്ന് ക യ്ക്ക് കിട്ടേണ്ട തുകകൾ വസൂലാക്കാൻ കൽക്കട്ടയിലെ ഒരു കച്ചവടക്കാരനായ ഖ യ്ക്ക് ക പ്രാധികാരം നൽകുന്നു. പണം വസൂലാക്കുന്നതിനു സീ ആൻഡ് കമ്പനിക്കെതിരായി നിയമ നടപടികൾ എടുക്കാൻ ഖ ഒരു സൊളിസിററർ ആയ ഘ യ്ക്ക് നിദേശം നല്കുന്നു. ഘ ഒരു സബ് ഏജൻറ് അല്ല; എന്നാൽ ക യ്ക്ക് വേണ്ടിയുള്ള സൊളിസിററർ ആണ്.

195. അങ്ങനെയുള്ള ആളെ നാമനിർദ്ദേശം ചെയ്യുന്നതിൽ ഏജൻറിൻെറ കർത്തവ്യം.— തൻെറ പ്രിൻസിപ്പലിനുവേണ്ടി അങ്ങനെയുള്ള ഏജൻറിനെ തിരഞ്ഞെടുക്കുന്നതിൽ, സാമാന്യവിവേകമുള്ള ഒരാൾ സ്വന്തം കാര്യത്തിൽ കാണിക്കുമായിരുന്ന അതേ വകതിരിവ് കാണിക്കുവാൻ ഒരു ഏജൻറ് ബാദ്ധ്യസ്ഥനാകുന്നു; ഇത് ചെയ്യുന്നുവെങ്കിൽ അയാൾ അപ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഏജൻറിൻെറ കൃത്യങ്ങൾക്കോ ഉപേക്ഷയ്ക്കോ പ്രിൻസിപ്പലിനോട് ഉത്തരവാദി ആകുന്നതും അല്ല.

## ദൃഷ്ടാന്തങ്ങൾ

(ക) ക തനിക്കുവേണ്ടി ഒരു കപ്പൽ വാങ്ങാൻ ഒരു കച്ചവടക്കാരനായ ഖ യ്ക്ക് നിദേശം നല്കുന്നു. ഖ ക യ്ക്ക വേണ്ടി ഒരു കപ്പൽ തിരഞ്ഞെടുക്കാൻ നല്ല പേരുള്ള ഒരു കപ്പൽ സർവെയറെ നിയോജിക്കുന്നു. സർവയർ ഉപേക്ഷാപൂർവ്വം തിരഞ്ഞെടുക്കുകയും കപ്പൽ കടൽ യാത്രയ്ക്ക് പററാത്തതാണെന്ന് കാണുകയും അത് നഷ്ടപ്പെടുകയും ചെയ്യുന്നു. ക യോട് ഖ ഉത്തരവാദി അല്ല, എന്നാൽ സർവെയർ ഉത്തരവാദിയാകുന്നു.

(ഖ) ക ഒരു കച്ചവടക്കാരനായ ഖ യ്ക്ക് സാമാനങ്ങൾ വില്പനയ്ക്ക് അയക്കുന്നു. ക യുടെ സാമാനങ്ങൾ വില്ക്കാൻ ഖ ധനശേഷിയുള്ള ഒരു ലേലക്കാരനെ മുറപ്രകാരം നിയോജിക്കുകയും വിററുകിട്ടിയ തുക സ്വീകരിക്കാൻ അയാളെ അനുവദിക്കുകയും ചെയ്യുന്നു. അതിനുശേഷം വിററുകിട്ടിയ തുകയ്ക്ക് കണക്കു ബോധിപ്പിക്കാതെ ലേലക്കാരൻ നിർദ്ധനനായിത്തീരുന്നു. ഖ വിററുകിട്ടിയ തുകയ്ക്ക് ക യോട് ഉത്തരവാദിയല്ല.

### ദൃഢീകരണം

196. <u>തന്റെ പ്രാധികാരം കൂടാതെ തനിക്കുവേണ്ടി ചെയ്ത കൃത്യങ്ങൾ സംബന്ധിച്ചുള്ള ഒരാളുടെ അവകാശം ദൃഢീകരണത്തിന്റെ ഫലം</u>.— ഒരാൾ മറെറാരാൾക്കുവേണ്ടി, എന്നാൽ അയാളുടെ അറിവോ പ്രാധികാരമോ കൂടാതെ കൃത്യങ്ങൾ ചെയ്യുന്നിടത്ത്, അയാൾക്ക് അങ്ങനെയുള്ള കൃത്യങ്ങൾ ദൃഢീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാവുന്നതാണ്. അയാൾ അവ ദൃഢീകരിക്കുന്നുവെങ്കിൽ, അവയ്ക്ക്, അയാളുടെ പ്രാധികാരത്താൽ ചെയ്യപ്പെട്ടവയായിരുന്നാലെന്നപോലെയുള്ള അതേ ഫലങ്ങൾ ഉണ്ടാകുന്നതാണ്;

197. <u>ദൃഢീകരണം പ്രകടിതമോ വ്യംഗ്യമോ ആകാമെന്ന്</u>.— ദൃഢീകരണം പ്രകടിതമോ, ആർക്കുവേണ്ടിയാണോ കൃത്യങ്ങൾ ചെയ്യപ്പെട്ടത്, ആ ആളുടെ പെരുമാററത്തിൽ വ്യംഗ്യമായതോ ആകാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക പ്രാധികാരം കൂടാതെ ഖ യ്ക്ക് വേണ്ടി സമാനങ്ങൾ വാങ്ങുന്നു. പിന്നീട് ഖ തന്റെ സ്വന്തം നിലയിൽ അവ ഗ യ്ക്ക് വില്ക്കുന്നു ഖ യുടെ പെരുമാററം, തനിക്കുവേണ്ടി ക ചെയ്ത ക്രയത്തിന്റെ ദൃഢീകരണം വ്യഞ്ജിപ്പിക്കുന്നു.

(ഖ) ക ഖ യുടെ പ്രാധികാരം കൂടാതെ ഖ യുടെ പണം ഗ യ്ക്കു കടം കൊടുക്കുന്നു. പിന്നീട് ഖ ആ പണത്തിന്റെ പലിശ ഗ യിൽ നിന്നും സ്വീകരിക്കുന്നു. ഖ യുടെ പെരുമാററം ആ കടത്തിന്റെ ദൃഢീകരണം വ്യഞ്ജിപ്പിക്കുന്നു.

198. <u>സാധുവായ ദൃഢീകരണത്തിന് വേണ്ട അറിവ്</u>.— സംഗതിയുടെ വസ്തുതകളെക്കുറിച്ച് ആളുടെ അറിവാണോ സാരമായവിധം ന്യൂനതയുള്ളതായിട്ടുള്ളത് അയാൾക്ക് സാധുവായ ഒരു ദൃഢീകരണവും നല്കാൻ കഴിയുന്നതല്ല.

199. <u>ഒരു ഇടപാടിന്റെ ഭാഗമാകുന്ന പ്രാധികാരരഹിതമായ കൃത്യം ദൃഢീകരിക്കുന്നതിന്റെ ഫലം</u>.— തനിക്കുവേണ്ടി ചെയ്ത ഏതെങ്കിലും പ്രാധികാരരഹിതമായ കൃത്യം ദൃഢീകരിക്കുന്ന ഒരാൾ, അങ്ങനെയുള്ള കൃത്യം ഏതു് ഇടപാടിന്റെ ഭാഗമായിരുന്നുവോ, ആ ഇടപാടു മുഴുവനും ദൃഢീകരിക്കുന്നു.

200. <u>പ്രാധികാരരഹിതമായ കൃത്യത്തിന്റെ ദൃഢീകരണത്തിന് മൂന്നാമതൊരാൾക്ക് ക്ഷതി ഉളവാക്കാൻ കഴിയുന്നതല്ലെന്ന്</u>.— ഒരാൾ മറെറാരാൾക്കുവേണ്ടി അയാളുടെ പ്രാധികാരം കൂടാതെ ചെയ്യുന്നതും, അയാളുടെ പ്രാധികാരത്തോടുകൂടി ചെയ്യുകയാണെങ്കിൽ മൂന്നാമതൊരാളെ നാശനഷ്ടത്തിന് വിധേയ

നാക്കുകയോ മൂന്നാമതൊരാളുടെ അവകാശത്തേയോ അവകാശബന്ധത്തേയോ അവസാനിപ്പിക്കുകയോ ചെയ്യുന്ന ഫലമുണ്ടാകുന്നതുമായ ഒരു കൃത്യത്തിന് ദൃഢീകരണം വഴി അങ്ങനെയുള്ള ഫലം ഉണ്ടാക്കാവുന്നതല്ല.

(ക) ഖ യ്ക്ക് വേണ്ടി, ഖ യുടെ പ്രാധികാരം കൂടാതെ ക ഖ യുടെ വകയായ ഒരു ജംഗമവസ്തു ഡെലിവർ ചെയ്യാൻ അതിന്റെ കൈവശക്കാരനായ ഗ യോട് ആവശ്യപ്പെടുന്നു. ഡെലിവർ ചെയ്യുവാൻ വിസമ്മതിച്ചതിന് നഷ്ടത്തിന് ഗ യ്ക്കു ബാദ്ധ്യതയുണ്ടാക്കത്തക്കവണ്ണം ഇങ്ങനെ ആവശ്യപ്പെട്ടതിനെ ഖ യ്ക്ക് ദൃഢീകരിക്കാവുന്നതല്ല.

(ഖ) ക യ്ക്ക്, ഖ യിൽ നിന്ന് മൂന്നു മാസത്തെ നോട്ടീസിൻമേൽ അവസാനിപ്പിക്കാവുന്ന ഒരു പാട്ടമുണ്ട്. പ്രാധികാരമില്ലാത്ത ഗ പാട്ടം അവസാനിപ്പിക്കുന്ന നോട്ടീസ് ക യ്ക്ക് നല്കുന്നു. ക യെ ബന്ധിക്കത്തക്കവണ്ണം ആ നോട്ടീസ് ഖ യ്ക്കു ദൃഢീകരിക്കാവുന്നതല്ല.

### പ്രാധികാരം പിൻവലിക്കൽ

201. <u>ഏജൻസി അവസാനിക്കൽ</u>.— പ്രിൻസിപ്പൽ തന്റെ പ്രാധികാരം പിൻവലിക്കുന്നതുവഴിയോ അല്ലെങ്കിൽ ഏജൻറ് ഏജൻസി ബിസിനസ് പരിത്യജിക്കുന്നതുവഴിയോ ; അല്ലെങ്കിൽ ഏജൻസി ബിസിനസ്സ് പൂർത്തിയാക്കുന്നതുവഴിയോ ; അല്ലെങ്കിൽ പ്രിൻസിപ്പലോ ഏജൻറോ മരിക്കുകയോ ചിത്തഭ്രമം ഉള്ളവനായിത്തീരുകയോ ചെയ്യുന്നതുവഴിയോ, അല്ലെങ്കിൽ നിർദ്ധനരായ കടക്കാരുടെ ആശ്വാസത്തിനായി തൽസമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും ആക്ററിലെ വ്യവസ്ഥകൾക്കു കീഴിൽ പ്രിൻസിപ്പലിനെ നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യുന്നതുവഴിയോ, ഏജൻസി അവസാനിക്കുന്നു.

202. <u>വിഷയവസ്തുവിൽ ഏജൻറിന് ഒരു അവകാശമുള്ളപ്പോൾ ഏജൻസി അവസാനിപ്പിക്കൽ</u>.— ഏജൻസിയ്ക്ക് വിഷയമായ വസ്തുവിൽ ഏജൻറിന് തന്നെ ഒരു അവകാശം ഉള്ളപ്പോൾ, ഒരു പ്രകടമായ കാൺട്രാക്ററിന്റെ അഭാവത്തിൽ, അങ്ങനെയുള്ള അവകാശത്തിന് ഭംഗം വരത്തക്കവിധം ഏജൻസി അവസാനിപ്പിക്കാവുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക യുടെ ഭൂമി വില്ക്കുന്നതിനും, കിട്ടുന്ന തുകയിൽനിന്ന് ഖ യ്ക്ക് ക യിൽ നിന്ന് കിട്ടേണ്ടതായ കടങ്ങൾ വീട്ടുന്നതിന് വേണ്ട പണം എടുത്തുകൊള്ളുന്നതിനും ക ഖ യ്ക്ക് പ്രാധികാരം നല്കുന്നു. ഈ പ്രാധികാരം ക യ്ക്ക് പിൻവലിക്കാവുന്നതല്ല, അയാളുടെ ചിത്തഭ്രമമോ മരണമോ വഴി അത് അവസാനിക്കുന്നതുമല്ല.

(ഖ) 1000 കെട്ടു പരുത്തി, ക അങ്ങനെയുള്ള പരുത്തിക്ക് മുൻകൂറായി പണം നല്കിയ ഖ യ്ക്ക് അയച്ചുകൊടുക്കുകയും, ആ പരുത്തി വില്ക്കുന്നതിനും വിററു കിട്ടുന്ന വിലയിൽനിന്ന് അയാൾ മുൻകൂറായി നല്കിയിട്ടുള്ള തുക അയാൾ തന്നെ എടുത്തുകൊള്ളുന്നതിനും ഖ യോടു ആവശ്യപ്പെടുകയും ചെയ്യുന്നു. ക യ്ക്ക് ഈ പ്രാധികാരം പിൻവലിക്കാവുന്നതല്ല ; അയാളുടെ ചിത്തഭ്രമമോ മരണമോ വഴി അത് അവസാനിക്കുന്നതുമല്ല.

203. <u>ഏജൻറിനുള്ള പ്രാധികാരം പ്രിൻസിപ്പലിന് എപ്പോൾ പിൻവലിക്കാമെന്ന്</u>.—പ്രിൻസിപ്പലിന്, തന്റെ ഏജൻറിനു നല്കിയിട്ടുള്ള പ്രാധികാരം തന്നെ ബന്ധിക്കുന്ന വിധത്തിൽ പ്രയോഗിച്ചിട്ടുള്ളതിനു മുൻപ്, തൊട്ടു മുമ്പുള്ള വകുപ്പിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധത്തിലൊഴികെ, ഏതു സമയത്തും പിൻവലിക്കാവുന്നതാണ്.

204. പ്രാധികാരം ഭാഗികമായി പ്രയോഗിച്ചിട്ടുള്ളിടത്ത്, പിൻവലിക്കൽ.—പ്രിൻസിപ്പലിന്, തന്റെ ഏജന്റിന് നല്കിയിട്ടുള്ള പ്രാധികാരം, ഏജൻസി പ്രകാരം ചെയ്തു കഴിഞ്ഞിട്ടുള്ള കൃത്യങ്ങളിൽനിന്ന് ഉദ്ഭവിക്കുന്ന കൃത്യങ്ങളും കടപ്പാടുകളും സംബന്ധിച്ചിടത്തോളം, പ്രാധികാരം ഭാഗികമായി പ്രയോഗിക്കപ്പെട്ടതിനുശേഷം പിൻവലിക്കാവുന്നതല്ല.

ദൃഷ്ടാന്തങ്ങൾ

(ക) 1000 കെട്ടു പരുത്തി ക യ്ക്കു വേണ്ടി വാങ്ങുകയും ഖ യുടെ കൈവശം അവശേഷിക്കുന്ന ക യുടെ പണത്തിൽനിന്ന് അതിന്റെ വില കൊടുക്കുകയും ചെയ്യുന്നതിന് ക ഖ യ്ക്ക് പ്രാധികാരം നല്കുന്നു. ഖ 1000 കെട്ടു പരുത്തി അതിന്റെ വിലയ്ക്കു തനിക്ക് സ്വന്തം നിലയിൽ ബാദ്ധ്യതയുണ്ടാക്കത്തക്കവിധം തന്റെ സ്വന്തം പേരിൽ വാങ്ങുന്നു. പരുത്തിയുടെ വില കൊടുക്കുന്നതു സംബന്ധിച്ചിടത്തോളം ഖ യ്ക്കുള്ള പ്രാധികാരം ക യ്ക്ക് പിൻവലിക്കാവുന്നതല്ല.

(ഖ) 1000 കെട്ടു പരുത്തി ക യ്ക്കുവേണ്ടി വാങ്ങുകയും ഖ യുടെ കൈവശം അവശേഷിക്കുന്ന ക യുടെ പണത്തിൽനിന്ന് അതിന്റെ വില കൊടുക്കുകയും ചെയ്യുന്നതിന് ക ഖ യ്ക്ക് പ്രാധികാരം നല്കുന്നു. ഖ 1000 കെട്ടു പരുത്തി, അതിന്റെ വില നല്കുവാൻ തനിക്ക് സ്വന്തം നിലയിൽ ബാദ്ധ്യതയുണ്ടാക്കാത്തവിധം ക യുടെ പേരിൽ വാങ്ങുന്നു. പരുത്തിയുടെ വില നല്കുന്നതിനുള്ള ഖ യുടെ പ്രാധികാരം ക യ്ക്ക് പിൻവലിക്കാവുന്നതാണ്.

205. പ്രിൻസിപ്പൽ പിൻവലിക്കുകയോ ഏജന്റ് പരിത്യജിക്കുകയോ ചെയ്യുന്നതിനുള്ള നഷ്ടപരിഹാരം.—ഏതെങ്കിലും കാലത്തേയ്ക്ക് ഏജൻസി തുടരേണ്ടതാണെന്ന് പ്രകടമായോ വ്യംഗ്യമായോ ഒരു കാൺട്രാക്റ്റ് ഉള്ളിടത്ത്, മതിയായ കാരണം കൂടാതെ അതിനു മുൻപ് ഏജൻസി പിൻവലിക്കുകയോ പരിത്യജിക്കുകയോ ചെയ്യുന്നതിന്, അതതു സംഗതിപോലെ, പ്രിൻസിപ്പൽ ഏജന്റിനോ, ഏജന്റ് പ്രിൻസിപ്പലിനോ, നഷ്ടപരിഹാരം ചെയ്യേണ്ടതാകുന്നു.

206. പിൻവലിക്കുന്നതിനോ പരിത്യജിക്കുന്നതിനോ ഉള്ള നോട്ടീസ്.—അങ്ങനെ പിൻവലിക്കുകയോ പരിത്യജിക്കുകയോ ചെയ്യുന്നതിന് ന്യായമായ നോട്ടീസ് കൊടുക്കണം; അല്ലാത്തപക്ഷം, അതതു സംഗതി പോലെ, പ്രിൻസിപ്പലിനോ ഏജന്റിനോ അതുവഴിയുണ്ടാകുന്ന നാശനഷ്ടം ഒരാൾ മറേറ ആൾക്കു പരിഹരിച്ചുകൊടുക്കണം.

207. പിൻവലിക്കലും പരിത്യജനവും പ്രകടിതമോ വ്യംഗ്യമോ ആകാമെന്ന്.—പിൻവലിക്കലും പരിത്യജനവും പ്രകടിതമോ യഥാക്രമം പ്രിൻസിപ്പലിന്റേയോ ഏജന്റിന്റേയോ പെരുമാററത്തിൽ വ്യംഗ്യമായതോ ആകാവുന്നതാണ്.

ദൃഷ്ടാന്തം

ക തന്റെ വീട് വാടകയ്ക്കു കൊടുക്കുന്നതിന് ഖ യെ അധികാരപ്പെടുത്തുന്നു. പിന്നീട് ക തന്നെ അത് വാടകയ്ക്ക് കൊടുക്കുന്നു. ഇത് ഖ യ്ക്കുള്ള പ്രാധികാരത്തിന്റെ വ്യംഗ്യമായ പിൻവലിക്കലാകുന്നു.

208. ഏജന്റിനുള്ള പ്രാധികാരം അവസാനിപ്പിക്കൽ ഏജന്റിനെ സംബന്ധിച്ചും മൂന്നാമൻമാരെ സംബന്ധിച്ചും എപ്പോൾ ഫലത്തിൽ വരുമെന്ന്.—ഏജന്റിനുള്ള പ്രാധികാരം അവസാനിപ്പിക്കൽ ഏജന്റിനെ സംബന്ധിച്ചിടത്തോളം അയാളുടെ അറിവിൽപ്പെടുന്നതിനുമുമ്പോ, മൂന്നാമൻമാരെ സംബന്ധിച്ചിടത്തോളം അവരുടെ അറിവിൽപ്പെടുന്നതിനുമുമ്പോ ഫലത്തിൽ വരുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ക തനിക്കുവേണ്ടി സാമാനങ്ങൾ വില്ക്കുന്നതിന് ഖ യെ നിദേശിക്കുകയും സാമാനങ്ങൾക്കു കിട്ടുന്ന വിലയുടെ അഞ്ചു ശതമാനം കമ്മീഷൻ ഖ യ്ക്കു കൊടുക്കാമെന്ന് കരാർ ചെയ്യുകയും ചെയ്യുന്നു. പിന്നീട് ക എഴുത്തു വഴി ഖ യുടെ പ്രാധികാരം പിൻവലിക്കുന്നു. എഴുത്ത് അയച്ചതിനുശേഷവും, എന്നാൽ ഖ യ്ക്ക് അത് ലഭിക്കുന്നതിനു മുൻപുമായി സാമാനങ്ങൾ ഖ 100 രൂപയ്ക്ക് വില്ക്കുന്നു. വില്പന ക യെ ബന്ധിക്കുന്നതും, ഖ യ്ക്ക് അയാളുടെ കമ്മീഷനായി അഞ്ചു രൂപയ്ക്ക് അവകാശം ഉള്ളതുമാണ്.

(ഖ) മദ്രാസിലുള്ള ക, ബോംബെയിലെ ഒരു പണ്ടകശാലയിൽ കിടക്കുന്ന കുറെ പരുത്തി തനിക്കുവേണ്ടി വില്ക്കുവാൻ എഴുത്തുവഴി ഖ യെ നിദേശിക്കുകയും, വില്ക്കുന്നതിനുള്ള അയാളുടെ പ്രാധികാരം പിന്നീട് എഴുത്തുവഴി പിൻവലിക്കുകയും, ആ പരുത്തി മദ്രാസിലേക്ക് അയയ്ക്കുന്നതിന് ഖ യെ നിദേശിക്കുകയും ചെയ്യുന്നു. രണ്ടാമത്തെ എഴുത്തു കിട്ടിയതിനു ശേഷം ഖ ആദ്യത്തെ എഴുത്തിനെപ്പററി അറിയുകയും എന്നാൽ രണ്ടാമത്തെതിനെപ്പററി അറിയാതിരിക്കുകയും ചെയ്യുന്ന ഗ യ്ക്ക് ആ പരുത്തി വില്ക്കുവാൻ അയാളുമായി കാൺട്രാക്ററിൽ ഏർപ്പെടുന്നു. ഗ ഖ യ്ക്ക് പണം കൊടുക്കുകയും ഖ അതുമായി ഒളിവിൽ പോവുകയും ചെയ്യുന്നു. ഗ പണം കൊടുത്തത് ക യെ സംബന്ധിച്ചിടത്തോളം സാധുവായതാണ്.

(ഗ) ക കുറെ പണം ഗ യ്ക്ക് കൊടുക്കുവാൻ തന്റെ ഏജൻറായി ഖ യെ നിദേശിക്കുന്നു. ക മരിക്കുകയും അയാളുടെ മരണപത്രത്തിനു ഘ പ്രൊബേററ് എടുക്കുകയും ചെയ്യുന്നു. ക യുടെ മരണാനന്തരവും എന്നാൽ അതിനെപ്പററി അറിയുന്നതിനു മുമ്പായും ഖ ആ പണം ഗ യ്ക്ക് കൊടുക്കുന്നു. പണം കൊടുത്തത് എക്സിക്യൂട്ടർ ആയ ഘ യെ സംബന്ധിച്ചിടത്തോളം സാധുവായതാണ്.

209. പ്രിൻസിപ്പലിന്റെ മരണമോ ചിത്തഭ്രമമോ വഴി ഏജൻസി അവസാനിക്കുമ്പോൾ, ഏജൻറിന്റെ കർത്തവ്യം.—പ്രിൻസിപ്പൽ മരിക്കുകയോ ചിത്തഭ്രമമുള്ളവനായിത്തീരുകയോ ചെയ്യുന്നതുവഴി ഏജൻസി അവസാനിക്കുമ്പോൾ ഏജൻറ്, തന്നെ ഭരമേല്പിച്ചിട്ടുള്ള താത്പര്യങ്ങൾ രക്ഷിക്കുന്നതിനും നിലനിറുത്തുന്നതിനുമായി തന്റെ മരിച്ചുപോയ പ്രിൻസിപ്പലിന്റെ പ്രതിനിധികൾക്കുവേണ്ടി ന്യായമായ എല്ലാ നടപടികളും എടുക്കുവാൻ ബാദ്ധ്യസ്ഥനാകുന്നു.

210. സബ് ഏജൻറിനുള്ള പ്രാധികാരം അവസാനിപ്പിക്കൽ.—ഏജൻറിനുള്ള പ്രാധികാരം അവസാനിപ്പിക്കൽ, അയാൾ നിയമിച്ച എല്ലാ സബ് ഏജൻറുമാർക്കുമുള്ള പ്രാധികാരം, (ഒരു ഏജൻറിന്റെ പ്രാധികാരം അവസാനിപ്പിക്കൽ സംബന്ധിച്ച് ഇതിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങൾക്കു വിധേയമായി) അവസാനിക്കുന്നു.

### പ്രിൻസിപ്പലിനോടുള്ള ഏജൻറിന്റെ കർത്തവ്യം

211. പ്രിൻസിപ്പലിന്റെ ബിസിനസ്സ് നടത്തുന്നതിൽ ഏജൻറിന്റെ കർത്തവ്യം.-ഏജൻറ്, തന്റെ പ്രിൻസിപ്പലിന്റെ ബിസിനസ്സ്, പ്രിൻസിപ്പൽ നല്കിയിട്ടുള്ള നിദേശങ്ങൾ അനുസരിച്ചോ അങ്ങിനെയുള്ള ഏതെങ്കിലും നിദേശങ്ങളുടെ അഭാവത്തിൽ ഏജൻറ് അങ്ങനെയുള്ള ബിസിനസ്സ് നടത്തുന്ന സ്ഥലത്ത് അതേതരത്തിലുള്ള ബിസിനസ്സ് ചെയ്യുന്നതിൽ നിലവിലുള്ള

ആചാരമനുസരിച്ചോ നടത്തുന്നതിന് ബാദ്ധ്യസ്ഥനാകുന്നു. ഏജൻറ് മററു വിധത്തിൽ പ്രവർത്തിക്കുമ്പോൾ, ഏതെങ്കിലും നഷ്ടം നേരിടുന്നുവെങ്കിൽ, അതു തൻെറ പ്രിൻസിപ്പലിന് പരിഹരിച്ചു കൊടുക്കുകയും, ഏതെങ്കിലും ലാഭം ഉണ്ടാകുകയാണെങ്കിൽ, അതിന് കണക്കു പറയുകയും ചെയ്യണം.

### ദൃഷ്ടാന്തങ്ങൾ

(ക) കൈയിരിപ്പു പണം കാലാകാലം പലിശയ്ക്കു നിക്ഷേപിക്കുന്നത് പതിവായിട്ടുള്ള ഒരു ബിസിനസ്സ് ഖ യ്ക്കു വേണ്ടി നടത്തുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏജൻറായ ക അങ്ങനെ നിക്ഷേപിക്കാതിരിക്കുന്നു. അങ്ങനെയുള്ള നിക്ഷേപങ്ങൾ വഴി സാധാരണമായി കിട്ടുന്ന പലിശ ക ഖ യ്ക്ക് കൊടുക്കണം.

(ഖ) ക്രെഡിററു വ്യവസ്ഥയിൽ വില്ക്കുന്നത് പതിവില്ലാത്ത ബിസിനസുള്ള ഒരു ദല്ലാളിയായ ഖ ക യുടെ സാമാനങ്ങൾ, ആ സമയത്ത് ധനശേഷി വളരെ ഉയർന്നു നിന്നിരുന്ന ഗ യ്ക്ക് ക്രെഡിററു വ്യവസ്ഥയിൽ വില്ക്കുന്നു. പണം നല്കുന്നതിനു മുൻപായി, ഗ നിർദ്ധനൻ ആയിത്തീരുന്നു. ഖ ക യ്ക്ക് നഷ്ടം നികത്തി കൊടുക്കേണ്ടതാണ്.

212. <u>ഏജൻറിനുവേണ്ടതായ നൈപുണ്യവും ശ്രദ്ധയും</u>.—ഏജൻറ്, അയാളുടെ നൈപുണ്യമില്ലായ്മയെപ്പററി പ്രിൻസിപ്പലിന് നോട്ടീസില്ലാത്ത പക്ഷം, ഏജൻസിയുടെ ബിസിനസ്സ് അതുപോലെയുള്ള ബിസിനസ്സിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്ക് സാമാന്യമായി ഉള്ളത്ര നൈപുണ്യത്തോടുകൂടി നടത്താൻ ബാദ്ധ്യസ്ഥനാകുന്നു. ഏജൻറ് ന്യായമായ ശ്രദ്ധയോടുകൂടി പ്രവർത്തിക്കുവാനും തനിക്കുള്ള നൈപുണ്യം പ്രയോഗിക്കുവാനും തൻെറ സ്വന്തം ഉപേക്ഷയുടേയോ നൈപുണ്യമില്ലായ്മയുടേയോ നടപടിദൂഷ്യത്തിൻേറയോ നേരിട്ടുള്ള അനന്തരഫലങ്ങൾ സംബന്ധിച്ച് തൻെറ പ്രിൻസിപ്പലിന് നഷ്ടപരിഹാരം ചെയ്യുവാനും എല്ലായ്പ്പോഴും ബാദ്ധ്യസ്ഥനാകുന്നതും, എന്നാൽ അങ്ങനെയുള്ള ഉപേക്ഷയാലോ നൈപുണ്യമില്ലായ്മയാലോ നടപടി ദൂഷ്യത്താലോ, നേരിട്ടല്ലാതെയോ വിദൂരമായോ സംഭവിക്കുന്ന നഷ്ടമോ നാശനഷ്ടമോ സംബന്ധിച്ച് ബാദ്ധ്യസ്ഥനാകുന്നതല്ലാത്തതും ആകുന്നു.

(ക) കൽക്കട്ടയിലെ ഒരു കച്ചവടക്കാരനായ ക യ്ക്ക് ലണ്ടനിൽ ഖ എന്ന ഒരു ഏജൻറുണ്ട്. അയച്ചുകൊടുക്കാമെന്ന ആദേശത്തോടുകൂടി ഖ യ്ക്ക് ക യുടെ കണക്കിൽ പണം കൊടുക്കുന്നു. ഖ അധികം സമയം ആ പണം കൈവശം വയ്ക്കുന്നു. ആ പണം കിട്ടാത്തതിൻെറ അനന്തരഫലമായി ക നിർദ്ധനനായിത്തീരുന്നു. ആ പണത്തിനും പണം കൊടുക്കേണ്ടിയിരുന്ന ദിവസം മുതൽ സാധാരണ നിരക്കനുസരിച്ചുള്ള പലിശയ്ക്കും നേരിട്ടുണ്ടായ ഏതെങ്കിലും കൂടുതൽ നഷ്ടത്തിനും—ഉദാഹരണമായി, വിനിമയനിരക്കിലുള്ള വ്യത്യാസം വഴി—ഖ ക യ്ക്ക് ബാദ്ധ്യതയുണ്ട്; എന്നാൽ അതിനുപരിയായി ബാദ്ധ്യതയില്ല.

(ഖ) ക്രെഡിററു വ്യവസ്ഥയിൽ വില്ക്കുവാൻ പ്രാധികാരമുള്ള സാമാനങ്ങളുടെ വില്പനഏജൻറായ ക ഖ യുടെ കടം വീട്ടാനുള്ള കഴിവിനെപ്പററി ശരിയായതും പതിവുള്ളതുമായ അന്വേഷണങ്ങൾ നടത്താതെ, ഖ യ്ക്ക് ക്രെഡിററു വ്യവസ്ഥയിൽ വില്പന നടത്തുന്നു. അങ്ങനെയുള്ള വില്പന സമയത്ത് ഖ നിർദ്ധനനാണ്. അതുവഴി നേരിട്ടിട്ടുള്ള ഏതെങ്കിലും നഷ്ടം സംബന്ധിച്ച് ക തൻെറ പ്രിൻസിപ്പലിന് നഷ്ടപരിഹാരം ചെയ്യണം.

(ഗ) ഒരു കപ്പൽ ഇൻഷ്വർ ചെയ്യുവാൻ ഖ യാൽ നിയോജിതനായ ഒരു ഇൻഷ്വറൻസ് ബ്രോക്കറായ ക പോളിസിയിൽ പതിവു വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കാൻ വിട്ടുപോകുന്നു. പിന്നീട് കപ്പൽ നഷ്ടപ്പെടുന്നു. വ്യവസ്ഥകൾ വിട്ടുകളഞ്ഞതിന്റെ അനന്തരഫലമായി അണ്ടർറൈറ്റർമാരിൽനിന്ന് യാതൊന്നും വസൂലാക്കാൻ കഴിയുന്നില്ല. ഖ യ്ക്കുള്ള നഷ്ടം നികത്തിക്കൊടുക്കുവാൻ ക ബാദ്ധ്യസ്ഥനാണ്.

(ഘ) ഇംഗ്ലണ്ടിലുള്ള ഒരു കച്ചവടക്കാരനായ ക ബോംബേയിലെ തന്റെ ഏജൻറായ ഖ യോടു ഒരു നിർദ്ദിഷ്ട കപ്പൽ വഴി നൂറു കെട്ടു പരുത്തി തനിക്ക് അയക്കണമെന്ന് നിദേശിക്കുന്നു. ഖ ഏജൻസി സ്വീകരിക്കുന്നു. പരുത്തി അയയ്ക്കുന്നതിന് തനിക്ക് കഴിയുമെന്നിരിക്കെ ഖ അങ്ങനെ ചെയ്യാതിരിക്കുന്നു. കപ്പൽ സുരക്ഷിതമായി ഇംഗ്ലണ്ടിൽ എത്തുന്നു. അത് അവിടെ എത്തിക്കഴിഞ്ഞു താമസിയാതെ പരുത്തിയുടെ വില ഉയരുന്നു. ഖ കപ്പൽ എത്തിയ സമയത്ത്, ആ 100 കെട്ടു പരുത്തികൊണ്ട് ക യ്ക്ക് ഉണ്ടാക്കാമായിരുന്ന ലാഭം അയാൾക്ക് നികത്തികൊടുക്കുവാൻ ബാദ്ധ്യസ്ഥനാണ്; എന്നാൽ പിന്നീടുണ്ടായ വിലക്കയറ്റംകൊണ്ട് അയാൾക്കുണ്ടാക്കാമായിരുന്ന ഏതെങ്കിലും ലാഭം നികത്തിക്കൊടുക്കുവാൻ ബാദ്ധ്യസ്ഥനല്ല.

213. ഏജൻറിന്റെ കണക്കുകൾ.— ഒരു ഏജൻറ് തന്റെ പ്രിൻസിപ്പലിന്, ആവശ്യപ്പെടുമ്പോൾ, ശരിയായ കണക്കുകൾ ബോധിപ്പിക്കാൻ ബാദ്ധ്യസ്ഥനാകുന്നു.

214. പ്രിൻസിപ്പലുമായി സമ്പർക്കം പുലർത്തുന്നത് ഏജൻറിന്റെ കർത്തവ്യം.— വിഷമതയുള്ള സംഗതികളിൽ, പ്രിൻസിപ്പലുമായി സമ്പർക്കം പുലർത്തുകയും അയാളുടെ ആദേശങ്ങൾ ലഭിക്കാൻ ശ്രമിക്കുകയും ചെയ്യുന്നതിൽ ന്യായമായ എല്ലാ ശ്രദ്ധയും ചെലുത്തേണ്ടത് ഏജൻറിന്റെ കർത്തവ്യമാകുന്നു.

215. ഏജൻറ് പ്രിൻസിപ്പലിന്റെ സമ്മതം കൂടാതെ ഏജൻസി ബിസിനസ്സിൽ തന്റെ സ്വന്തം നിലയിൽ ഇടപാടുനടത്തുമ്പോൾ പ്രിൻസിപ്പലിനുള്ള അവകാശം.— ഒരു ഏജൻറ്, ആദ്യമേ തന്റെ പ്രിൻസിപ്പലിന്റെ സമ്മതം വാങ്ങുകയും, തദ്വിഷയകമായി തന്റെ സ്വന്തം അറിവിൽ വന്നിട്ടുള്ള സാരമായ എല്ലാ പരിതഃസ്ഥിതികളും അയാളെ അറിയിക്കുകയും ചെയ്യാതെ, ഏജൻസി ബിസിനസ്സിൽ സ്വന്തം നിലയിൽ ഇടപാടു നടത്തുകയാണെങ്കിൽ, ഏതെങ്കിലും സാരമായ വസ്തുത തന്നിൽ നിന്ന് ഏജൻറ് നേരുകേടായി മറച്ചുവച്ചതായോ ഏജൻറിന്റെ ഇടപാടുകൾ തനിക്ക് പ്രതികൂലമായിരുന്നതായോ സംഗതികൊണ്ട് കാണുന്നുവെങ്കിൽ, പ്രിൻസിപ്പലിന് ആ ഇടപാട് നിരാകരിക്കാവുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ക തന്റെ എസ്റ്റേററ് വില്ക്കുവാൻ ഖ യോട് നിദേശിക്കുന്നു. ഖ തനിക്കായി ആ എസ്റ്റേററ് ഗ യുടെ പേരിൽ വാങ്ങുന്നു. ഖ തനിയ്ക്കായിട്ടാണ് ആ എസ്റ്റേററ് വാങ്ങിയതെന്ന് കണ്ടുപിടിക്കപ്പെടുമ്പോൾ, ഖ ഏതെങ്കിലും സാരമായ വസ്തുത നേരുകേടായി മറച്ചുവച്ചതായോ ആ വില്പന തനിക്ക് പ്രതികൂലമായിരുന്നതായോ കാണിക്കാൻ കഴിയുമെങ്കിൽ ക യ്ക്ക് ആ വില്പന നിരാകരിക്കാവുന്നതാണ്.

(ഖ) ക തന്റെ എസ്റ്റേററ് വില്ക്കുവാൻ ഖ യോട് നിദേശിക്കുന്നു. എസ്റ്റേററ് വില്ക്കുന്നതിന് മുൻപ് അത് പരിശോധിക്കുമ്പോൾ ഖ ക യ്ക്ക് അജ്ഞാതമായിരുന്ന ഒരു ഖനി അതിൽ കണ്ടെത്തുന്നു. ആ

എസ്റേററ് താൻ തന്നെ വാങ്ങണമെന്ന് ആഗ്രഹിക്കുന്നതായി ഖ ക യെ അറിയിക്കുന്നു. എന്നാൽ ഖനി കണ്ടെത്തിയത് മറച്ചുവയ്ക്കുന്നു. ക ഖനി ഉണ്ടെന്നുള്ളതറിയാതെ ഖ യെ വാങ്ങാനനുവദിക്കുന്നു. ഖ എസ്റേററ് വാങ്ങിയ സമയത്ത് ഖനി ഉണ്ടെന്ന് അയാൾക്ക് അറിവുണ്ടായിരുന്നതായി കണ്ടുപിടിക്കുമ്പോൾ ക യ്ക്ക് ഐച്ഛികമായി വില്പനനിരാകരിക്കുകയോ അംഗീകരിക്കുകയോ ചെയ്യാവുന്നതാണ്.

216. ഏജൻസി ബിസിനസ്സിൽ ഏജൻറ് തനിക്കുതന്നെ വേണ്ടി ഇടപാടു ചെയ്യുന്നതുവഴി കിട്ടുന്ന നേട്ടത്തിന് പ്രിൻസിപ്പലിനുള്ള അവകാശം.— ഏജൻറ്, പ്രിൻസിപ്പലിൻെറ അറിവുകൂടാതെ ഏജൻസി ബിസിനസ്സിൽ പ്രിൻസിപ്പലിന് വേണ്ടിയല്ലാതെ തനിക്കുതന്നെവേണ്ടി ഇടപാടു ചെയ്യുകയാണെങ്കിൽ, ആ ഇടപാടിൻെറ ഫലമായി അയാൾക്കു കിട്ടുന്ന ഏതു നേട്ടവും അയാളിൽനിന്ന് അവകാശപ്പെടാൻ പ്രിൻസിപ്പലിന് അവകാശമുണ്ടായിരിക്കുന്നതാണ്.

### ദൃഷ്ടാന്തം

ക തൻെറ ഏജൻറായ ഖ യോട് തനിക്കുവേണ്ടി നിർദ്ദിഷ്ടമായ ഒരു വീട് വാങ്ങാൻ നിർദേശിക്കുന്നു. ഖ അതു വാങ്ങുന്നത് സാധ്യമല്ലെന്ന് ക യോട് പറയുകയും, തനിക്കായിത്തന്നെ വാങ്ങുകയും ചെയ്യുന്നു. ഖ ആ വീട് വാങ്ങിയതായി കണ്ടുപിടിക്കുമ്പോൾ അതിന് അയാൾ കൊടുത്ത വിലയ്ക്കു അതു തനിക്ക് വില്ക്കുവാൻ ക യ്ക്ക് അയാളെ നിർബന്ധിക്കാവുന്നതാണ്.

217. പ്രിൻസിപ്പലിനുവേണ്ടി കിട്ടിയിട്ടുള്ള തുകകളിൽനിന്ന് പിടിച്ചെടുക്കുവാനുള്ള ഏജൻറിൻെറ അവകാശം.— ഏജൻസി ബിസിനിസ്സിൽ പ്രിൻസിപ്പലിനുവേണ്ടി കിട്ടിയിട്ടുള്ള തുകകളിൽ നിന്ന് അങ്ങനെയുള്ള ബിസിനസ്സ് നടത്തുന്നതിൽ താൻ മുൻകൂർ ആയി കൊടുത്തതുകകളോ തനിക്ക് ന്യായമായി നേരിട്ടിട്ടുള്ള ചെലവുകളോ സംബന്ധിച്ച് തനിക്ക് കിട്ടാനുള്ള എല്ലാ പണവും ഏജൻറ് എന്ന നിലയിൽ പ്രവർത്തിക്കുന്നതിന് തനിക്ക് കിട്ടേണ്ടതായ വേതനവും, ഏജൻറിന് പിടിച്ചെടുക്കാവുന്നതാണ്.

218. പ്രിൻസിപ്പലിനുവേണ്ടി കിട്ടിയിട്ടുള്ള തുകകൾ കൊടുക്കുന്നതിന് ഏജൻറിനുള്ള കർത്തവ്യം.— അങ്ങനെയുള്ള കിഴിവുകൾക്ക് വിധേയമായി, പ്രിൻസിപ്പലിനുവേണ്ടി കിട്ടിയിട്ടുള്ള എല്ലാ തുകകളും അയാൾക്കു കൊടുക്കാൻ ഏജൻറു ബാദ്ധ്യസ്ഥനാകുന്നു.

219. ഏജൻറിൻെറ വേതനം എപ്പോൾ കിട്ടേണ്ടതായി തീരുമെന്ന്.— ഏതെങ്കിലും പ്രത്യേക കാൺട്രാക്ററിൻെറ അഭാവത്തിൽ, ഏതെങ്കിലും കൃത്യത്തിൻെറ നിർവ്വഹണത്തിന് കൊടുക്കേണ്ട പണം ആ കൃത്യം പൂർത്തിയാകുന്നതുവരെ ഏജൻറിന് കിട്ടേണ്ടതായിത്തീരുന്നില്ല. എന്നാൽ ഏജൻറിന് സാമാനങ്ങൾ വീററവകയിൽ തനിക്കു കിട്ടിയ പണം, വില്പനയ്ക്കായി തനിക്ക് കൺസൈൻ ചെയ്ത സാമാനങ്ങൾ മുഴുവൻ വില്ക്കപ്പെടുകയോ വില്പന യഥാർത്ഥത്തിൽ പൂർത്തിയാകുകയോ ചെയ്തിട്ടില്ലെങ്കിലും, തടഞ്ഞുവയ്ക്കാവുന്നതാണ്.

220. വേണ്ടുംവണ്ണമല്ലാതെ ചെയ്ത ബിസിനസ്സിൻെറ വേതനത്തിന് ഏജൻറിന് അവകാശം ഇല്ലെന്ന്.— ഏജൻസി ബിസിനസ്സിൽ വേണ്ടുംവണ്ണമല്ലാതെ ചെയ്തതിന് അപരാധിയായ ഏജൻറിന് അതിൽ താൻ വേണ്ടുംവണ്ണമല്ലാതെ ചെയ്തിട്ടുള്ള ഭാഗം സംബന്ധിച്ച് വേതനത്തിന് അവകാശം ഇല്ലാത്തതാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ഗ യുടെ പക്കൽനിന്നും 1,00,000 രൂപ വസൂലാക്കുകയും, അതു നല്ല ഈടിൻമേൻ നിക്ഷേപിക്കുകയും ചെയ്യുവാൻ ക ഖ യെ നിയോജിക്കുന്നു. ഖ 1,00,000 രൂപ വസൂലാക്കുകയും 90,000 രൂപ നല്ല ഈടിൻമേൽ നിക്ഷേപിക്കുകയും ചെയ്യുന്നു. എന്നാൽ 10,000 രൂപ നല്ലതല്ലെന്ന് അയാൾ അറിയേണ്ടിയിരുന്ന ഈടിൻമേൽ നിക്ഷേപിക്കുന്നു; തൻനിമിത്തം ക യ്ക്ക് 2000 രൂപ നഷ്ടപ്പെടുന്നു. 1,00,000 രൂപ വസൂലാക്കിയതിനും 90,000 രൂപ നിക്ഷേപിച്ചതിനുമുള്ള വേതനത്തിന് ഖ ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. 10,000 രൂപ നിക്ഷേപിച്ചതിന് യാതൊരു വേതനത്തിനും അയാൾക്ക് അവകാശം ഇല്ലാത്തതും അയാൾ ഖ യ്ക്കു 2000 രൂപ നികത്തിക്കൊടുക്കേണ്ടതും ആണ്.

(ഖ) 1000 രൂപ ഗ യിൽനിന്നും വസൂലാക്കുന്നതിന് ക ഖ യെ നിയോജിക്കുന്നു. വേണ്ടുംവണ്ണമല്ലാത്ത ഖ യുടെ നടപടിമൂലം പണം വസൂലാകുന്നില്ല. ഖ ക്കു തന്റെ സേവനങ്ങൾക്ക് യാതൊരു വേതനത്തിനും അവകാശം ഇല്ല, നഷ്ടം നികത്തിക്കൊടുക്കേണ്ടതും ആകുന്നു.

221. പ്രിൻസിപ്പലിന്റെ വസ്തുവിൻമേൽ ഏജന്റിനുള്ള ലീൻ.— വിപരീതമായ ഏതെങ്കിലും കാൺട്രാക്ററിന്റെ അഭാവത്തിൽ, ഏജന്റിന്, തനിക്ക് കിട്ടിയിട്ടുള്ള പ്രിൻസിപ്പലിന്റെ സമാനങ്ങളും കടലാസുകളും മററു വസ്തുക്കളും, അവ ജംഗമമോ സ്ഥാവരമോ ആയാലും, അവ സംബന്ധിച്ച കമ്മീഷനും ചെലവുകൾക്കും സർവ്വീസുകൾക്കുമായി തനിക്ക് കിട്ടേണ്ട തുക നല്കുകയോ അതിന് തന്നോട് കണക്കുബോധിപ്പിക്കുകയോ ചെയ്യുന്നതുവരെ, പിടിച്ചുവയ്ക്കുന്നതിനു അവകാശമുണ്ടായിരിക്കുന്നതാണ്.

### ഏജന്റിനോടുള്ള പ്രിൻസിപ്പലിന്റെ കർത്തവ്യം

222. നിയമാനുസൃതമായ കൃത്യങ്ങളുടെ അനന്തര ഫലങ്ങൾക്ക് ഏജന്റിന് നഷ്ടോത്തരവാദം ചെയ്യണമെന്ന്.— ഏജന്റിന് നല്കിയിട്ടുള്ള പ്രാധികാരം പ്രയോഗിച്ച് അയാൾ ചെയ്തിട്ടുള്ള നിയമാനുസൃതമായ എല്ലാ കൃത്യങ്ങളുടേയും അനന്തരഫലങ്ങൾക്ക് എതിരായി, അയാൾക്ക് നഷ്ടോത്തരവാദം ചെയ്യുവാൻ അങ്ങനെയുള്ള ഏജന്റിന്റെ നിയോജകൻ ബാദ്ധ്യസ്ഥനാകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) കൽക്കട്ടയിലുള്ള ക യുടെ ആദേശ പ്രകാരം സിങ്കപ്പൂരിലുള്ള ഖ ചില സാമാനങ്ങൾ ഗ ക്ക് ഡെലിവർ ചെയ്യാമെന്ന് അയാളുമായി കാൺട്രാക്ററ് ചെയ്യുന്നു. ക ഖ ക്ക് സാമാനങ്ങൾ അയച്ചുകൊടുക്കാതിരിക്കുകയും ഗ കാൺട്രാക്ററ് ലംഘനത്തിന് ഖ യുടെ മേൽ വ്യവഹാരപ്പെടുകയും ചെയ്യുന്നു. ഖ വ്യവഹാരത്തെക്കുറിച്ച് ക യെ അറിയിക്കുകയും ക വ്യവഹാരത്തിൽ പ്രതിവാദം ചെയ്യുവാൻ ഖ ക്ക് പ്രാധികാരം നല്കുകയും ചെയ്യുന്നു. ഖ വ്യവഹാരത്തിൽ പ്രതിവാദം ചെയ്യുകയും നഷ്ടവും കോടതിച്ചെലവും കൊടുക്കുവാൻ നിർബദ്ധനാവുകയും അയാൾക്ക് ചെലവുകൾ നേരിടുകയും ചെയ്യുന്നു. അങ്ങനെയുള്ള നഷ്ടത്തിനും കോടതിച്ചെലവിനും ചെലവുകൾക്കും ക ഖ ക്ക് ഖ യോട് ബാദ്ധ്യതയുണ്ട്.

(ഖ) കൽക്കത്തയിലെ ഒരു കച്ചവടക്കാരനായ ക യുടെ ആർഡർ പ്രകാരം അവിടെയുള്ള ഒരു ബ്രോക്കർ ആയ ഖ പത്തു വീപ്പ എണ്ണ ക യ്ക്ക് വേണ്ടി വിലയ്ക്കു വാങ്ങാനായി ഗ യുമായി കാൺട്രാക്റ്റ് ചെയ്യുന്നു. പിന്നീട് ക ആ എണ്ണ സ്വീകരിക്കുവാൻ വിസമ്മതിക്കുകയും ഖ യുടെ മേൽ ഗ വ്യവഹാരപ്പെടുകയും ചെയ്യുന്നു. ഖ ക യെ വിവരം അറിയിക്കുകയും അയാൾ കാൺട്രാക്റ്റു പാടെ നിരാകരിക്കുകയും ചെയ്യുന്നു. ഖ പ്രതിവാദം ചെയ്യുകയും എന്നാൽ പരാജയപ്പെടുകയും ചെയ്യുന്നു; അയാൾ നഷ്ടവും കോടതിച്ചെലവും കൊടുക്കേണ്ടിവരികയും അയാൾക്ക് ചെലവുകൾ നേരിടുകയും ചെയ്യുന്നു. അങ്ങനെയുള്ള നഷ്ടത്തിനും കോടതിച്ചെലവിനും ചെലവുകൾക്കും ക ക്ക് ഖ യോട് ബാദ്ധ്യതയുണ്ട്.

223. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്തിട്ടുള്ള കൃത്യങ്ങളുടെ അനന്തരഫലങ്ങൾക്കെതിരായി ഏജൻറിന് നഷ്ടോത്തരവാദം ചെയ്യണമെന്ന്.</u>— ഒരു കൃത്യം ചെയ്യുവാൻ ഒരാൾ മറെറാരാളെ നിയോജിക്കുകയും ഏജൻറ് ആ കൃത്യം ഉത്തമവിശ്വാസപൂർവ്വം ചെയ്യുകയും ചെയ്യുന്നിടത്ത്, ആ കൃത്യം മൂന്നാമൻമാരുടെ അവകാശങ്ങൾക്ക് ക്ഷതിയുളവാക്കുന്നുവെങ്കിലും അതിൻെറ അനന്തരഫലങ്ങൾക്കെതിരായി ഏജൻറിന് നഷ്ടോത്തരവാദം ചെയ്യുവാൻ നിയോജകന് ബാദ്ധ്യതയുണ്ട്.

## ദൃഷ്ടാന്തങ്ങൾ

(ക) ഒരു വിധി ഉടമയും ഖ യുടെ സാമാനങ്ങളിൽ വിധി നടത്തുന്നതിന് അവകാശം ഉള്ളവനും ആയ ക ചില സാമാനങ്ങൾ ഖ യുടെ വകയാണെന്ന് ധരിപ്പിച്ച് അവ പിടിച്ചെടുക്കുവാൻ കോടതി ഉദ്യോഗസ്ഥനോട് ആവശ്യപ്പെടുന്നു. ഉദ്യോഗസ്ഥൻ സാമാനങ്ങൾ പിടിച്ചെടുക്കുന്നു; സാമാനങ്ങളുടെ യഥാർത്ഥ ഉടമസ്ഥനായ ഗ അയാളുടെ മേൽ വ്യവഹാരപ്പെടുന്നു. ക യുടെ നിദേശം അനുസരിച്ചതിൻെറ അനന്തരഫലമായി ആ ഉദ്യോഗസ്ഥൻ ഗ യ്ക്ക് കൊടുക്കുവാൻ നിർബദ്ധനായ തുകയ്ക്ക് അയാൾക്ക് നഷ്ടോത്തരവാദം ചെയ്യുവാൻ ക യ്ക്ക ബാദ്ധ്യതയുണ്ട്.

(ഖ) ക യുടെ കൈവശം ഉണ്ടായിരുന്ന സാമാനങ്ങൾ അയാളുടെ അപേക്ഷപ്രകാരം ഖ വില്ക്കുന്നു. എന്നാൽ ക യ്ക്ക് അവ വ്യയനം ചെയ്യുവാൻ അവകാശം ഉണ്ടായിരുന്നില്ല. ഖ ക്ക് ഇത് അറിയുകയില്ല. വിററുകിട്ടിയ തുക അയാൾ ക ക്ക് കൊടുക്കുകയും ചെയ്യുന്നു. പിന്നീട് സാമാനങ്ങളുടെ യഥാർത്ഥ ഉടമസ്ഥനായ ഗ ഖ യുടെ മേൽ വ്യവഹാരപ്പെടുകയും സാമാനങ്ങളുടെ വിലയും കോടതിച്ചെലവും വസൂലാക്കുകയും ചെയ്യുന്നു. ഗ ക്ക് ഖ കൊടുക്കുവാൻ നിർബദ്ധനായ തുകയ്ക്കും ഖ ക്ക് നേരിട്ട ചെലവുകൾക്കും അയാൾക്ക് നഷ്ടോത്തരവാദം ചെയ്യുവാൻ ക ക്ക് ബാദ്ധ്യതയുണ്ട്.

224. <u>കുററകരമായ കൃത്യം ചെയ്യുവാൻ ഏജൻറിനെ നിയോജിക്കുന്ന ആളുടെ ബാദ്ധ്യതയില്ലായ്മ.</u>—കുററകരമായ ഒരു കൃത്യം ചെയ്യുവാൻ ഒരാൾ മറെറാരാളെ നിയോജിക്കുന്നിടത്ത്, ആ കൃത്യത്തിൻെറ അനന്തരഫലങ്ങൾക്ക് എതിരായി ഏജൻറിന് നഷ്ടോത്തരവാദം ചെയ്യുവാൻ നിയോജകന് പ്രകടമായ വാഗ്ദാനത്തിൻമേലോ വ്യംഗ്യമായ വാഗ്ദാനത്തിൻമേലോ, ബാദ്ധ്യതയില്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ഗ യെ അടിക്കാൻ ക ഖ യെ നിയോജിക്കുകയും ആ കൃത്യത്തിന്റെ എല്ലാ അനന്തരഫലങ്ങൾക്കും എതിരായി അയാൾക്ക് നഷ്ടോത്തരവാദം ചെയ്യാമെന്ന് കരാർചെയ്യുകയും ചെയ്യുന്നു. അതിനെത്തുടർന്ന് ഖ ഗ യെ അടിക്കുകയും അപ്രകാരം ചെയ്തതിന് ഗ യ്ക്ക് നഷ്ടം കൊടുക്കേണ്ടിവരികയും ചെയ്യുന്നു. ആ നഷ്ടത്തിന് ഖ യ്ക്ക് നഷ്ടോത്തരവാദം ചെയ്യാൻ ക യ്ക്ക് ബാദ്ധ്യതയില്ല.

(ഖ) ഒരു വർത്തമാനപത്രത്തിന്റെ ഉടമസ്ഥനായ ഖ തന്റെ പത്രത്തിൽ ക യുടെ അപേക്ഷപ്രകാരം ഗ യെക്കുറിച്ച് ഒരു അപമാനലേഖനം പ്രസിദ്ധപ്പെടുത്തുകയും ആ പ്രസിദ്ധീകരണത്തിന്റെ അനന്തരഫലങ്ങൾക്കും അതു സംബന്ധമായ ഏതെങ്കിലും നടപടിയിലെ എല്ലാ കോടതിച്ചെലവിനും നഷ്ടത്തിനും എതിരായി ഖ യ്ക്ക് നഷ്ടോത്തരവാദം ചെയ്യാമെന്ന് ക കരാർ ചെയ്യുകയും ചെയ്യുന്നു. ഖ ക്കെതിരായി ഗ വ്യവഹാരപ്പെടുകയും ഖ നഷ്ടം കൊടുക്കേണ്ടിവരികയും ഖ യ്ക്ക് ചെലവുകൾ നേരിടുകയും ചെയ്യുന്നു. നഷ്ടോത്തരവാദത്തിൻമേൽ കയ്ക്ക് ഖ യോട് ബാദ്ധ്യതയില്ല.

225. <u>പ്രിൻസിപ്പലിന്റെ ഉപേക്ഷയാൽ ഏജൻറിനുണ്ടാകുന്ന ക്ഷതിക്ക് നഷ്ടപരിഹാരം.</u>—പ്രിൻസിപ്പലിന്റെ ഉപേക്ഷയാലോ നൈപുണ്യമില്ലായ്മയാലോ ഏജൻറിനുണ്ടാകുന്ന ക്ഷതി സംബന്ധിച്ച് പ്രിൻസിപ്പൽ ഏജൻറിന് നഷ്ടപരിഹാരം ചെയ്യണം.

### ദൃഷ്ടാന്തം

ക ഒരു കെട്ടിടം പണിയുന്നതിൽ ഖ യെ ഇഷ്ടികപ്പണിക്കാരനായി നിയോജിക്കുകയും താൻതന്നെ ചാരം കെട്ടുകയും ചെയ്യുന്നു. ചാരം നൈപുണമായല്ലാതെ കെട്ടുകയും തത്ഫലമായി ഖ യ്ക്ക് പരുക്കേല്ക്കുകയും ചെയ്യുന്നു. ക ഖ യ്ക്ക് നഷ്ടപരിഹാരം ചെയ്യണം.

### മൂന്നാമൻമാരുമായുള്ള കാൺട്രാക്ററുകളിൻമേൽ ഏജൻസിയുടെ പ്രഭാവം

226. <u>ഏജൻറുമാരുടെ കാൺട്രാക്ററുകൾ പ്രാവർത്തികമാക്കലും, അവയുടെ അനന്തര ഫലങ്ങളും.</u>—ഒരു ഏജൻറ് മുഖാന്തരം ഏർപ്പെട്ട കാൺട്രാക്ററുകളും ഒരു ഏജൻറ് ചെയ്തിട്ടുള്ള കൃത്യങ്ങളിൽനിന്ന് ഉദ്ഭവിക്കുന്ന കടപ്പാടുകളും പ്രിൻസിപ്പൽ സ്വയം ആ കാൺട്രാക്ററുകളിൽ ഏർപ്പെടുകയും ആ കൃത്യങ്ങൾ ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ അതേ രീതിയിൽ പ്രാവർത്തികമാക്കാവുന്നതും അവയ്ക്ക് നിയമപരമായ അതേ അനന്തരഫലങ്ങൾ ഉണ്ടായിരിക്കുന്നതും ആകുന്നു.

### ദൃഷ്ടാന്തങ്ങൾ

(ക) ക ഖ യിൽനിന്ന് സാമാനങ്ങൾ, ഖ അവ വില്ക്കാനുള്ള ഒരു ഏജൻറാണെന്ന് അറിഞ്ഞുകൊണ്ടും, എന്നാൽ പ്രിൻസിപ്പൽ ആരാണെന്ന് അറിയാതെയും വാങ്ങുന്നു. ഖ യുടെ പ്രിൻസിപ്പലാണ് ആ സാമാനങ്ങളുടെ വില ക യിൽ നിന്നും അവകാശപ്പെടുന്നതിന് അവകാശമുള്ള ആൾ; പ്രിൻസിപ്പൽ കൊടുക്കുന്ന വ്യവഹാരത്തിൽ ക യ്ക്ക് ആ അവകാശത്തിനെതിരായി ഖ യിൽനിന്ന് തനിക്ക് കിട്ടുവാനുള്ള ഒരു കടം തട്ടിക്കഴിക്കാവുന്നതുമല്ല.

(ഖ) ഖ യ്ക്കുവേണ്ടി പണം സ്വീകരിക്കുന്നതിന് പ്രാധികാരമുള്ള അയാളുടെ ഏജൻറായ ക ഖ യ്ക്ക് കിട്ടേണ്ടതായ ഒരു തുക ഗ യിൽനിന്ന് സ്വീകരിക്കുന്നു. ആ തുക ഖ യ്ക്ക് കൊടുക്കേണ്ട ഗ യുടെ കടപ്പാടിന്റെ ബാദ്ധ്യത തീർന്നിരിക്കുന്നു.

227. <u>ഏജൻറ് പ്രാധികാരം അതിലംഘിക്കുമ്പോൾ പ്രിൻസിപ്പൽ എത്രത്തോളം ബാദ്ധ്യസ്ഥനാണെന്ന്.</u>—ഒരു ഏജൻറ് തനിക്ക് ചെയ്യുവാൻ പ്രാധികാരം ഉള്ളതിൽ കൂടുതൽ ചെയ്യുകയും അയാളുടെ പ്രാധികാരത്തിൽ ഉൾപ്പെട്ടതായി അയാൾ ചെയ്യുന്നതിന്റെ ഭാഗം അയാളുടെ പ്രാധികാരത്തിൽ കവിഞ്ഞുള്ള ഭാഗത്തിൽനിന്ന് വേർതിരിക്കുവാൻ സാധിക്കുകയും ചെയ്യുമ്പോൾ, അയാളുടെ പ്രാധികാരത്തിനുള്ളിൽ ചെയ്തിട്ടുള്ളിടത്തോളം മാത്രമേ അയാളേയും അയാളുടെ പ്രിൻസിപ്പലിനേയും പരസ്പരം ബന്ധിക്കുന്നുള്ളു.

### ദൃഷ്ടാന്തം

ഒരു കപ്പലിന്റേയും കപ്പൽ ചരക്കിന്റേയും ഉടമസ്ഥനായ ക, ആ കപ്പലിൻമേൽ 4000 രൂപയ്ക്ക് ഇൻഷ്വറൻസ് എടുക്കുന്നതിന് ഖ യ്ക്ക് പ്രാധികാരം നല്കുന്നു. ഖ ആ കപ്പലിൻമേൽ 4000 രൂപയ്ക്ക് ഒരു പാളിസിയും കപ്പൽ ചരക്കിൻമേൽ അതേ സംഖ്യയ്ക്ക് മറെറാന്നും എടുക്കുന്നു. കപ്പലിൻമേലുള്ള പാളിസിക്കുള്ള പ്രീമിയം കൊടുക്കുന്നതിന് ക ബാദ്ധ്യസ്ഥനാണ്. എന്നാൽ കപ്പൽ ചരക്കിൻമേലുള്ള പാളിസിയുടെ പ്രീമിയത്തിന് ബാദ്ധ്യസ്ഥനല്ല.

228. <u>ഏജൻറിന്റെ പ്രാധികാരത്തിൽ കവിഞ്ഞുള്ളത് വേർതിരിക്കാവുന്നതല്ലാത്തപ്പോൾ പ്രിൻസിപ്പൽ ബാദ്ധ്യസ്ഥനല്ലെന്ന്.</u>—ഒരു ഏജൻറ് തനിക്ക് ചെയ്യുവാൻ പ്രാധികാരമുള്ളതിൽ കൂടുതൽ ചെയ്യുകയും അയാളുടെ പ്രാധികാരത്തിന്റെ വ്യാപ്തിയിൽ കവിഞ്ഞ് അയാൾ ചെയ്യുന്നത് അതിനുള്ളിൽ ചെയ്യുന്നതിൽനിന്ന് വേർതിരിക്കാൻ സാധിക്കാതിരിക്കുകയും ചെയ്യുമ്പോൾ, ആ ഇടപാട് അംഗീകരിക്കുവാൻ പ്രിൻസിപ്പൽ ബാദ്ധ്യസ്ഥനല്ല.

### ദൃഷ്ടാന്തം

500 ആടിനെ തനിക്കുവേണ്ടി വാങ്ങുന്നതിന് ക ഖ യ്ക്ക് പ്രാധികാരം നല്കുന്നു. ഖ മൊത്തം 6,000 രൂപയ്ക്ക് 500 ആടിനേയും 200 ആട്ടിൻകുട്ടിയേയും വാങ്ങുന്നു. ക യ്ക്ക് ആ മുഴുവൻ ഇടപാടും നിരാകരിക്കാവുന്നതാണ്.

229. <u>ഏജൻറിന് കൊടുക്കുന്ന നോട്ടീസിന്റെ അനന്തര ഫലങ്ങൾ.</u>—ഒരു ഏജൻറിന് കൊടുക്കുന്ന ഏതെങ്കിലും നോട്ടീസിനോ ലഭിക്കുന്ന ഏതെങ്കിലും വിവരത്തിനോ, അത് പ്രിൻസിപ്പലിനുവേണ്ടി ബിസിനസ്സ് നടത്തുന്നതിനിടയിൽ അയാൾക്ക് കൊടുത്തിട്ടുള്ളതോ ലഭിച്ചിട്ടുള്ളതോ ആയിരിക്കുന്നപക്ഷം, പ്രിൻസിപ്പലും മൂന്നാം കക്ഷികളും തമ്മിലായിടത്തോളം, അത് പ്രിൻസിപ്പലിന് കൊടുക്കുകയോ ലഭിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ അതേ നിയമപരമായ അനന്തരഫലം ഉണ്ടായിരിക്കുന്നതാണ്.

### ദൃഷ്ടാന്തങ്ങൾ

(ക) ഖ ചില സാമാനങ്ങൾ, അവയുടെ ഉടമസ്ഥനായി കാണപ്പെടുന്ന ഗ യിൽനിന്ന് വാങ്ങുവാൻ ക യെ നിയോജിക്കുകയും ക അപ്രകാരം അവ വാങ്ങുകയും ചെയ്യുന്നു. വില്പനയ്ക്കുള്ള സംഭാഷണത്തിനിടയ്ക്ക് സാമാനങ്ങൾ യഥാർത്ഥത്തിൽ ഘ യുടെ വകയാണെന്ന് ക മനസ്സിലാക്കുകയും എന്നാൽ ഖ ആ വസ്തുത അറിയാതിരിക്കുകയും ചെയ്യുന്നു. ഗ യിൽനിന്ന് ഖ യ്ക്ക് കിട്ടുവാനുള്ള ഒരു കടം സാമാനങ്ങളുടെ വിലയിൽനിന്ന് തട്ടിക്കഴിയ്ക്കുന്നതിന് ഖ യ്ക്ക് അവകാശമില്ല.

(ഖ) ഖ സാമാനങ്ങൾ, അവയുടെ ഉടമസ്ഥനായി കാണപ്പെടുന്ന ഗ യിൽനിന്ന് വാങ്ങുവാൻ ക യെ നിയോജിക്കുന്നു. ക അപ്രകാരം നിയോജിക്കപ്പെടുന്നതിന് മുമ്പ് ഗ യുടെ ജോലിക്കാരനായിരിക്കുകയും അപ്പോൾ സാമാനങ്ങൾ യഥാർത്ഥത്തിൽ ഘ യുടെ വകയാണെന്ന് അറിയുകയും ചെയ്തിരുന്നു. എന്നാൽ ആ വസ്തുത ഖ യ്ക്ക് അറിയുകയില്ല. തന്റെ ഏജന്റിന് ഈ അറിവുണ്ടായിരുന്നിട്ടും ഘ യ്ക്ക് ഗ യിൽനിന്ന് തനിക്ക് കിട്ടുവാനുള്ള ഒരു കടം സാമാനങ്ങളുടെ വിലയിൽനിന്ന് തട്ടിക്കഴിക്കാവുന്നതാണ്.

230. പ്രിൻസിപ്പലിനുവേണ്ടിയുള്ള കാൺട്രാക്ററുകൾ ഏജന്റിന് സ്വന്തം നിലയ്ക്ക് പ്രാവർത്തികമാക്കാവുന്നതോ ഏജന്റ് അവയാൽ ബദ്ധനാകുന്നതോ അല്ല.—ഒരു തദർത്ഥ കാൺട്രാക്ററിന്റെ അഭാവത്തിൽ, തന്റെ പ്രിൻസിപ്പലിനുവേണ്ടി താൻ ഏർപ്പെടുന്ന കാൺട്രാക്ററുകൾ ഏജന്റിന് സ്വന്തം നിലയ്ക്ക് പ്രാവർത്തികമാക്കാവുന്നതോ അയാൾ സ്വന്തം നിലയ്ക്ക് അവയാൽ ബദ്ധനാകുന്നതോ അല്ല.

വിപരീതമായ കാൺട്രാക്ററുണ്ടെന്നുള്ള അനുമാനം.—താഴെ പറയുന്ന സംഗതികളിൽ അങ്ങനെയുള്ള ഒരു കാൺട്രാക്ററ് ഉള്ളതായി അനുമാനിക്കേണ്ടതാകുന്നു:—

(1) ഒരു കാൺട്രാക്ററ്, ഏജന്റ് വിദേശത്ത് താമസക്കാരനായ ഒരു കച്ചവടക്കാരനുവേണ്ടി സാമാനങ്ങൾ വില്ക്കുകയോ, വാങ്ങുകയോ ചെയ്യുവാൻ ഉണ്ടാക്കിയതാകുന്നിടത്ത് ;

(2) ഏജന്റ് തന്റെ പ്രിൻസിപ്പലിന്റെ പേര് വെളിപ്പെടുത്താതിരിക്കുന്നിടത്ത് ;

(3) പ്രിൻസിപ്പലിനെ വെളിപ്പെടുത്തിയാലും, അയാളുടെ മേൽ വ്യവഹാരം കൊണ്ടുവരാൻ കഴിയാത്തിടത്ത്.

231. വെളിപ്പെടുത്തപ്പെടാത്ത ഒരു ഏജന്റ് ഉണ്ടാക്കുന്ന കാൺട്രാക്ററിലെ കക്ഷികളുടെ അവകാശങ്ങൾ.—ഒരു ഏജന്റ്, അയാൾ ഏജന്റാണെന്ന് അറിഞ്ഞുകൂടാത്തതും, സംശയിക്കുവാൻ കാരണമില്ലാത്തതും ആയ ഒരാളുമായി കാൺട്രാക്ററ് ഉണ്ടാക്കുകയാണെങ്കിൽ അയാളുടെ പ്രിൻസിപ്പലിന് ആ കാൺട്രാക്ററ് നിർവ്വഹിക്കണമെന്ന് ആവശ്യപ്പെടാവുന്നതും, എന്നാൽ കാൺട്രാക്ററ് ചെയ്യുന്ന മറേറ കക്ഷിക്ക് പ്രിൻസിപ്പലിന് എതിരായി, ഏജന്റ് പ്രിൻസിപ്പൽ ആയിരുന്നുവെങ്കിൽ ആ ഏജന്റിനെതിരായി തനിക്ക് ഉണ്ടാകുമായിരുന്ന അതേ അവകാശങ്ങളുള്ളതും ആകുന്നു.

കാൺട്രാക്റ്റ് പൂർത്തിയാക്കുന്നതിന് മുൻപായി പ്രിൻസിപ്പൽ സ്വയം വെളിപ്പെടുത്തുകയാണെങ്കിൽ, കാൺട്രാക്റ്റ് ചെയ്യുന്ന മറേറ കക്ഷിക്ക് കാൺട്രാക്റ്റിലെ പ്രിൻസിപ്പൽ ആരാണെന്ന് താൻ അറിഞ്ഞിരുന്നുവെങ്കിലോ, അല്ലെങ്കിൽ ആ ഏജൻറ് പ്രിൻസിപ്പൽ ആയിരുന്നില്ലെന്ന് താൻ അറിഞ്ഞിരുന്നുവെങ്കിലോ താൻ കാൺട്രാക്റ്റിൽ ഏർപ്പെടുമായിരുന്നില്ലെന്ന് തനിക്ക് കാണിക്കുവാൻ കഴിയുമെങ്കിൽ, കാൺട്രാക്റ്റു നിറവേററാൻ വിസമ്മതിക്കാവുന്നതാണ്.

232. <u>പ്രിൻസിപ്പലാണെന്ന് വിചാരിച്ച് ഏജൻറുമായുള്ള കാൺട്രാക്റ്റിൻെറ നിർവ്വഹണം.</u>—ഒരാൾ മററൊരാളുമായി, ആ മററ ആൾ ഒരു ഏജൻറാണെന്ന് അറിയാതേയും അങ്ങനെ സംശയിക്കാൻ ന്യായമായ അടിസ്ഥാനമില്ലാതേയും കാൺട്രാക്റ്റ് ഉണ്ടാക്കുന്നിടത്ത്, ആ കാൺട്രാക്റ്റ് നിർവ്വഹിക്കണമെന്ന് പ്രിൻസിപ്പൽ ആവശ്യപ്പെടുന്നുവെങ്കിൽ, അയാൾക്ക് അത് ആ ഏജൻറിനും കാൺട്രാക്റ്റിലെ മറേറ കക്ഷിക്കും തമ്മിലുള്ള അവകാശങ്ങൾക്കും ബാദ്ധ്യതകൾക്കും വിധേയമായി മാത്രമേ, നിർവ്വഹിച്ചു കിട്ടാനാവുകയുള്ളു.

### ദൃഷ്ടാന്തം

ഖ യ്ക്ക് 500 രൂപ കൊടുക്കാനുള്ള ക 1000 രൂപ വിലയ്ക്കുള്ള അരി ഖ യ്ക്ക് വില്ക്കുന്നു. ക ഗ യുടെ ഏജൻറായിട്ടാണ് ആ ഇടപാടിൽ പ്രവർത്തിക്കുന്നത്. എന്നാൽ ഖ യ്ക്ക് സംഗതി അതങ്ങനെയാണെന്ന് അറിവോ, സംശയിക്കാൻ ന്യായമായ അടിസ്ഥാനമോ ഇല്ല. ഗ യ്ക്ക് ക യുടെ കടം തട്ടിക്കഴിക്കുവാൻ അനുവദിക്കാതെ അരി എടുക്കാൻ ഖ യെ നിർബന്ധിക്കാവുന്നതല്ല.

233. <u>സ്വന്തം നിലയ്ക്ക് ബാദ്ധ്യതയുള്ള ഏജൻറുമായി ഇടപെടുന്ന ആളുടെ അവകാശം.</u>—ഏജൻറിന് സ്വന്തം നിലയ്ക്ക് ബാദ്ധ്യതയുള്ള സംഗതികളിൽ, അയാളുമായി ഇടപെടുന്ന ആൾക്ക് അയാളേയോ അയാളുടെ പ്രിൻസിപ്പലിനേയോ, അവർ രണ്ടുപേരേയുമോ ബാദ്ധ്യതയുള്ളവരാക്കാവുന്നതാണ്.

### ദൃഷ്ടാന്തം

ഖ യ്ക്ക് 100 കെട്ടു പരുത്തി വില്ക്കുന്നതിന് ക അയാളുമായി കാൺട്രാക്റ്റിൽ ഏർപ്പെടുകയും ഗ യുടെ ഏജൻറായിട്ടാണ് ഖ പ്രവർത്തിച്ചിരുന്നതെന്ന് പിന്നീട് കണ്ടുപിടിക്കുകയും ചെയ്യുന്നു. പരുത്തിയുടെ വിലയ്ക്ക് ഖ യുടേയോ ഗ യുടേയോ രണ്ടുപേരുടേയുമോ മേൽ ക യ്ക്ക് വ്യവഹാരപ്പെടാവുന്നതാണ്.

234. <u>പ്രിൻസിപ്പലിനേയോ ഏജൻറിനേയോ മാത്രമേ ബാദ്ധ്യതയുള്ളവനാക്കുകയുള്ളു എന്ന വിശ്വാസത്തിൻമേൽ പ്രവർത്തിക്കാൻ ഏജൻറിനേയോ പ്രിൻസിപ്പലിനേയോ പ്രേരിപ്പിച്ച അതിനിടയാക്കുന്നതിൻെറ അനന്തരഫലം,</u>—ഒരു ഏജൻറുമായി, കാൺട്രാക്റ്റ് ഉണ്ടാക്കിയിട്ടുള്ള ഒരാൾ, പ്രിൻസിപ്പലിന് മാത്രമേ ബാദ്ധ്യതയുണ്ടാകുകയുള്ളു എന്ന വിശ്വാസത്തിൻമേൽ പ്രവർത്തിക്കാൻ ഏജൻറിനേയോ അല്ലെങ്കിൽ ഏജൻറിനു മാത്രമേ ബാദ്ധ്യതയുണ്ടാകുകയുള്ളു എന്ന വിശ്വാസത്തിൻമേൽ പ്രവർത്തിക്കാൻ പ്രിൻസിപ്പലിനേയോ പ്രേരിപ്പിച്ച് അതിനിടയാക്കുമ്പോൾ, പിന്നീട് അയാൾക്ക് യഥാക്രമം ഏജൻറിനേയോ പ്രിൻസിപ്പലിനേയോ ബാദ്ധ്യതയുള്ളവനാക്കാവുന്നതല്ല.

235. ഏജൻറായി ഭാവിക്കുന്നവൻെറ ബാദ്ധ്യത.—മറെറാരാളുടെ പ്രാധ്കാരമുള്ള ഏജൻറാണെന്ന് അസത്യമായി ധരിപ്പിക്കുകയും അതുവഴി മൂന്നാമനെ അങ്ങനെയുള്ള ഏജൻറ് എന്ന നിലയ്ക്ക് താനുമായി ഇടപെടുവാൻ പ്രേരിപ്പിച്ച് അതിനിടയാക്കുകയും ചെയ്യുന്ന ഒരാൾക്ക്, തൻെറ കൃത്യങ്ങളെ തൻെറ നിയോജകനെന്ന് പറഞ്ഞ ആൾ അംഗീകരിക്കുന്നില്ലെങ്കിൽ; അപ്രകാരം ഇടപെട്ടതുകൊണ്ട് ആ മറേറയാൾക്ക് നേരിട്ടിട്ടുള്ള ഏതെങ്കിലും നഷ്ടമോ നാശനഷ്ടമോ സംബന്ധിച്ച് നഷ്ടപരിഹാരം ചെയ്യുവാൻ ബാദ്ധ്യതയുണ്ട്.

236. ഏജൻറായിട്ട് വ്യാജമായി കാൺട്രാക്ററ് ചെയ്യുന്ന ആൾക്ക് നിർവ്വഹണത്തിന് അവകാശമില്ലെന്ന്.—ഏജൻറിൻെറ സ്വഭാവത്തിൽ ഏതെങ്കിലുമൊരാളുമായിട്ടാണോ ഒരു കാൺട്രാക്ററ് ഉണ്ടാക്കപ്പെട്ടിട്ടുള്ളത്, അയാൾ യഥാർത്ഥത്തിൽ ഏജൻറായിട്ടല്ല, എന്നാൽ തനിക്കു തന്നെ വേണ്ടിയാണ് പ്രവർത്തിച്ചിരുന്നതെങ്കിൽ അതിൻെറ നിർവ്വഹണം ആവശ്യപ്പെടുന്നതിന് അയാൾക്ക് അവകാശമില്ല.

237. ഏജൻറിൻെറ പ്രാധികാരരഹിതമായ കൃത്യങ്ങൾ പ്രാധികാരമുള്ളവയാണെന്ന് വിശ്വസിപ്പിക്കുന്ന പ്രിൻസിപ്പലിൻെറ ബാദ്ധ്യത.—ഏജൻറ് പ്രാധികാരം കൂടാതെ തൻെറ പ്രിൻസിപ്പലിനുവേണ്ടി കൃത്യങ്ങൾ ചെയ്തിരിക്കുകയോ അല്ലെങ്കിൽ മൂന്നാമൻമാരോട് കടപ്പാടുകൾ ഉണ്ടാക്കിയിരിക്കുകയോ ചെയ്യുമ്പോൾ, അങ്ങനെയുള്ള കൃത്യങ്ങളും കടപ്പാടുകളും ഏജൻറിൻെറ അധികാരവ്യാപ്തിയിൽപ്പെട്ടവയാണെന്ന് പ്രിൻസിപ്പൽ തൻെറ വാക്കുകളാലോ പെരുമാററത്താലോ അങ്ങനെയുള്ള മൂന്നാമൻമാരെ വിശ്വസിപ്പിച്ചിട്ടുണ്ടെങ്കിൽ അയാൾ അങ്ങനെയുള്ള കൃത്യങ്ങളാലോ കടപ്പാടുകളാലോ ബദ്ധനാകുന്നു.

## ദൃഷ്ടാന്തങ്ങൾ

(ക) ക സാമാനങ്ങൾ വില്ക്കുവാൻ ഖ യ്ക്ക് കൺസൈൻ ചെയ്യുകയും ഒരു നിശ്ചിതവിലയിൽ കുറച്ച് വില്ക്കരുതെന്ന് അയാൾക്ക് ആദേശം നല്കുകയും ചെയ്യുന്നു. ഖ യ്ക്കുള്ള ആദേശത്തെക്കുറിച്ച് അറിയാതെ ഗ ആ സാമാനങ്ങൾ നിശ്ചയിച്ച വിലയിൽനിന്നും കുറഞ്ഞ വിലയ്ക്ക് വാങ്ങുവാൻ ഖ യുമായി കാൺട്രാക്ററിൽ ഏർപ്പെടുന്നു, ക ആ കാൺട്രാക്ററിനാൽ ബദ്ധനാണ്.

(ഖ) ക ബ്ലാങ്ക് എൻഡോഴ്സ്മെൻേറാടുകൂടിയ കൈമാറാവുന്ന പ്രമാണങ്ങൾ ഖ യെ ഭാരമേല്പിക്കുന്നു. ക യിൽ നിന്നുള്ള സ്വകാര്യ നിർദ്ദേശങ്ങൾ ലംഘിച്ച ഖ അവയെ ഗ യ്ക്കു വില്ക്കുന്നു. ആ വില്പന സാധുവാകുന്നു.

233. ഏജൻറിൻെറ തെററിദ്ധരിപ്പിക്കലിനോ വഞ്ചനയ്ക്കോ കരാറിൻമേലുള്ള പ്രഭാവം.—പ്രിൻസിപ്പൽമാർക്കുവേണ്ടി തങ്ങളുടെ ബിസിനസ്സിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ഏജൻറുമാർ ചെയ്യുന്ന തെററിദ്ധരിപ്പിക്കലുകൾക്കോ വഞ്ചനകൾക്കോ, അങ്ങനെയുള്ള ഏജൻറുമാർ ചെയ്യുന്ന കരാറുകളിൻമേൽ, അങ്ങനെയുള്ള തെററിദ്ധരിപ്പിക്കലുകളോ വഞ്ചനകളോ പ്രിൻസിപ്പൽമാർ ചെയ്തിട്ടുണ്ടായിരുന്നാലെന്നപോലെ അതേ പ്രഭാവം ഉണ്ടായിരിക്കുന്നതാണ്; എന്നാൽ ഏജൻറുമാർ തങ്ങളുടെ പ്രാധികാരത്തിൽപ്പെടാത്തവിഷയങ്ങളിൽ ചെയ്തിട്ടുള്ള തെററിദ്ധരിപ്പിക്കലുകളോ വഞ്ചനകളോ പ്രിൻസിപ്പൽമാരെ ബാധിക്കുന്നതല്ല.

### ദൃഷ്ടാന്തങ്ങൾ

(ക) ഖ യുടെ സാമാനങ്ങളുടെ വില്പന ഏജന്റായ ക, തനിക്ക് ചെയ്യുവാൻ പ്രാധികാരമില്ലാത്ത ഒരു തെറ്റിദ്ധരിപ്പിക്കൽ വഴി ഗ യെ അവ വാങ്ങാൻ പ്രേരിപ്പിച്ച് അതിനിടയാക്കുന്നു. ഖ യും ഗ യും തമ്മിലായിടത്തോളം ഗ യ്ക്ക് ഐച്ഛികമായി കാൺട്രാക്റ്റ് ശൂന്യമാക്കാവുന്നതാണ്.

(ഖ) ഖ യുടെ കപ്പലിന്റെ ക്യാപ്റ്റനായ ക കേവുപത്രങ്ങൾ, അവയിൽ പറഞ്ഞിട്ടുള്ള സാമാനങ്ങൾ കപ്പലിൽ കയറ്റിക്കിട്ടാതെ തന്നെ ഒപ്പിട്ടു കൊടുക്കുന്നു. ഖ യും കൺസൈനറായി ഭാവിച്ച ആളും തമ്മിലായിടത്തോളം ആ കേവുപത്രങ്ങൾ ശൂന്യമാണ്.

## അദ്ധ്യായം XI

### പങ്കാളിത്തത്തെക്കുറിച്ച്

ഇൻഡ്യൻ പങ്കാളിത്ത ആക്റ്റ്, 1932 (1932 ലെ 9)-73-ാം വകുപ്പും II-ാം പട്ടികയും പ്രകാരം റദ്ദാക്കി. പട്ടിക (റദ്ദാക്കപ്പെട്ട അധിനിയമങ്ങൾ) റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്റ്റ്, 1914 (1914 ലെ 10) 3-ാം വകുപ്പും II-ാം പട്ടികയും പ്രകാരം റദ്ദാക്കി.